A

INDIAN HISTORY THROUGH INSCRIPTIONS

History



JANUARY 1, 2012

DR SUVARNA NALAPAT TRUST
[Company address]

Epigraphica Indica Vol 1. (Preface) 5. October 1891 :-

Indian inscriptions—more so even than those of any other country—are the real archives of the annals of its ancient history, the contemporaneous witnesses of the events and of the men whose deeds they hand down; and their authenticity renders them most valuable for the historian and deserving of careful record. They supply important data bearing on the chronology, geography, religious systems, affiliations of families and dynasties, taxes, land tenures, magistrates, customs, manners, organization of societies, language, and systems of writing of ancient times. Hence the great need for collecting and publishing them with the best translations and comments that modern scholarship can supply. The early pioneers of Indian research fully

JAS. BURGESS.

22, SETON PLACE, EDINBURGH:
5th October 1891.

പല്ലവശിവസ്കന്ദവർമ്മന്റെ പ്രാകൃതലിഖിതം.

ഹിരഹദഗള്ളി ബെല്ലാരി . പ്ലേറ്റ് 8 എണ്ണം. അക്ഷരപ്പള്ളി സംഖ്യകൾ. അവസാനവരി യിലെ സംസ്കൃതശ്ലോകത്തിലുള്ള മംഗലം ഒഴികെ പാലിക്ക് സമാനമായ പ്രാകൃതലി പി. അശോകശാസനങ്ങളോടും പടിഞ്ഞാറ ൻ ഇന്ത്യയിലെ ഗുഹാലിപികളോടും അമ രാവതിസ്തൂപത്തിലെ ലിപിയോടും സാ മ്യം. യ ഏന്നതിന് പകരം ജ ഉപയോഗിക്കു ന്നു. ഉദാഃ അഗ്നിശർമ്മാര്യസ്യ എന്നതിന് അഗിസമജസ , ഗൊലസമജസ മുതലായവ. ശിവക്കന്തവമ്മോ എന്നാണ് പ്രാകൃതത്തി ലുള്ളത്. ആത്രേയ എന്നതിന് ആത്തേയ. വത്സ്യസഗോത്രസ്യ എന്നതിന് വത്സസഗോ തസ. വച്ചസഗോത്തസ്സ എന്നാണ് ശരിയായ പ്രാകൃതപദം.

കാഞ്ചി പല്ലവ ശിവസ്കന്ദവർമ്മൻ ബ്രാഹ്മണഗോത്രമാണ്..(ഭരദ്വാജഗോത്രം) 8ആം ഭരണവർഷം തനിക്കു മുമ്പ് തന്റെ പിതാവ് ബപ്പ ആപിത്തി വാസികളായ ഭോജകന്മാരായ ബ്രാഹ്മണർക്ക് കൊടുത്തിരുന്ന ചില്ലേരെകക്കോടുങ്ക ഗ്രാമം വീണ്ടും പുതുക്കി, കൂടുതൽ സ്ഥലം അനുവദിച്ചുകൊടുത്തു. ഇത് സതഹനി (രാത്ത) ത്തിലെ ജില്ലയാണ്. ചില്ലരേകക്കൊടുങ്കയി ലെ തോട്ടവും ഇതിലുണ്ട്. അതിൽനിന്ന് കിട്ടുന്ന വരവ് എങ്ങനെ ഉപയോഗിക്കണെമെന്നും പറയുന്നുണ്ട്. രണസാധികതൻ ഭട്ടിശർമ്മനാണ് എഴുതിയിരിക്കുന്നത്. കൊളിവാലഭോജകനെന്ന് ഭട്ടിശർമ്മനെ പറയുന്നു. സംസ്കൃതശാസനത്തിലെഴുതിയ പല്ലവ രെക്കാളും പുരാതനരാണ് പ്രാകൃതത്തിലെ ഴുതുന്ന പല്ലവരാജാക്കന്മാർ. ശതകർണ്ണി യുടെ വിധവ നായനികയുടെ നാനാഘട്ട് ലിഖിതം, വിജയബുദ്ധവ്മ്മ ന്റെ

രാജ്ഞി യുടെ എല്ലിയോട്ട് ലിഖിതം ഇവ പ്രാകൃത ത്തിലായത് അന്നത്തെ ഒദ്യോഗികഭാഷ പ്രാകൃതമായതിനാലാണ്. ആരംഭശ്ലോക ത്തിലും മംഗളശ്ലോകത്തിലും ഇവരെല്ലാം സംസ്കൃതം ഉപയോഗിക്കുന്നത് അന്നും സംസ്കൃതം അറിയാമായിരുന്നു എന്ന് തെളിയിക്കുന്നു. അതായത്, പ്രാകൃതം ബുദ്ധമതഭാഷയായതുകൊണ്ടല്ല , ഔദ്യോ ഗികകഭാഷയായതുകൊണ്ടാണ് ശാസനങ്ങ ളിൽ അത് ഉപയോഗിച്ചത്. മൂന്നാം നൂറ്റാ ണ്ടിന്റെ ആദ്യത്തിലാണ് ശിവക്കന്തവമ്മന്റെ കാലം. കാഞ്ചീപുരം അന്നേ പല്ലവരുടെ കയ്യിലാണ്. (ശിവക്കന്തവമ്മനും കേരളത്തി ലെ പുല്ലൂർ പെരുവലം കൂപകശ്രീയുമായു ള്ള ബന്ധം നേരത്തേ എഴുതിയിരുന്നത് ഓർമ്മിക്കുക)

പ്ലേറ്റ് 1

സിദ്ധം

1. കാഞ്ചീപുരം അഗ്ഗിത്തോമ വാജപേയസ്സമേധയാജി ധമ്മമഹാ
2. രാജാധിരാജോ ഭാരദ്വായോ പല്ലവാന ശിവക്കന്തവമ്മോ
3. അംബം വിസയേസുവത്തരാജകുമാര സേനാപതി

   പ്ലേറ്റ് 2 (എ)

4. രത്തികമാടബിനുദേശാദികതാഡികേ ഗാമഗാമഭോജകേ
5. വല്ലവേ ഗോവല്ലവേ അമച്ചേ ആരണധിഗതേ ഗുമികേ തൂതികേ
6. നെയികേ അന്നേ വി ച അംഹപ്പേസനപ്പായുത്തേ സംചരന്തക
7. ബടമനുശന (കഥോ) പരിഹാരം വിതരാമ ചത്ത ദാനി

പ്ലേറ്റ് 2 (ബി)

8. ആപിത്തിവത്തവാന ചില്ലരേകക്കോടുംകഭോജക ബംഹനാനാം അപ്പന-

9. കുലഗോത്തസ ധമായുബലവസോവധനികേ വിജയവേജയികേ
10. ച കാതൂനം അപ്പതിഹതശാസനസ്സ അനേകഹിരോഗ കോടി
11. ഗോഹലസദസഹസ്സ പ്പദായിനോ മഹാരാജ ബപ്പസാമിതി

പ്ലേറ്റ് 3 (എ)

12. വാതക ചില്ലരേഖക്കൊടുംകേ പുവ്വദത്തം ഗോലസമാജസ പതിഭാഗോ
13. ആത്തേയസഗോത്തസ അഗിസമാജസ്സ പതിഭാഗ
14. മാദരസ പതിഭാഗ ഭോ ജാമാതുകസ അഗില്ലസ പതി
15. ഭാഗോ കാരിതസഗോത്തസ കാലുസമാസ പതിഭാഗ

പ്ലേറ്റ് 3 (ബി)

16. ഭാരദായസഗോത്തസ കുമാരസമസ പതിഭാഗ കോസിക

17. സഗോത്തസ കുമാരനന്ദി കുമാരസമ കൊട്ടസമ സത്തിസ്സ ച
18. ചതുന്നം ഭാടുകന ചട്ടാരി പട്ടിഭാഗ കസ്സവസഗോത്ത
19. സ ഭട്ടിസ പതിഭാഗോ ഭാരദായസ കംദകോംദിസ

പ്ലേറ്റ് 4 (എ)

20. പതിഭാഗ ബേ കന്തദാസ പതിഭാഗോ ബപ്പസ
21. പതിഭാഗോ ദത്തജസ പതിബാഗാ ബേ നന്ദിജസ
22. പതിഭാഗ വത്സസഗോത്തസ രുദസമസ പതി-
23. ഭാഗോ ധാമജസ പതിഭാഗോ സാലസമജസ പതിഭാഗോ

പ്ലേ്റ് 4 (ബി)

24. പരിമിതസ പതിഭാഗോ നാഗനന്ദിസ പതിഭാഗോ ഗോലിസ
25. പതിഭാഗോ കന്തസമസ പതിഭാഗോ സാമിജസ പതിബാഗോ

26. ഏതേസി ബഹ്മണാനാം അഗിസമജപമുഖാനാം സതാഹനിരത്തേ
27. ഗാമേ ചില്ലരേകക്കൊടുങ്കേ ദക്കിനസീമം പുവ്വദത്തം

പ്ലേറ്റ് 5 (എ)

28. അംഹേഹി വി ആചന്തതാരകാലിക കാതൂനം ഉദകാദിം സമ്പ
29. ദത്തോ ഏതം ബമ്മനാനാം ചിലേരേകക്കോടുംകവാടകം
30. അകരയോല്ലകവിനേശികട്ടാവാസം അദൂധദധിഗഹനം
31. അരത്തസംവിനയികം അലൂനഗുലഛോഭം അകരവെത്തി

പ്ലേറ്റ് 5 (ബി)

32. കൊഞ്ചല്ലം അപാരം പരബലിവദ്ദഗഹനം അതനകട്ടഗഹ-
33. നം അഹരിതകശാകപുപ്ഫ ഗഹനം ഏവമാദീകേഹി അത്ത-
34. രസജാതിപരിഹാരേതി വിഷയവാസീഹി അ-

35. പിത്തിവാസീഹി ചില്ലേരേകകൊടുംകാ വാസീഹി ച പരിഹരിതവം

ബ്ലേറ്റ് 6 (എ)

36. പരിഹാപേതവ്വ ചട്ടി അപി ച ആപിത്തീയം അഗിസമജ-
37. പമുഖാന ബാമ്മണാനാം കലസ നിവാതനം ഖരസ്സ നിവത-
38. നം അധികാ ഛരത്താരി 4 കേലികാ ബിത്തി ഏവ നാടൂനം
39. അഥ കൊച്ചി വല്ലഭമടേന പിലാ ബദ്ധാ കരേയ കാരവെജ്ജ

പാർട്ട് 6 (ബി)

40. വാത സ ഖു അംഹേ നിഗഹവാരണ കരേയാമ്മ തി ഭൂയോ ച
41. വരിശശതസഹസ്സാതിരേകസമ കാലേ അംഹം പല്ലവ
42. കുലമഹാന്തേ ഭവിശ്ശഭദേ അന്നേ ച നൊ

ബ്ലേറ്റ് 7. (എ)

43. വസുധാധിപേ ഭയേ അഭത്തേമി ജോ ശകകലേ ഉപരി -
44. ലിഖിതമകത്തായേ അനുവത്തവേതി തസ-
45. വോ സമ്മോ തി യോ ചസി രിഗ്ഗോ വത്തേജ

പ്ലേറ്റ് 7 (ബി)

46. സ ച ഖു പഞ്ചമഹാപാതകസംജുത്തോ നരാധമോ
47. ഹോജ തി ദത്താ പത്തികാ വാസസതസഹസ്സായ
48. സംവ 8 വാസ 6 ദിവ5 സയവാനതം

പ്ലേറ്റ് 8

49. കോലിവാലഭോജകസ രഹസാദിഗതഭട്ടിസ
50. മ്മസ സഹത്തലിഖിതേന പട്ടികാ കട ത്തി
51. സ്വസ്ഥി! ഗോബ്രാഹ്മണലേഖകവാചക ശ്രോത്രീഭ്യ ഇതി.

കാഞ്ചീപുരത്തുനിന്ന് വിജയിയായ ഭര ദ്വാജഗോത്രജ നും അഗ്നിഷ്ടോമം വാജ പേയും അശ്വമേധം മുതലായ യജ്ഞങ്ങൾ ചെയ്തവനും ആയ ധർമ്മമഹാരാജാ പല്ലവമഹാരാജാവ് ശിവക്കന്തവമ്മൻ (ശിവസ്കന്ദ വർമ്മൻ) ഈ ശാസനം പുറ പ്പെടുവിച്ചു: മാണ്ഡലികപ്രമുഖരും വത്സ രും രാജകുമാരന്മാരും സൈന്യാധിപരും നാടുവാഴികളും മണ്ഡലങ്ങളിലെ ചുങ്കം പിരിക്കുന്നവരും (മന്ദാവി), ദേശവാഴി കളും ഭോജകന്മാരും (ഇനാംദാർ) ഇടയരും മന്ത്രിമാരും കാട്ടിലുള്ളവരും ഗുമികരും (ഗൌൽമിക, കാട്ടിലെ കാവൽക്കാരായ പട്ടാളം യോദ്ധാക്കൾ) തൂതികരും(തീർത്ഥം, ജലസംഭരണി സംരക്ഷിക്കുന്നവർ) നേയിക രും(നായകന്മാർ) യോദ്ധാക്കളും ചാരന്മാ രും (സഞ്ചരന്തക) ഉൾപ്പെട്ടവരെ സംബോധ ന ചെയ്ത് സ്വാഗതം ചെയ്ത്,ചില്ലരേഖ ക്കൊടുംകാ , (കാവ്) വീണ്ടും ദാനം ചെയ്യു ന്നതായി

പ്രഖ്യാപിച്ചു. ചില്ലരേഖക്കൊടും കാഭോജകരാണ് ദാനം ചെയ്യുന്നതെന്നും ദാനം വാങ്ങിയ ഭട്ടിസമ്മനെ (ഭട്ടിശർമ്മൻ) കോലിവാലഭോജകനെന്ന ബിരുദം നൽകി ആദരിക്കുന്നു എന്നും കാണുന്നത് ഭോജക നെന്ന പേരിന് അർത്ഥം തരുന്നു.

- **ഈ ഭൂമി നേരത്തേ ബപ്പനെന്ന പൂർവ്വരാജാ വ് ദാനം ചെയ്തതാണ്. ഇദ്ദേഹത്തെ കോടി ക്കണക്കിന് സ്വർണ്ണം ദാനം ചെയ്തവനെ ന്നും 100,000 കലപ്പ ദാനം കൊടുത്തവനെ ന്നും വിശേഷിപ്പിക്കുന്നു. സ്വന്തം കീർത്തി, ആയുസ്സ്, ധർമ്മം , പുണ്യം ഇവയും സ്വ കുലത്തിന്റെ പെരുമയും വർദ്ധിപ്പിക്കാ നാണ് ദാനം. ബ്രാഹ്മണർ ,ചില്ലരേഖക്കൊ ടുംകാഭോജകർ, ആപിത്തിവാസികൾ,ഇവ ർക്കാണ് ദാനം കൊടുത്തത്. ഗോല സമാജം (കോലശർമ്മാര്യ) 1 ഭാഗം, അത്രിഗോത്ര ത്തിലെ അഗ്നിസമാജം (അഗ്നിശർമ്മാര്യ) 4**

ഭാഗം, മാധരന് 2 ഭാഗം, അദ്ദേഹത്തിന്റെ പുത്രീഭർത്താവ് അഗി ല്ലന് (അഗ്നില) 1 ഭാഗം , ഹാരീതഗോത്രത്തിലെ കാലസമന് (കാലശർമ്മൻ) 2 ഭാഗം, ഭാരദ്വാജഗോത്രത്തിലെ കുമാരശർമ്മന് 2 ഭാഗം, കൌശികഗോത്രത്തിലെ നാലു സഹോദരന്മാരായ കുമാരനന്ദി, കുമാ രശർമ്മ, കോതശർമ്മൻ, ശക്തി എന്നിവ ർക്ക് 4 ഭാഗം, കശ്യപഗോത്രത്തിലെ ഭട്ടിക്ക് 1 ഭാഗം, ഭരദ്വാജഗോത്രത്തിലെ കന്തക്കോംതി (സ്കന്ദ ക്കോന്തി)ക്ക് 2 ഭാഗം, കന്തധക്ക്(സ്കന്ദരിദ്ധ) ക്ക് 1ഭാ ഗം, ബപ്പക്ക് 1 ഭാഗം, ദത്താര്യന് 2 ഭാഗം, നന്ദ്യാര്യന് 3 ഭാഗം, വത്സ്യഗോത്രത്തി ലെ രുദ്രശർമ്മന് 1 ഭാഗം, ദാമാര്യന് 1 ഭാഗം, ശ്യാലശർമ്മന് 1 ഭാഗം, പരിമിതന് 1 ഭാഗം, നാഗനന്ദിക്ക് 1 ഭാ ഗം, ഗോലിക്ക് 1 ഭാഗം, കന്തശർമ്മന് 1 ഭാഗം, സ്വാമ്യാര്യന് 1 ഭാഗം- ഇപ്രകാര മാണ് ആകെയുള്ള വരുമാനം (വിളവ്) വീതിച്ചിരിക്കുന്നത്. നേരത്തേ

കൊടുത്ത തെക്കുവശത്തെ തോപ്പും (ചില്ലരേഖ ക്കോടുംകാവിലെ) സതാഹനിരാത്ത വും, അഗ്നി ശർമ്മാര്യന്റെ കീഴിലുള്ള മേൽപ്പറഞ്ഞ ബ്രാഹ്മ ണർക്ക്, നീരട്ടിപ്പേ രായി (ഉദകം) ആചന്ദ്രതാരം അനുഭവി ക്കാനുള്ള അധികാരം കൊടുക്കുന്നു. ഈ ദാനം നികുതികളെല്ലാം ഒഴിവാ ക്കിയാണ്. പുല്ലിനോ (കാലികൾക്ക് ഉള്ള) വിറകിനോ പച്ചക്കറികൾക്കോ പാലിനോ നികുതിയില്ല. (മധുരത്തിനും കഷായത്തിനും-) ഉപ്പിനും (അലവനഗു ഡ ക്ഷോഭം) മധുരത്തിനുമുള്ള വിഷമ ങ്ങളെ സ്വതന്ത്രമാക്കിയിട്ടുണ്ട്. (അർത്ത സംവിനുയികം). നികുതി, നിർബ്ബന്ധിച്ച ജോലി ഇവ ഈ പ്രദേശത്ത് ഇല്ല. കാള കളെ പരിശോധിക്കാനായി മേലുദ്യോ ഗസ്ഥന്റെ സമീപം കൊണ്ടുപോകേണ്ടതി ല്ല. പുല്ലും വിറകും പൂവും കായും ഇഷ്ടം പോലെ എടുക്കാനുള്ള സ്വാത


ന്ത്ര്യം ഉണ്ട്. ചില്ലേരേഖാക്കൊടും
കാവി ലും
അപീതിയിലുമുള്ളവർക്ക് ഈ ആ
നുകൂല്യങ്ങളെല്ലാം
കൊടുത്തിരിക്കുന്നു. കൂടാതെ
ആപീതിയിലെ 1 നിവർത്തനം
ധാന്യം സംസ്കരിക്കാനും, 1
നിവർത്ത നം വീടിനും,
അഗ്നിശർമ്മാര്യന്റെ കീഴി ലുള്ള
ഈ ബ്രാഹ്മണർക്ക് കൊടുത്തിരി
ക്കുന്നു. വിളവിന്റെ പകുതി
കൊടുക്കേ ണ്ട നാലു
പണിക്കാരേയും(അർദ്ധിക
അഥവാ അഢ്ഢിക) 2
കോലികന്മാരേയും കൊടുക്കുന്നു.
(കൌലിക. കോളി,
നെയ്ത്തുകാർ).

ഇത് പല്ലവരാജവംശത്തിലെ
പിൻഗാമിക ളെ ല്ലാം
പാലിക്കേണ്ടതാണ്. അവരോ
നാട്ടുകാരോ ഇത് തെറ്റിച്ച പക്ഷം
പഞ്ചമ ഹാപാതകങ്ങളുടെ പാപം
അനുഭവി ക്കേണ്ടി വരുമെന്ന്
അവസാനം പറയുന്നു. സീലിൽ
വലത്തോട്ട് തിരിഞ്ഞു നിൽക്കുന്ന

മാനോ കുതിരയോ എന്ന് തിരിച്ചറിയാത്ത മൃഗം ഉണ്ട്. ശിവ സ്കന്ദവമ്മന എന്ന് എഴു തിയിട്ടുണ്ട്. ആദ്യത്തെ പ്ലേറ്റിനു പുറത്ത് വലുതായി ദിത്തം (ദൃഷ്ടം) എന്ന് എഴുതിയി രിക്കുന്നു. വാകാടകപ്രവരസേനന്റെ (രണ്ടാം പ്രവരസേന) ചമക്ക്, ശിവാനി ഗ്രാന്റുകളിലും ഇത് കാണുന്നുണ്ട്. ഇപ്പോ ഴെല്ലാം ഡോക്യുമെന്റു കളിൽ മേലുദ്യോ ഗസ്ഥൻ കണ്ടു എന്നെഴുതി ഒപ്പിടുന്നത് ദൃഷ്ടം എന്നെഴുതി സീലടിക്കുന്ന ഈ സമ്പ്രദായമാണ്.

എഡി മൂന്നാം നൂറ്റാണ്ടിലെ പല്ലവഭരണം എപ്രകാരമായിരുന്നു എന്നതിന് ഇത് സാക്ഷ്യം വഹിക്കുന്നു. യൂറോപ്യരുടെ ഭരണകാലം വരെ ഈ വിധമുള്ള

ഭരണ മാണ് ഇന്ത്യയിലുണ്ടായിരുന്നത്.



ജൌൺൻസർ ബവറിലം മാധയിൽ ലക്കമെണ്ഡൽ ക്ഷേത്രത്തിലെ പ്രശസ്തി.

അപ്പർ ജംനയിലാണ് ജൌൺൻസർ ബവർ. ലിഖിതഭാഷ ശുദ്ധസംസ്കൃതം. സിംഹനെ ന്നതിന് സിംഗനെന്നാണ്. വടക്കേ ഇന്ത്യ യിൽ വകാരത്തിന് ബകാരം പ്രയോഗി ക്കുന്ന പതിവ് ഇന്നുമുണ്ട്. ലിഖിതത്തിൽ അപ്രകാരമാണ് ഉപയോഗിച്ചിരിക്കുന്നത്. ലിഖിതത്തിനു മുകളിലായി ശ്രീ ലല്ലാധീ ശ്വരേഭ്യ എന്ന് പിന്നീട് എഴുതിച്ചേർത്തി ട്ടുണ്ട്. ഇതേ ലിപിയിൽ വലത്ത് വശത്ത് 5 അക്ഷരമുണ്ട്. (നാരതനസ്യ). ഒരു ചിത്രത്തി നു മുകളിലായി മൂലക്ക് ജശ്രീസാധുകേന എന്നും കാണാം. ഭട്ടക്ഷേമശിവന്റെ പേര ക്കുട്ടിയും, ഭട്ടസ്കന്ധന്റെ മകനുമായ അയോദ്ധ്യാധിപതി ഭട്ട വാസുദേവൻ

രചിച്ച പ്രശസ്തിയാണ്. നാഗദത്തന്റെ മകൻ രൌഹിതകവാസിയായ ഈശ്വര നാഗനാണ് കല്ലിൽ കൊത്തിയ ശിൽപ്പി. രൌഹിതകം രാജതരംഗിണി പറയുന്നുണ്ട് ഇപ്പോഴത്തെ രോഹ്തക് (ദില്ലിയിൽനിന്ന് 43 മൈൽ വടക്കുകിഴക്ക്) സിംഹപുരത്തിലെ രാജവംശത്തിലെ ഈ ശ്വര എന്ന രാജകുമാരി, തന്റെ ഭർത്താവി ന്റെ മരണശേഷം അദ്ദേഹത്തിന്റെ ആത്മാ വിന്റെ ഉന്നമനത്തിനായി ശിവ ക്ഷേത്രം പണിതു. ഭർത്താവായ രാജാവിന്റെ നാമം ജാലന്ധരപുത്രനായ ശ്രീ ചന്ദ്രഗുപ്തനെന്ന് കാണുന്നു. അഛൻ ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ച അദ്ദേഹം രാജാവായിട്ടില്ല. സിംഹപുരം രാജവംശാവലി തന്നിട്ടുണ്ട്. ചന്ദ്രവംശത്തിലെ യദുവിന്റെ കാലം മുത ലുള്ള യാദവവംശമാണ് ഇവർ. കലി യുഗാരംഭം മുതൽ യാദവവംശം ഭരിക്കു ന്നുണ്ട്.

1. **സേനവർമ്മൻ**
2. **ആര്യവർമ്മൻ**

3. ദത്തവർമ്മൻ
4. പ്രദീപ്തവർമ്മൻ
5. ഈശ്വരവർമ്മൻ
6. വൃദ്ധിവർമ്മൻ
7. സിംഹവർമ്മൻ
8. ജലവർമ്മൻ
9. യജ്ഞവർമ്മൻ
10. അചലവർമ്മൻ സമരലംഘലൻ
11. അചലവർമ്മന്റെ 2 മക്കൾ ദിവാകരവർമ്മൻ മഹീലംഘലനും, ഭാസ്കരവർമ്മൻ രിപുലംഘലനും.
12. ഭാസ്കരവർമ്മന് കപിലവർദ്ധന പുത്രി ജയവല്ലിയിലുണ്ടായ പുത്രി ഈശ്വര. ഭർത്താവ് ജാലന്ധരത്തിലെ ശ്രീ ചന്ദ്രഗുപ്ത.

ജയവല്ലി അവളുടെ സ്വഭാവഗുണത്താൽ ദേവി എന്ന് വിളിക്കപ്പെട്ടതായി പറയുന്നു. ഹ്യുയാൻസാങ് സാങ് ഹോ പുലോ എന്ന് വിളിച്ചതാണ് സിംഹപുരരാജ്യം. ഈ രാജ്യ ത്തെ ചിലപ്പതികാരത്തിലും പറയുന്നുണ്ട്. ലിഖിതത്തിലെ ലിപി വെച്ച് കാലം എഡി 600-

800നുള്ളിലെന്ന് പറയുന്നു. ഹ്യുയാൻസിങ് എഴുതിയത് അദ്ദേഹം വന്ന കാലത്ത് സിംഹപുരത്തിന് രാജാവില്ല എന്നാണ്. കാശ്മീരിലെ രാജാക്കന്മാരാണ് അന്ന് സിംഹപുരം ഭരിക്കുന്നത്. അതിന്ന് മുമ്പുള്ള ലിസ്റ്റാണ് ലിഖിതം തരുന്നത്. 12 തലമുറക്ക് ചുരുങ്ങിയത് 275 വർഷം കണ ക്കാക്കുന്ന പക്ഷം, ഹ്യുയാൻസിങ് വന്നു പോയഉടനെയാവാം ഇത് രേഖപ്പെടുത്തി യത്. (600-650) നാലാം നൂറ്റാണ്ടിന്റെ ആദ്യ ത്തിലാവണം സേനവർമ്മന്റെ കിരീടധാ രണം. അദ്ദേഹം രാജർഷിയാണ്. 10ആം രാജാവ് അചലവർമ്മനും രാജർഷിയാണ്. കൃതയുഗത്തിലെ ധർമ്മം പാലിച്ച് ജീവി ച്ചവനാണ്. ഗുരുനിർദ്ദേശമനുസരിച്ച് ഭർതൃ നാമം ആചന്ദ്രതാരം നില നിർത്താനാണ് അദ്ദേഹത്തിന്റെ കീർത്തിസ്ഥാനമായ ശിവക്ഷേത്രം ചന്ദ്രഗുപ്തന്റെ ഭാര്യ ഈശ്വര പണിതത്.

അശോകമൌര്യന്റെ 12ആം ശിലാ ശാസനം

ലിപി ഭക്രേതാപാലി (വടക്കേ ഇന്ത്യൻ). കണ്ണിങ്ങാം ഇത് ഇന്ത്യയിലെ കാബൂളിലും പഞ്ചാബിലും മൂന്നാം നൂറ്റാണ്ട് മുതലുണ്ട് എന്ന് പറയുന്നു.

1. **ദേവാനാംപ്രിയോ പ്രിയദർശീ രായ സർവ്വപ്രശംദ നി ഗ്രഹം ച പൂജേതി ദാനേന വിവിധയേ ച പൂജയേ ന ഏഹു തഥാ ദാനം വ പൂജാ വ**
2. **ദേവാനാംപ്രിയോ മാനതി യഥാ കിതി സലവധി സിയാ സർവ്വപ്രശംദനം. സലവധി തു ബഹുവിധ. തസ തു ഇയോ മൂല യം വച്ചഗുടി**
3. **കിതി അത്തപ്രശംദപൂജാ (വ) പരപ ശാന്താഗരണ വ നോ സീയ അപ്രകരണസി ലഹുക വാ സിയാ തസി തസി പ്രകരണേ പൂജേ തവ ഏവ ചു പരപ്രശം**
4. **ദതേന തേന പ്രകരണേന .ഏവം കരംതം പ്രശംതം വദേതി പരപ്രശംദസ പി ച ഉപകരോതി. തദാ അനാഥ കരത ച അട്ടപ്രശംതം**

5. ഛരനതി പരപ്രശദസ ച അപകരോതി യോഹി കൊച്ചി അട്ടപ്രശാതം പൂജേതി പരപ്രസാദ ഗരഹതി സർവ്വ അട്ടപ്രസാദ ഭട്ടിദേവ കീതി
6. അതപ്രശംതം ദീപയാമിതി സോ ഏഹ പുന തഥാ കരംതം സോ ച പുന തഥാ കരംതം ബ(ധ)തരം ഉപഹന്തി അതപ്രസാദം. സോ സയമോ വോ സാധു. കീതി അന്നം അനാശ ദ്രമ്മോ(ധർമ്മോ)
7. ശ്രുണേയു ച സുശ്രുഷേയു ച ഇതി ഏവം ഹി ദേവാനാം പ്രിയസ ഇഛ കിതീ സർവ്വപ്രശമംത ബഹുശ്രുത ച കലന ഗാമ ച സേയസു യേ ച തത്ര തത്ര
8. പ്രസന്ന തേഷാം വടവോ ദേവാനാം പ്രിയോ ന തഥാ ദാനം വ പൂജാ വാ മൌവ്വാതി യഥാ കിതി ശാലാവധി സിയാ തി സർവ്വപ്രശംതനം ബഹുക ച . ഏതയേ അ
9. വപത ധ്രമമഹാപാത്ര (ധർമ്മമഹാപാത്ര) യച്ചമഹാമാത്ര വാചഭൂമിക ആനേ ച നികായ.

ഇമം ച ഏതിസ ഫലം യം അട്ടപ്രസാദാവധി

10. ധർമ്മസ ച ദീപനം

ദേവാനാം പ്രിയനായ രാജാവ് പ്രിയദർശി സകലരേയും ഭേദഭാവന കൂടാതെ പൂജ, ദാനം, ആദരവ് മുതലായവകളാൽ സന്തു ഷ്ടരും ശാന്തരുമാക്കുന്നു. (പ്രശാന്തം , പ്രസാദം മുതലായ പദങ്ങൾ ധാരാളം കാണുന്നു) എല്ലാവർക്കും എല്ലാം നേടാനാ വണം. എന്നാൽ സ്വന്തം (സമുദായത്തെ) മാത്രം നല്ല വാക്കും മറ്റുള്ളവരിൽ വിപരീ തവാക്കും ചൊരിയാതിരിക്കാനുള്ള ശ്രദ്ധ വേണം. വാക്ക് ശ്രദ്ധിച്ച് ഉപയോഗിക്കണം. എല്ലാവരിലും ആദരവ് വേണം. മറ്റു സമു ദായങ്ങളെ ആദരിക്കുന്നതു കൊണ്ട് അവ ർക്കും സ്വസമുദായത്തിനും ഗുണം വരും. അവരെ ഉപദ്രവിക്കുന്ന (വേദനിപ്പിക്കുന്ന) വാക്ക് സ്വന്തം സമുദായത്തേയും വേദനി പ്പിക്കുന്നതാണ്. സ്വന്തം സമുദായത്തെ മാത്രം ന്യായീകരിച്ച്

മറ്റുള്ളവയെ വേദനി പ്പിക്കുന്നവർ വിചാരിക്കുന്നത് അതുകൊ ണ്ട് അവർ സ്വസമുദായത്തെ സഹായിക്കു ന്നു എന്നാണ്. വാസ്തവത്തിൽ അവർ സ്വ സമുദായത്തെ അത്യധികം വേദനിപ്പിക്കു കയാണ്. സ്വയം നിയന്ത്രിക്കുക മാത്രമാണ് പോംവഴി. എല്ലാവരും മറ്റ ധർമ്മങ്ങളെ പഠിക്കാനും കേൾക്കാനും തൽപ്പരരാവ ണം. ദേവന്മാരുടെ പ്രിയൻ ഇഛിക്കുന്നത് എല്ലാ സമുദായത്തിലും ധർമ്മം വർദ്ധി ക്കണം എന്നാണ്. ഇതിനായി ധർമ്മസംരക്ഷ കരും സ്ത്രീസംരക്ഷകരും വാചഭൂമികക ളും മറ്റ് ഉദ്യോഗസ്ഥരും പ്രവർത്തിക്കണം. സ്വന്തം സമൂഹത്തേയും ധർമ്മത്തേയും അപ്രകാരമാണ് സംരക്ഷിക്കാനാവുക.

ദർഭാവതി (ദബോയി) ലിഖിതം

59 വരി നാഗരി ലിപി. ദോൽക്കയിലെ രാജകീയരുടെ പ്രശസ്തപുരോഹിതൻ

സോമേശ്വരദേവനാണ് ഈ പ്രശസ്തിയുടെ കർത്താവ്. വീരധവളനെന്ന ഗുരുവിനും , വസ്തുപാലനെന്ന ജൈനസുഹൃത്തിനുമായി കീർത്തികൌമുദി എന്ന കൃതി അദ്ദേഹമാണ് രചിച്ചത്. വിക്രമസംവിത് 1311 ജ്യേഷ്ഠമാസം ശുക്ല പഞ്ചദശിക്ക് (മേയ് 14, എിഡി 1253) ആണ് ലിഖിതം. ധീരധവളനും വാസ്തുപാലനും ഇക്കാ ലത്താണ് മരിച്ചത്. വീരധവളൻ സിംഹാസനത്തിലിരുത്തിയ തന്റെ രണ്ടാമത്തെ മകൻ വിശാലദേവൻ ഗുജറാത്ത് മുഴുവ നും ഭരിച്ചിരുന്നു. ഇദ്ദേഹത്തെയാണ് പ്രശസ്തി കൂടുതലായി പറയുന്നത്. വിശാലദേവന്റെ ആജ്ഞപ്രകാരം ദർഭാ വതിയിൽ ശിവവൈദ്യനാഥന്റെ ക്ഷേത്രം പണിതതാണ് ലിഖിതവിഷയം

ആദ്യശ്ലോകങ്ങൾ ശിവവൈദ്യനാഥനുള്ള മംഗലശ്ലേകങ്ങളാണ്. അഷ്ടശരീരങ്ങളാൽ വൈദ്യനാഥൻ ഭൂമിയിലെ എല്ലാ ജീവനും

സർവ്വാഭീഷ്ടവും സാധിക്കട്ടെ എന്ന് ആശം സിച്ച ശേഷം വിശാലദേവന്റെ വംശത്തെ പുകഴ്ത്തുന്നു. ഗുജറാത്തിലെ ചാലൂക്യരു ടെ മൂലദേവനെ ശ്രീ (ലക്ഷ്മീദേവി) ബാണ വൈരിയെ സമുദ്രമഥനകാലത്തെന്നപോലെ ഭർത്താവായി സ്വീകരിച്ചു. അൻഹിലവാ ദിലെ ചാലൂക്യരുടെ ആദ്യരാജാവാണ് മൂല ദേവൻ. വ്യാഘ്രപ്പള്ളീയ (വാഗേല) ശാഖ ചാലൂക്യരുടെ ആദ്യരാജാവായ ധവളനാ വാൻ സാദ്ധ്യത ഇല്ല. അപ്രകാരം പറഞ്ഞാ ൽ സോമേശ്വരൻ നുണ പറയുകയാണെന്ന് വരും. ധവളൻ ഒരു ചെറിയ സാമന്തനും കൂടി ആയിരുന്നില്ല. മൂലരാജൻ യുദ്ധത്തി നൊരുങ്ങിയാൽ ശത്രുരാജാക്കന്മാരുടെ പത്നിമാർ വിറച്ച് കാടുകളിലേക്ക് ഓടി പ്പോകും. കവി വാഗേലകളുടെ ആദ്യരാജാ വായ അർണ്ണോരാജനിലേക്ക് തിരിയുന്നു. രാവണനു സദൃശനായ രണസിംഹനെ യുദ്ധത്തിൽ അർണ്ണോരാജൻ വധിച്ചു. അദ്ദേഹവും

യുദ്ധത്തിൽ വീരമൃത്യു പ്രാ പിച്ചു. മകൻ ലവണപ്രസാദന് ഗുർജ്ജരദേ ശം കൊടു ത്ത്, തനിക്ക് ഭാരമായ ഭൂമിയെ ത്യജിച്ച ത്യാഗിയായി അർണ്ണോരാജനെ പറയുന്നു.

ലവണപ്രസാദന്റെ കാലത്ത് ഗുർജ്ജരം രാമ രാജ്യം പോലെയായി. വർദ്ധമാനത്തിനടു ത്ത് (വടക്കുകി ഴക്കൻ കാത്തിയവാറിലെ വാദ്ധ്വാൻ) യുദ്ധത്തിൽ നഡൂലദേശത്തെ മുഖ്യൻ വാളിനാൽ വെട്ടേറ്റു, കീർത്തികൌ മുദിയിലും തെക്കേ മാർവാഡിലെ , നന്ദോ ളിലെ താക്കൂറിന് പരാജയം പറയുന്നു. ഒരു മുഹമ്മദരാജാവിനേയും തോൽപ്പിച്ചു. ഭൂമിയിലെ എല്ലാ ദേവതുല്യരായ രാജാക്ക ന്മാരും തുരുഷ്കരാജാ വിന്റെ പേരു കേട്ടാ ൽ ഭയപ്പെടുന്നു. അവനോട് ലവണ പ്രസാദ നാണ് എതിരിടാൻ തയ്യാറായത്. സ്തംഭം പോലെ ശക്തമായ കയ്യും വാളും കൊണ്ട് മ്ലേച്ഛരാജാക്കന്മാരെ ലവണപ്രസാദൻ തോൽപ്പിച്ചു.

സ്തംഭ എന്നത് ഈ യുദ്ധം നടന്ന സ്ഥലവു മാണ്.

ലവണപ്രസാദകാലത്ത് 3 പ്രാവശ്യം ഗുജറാത്തിനെ മുഹമ്മദീയർ ആക്രമിച്ചി ട്ടുണ്ട്. 1. 1178 എഡി ഷഹാബുദ്ധീൻ ഘോ റി 2. 1194ൽ കുത്തബുദ്ധീൻ ആദ്യആക്രമ ണം അൻഹിലബാദിനെ നശിപ്പിച്ചു. 3. 1196ലെ രണ്ടാം ആക്രമണം. അൻഹിലബാദിൽ മുസ്ലീം സൈന്യം നില യുറപ്പിച്ചു. തെക്ക് കിടക്കുന്ന കാംബേയി ലെ സ്തംഭപുര മാണ് ഇവിടെ സ്തംഭമെന്ന് പറഞ്ഞിരിക്കുന്നത്. ധാരയിലും ഡെക്കാനി ലും മരുദേശത്തും രാജാക്കന്മാർ രോഗം പോലെ ആയപ്പോൾ ലവണപ്രസാദൻ ഔഷ ധം പോലുള്ള തന്റെ വീര്യം കൊണ്ട് രാജ്യ ത്തെ രക്ഷിച്ചു. ലവണപ്രസാദന്റെ ആദ്യശ ത്രു സുഭടവർമ്മനും പിന്നത്തേത് സിംഗണ നുമായിരുന്നു.(എഡി 1209-10, എഡി 1247-48) ഇവരുടെ ലിഖിതങ്ങളിൽ നിരവധി ഗുജറാത്ത് ആക്രമണം രേഖപ്പെടുത്തിയി ട്ടുണ്ട്. മരുവിലെ (മാർവാഡ്) 4 രാജകുമാ രന്മാർ സിംഗണകാലത്ത് ഗുജറാത്തിനെ ആക്രമിച്ചു. എല്ലാ

ബന്ധുക്കളേയും നശി പ്പിച്ച് കുലം ഉദ്ധരിച്ചതിൽ അദ്ദേഹം യുധിഷ്ഠിര സമനാണ്. വർദ്ധമാനത്തി നടുത്ത്, ശോഭ കൊണ്ട് ചന്ദ്രനേയും നിധി കൊണ്ട് സമുദ്രത്തേയും വെല്ലുന്ന കുമാര ക്ഷേത്രം അദ്ദേഹം പണിതു. അബുവിലെ തേജപാലന്റെ ക്ഷേത്രത്തോടു അതിനെ താരതമ്യം ചെയ്യുന്നു. മക്കളാണ് ദശരഥനും കാകുത്സനും.

വിശാലദേവൻ വീരപ്രതിജ്ഞ പാലിച്ച് സിന്ധുവരെ സൈന്യവുമായി യാത്ര ചെയ്തു. വിശാലനെ സമീപി ച്ച ശത്രു തീയിനോടടുത്ത പാറ്റ പോലെ നാമാവ ശേഷ മായി.

വിശാലദേവന്റെ ക്ഷേത്രനിർമ്മിതികളെ പിന്നീട് പറയുന്നു.നിരവധി ശിവക്ഷേത്രം പണിതു, മൂലസ്ഥാനത്ത് സൂര്യ ക്ഷേത്രം പുനരുദ്ധരിച്ചു. കൈലാസശിഖരം പോലെ ശിഖരമുള്ള മഹാക്ഷേത്രം നിർമ്മിച്ചു. കാമദേവസദൃശനായ അദ്ദേഹം മറ്റൊരു ക്ഷേത്രത്തിന്റെ പ്രാകാരം നിർമ്മിച്ചു. അദ്ദേഹം

ദാനശീലനായിരുന്നു. വർഷം കൂടും തോറും മൂല്യം കൂടിവരുന്ന കൽപ്പ ലതയായിരുന്നു അദ്ദേഹം ബ്രാഹ്മണർക്ക് . സമ്മാനങ്ങളാൽ സന്തുഷ്ടരായ ബ്രാഹ്മണരു ടെ വേദമന്ത്രധ്വനി രാജ്യമെങ്ങും പ്രതിധ്വനി ച്ചു. പ്രാഗ്വാതവംശത്തിലെ പ്രസിദ്ധനായ ചന്ദ്രസിംഹന്റെ പുത്രനായ (പേര് പോയി രിക്കുന്നു) .....ഗനെ അദ്ദേഹം വൈദ്യേശീത്രി കോട്ട കാക്കാൻ ഏൽപ്പിച്ചു. കുറ്റവും കുറ വുമില്ലാത്ത കോട്ടകൊത്തളങ്ങളോടെ അത് സംരക്ഷിച്ച ആ മന്ത്രിയുടെ മഹിമ എപ്രകാ രം പറയണം.

അദ്ദേഹത്തിന്റെ ശിൽപ്പി സാദേവൻ സദ്ഗു ണസമ്പന്നനായിരുന്നു. അദ്ദേഹത്തിന് പുത്ര നായി ജനിച്ച വാമദേവനാണ് (രാമദേവ നെന്ന് പാഠഭേദം) മൂലസ്ഥാനത്തെ പ്രസിദ്ധ സൂര്യ ക്ഷേത്രം പണിതത്. അദ്ദേഹത്തിന്റെ മകനാണ് മാദനനെന്ന വിശ്വകർമ്മവംശ ത്തിലെ സിംഹം. വൈദ്യേശക്ഷേത്രസമു ച്ചയവും

മതിലും കോട്ടയും വാതിലുമെ ല്ലാം അദ്ദേഹമാണ് പണിതത്. ആശാരിമാരുടെ പ്രഥമശ്രേണിയിലുള്ള ആഹ്ലാദനന്റെ പുത്രൻ ദേവാദിത്യനാണ് വൈദ്യേശിത്രി ക്ഷേത്രത്തിന്റെ അടിത്തറ (അധിഷ്ഠാനം) പണിതത്.

ആരാദ്ധ്യനും ലോകത്തിന്റെ മുഴുവനും രക്ഷകനുമായ വൈദ്യനാഥാ, നിന്റെ അനുഗ്രഹത്താൽ വിശാലദേവൻ ശത്രു ശല്യം കൂടാതെ മക്കളോടുകൂടി വിജയിയാ യി 10000 കൽപ്പം ജീവിക്കട്ടെ. രാജപുരോ ഹിതനായ സോമേശ്വരദേവൻ രാത്രിയുടെ അരയാമം കൊണ്ട് ഈ പ്രശസ്തി രചിച്ചു.

പ്രാഗ്വാതവംശത്തിലാണ് വീരധവളന്റെ മന്ത്രിമാരായിരുന്ന വസ്തുപാലനും തേജ പാലനും ജനിച്ചത്. ഇപ്പോളിത് പോരവാൾ വണികവംശമാണ്. ഗുജറാത്തിലും രാജ സ്ഥാനിലും ഇവർ പ്രസിദ്ധരാണ്. ഇവരുടെ ആദ്യനാമം സംഘം എന്നായിരുന്നു.

പ്രസിദ്ധമായ നന്ദീപുരം ഗോത്രത്തിലെ ശ്രീയാമന്തന്റെ മകനായ ശ്രേഷ്ഠബ്രാഹ്മണൻ പ്രഹ്‌ലാദനാണ് ഈ കവിത രചിച്ചത്. ആശാ രിമാരിലെ ശ്രേഷ്ഠനായ സജ്ജനപുത്രൻ വിദഗ്ദ്ധനായ പത്മസിംഹൻ ഇത് ലേഖനം ചെയ്തു. സംവത് 1311 . ജ്യേഷ്ഠമാസത്തി ലെ ശുക്ലപഞ്ചദശി. ബുധനാഴ്ച.

ചേദിയിലെ ജജല്ലദേവന്റെ രത്നപൂർ ശിലാലിഖിതം (866)

രത്നപ്പൂരിൽ കാണുന്ന ചുവപ്പും ബ്രൌ ണും കലർന്ന കല്ലിലാണ് ലിഖിതം. 31 വരി. കല്ല് പൊട്ടിയതുകൊണ്ട് ചില അക്ഷരങ്ങൾ പോയിട്ടുണ്ട്. ദേവനാഗരി ലിപി. സംസ്കൃ തഭാഷ. മംഗളവും ലിഖിതകാലവും ഒഴി കെ എല്ലാം ശ്ലോകം. 34 ശ്ലോകമുണ്ട്. ബ എന്നതിന് അബ്ധി എന്ന വാക്കിലൊഴികെ

മറ്റെല്ലായിടത്തും വകാരമാണ് ഉപയോഗി ക്കുന്നത്.

ചേദിരാജാവ് കോക്കല്ലന്റെ വംശത്തിലെ അകന്ന ശാഖയിൽ ജനിച്ച ജജല്ലദേവന്റെ ലിഖിതമാണ്. 866ൽ , മാർഗ്ഗശീർഷത്തിലെ ശുക്ലനവമിക്ക് രവിവാരമാണ് ലിഖിതം. സന്യാസിമഠസ്ഥാപനം, തോട്ടം, ജലസംഭര ണി (തടാകം) ജജ്ജല്ലപുരത്ത് ക്ഷേത്രനിർമ്മാ ണം സിരുളിഗ്രാമവും അർജ്ജുനകോനസര ണവും ജജല്ലദേവൻ ദാനം ചെയ്യുന്നത് ഇതെല്ലാമാണ് വിഷയം. ചേദിവർഷം ആരംഭം എഡി 248-49ലാകയാൽ 866 , എഡി 1114. നവംബർ 8ന് ഞായറാഴ്ചയാ യിരുന്നു. മാർഗ്ഗശീർഷശുക്ലനവമിയുമായി രുന്നു. ജജ്ജലദേവന്റെ പൂർവ്വീകരും മൂഷക വംശത്തിന്റെ പൂർവ്വീകരും ഒന്നാണെന്നത് കേരളീയർക്ക് പ്രധാനമായ ഒന്നാണ്. ചന്ദ്ര വംശത്തിലെ കാർത്തവീര്യഹൈഹയനാണ് ഇവർക്കെല്ലാം വംശപിതാവ്. ഈ വംശ

ത്തിൽ ജനിച്ച കോക്കല്ലൻ ത്രിതശൌര്യനാട്ടി ലാണ് വസിച്ചിരുന്നത്. കോക്കല്ലന് 18 മക്ക ളുണ്ടായിരുന്നു. മൂത്ത മകൻ ത്രിപുരിരാജാ വായി. മറ്റുള്ളവരെല്ലാം മണ്ഡലാധിപതി കളായി. ഇളയ മക്കളിൽ ഒരാളുടെ മകനാ യിരുന്നു കലിംഗരാജാവ്. ത്രിതശൌര്യരാ ജ്യം വിട്ട് ദക്ഷിണകോസലത്തിലേക്ക് പോയ അദ്ദേഹം തുമ്മാനയിൽ താമസമുറപ്പിച്ചു. പുത്ൻ കനകരാജൻ, പൌത്രൻ രത്നരാജ നെന്ന രത്നേശൻ, രത്നേശൻ തുമ്മാനയെ ക്ഷേത്രങ്ങളാലും തോട്ടങ്ങളാലും അലങ്കരി ച്ചു. രത്നപുരം എന്ന നഗരം സ്ഥാപിച്ചു. കോംമണ്ഡലത്തിലെ വജ്ജുകന്റെ പുത്രി നോനല്ലയെ വിവാഹം കഴിച്ചു. അവർക്ക് പൃഥ്വീദേവൻ (പൃഥ്വീശ) എന്ന മകനുണ്ടാ യി. അദ്ദേഹം രാജാവായപ്പോൾ തുമ്മാന യിൽ ക്ഷേത്രങ്ങളും രത്നപുരത്തിൽ തടാ കവും നിർമ്മിച്ചു. അദ്ദേഹത്തിന് രാജല്ലയി ലുണ്ടായ മകനാണ് ജജ്ജലദേവൻ, ചേദിരാ ജാവുമായി സഖ്യത്തിലായിരുന്ന ജജല്ലനെ

കന്യാകുബ്ജത്തിലേയും ജേജകഭുക്തിയി ലേയും രാജകുമാരന്മാർ ആദരിച്ചു.(ജേജക ഭുക്തി ചേദിയാണ്). സോമേശ്വരനെ തടവി ലാക്കി. അമ്മ പറഞ്ഞതുകൊണ്ട് അദ്ദേഹ ത്തെ വിട്ടയച്ചു. വർഷം തോറും മാണ്ഡലി കന്മാരും രാജാക്കന്മാരും അദ്ദേഹത്തിന് കപ്പം കൊടുത്തിരുന്നു. ഇവരിൽ ദക്ഷിണ കോസലം ആന്ധ്രപ്രദേശം, ഖിമിഡി, വൈ രാഗരം, ലഞ്ച്ഛരിക, ഭാണാര, തലഹാരി, ദണ്ഡക പുരം, നന്ദാവലി, കുക്കുടം ഇവ പറയുന്നു. രത്നപുരത്തിനടുത്തുള്ള ജൂനാ ഷഹറാവണം തുമ്മന എന്ന് പുരാവസ്തു ഗവേഷകർ വിചാരിക്കുന്നു. വൈരാഗാരം വൈരാഗർ, ലഞ്ചി്രിക ലഞ്ചി , തലഹരി തലഹരിമണ്ഡലം, രത്നപുരത്തിന് 30 മൈൽ വടക്ക് കാണുന്ന കോമോ ചുരം കോമോ ചൌക്കി ഇവയാവണം കോ൦മ ണ്ഡലം. ഗഞ്ചാമിലെ ഖിമേഡി ഖിമിഡി, ഇപ്രകാരമാണ് സ്ഥലങ്ങളെ നിശ്ചയിച്ചി രിക്കുന്നത്. കുക്കുടദേശം

കേരളത്തിലാ ണെന്ന് ഈ രേഖകളിൽ കണ്ടു പിടിച്ചിട്ടില്ല.

ലിഖിതത്തിൽ പറയുന്നരാജാക്കന്മാർഃ- കന്യാകുബ്ജത്തിലെ ഗോവിന്ദചന്ദ്രൻ, ജേജകഭുക്തകമെന്ന ബുന്ദേൽഖണ്ഡിലെ രാജകുമാരൻ, ചന്ദേലരാജാവ് കീർത്തിവ ർമ്മദേവൻ, ചേദിരാജാവ്, ത്രിപുരിയിലെ യശക്കർണ്ണൻ അഥവാ ഗയക്കർണ്ണൻ ,ചാഹുമാനരാജകുമാരൻ പൃഥ്വീരാജിന്റെ പിതാവ് സോമേശ്വരൻ 1. ഇതിൽ സോമേ ശ്വരൻ എഡി 1169ൽ മരിച്ചിട്ടുണ്ട്. അതി നാൽ ജജ്ജലദേവനാൽ പരാജിതനാക്കാ നുള്ള സാദ്ധ്യത കുറവാണ്.

ജജ്ജലദേവന്റെ ഗുരു രുദ്രശിവനാണ്. അദ്ദേ ഹത്തിന് ദിങ്നാഗന്റെ ഉൾപ്പെടെ എല്ലാ ദർശനങ്ങളും ഹൃദിസ്ഥമാണ്. വിഗ്രഹരാ ജനാണ് യുദ്ധവും സമാധാനവും നിശ്ചയി ക്കുന്ന അദ്ദേഹത്തിന്റെ സന്ധിവിഗ്രഹി.

ജജ്ജലദേവന്റെ മൽഹർപ്ലേറ്റ് ലിഖിതം

മൽഹറിൽനിന്ന് കിട്ടിയ കറുത്തശിലയിലെ ലിഖിതം ഇപ്പോൾ നാഗ്പൂർ മ്യൂസിയത്തി ലാണ്. 28 വരി. കല്ല് പൊട്ടി ആദ്യത്തെ നാല് അക്ഷരം പോയിട്ടുണ്ട്. ദേവനാഗരി ലിപി. സംസ്കൃതഭാഷ. ആദ്യത്തെ മംഗളവും അവസാനത്തെ കാലവും ഒഴികെ എല്ലാം പദ്യം. 26 ശ്ലോകം. വാസ്തവ്യഗോത്രത്തിലെ മാമേയുടെ മകൻ രത്നസിംഹനാണ് കവി. സഹസ്രാർജ്ജുനകുലത്തിലെ ക്ഷത്രിയ കുമാരപാലൻ എഴുതിയെടുത്ത്, സംപൂല നെന്ന ലിപികൻ കൊത്തി. വ എന്നിന് ബ ആണ്. സന്ധിനിയമം പാലിച്ചിട്ടില്ല.

ചേദികുടുംബത്തിലെ ജജ്ജലദേവൻ തുമ്മന ഭരിക്കവേ, ചേദിവർഷം 919ൽ (എഡി 1167 68) മല്ലാളനഗരത്തിൽ കേദാരേശ്വരന് ക്ഷേ ത്രം പണിതത് പറയുന്നു. പൃഥ്വീധരപുത്രൻ ഗംഗാധരന്റെ ഇളയ മകൻ സോമരാജബ്രാ ഹ്മണനാണ് പണിതത്. ജജ്ജലദേവനെ പ്രശം സിക്കുന്നു.

വംശം ചന്ദ്രവംശജനും ചോഡ,
ഗംഗന്മാരെ
പരാജയപ്പെടുത്തിയവനുമായ
രത്നദേവന്റെ പുത്രൻ പൃഥ്വീദേവന്റെ
പുത്രൻ ജജ്ജലദേവനെന്ന് തന്നിട്ടുണ്ട്.
മദ്ധ്യ ദേശത്തെ
കുംഭാട്ടിഗ്രാമത്തിലാണ് ബ്രാഹ്മണ
നായ സോമരാജൻ താമസിക്കുന്നത്.
അവി ടെ നിന്നാണ് അദ്ദേഹത്തിന്റെ
പുത്രൻ ഗംഗാ ധരൻ തുമ്മാനയിലേക്ക്
വന്നത്. രത്നദേവ ൻ അദ്ദേഹത്തെ
ആദരിച്ച് കോസാംബിഗ്രാ മം
കൊടുത്തു. മല്ലാരദേശം മൽഹർ ആ
കാം. മല്ലാളദേശവുമാകാം. ശരഭപുരി
ലിഖിതങ്ങളെ പറയുമ്പോൾ ഇത്
ഞാൻ പരാമർശിച്ചിട്ടുണ്ട്. ശിവസ്തുതി
വളരെ മനോഹരമാണ്.

ഓം നമശ്ശിവായ!.

മൂർദ്ധന്യസ്തജടാംബുപല്ലവചയോ
ഫാലസ്ഥലീമല്ലികാ
താർത്തീയേക്ഷണ
ഹവ്യവാഹവിസരജ്വാലാപ്രദീപ
ദ്യുതി
സമ്പൂർണ്ണസ്സുരതുംഗലഹരീവാരീപ്ര
വാഹൈർ അസൌ

ശംഭുർമംഗലകുംഭ വിഭ്രമ പദം
ബിഭ്രത് സദാ പാതുവാ

ഗുരുവായ രുദ്രശിവന് എന്തെല്ലാം
അറി യാം. മീമാംസാദ്വയപാരഗനാണ്.
(പൂർവ്വ ഉത്തരമീമാംസകൾ).
കശ്യപീയം, ന്യായം, അക്ഷപദീയം
സാംഖ്യം, അപ്രതിമല്ലതാമദ
നിധികൾ, ഇവ.
ത്രൈയക്ഷോക്ഷപദോക്തി ദൃക്കാണ്.
ചാർവ്വാകം, ബൌദ്ധം, ഉദീച്യ
പാനാനന്ദിതനായ
കുംഭസംഭവമുനിയുടെ ദിക്കിലെ
ജ്ഞാനം, (അകത്തീയം), വേദം

അശ്രാന്തം ക്രതുകുണ്ഡമണ്ഡലചലദ്
ധൂമാവലിധ്യാമള വ്യോമാശാവലയം
വിലോക്യ
വിലസന്നീലാംബുദാളിഭ്രമാത്
വിപ്രാസ്യേരിതവേദരാശി
വിതതോദ്ഘോഷോദ്ധുരം യദ് ഗൃഹേ
സത്പക്ഷപ്രസരാ നതന്തി പദവോ
ഹൃഷ്ടാ മുഹു കേകിന

തന്റെ ഫിലോസഫിയും
ലിഖിതത്തിൽ കവി
എഴുതിച്ചേർക്കുന്നു. വാതാഹതം
കൊണ്ട് ചലിക്കുന്ന തൂലം (ധൂളി)

പോലെ തരളമായ ജീതമാണ് നൃപന്മാരുടേത്. (നൃണാം). ചഞ്ചലമായ ജീവിതത്തിൽ ധർമ്മാനുഷ്ഠാ നം മാത്രം ശാശ്വതം.

കവി രത്നസിംഹനെക്കുറിച്ച് കവിതന്നെ എഴുതുന്നു:-
കശ്യപീയാക്ഷപാദീയ നയസിദ്ധാന്തവേദിന വിപക്ഷവാദി സിംഹേന രത്നസിംഹേന ധീമതാ ശ്രീരാമചന്ദ്രകമലാംബുധാരാഭിഷേക ലബ്ധോദയ പ്രതതശാഖമഹീരുഹേന വാസ്തവ്യവംശകമലാകരഭാനുനേയം മാമേസുതേന രചിതം രുചിരാ പ്രശസ്തി

ഇയം സഹസ്രാർജ്ജുനവംശജേന കുതൂഹലാത് ക്ഷത്രിയപുംഗവേന കുമാരപാലേന ഗുണാഭിരാമ രുമേവ രമ്യാ ലിഖിതാ പ്രശസ്തി

അനേകശിൽപ്പനിർമ്മാണ പയോധേ പാരദൃശ്വന ഉത്കീർണ്ണ രൂപകാരേണ സാംബുലേനേയം ആദരാത്

സംവത് 919 എന്ന് അവസാനിക്കുന്നു.

മദ്ധ്യദേശത്തെ കുംഭട്ടി ഗ്രാമം വിദ്വാന്മാ രായ ബ്രാഹ്മണരുടെ വാസസ്ഥാനമായി രുന്നു. കൃഷ്ണാത്രേയഗോത്രത്തിലെ പൃഥ്വീ ധരൻ 3 പ്രവരങ്ങളാലും അലംകൃതനാണ്. ആത്രേയം, അർച്ചനാനം, (അർച്ചനാനസം) സസ്യാവാസം.(ശ്വാവാസ്യം) രാജാക്കന്മാ രാൽ നമസ്കരിക്കപ്പെട്ട് പാദങ്ങളിൽ രത്നശോഭ ധരിക്കുന്നവനാണ്. അദ്ദേഹ ത്തിന്റെ മകൻ ബ്രാഹ്മണരിലെ രാജാവാണ്. മൂന്നാം തൃക്കണ്ണുപോലെ ജ്ഞാനം കിട്ടിയ വനാണ്. വാദത്തിൽ അദ്ദേഹത്തെ തോ ൽപ്പിക്കാനാവില്ല എന്ന് സാരം. . അദ്ദേഹ ത്തിനാണ് രത്നദേവൻ കൌശാംബി കൊടുത്തത്. അദ്ദേഹത്തിന്റെ മകൻ സോമരാജനാണ് ബ്രാഹ്മണന്മാരിലെ രാജാവെന്ന് കേൾവി കേട്ടത്. രണ്ട് മീമാം സയും നെറ്റിക്കണ്ണുപോലെ അക്ഷപദീ യന്യായവും ഉള്ള അദ്ദേഹം തന്റെ ചാർവ്വാകജ്ഞാനത്താൽ ചാർവ്വാക വാദങ്ങളെയെല്ലാം ഖണ്ഡിച്ചിട്ടുണ്ട്.
ദിങ്നാ ഗന് യമനാണ്. യാഗാഗ്നിയിലെ

ധൂമത്തെ മേഘമായും വേദമന്ത്രോച്ചാരണത്തെ ഇടിവെട്ടായും തെറ്റിദ്ധരിച്ച് മയിലുകൾ അദ്ദേഹത്തിന്റെ വീട്ടുമുറ്റത്ത് നൃത്തം ചവിട്ടുന്നു.

പൃഥ്വീദേവന്റെ രത്നപ്പൂർ ലിഖിതം (വിക്രമ 1247)

ദേവനാഗരി സംസ്കൃതശ്ലോകം 30 ശ്ലോക മുണ്ട്. രത്നസിംഹന്റെ മകൻ ദേവഗണ നാണ് കവിത രചിച്ചത്. കുമാരപാലൻ എഴുതി. സംഫൂലനാണ് ലിപികൻ. ചോഡ ഗംഗന്മാരെ തോൽപ്പിച്ച ചേദിരാജാവ് രത്ന ദേവന്റെ പുത്രനാണ് പൃഥ്വീദേവൻ. അദ്ദേഹ ത്തിന്റെ പുത്രനാണ് ജജ്ജലദേവൻ. ദേവഗ ണൻ സംബയിൽ ശിവക്ഷേത്രം പണിതത് അദ്ദേഹത്തിന്റെ കുടുംബത്തിന്റെ നിശ്രേയ സത്തിനാണ്. ദേവഗണന്റെ മപത്തശ്ശൻ , വാസ്തവ്യഗോത്രത്തിലെ ഗോവിന്ദൻ ചേദിമണ്ഡലത്തിൽനിന്ന് തുമ്മാനയിലേക്ക് വന്നതാണ്. ഗോവിന്ദന് 2 മക്കളുണ്ട് രാഘ വനും മേമനും. മാമേയുടെ മകൻ രത്നസിം ഹനാണ് ദേവഗണന്റെ പിതാവ്. ക്ഷേത്രം നിർമ്മിച്ചതും ലിഖിതം

എഴുതിയതും ദേവഗണൻ തന്നെയാണ്. മല്ലദ് ലിഖിതം (ഇതിന്നുമുമ്പത്തെ) രത്നസിംഹനാണ് എഴുതിയത്. ഈ ലിഖിതം രത്നസിംഹന്റെ 5 പേരക്കുട്ടികളേയും പറയുന്നതിനാൽ മല്ലദ് ലിഖിതത്തിനു ശേഷം (എഡി 1167-68 ന്) എഴുതിയതാവണം. രത്നപൂർ രാജാക്കന്മാരുടെ വംശാവലിഃ-

1. കലിംഗരാജൻ.
2. കമലരാജൻ
3. രത്നരാജൻ(രത്നേശ)
4. പൃഥ്വീദേവൻ
5. ജജ്ജല്ലദേവൻ(എഡി 1114 ലിഖിതം)
6. രത്നദേവൻ
7. പൃഥ്വീദേവൻ(എഡി 1145 റെജിംലിഖി തം, -1158-59)
8. ജജ്ജല്ലദേവൻ (1167-68 എഡി)
9. രത്നദേവൻ.(1181-82)
10 പൃഥ്വീദേവൻ(ഈ ലിഖിതം. എഡി 1189-90

ഇവിടെയും വാതോദ്ധൂതിലോലതൂലം തര ളം ഇദം നൃണാം ജീവിതം എന്ന ഫിലോസ ഫി ഉണ്ട്. ത്രിപുരാന്തകനെ

ഉപാസിക്കുന്ന മേമ എന്ന പണ്ഡിതനെ രാജസഭയിലെ സൂര്യനായി ഉപമിക്കുന്നു. അദ്ദേഹത്തിന്റെ പത്നി രംഭയിലാണ് ദേവഗണന്റെ ജനനം. ജ്ഞാനിയായ അദ്ദേഹം ചണ്ഡികാപതി യായ ശിവന്റെ താമരക്കാലടികളിലെ ഭ്രമരമാണ്. ഭാര്യ പ്രഭയെ വർണ്ണിക്കുന്നു ണ്ട്. രണ്ടാമത്തെ ഭാര്യ ജംബോ. പുത്രൻ ജഗത്സിംഹൻ. ഈ രായരസിംഹൻ ബന്ധു ക്കളുടെ മുഴുവനും സംരക്ഷകനാണ്. അദ്ദേഹത്തിന്റെ പുത്രി ബോപ്പ കലിയുഗ ദോഷം തീണ്ടാത്ത നദിയായി ത്രിലോകത്തേ യും പാവനമാക്കി. 2 പുത്രന്മാരായ വൽഹുവും ദേവദാസനും സൂര്യചന്ദ്രന്മാ രെപ്പോലെ ശോഭിച്ചു. പിനാകപാണിയായി ബിലപദണ്ഡം കയ്യിൽ ധരിച്ച ശംഭുവിന് സംബഗ്രാമത്തിൽ ദേവഗണൻ ക്ഷേത്രം പണിതു. രത്നസിംഹപുത്രനായ ദേവഗ ണനെ എല്ലാ വിധ സാമ്പ്രദായിക ജ്ഞാന വും അനുഗ്രഹിച്ചു. കവിതയോട് അദ്ദേഹ ത്തിന് പ്രധാനമായും ഇഷ്ടം ഉണ്ടായിരുന്നു.

ന്യായശാസ്ത്രസമുദ്രത്തിന്റെ അക്കര കണ്ട അദ്ദേഹം നീതിപരിപാലനത്തിൽ ഭൃഗു പുത്രനു തുല്യനായിരുന്നു. വൃത്തം,അലങ്കാരം, വ്യാകരണം, കാമശാ സ്ത്രം ,64 കലകൾക്കും താമരക്ക് സൂര്യൻ പോലെ ശോഭിച്ച അദ്ദേഹമാണ് ഈ പ്രശ സ്തി രചിച്ചത്. (ഇന്ദുമൌലി എന്ന നാമ ത്തിനു പകരം കവി മൌലീന്ദു എന്ന് ശിവ നെ വിളിക്കുന്നുണ്ട്) അവന്തിപാലപുത്രനാ യ കുമാരപാലനാണ് ഇത് എഴുതിവെച്ചത്. സാംഫൂലൻ കൊത്തിവെച്ചു. ആചന്ദ്രതാരം അഷ്ടദിഗ്ഗജം ഭൂമിയെ താങ്ങുന്ന കാലം കാമാരിയുടെ പ്രശസ്തി നിലനിൽക്കട്ടെ.

കൃഷ്ണ 2ന്റെ രാഷ്ട്രകൂട ഗ്രാന്റ് (ശകം 832)

ഗുജറാത്തിലെ കാപധ്വനജത്തിലാണ് ആദ്യം ഈ ഗ്രാന്റ് കണ്ടത്. 3 പ്ലേറ്റുകളുണ്ട്. താമര പ്പൂവിലിരിക്കുന്ന ഗരുഡന് ഇരുവശം സ്വസ്തികം ഉണ്ട്.

മറ്റു രാഷ്ട്രകൂടസീലു കളിൽ ശിവചിഹ്നമാണ്. കൃഷ്ണ 2 വൈഷ്ണവനായിരുന്നു. അതാണ് ഗരുഡചിഹ്നം. ഭാഷ സംസ്കൃതം. പ്രാകൃതത്തിന്റെ കലർപ്പ് ഉണ്ട്. വംശാവലി ഇപ്രകാരമാണ്.

1. കൃഷ്ണരാജാ 1 (ശുഭതുംഗ)
2. ധ്രുവരാജാ (നിരുപമ)
3. ഗോവിന്ദരാജാ 3 (നിരവധി സഹോദര ന്മാരുണടായിരുന്നു അവരിലൊരാളായ ഇന്ദ്ര 3 , ഗുജറാത്തിലെ രാഷ്ട്രകൂടശാഖ ഉണ്ടാക്കി.)
4. മഹാരാജാ ചന്ദ(സർവ്വ) അമോഘവർഷ . സ്വകുടുംബത്തിലെ ഗോവിന്ദ 4 എന്ന വിപ്ലവകാരിയെ ഗുജറാത്തിലെ കർക്ക 2 എന്ന കസിന്റെ സഹായത്തോടെ തോൽപ്പിച്ചു.
5. കൃഷ്ണ 2 (ശുഭതുംഗ അകാലവർഷ) വല്ലഭരാജാ. .

മഹാസാമന്ത പ്രചണ്ഡന്റെ വംശാവലി ബ്രഹ്മവാകവംശത്തിലെ ധവളപ്പന്റെ (വെള്ളപ്പ) പുത്രനെന്ന് തരുന്നു.

കുംബഡി, ദേവഡി, രാജഹംസ, ധവളപ്പ, പ്രചണ്ഡ. സെല്ല വിദ്യാധരനും ഈ വംശത്തിലാണ് ജനിച്ചത്. വള്ളൂരിക അഥവാ വ്യാഘ്രലാശ (ഗൈക്കാ ദി വഘലാസ്) എന്ന ഗ്രാമം വല്ലഭരാജാവായ അകാലവർഷൻ ബ്രഹ്മഭട്ടനെന്ന ബ്രാഹ്മണന് കൊടുത്തു. 750 ഗ്രാമങ്ങളിൽ ഒന്നാണ് ഇത്. എല്ലാത്തിനേയും കൂടി ഹർഷപുരം എന്ന് പറഞ്ഞിരുന്നു. ഇവയിലെ ഖേടകം (ഖേദ) , കാശദ്രാഹം (കാശഹ്രദം) ഇവ പേരെടുത്ത് പറയുന്നു. 750ൽ 84 ഗ്രാമം കർപ്പാടവാണി ജ്യത്തിന് , ഉള്ളതാണ്. ഇതിനോട് രൂരിദ്ധ ത്തിലെ 10 ചേർത്തതിലാണ് ദാനം ചെയ്ത ഗ്രാമം ഉള്ളത്. ഗ്രാമങ്ങളാണ് അതിർത്തി. 750 ഗ്രാമവും രാജാവിന്റെ നേരിട്ട ഭരണ ത്തിലാണ്. അവിടെ മഹാസാമന്ത പ്രച ണ്ഡന്റെ ദണ്ഡനായകൻ ചന്ദ്രഗുപ്തനാണ്. പ്രചണ്ഡന്റെ അഛൻ ധവളപ്പന് തന്റെ ധീരതക്ക് സമ്മാനമായി ലഭിച്ചതാണ് ഗ്രാ മം.ധവളപ്പന്റെ മറ്റൊരു മകനും പ്രചണ്ഡ ന്റെ സഹോദരനുമായ അക്കുക അഥവാ അക്കുവനാണ്

ലിഖിതം ഒപ്പുവെച്ചിരി ക്കുന്നത്. ശകം 832(എഡി 910-11) മഹാ വൈശാഖി വൈശാഖപൌർണ്ണമി. ലിഖിതം എഴുതിയത് കുലപുത്രക അമ്മൈയകൻ. ഇദ്ദേഹം നേമാദിത്യപുത്രനാണ്. കർക്ക 2 ന്റെ ലിഖിതം എഴുതിയ കുലപുത്രക ദുർഗ്ഗഭട്ടന്റെ പുത്രനും നേമാദിത്യനാണ്. മഹാസാമന്ത പ്രചണ്ഡന്റെ ദണ്ഡനായകൻ ചന്ദ്രഗുപ്തൻ ഒപ്പുവെച്ചിരിക്കുന്നു. (ഇദ്ദേഹം ഖേടകം കാസഹ്രദം ഉൾപ്പെട്ട ഹർഷപുരത്തിന്റെ ദണ്ഡനായകനാണ്). പ്രചണ്ഡൻ പഞ്ചമഹാശബ്ദം ഉള്ള രാജാവാണ്. .

അതി ർത്തികൾഃഃ കിഴക്ക് പഞ്ചോദ, വിത്തവല്ലി

തെക്ക് കേരദവള്ളി, ആരലുവാക

പടിഞ്ഞാറ് നാവലിക ,അപൂവള്ളി

വടക്ക് അംബൌചിക.

വവ്വയുടെ പുത്രനായ ബ്രഹ്മഭട്ടന് കൊടുത്ത വല്ലൂരികാഗ്രാമാതിർത്തികൾ ഈ ഗ്രാമങ്ങ ളാണ്. വാജി മാദ്ധ്യന്ദിനശാഖ

അദ്ധ്യയനം ചെയ്യുന്ന ഭരദ്വാജഗോത്രക്കാരനാണ്. ബലി ചരുകം വൈശേ്വദേവം ഇവ ചെയ്യുന്നതി നാണ് ഉദകപൂർവ്വം ഈ ദാനം കൊടുത്തി രിക്കുന്നത്.

തൃശ്ശിനാപ്പള്ളിയിലെ 2 ഗുഹാലിഖി തങ്ങൾ

2 തൂണുകളിലായി 4 സംസ്കൃതശ്ലോകം വീതം. പഴയ തമിഴ് ലിപി. പുരുഷോത്തമ, ശത്രുമല്ല, സത്യസന്ധ എന്നീ ബിരുദങ്ങളുള്ള ഗുണഭരനെന്ന രാജാവ് മലമുകളിൽ ശിവ ക്ഷേത്രം കെട്ടി, ശിവലിംഗം പ്രതിഷ്ഠിച്ചു, സ്വന്തം പ്രതിമയും കൊത്തിവെപ്പിച്ചു. രണ്ട് തൂണിലും കാവേരീതീരത്തെ ചോള രാജ്യവും തൃശ്ശിനാപ്പള്ളിയും പറയുന്നുണ്ട്. ഇടത്തേതൂണിൽ പല്ലവന് പ്രിയപ്പെട്ട കാ വേരി എന്ന് പറയുന്നതിനാല് കാവേരീതീ രം പല്ലവരാണ് മുമ്പ് ഭരിച്ചിരുന്നത്. മാമല്ല പുരത്തും കാഞ്ചീപുരത്തുമുള്ള പല്ലവ ലിഖിതങ്ങളോട് ഈ ലിഖിതത്തിനുള്ള സാദൃശ്യം

ഗുണഭരൻ ചോളരാജ്യം ഭരിച്ചി രുന്ന പല്ലവരാജാവാണെന്ന് കാണിക്കുന്നു.

ഇടത്തേ തൂണിൽഃ-

കാവേരീന്നയനാഭിരാമസലിലാമാരാ
മമാലാധരാം ദേവോ വീച്യ
നദീപ്രിയഃ പ്രിയഗുണാമപ്യേഷ
രജ്യേദിതി സാമംകാ ഗിരികന്യകാ
പിത്യകുലം ഹിത്വേഹ മന്യേ ഗിരൌ
നിത്യംതിഷ്ഠതി പല്ലവസ്യ ദയിതാ
മേതാം ബ്രുവാണാ നദീം
ഗുണഭരനാമ്നി രാജന്യനേന ലിംഗേന
ലിംഗിനി ജ്ഞാനം. പ്രഥതാശ്ചിരായ
ലോകേ വിപക്ഷവൃത്തേ
പരാവൃത്തം. ചോളവിഷയസ്യ
ശൈലോ മൌലിരിവായം
മഹാമണിരിവാസ്യ ഹരഗൃഹമേതം
ജ്യോതിസ്ഥദോദയമിവ ശാങ്കരം
ജ്യോതിഃ ശിലാസ്വരേണ ജനിതാ
സത്യസന്ധസ്യ ഭൌതികീ. മൂർത്തിഃ
കീർത്തി മയി ചാന്യ കൃതാ തേനൈവ
ശാശ്വതീ.

നിഷ്കൃഷ്യ ചലാ സമധായി ഗുണഭരേ ഭക്തിഃ

ദ്വയാർത്ഥമുള്ള കവിതയാണ്. പാർവ്വതി ശിവനോട് കാവേരി

മറ്റൊരാളുടെ ഭാര്യ യാണെന്ന് പറയുന്നത് ശിവൻ അവളെ മോഹിക്കാതിരിക്കാനാണ്. തർക്കശാസ്ത്ര ജ്ഞർക്ക് സുപരിചിതമായ ലിംഗ, ലിംഗി, വിപക്ഷജ്ഞാനം ഇവിടെ സൂചിതമാണ്. വലത്തെ തൂണിലെ ഗുണഭരപ്രതിമയെ ഇവിടെ പറയുന്നുണ്ട്.

വലത്ത്:- ശൈലേന്ദ്രമൂർദ്ധ്നി ശിലാഭുവനേ വിചിത്രേ ശൈലോത്തനും മിദമ്മനുപ്രവ്യോ ഗുണഭരോ നൃപതിർന്നിഘായം സ്ഥാണും വൃഥത്തം വിധിരേഷ യഥാർത്ഥസംജ്ഞം സ്ഥാണുഃസ്വയഞ്ച സഹ തേന ജഗത്സു ജാതഃ ഗൃഹമകൃത ശതുമല്ലോ ഗിരീന്ദ്രകന്യാപതേ ഗ്ഗിരാവസ്മിൻ ഗിരിശസ്യ ഗിരിശജ്ഞാ മനപർത്ഥോകർതൃമർത്ഥാപത്തി വിഭൂതിഞ്ചോളാനാം കഥമഹമവേക്ഷേയ വിപുലാം നദീം വാ കാവീരീമവനിഭവനാവസ്ഥിംത ഇതി ഹരേണോക്തഃപ്രീത്യാ വിഭുരദിശദഭ്രേലിഹ മനുമിദപ്രവ്യോ

രാജ്യേ ഗരിഭവനമസ്മൈഃ ഗുണഭരഃ നിർമ്മാപിതാമിതി മുദാ പുരുഷോത്തമേന ശൈലീം ഹരസ്യ തനുമപ്രതിമാമുന്നേന കൃത്സം ശിവം ശിരസി ധാരയതാത്മസംസ്ഥ മുച്ചൈഃ ശിരസ്തുമച (ലസ്യ) കൃതം കൃതാർത്ഥം

ലക്കനപാലന്റെ ബദാവൂൻ ശിലാലി ഖിതം

12-13 നൂറ്റാണ്ടുകളിലെ ദേവനാഗരി ലിപി സംസ്കൃതഭാഷ. ഗോഗേ ,ജിൽഹേ എന്ന് രണ്ടു പേരാണ് ലിഖിതം കൊത്തിവെച്ചത്. ആഹാദഗദേ നിവാസിയായ മുനി സോമേശ്വരന്റെ പുത്രൻ ഗംഗാധരന്റെയും പണ്ഡിതപരശുരാമന്റെ പുത്രി സുൽഹയുടേയും പുത്രനായ ഗോവിന്ദചന്ദ്രനാണ് കവി. ആരബ്ദ എന്ന വാക്കിലൊഴികെ എല്ലാ വാക്കിലും ബ എന്നതിന് വ എന്നാണ്. വൊഡാമയൂത എന്ന ഭാരതനഗരത്തിലാണ് ശിവക്ഷേത്രം പണിതത്. ആദ്യനാമം വേദ മൺ അഥവാ വേദമായ എന്നാവാം എന്നാ ണ് കണ്ണിങ്ഹാം പറയുന്നത്.

8-20 വരി ലക്കനപാലന്റെ വംശവും ഗുരുക്കന്മാരും പറയുന്നു. പാഞ്ചാലത്തെ അലങ്ക രിക്കുന്ന വോദമയൂതനഗരത്തിൽ

രാഷ്ട്രകൂടരാ ജകുമാരന്മാരാൽ സംരക്ഷിക്കപ്പെട്ട, സമ്പ ദ്സമൃദ്ധവും അശ്വങ്ങളാൽ നിറ്ഞ്ഞതും ധർമ്മിഷ്ഠരും സന്താന, കൽപ്പവൃക്ഷങ്ങളും നിറഞ്ഞതും മന്ദാരപുഷ്പങ്ങളാൽ അലങ്കരി ക്കപ്പെട്ടതും ആയ, ഇന്ദ്രനഗരി പോലെ വിള ങ്ങുന്നിടത്ത് ഏറ്റവും നല്ല ഗന്ധർവ്വന്മാർ വാഴു ന്നിടത്ത്, ചന്ദ്രനെന്ന രാജാവ് ആദ്യം ഭരിച്ചിരു ന്നു. പുത്രനായ വിഗ്രഹപാലദേവന്റെ കാലത്ത് ശത്രുക്കളെല്ലാം ഒഴിഞ്ഞുപോയി. മകൻ ഭുവ നപാലൻ ധർമ്മദേവൻ തന്നെയായിരുന്നു. അദ്ദേ ഹത്തിന്റെ മകനായിരുന്നു ഗോപാലദേവൻ. അതിനുശേഷം പുത്രനായ ത്രിഭുവനൻ രാജാവാ യി. അദ്ദേഹത്തിന്റെ മരണശേഷം മദനപാലൻ രാജാവായതോടെ ഹമ്മീരൻ ദേവനദീതീരത്ത് വരുമെന്ന ഭയം ആർക്കും ഇല്ലാതായി. അദ്ദേഹ ത്തിന്റെ ഇളയ സഹോദരൻ ദേവപാലൻ സകല ശത്രുക്കളേയും ജയിച്ചു. പിന്നീട് ഭീമപാലനും മകൻ ശൂരപാലനും സിംഹാസനത്തിലിരുന്നു. അദ്ദേഹത്തിന്റെ ഐരാവനമെന്ന ആന ശക്ത നായിരുന്നു. സർവ്വശാസ്ത്രപാരംഗതനായ അമൃതപാലനായിരുന്നു അദ്ദേഹത്തിന്റെ മകൻ.അദ്ദേഹത്തിന്റെ ഇളയ

സഹോദരനായ ലക്കനപാലൻ ഏറെക്കാലം ജീവിച്ചിരിക്കട്ടെ.

1. ചന്ദ്രൻ
2. വിഗ്രഹപാലൻ
3. ഭുവനപാലൻ
4. ഗോപാലദേവൻ
5. മൂന്നു മക്കൾ ത്രിഭുവന, മദനപാല, ദേവപാലൻ
6. ദേവപാലപുത്രൻ ഭീമപാലൻ
7. ശൂരപാലൻ
8. രണ്ട് മക്കൾ, അമൃതപാലനും ലക്കണപാലനും

വോഡമയൂതം ഭരിച്ചിരുന്ന ഇവർ രാഷ്ട്രകൂ ടന്മാരായതിനാൽ കാനൂജിലെ റാത്തോർരാ ജവംശത്തോട് ബന്ധപ്പെട്ടവരാണ്. ദില്ലിയിലെ തോമരരാജാവ് മഹീപാലന്റെ നാമം ഈ ലിസ്റ്റിൽ ഇല്ല. മഹീപാലൻ കെട്ടിയ കോട്ടയിലാ ണ് ഇപ്പോഴത്തെ ജുമാ മസ്ജിദ് എന്ന് കണ്ണി ങ്ങാം.

അനഹിലപാതകത്തിലെ ശൈവഗുരു വർമ്മശി വൻ (വാമശിവനാകാം) ബൌദ്ധർ ദക്ഷിണാപ ഥത്തിൽ സ്ഥാപിച്ച വിഗ്രഹം മന്ത്രശക്തിയാൽ തകർത്തശേഷം ,കാശ്മീരിലെത്തി തന്റെ മഹിമ തെളിയിച്ച്, യാത്രയിൽ വൊഡാമയൂതത്തിലെ ത്തിയതായും, ദേവപാലന്റെ മന്ത്രി രുൽഹൻ

അദ്ദേഹത്തെ നഗരത്തിലെ മഠാധിപതിയാക്കിയ തായും പറയുന്നു. അദ്ദേഹത്തിനു ശേഷം മഠാ ധിപതിയായ മൂർത്തിഗണദേവൻ ശൂരപാലദേ വന്റെ ഉപദേശകനായി, മൂർത്തിഗണശിഷ്യൻ ഈശാനദേവൻ അമൃതപാലന്റെ ഉപദേശകനാ യിരുന്നു. ഗൌഡദേശത്ത് ജനിച്ച ഈശാനദേവൻ പഞ്ചപ്രവരങ്ങളായ ഭാർഗ്ഗവ, ച്യവന, അപ്ലാവന, ഔർവ്വ,ജമദഗ്നി ഇവയോടുകൂടിയ വത്സഭാർഗ്ഗവഗോത്രം. ഹരിയാനയിൽ സിംഹപ്പ ള്ളിയിൽ ജീവിച്ചിരുന്ന വസാവനനെന്ന ദ്വിജന്റെ മൂത്ത മകനായിരുന്നു അദ്ദേഹം. ശിവക്ഷേത്രം നിർമ്മിച്ച് ലിഖിതം എഴുതിച്ചത് ആദ്യം ഈശാ നശിവനാണ്. രുൽഹനു ശേഷം മന്ത്രിപദം അലങ്കരിച്ചത്, ശിവഭക്തരായ ലക്ഷ്മീധരനും ജഗത്പാലനുമാണ്.

പടിഞ്ഞാറേ ഇന്ത്യയിലെ അൻഹിൽ വാഡയാ ണ് അനഹിലപാതകം. ഹരിയാന അഥവാ ഹര്യാന പഞ്ചാബിലെ ഹിസ്സർജില്ലയിലായി രുന്നു.

സിംഹപ്പള്ളി

ബാദനൌലിക

ആഹദേഗദ

ഹർഷവർദ്ധനന്റെ മധുബൻ കോപ്പ ർ പ്ലേറ്റ്. സംവത് 25.

ഒരു പ്ലേറ്റ്. സംസ്കൃതഭാഷ.ബ വ ഇവയുടെ ഉച്ചാരണം 7ആം നൂറ്റാണ്ടിൽ ഒരേ പോലെയാ യിരുന്നതു കൊണ്ട് ഇവക്ക് ഭേദമില്ലാതെ എഴു തിയിരിക്കുന്നു .ഹർഷവർദ്ധനൻ ഇന്ത്യയിലെ പ്രസിദ്ധരാജാവാകയാൽ ഈ ലിഖിതത്തിലെ ചരിത്രരേഖ പ്രധാനമാണ്. ബാണനും ഹ്യൂയാൻസാങുമാണ് ഹർഷന്റെ ജീവിതരേഖ നമുക്ക് തന്നിട്ടുള്ളത്. ഈ ലിഖിതത്തിലെ സ്ഥാനീ ശ്വരത്തെ വൈശ്യന്മാരുടെ വംശാവലിഃ-.

1. നരവർദ്ധനൻ ഭാര്യ വജ്രിണീദേവി
2. രാജ്യവർദ്ധനൻ 1 ഭാര്യ അപ്സരോദേവി
3. ആദിത്യവർദ്ധനൻ ഭാര്യ മഹാസേനഗുപ്താ ദേവി
4. പ്രഭാകരവർദ്ധനൻ ഭാര്യ യശോമതിദേവി
5. ഇവരുടെ മക്കളാണ് രാജ്യവർദ്ധനൻ 2 , ഹർഷവർദ്ധനൻ.

ബാണന്റെ വംശാവലി പുഷ്പഭൂതി (പുഷ്യഭൂതി)യിൽ നിന്ന്തുടങ്ങുന്നു. വലഭി, മാളവമെന്നി വിടങ്ങളിലെ ക്ഷത്രിയരും ഹർഷന്റെ വംശവും തമ്മിൽ വിവാഹബന്ധം ഉണ്ടായിരുന്നതായി കണ്ണിങ്ങാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

അതിനാൽ ഹ്യുയാൻസിങ് ഹർഷനെ വൈശ്യകുലമെന്ന് പറയുന്നതിലെ അസാംഗത്യവും അദ്ദേഹം പറയുന്നു. പതഞ്ജലിയും പാണിനിയും വച്ചദേശത്തെ ജനങ്ങളെയാണ് വൈശ്യരെന്ന് പറയുന്നത് ആലോചനാർഹമാണ്. ബൈശ് രജപുത്രരെന്ന കുലമാണ് ഹർഷന്റെ വംശമെന്ന് പറയുന്നു. വംശാവലിയിൽ പ്രഭാകരവർദ്ധന നാണ് പരമഭട്ടാരക മഹാരാജാധിരാജാ എന്ന പദവി ആദ്യമായി ലഭിക്കുന്നത്. ഗാന്ധാരത്തോടും ഹിമാലയത്തിലെ ഹൂണരോടും പടിഞ്ഞാറ് സിന്ധിനോടും തെക്ക് ഗുജറാത്തിനോടും അദ്ദേഹം ജയിച്ചിരുന്നു. രജപുത്താനയിലെ ബിൻമാൽ, ഭൃഗുകച്ഛത്തിലെ (ഗുജറാത്ത്) ലാടന്മാർ, മാളവരാജാവ് ഇവരോടും യുദ്ധം ചെയ്തിരുന്നു. എന്നാലിവ പ്രഭാകരവർദ്ധനന് ഈ രാജ്യങ്ങളുടെ അധീശത്വം നൽകിയിരുന്നി ല്ലെന്ന് ബാണൻ പറയുന്നു. കാരണം മരിക്കുന്നതിനു മുമ്പ് , അദ്ദേഹം മൂത്ത മകനെ വടക്കോ ട്ട് ഹൂണരെ ജയിക്കാൻ വീണ്ടും അയക്കുന്നുണ്ട്. പ്രഭാകരവർദ്ധനന്റെ മരണത്തിനു ശേഷം മാള വത്തിലെ ശക്തനായ രാജാവ് , സ്ഥാനേശ്വരത്തെ രാജാവിന്റെ മരുമകനായ മൌഖാരി ഗ്രഹവ ർമ്മന്റെ രാജ്യം നശിപ്പിച്ചതായും

കാണുന്നു. താനേശ്വരെ ആക്രമിക്കാനും അദ്ദേഹം തുടങ്ങി. അതായത് മാൾവ പ്രഭാകരവർദ്ധനനോട് തോറ്റുവെങ്കിലും ശക്തവും സ്വതന്ത്രവുമായ രാജ്യമായി തുടർന്നു. ഗ്രഹവർമ്മന്റെ മരണ ശേഷം രാജശ്രീയെ കന്യാകുബ്ജത്തിലെ ജയി ലിലാണ് അടച്ചിട്ടത്. കന്യാകുബ്ജം അവന്തിവ ർമ്മന്റെ പുത്രൻ ഗ്രഹവർമ്മനാണ് ഭരിച്ചിരു ന്നത്. അതും താനേശ്വരത്തിന്റെ ഭാഗമല്ലാതെ സ്വതന്ത്രമായി നിന്നിരുന്നു. അന്നത്തെ താനേശ്വ രം താനേശ്വരവും കിഴക്കൻ രജപുത്താനയുടെ ചെറിയ ഭാഗവും തെക്കൻ പഞ്ചാബിന്റെ ചില ഭാഗങ്ങളും മാത്രമുള്ള ചെറിയ പ്രദേശമായി രുന്നു (കണ്ണിങ്ങാം). 1200 മൈൽ മാത്രം വിസ്തൃ തിയുള്ള ആ സ്ഥലം ഭരിച്ച വ്യക്തി ചക്രവർത്തി ആയിരുന്നില്ല. പ്രഭാകരവർദ്ധനൻ സൂര്യാരാധ കനായിരുന്നു. അദ്ദേഹം നിത്യം ആദിത്യഹൃ ദയം ഉരുക്കഴിച്ചിരുന്നുവെന്ന് ബാണൻ. ദേവഗു പ്തനെന്ന മാളവ രാജാവിനെ വധിക്കാനായി പുറപ്പെട്ട രാജവർദ്ധനൻ കൊല്ലപ്പെട്ടു. ഗൌഡരാ ജ്യത്തെ കർണ്ണ സുവർണ്ണത്തിൽ നിന്ന് അദ്ദേഹ ത്തെ ശശാങ്കൻ ക്ഷണിച്ചുവരുത്തി ചതിച്ചുകൊ ന്നു. രാജവർദ്ധനനെ അനുഗമിച്ചിരുന്ന ബന്ധിൻ മാളവത്തിലെ ധനം ഹർഷന്

എത്തിച്ചു. ബന്ധിൻ യശോമതിരാജ്ഞിയുടെ സഹോദരന്റെ പുത്രനാണ്. 8 വയസ്സു മുതൽ ഈ രണ്ടു രാജകു മാരന്മാരുടെ കളിക്കൂട്ടുകാരനുമാണ്. ഹർഷൻ അപ്പോൾ ഗൌഡരാജാവിനോട് പകരം ചോദി ക്കാൻ കുമാരഭാസ്കരവർമ്മന്റെ രാജ്യത്താ യിരുന്നു. രാജ്യവർദ്ധനനെ സൌഗതനെന്ന് ഹ്യുയാൻ സാങ് (ബൌദ്ധൻ) വിളിക്കുന്നു. ബാണൻ അങ്ങനെ പറയുന്നില്ല. ഹർഷനും സ്വയം ശിവഭക്തനാണെന്നും മഹാദേവനെ പ്പോലെ എല്ലാവർക്കും ഒരുപോലെ ദാനം ചെയ്യുന്നവനാണെന്നുമാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ സോൺപത് സീലിലെ ചിഹ്നം നന്ദിയാണെന്നത് ഇത് ശരി വെക്കുന്നു. ഹുയാ ൻസാങ് മാത്രമാണ് ഹർഷനെ ബൌദ്ധനായി ചിത്രീകരിച്ചത്.

ദാനം ചെയ്യുന്നത് മൂത്ത സഹോദരന്റെ പാദസ്മ രണയോടെയാണെന്നത് ഹർഷന് രാജവർദ്ധ നനോടുണ്ടായിരുന്ന സ്നേഹവും ആദരവും കാണിക്കുന്നു. ബാണനും ഇത് പലവട്ടം എടുത്തുപറയുന്നുണ്ട്. ലിഖിതത്തിൽനിന്ന് ഹർഷൻ ഒരു കവിയായിപുന്നുവെന്ന് മന സ്സിലാവുന്നു. ശ്ലോകം 2 (16-1) അദ്ദേഹം തന്നെ എഴുതിയ

വരികളാണ്. മറ്റു വരികളിൽനിന്ന് അത് വ്യത്യസ്തമാണ്. ഒരുപക്ഷേ രാജവർദ്ധ നനെ കുറിച്ച ശ്ലോകവും ഹർഷന്റേതാവാമെന്ന് പണ്ഡിതാഭിപ്രായം. തങ്ങളുടെ ലിഖിതങ്ങളിലെ വരികൾ രാജാക്കന്മാർ തന്നെ എഴുതിച്ചേർക്കു ന്നത് അപൂർവ്വമാണെങ്കിലും അങ്ങനെ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.(ഭഗവാൻലാലിന്റെ നേപ്പാൾ സീരീസ് 15ൽ 5 ശ്ലോകം രാജാവിന്റേതാ ണെന്ന് പറയുന്നു.)ഹർഷന്റെ തൂലികയിൽനിന്ന് വന്ന 3 നാടകങ്ങൾ നമുക്ക് കിട്ടിയിരിക്കുന്ന സ്ഥിതിക്ക് ഇത് സംഭവ്യവുമാണ്. ശ്രാവസ്തിഭു ക്തിയിലെ ,കുണ്ഡദാനി വിഷയത്തിലെ സോമകു ണ്ഡിക എന്ന ഗ്രാമം, സാവർണ്ണിഗോത്രത്തിലെ സാമവേദി ഭട്ടവാതസ്വാമിക്കും, വിഷ്ണുവൃദ്ധ ഗോത്രത്തിലെ ഋഗ്വേദി ഭട്ടശിവദേവസ്വാമിക്കും ഹർഷൻ ദാനം ചെയ്യുന്നതാണ് ലിഖിതത്തിലെ വിഷയം. മുമ്പ് വാമരഥ്യനെന്ന ആൾ കള്ളശാസ നം ഉണ്ടാക്കി ഈ സ്ഥലം അനുഭവിക്കയായിരു ന്നു. ആ പഴയ ശാസനം (പ്ലേറ്റ്) വാങ്ങി നശിപ്പി ച്ചിട്ടാണ് ഈ ദാനം ചെയ്തത്. ഇത്തരം കള്ള പ്പണി അക്കാലത്തും ഉണ്ടായിരുന്നു എന്നത് ശ്രദ്ധേയം. ദാനം ചെയ്ത സ്ഥലം ശ്രാവസ്തിഭു ക്തിയിലാകയാൽ ഹർഷന്റെ

അധീനത്തിൽ മദ്ധ്യേന്ത്യയും ഉത്തരേന്ത്യയും ഉൾപ്പെട്ടിരിക്ക ണം. ഏതായാലും ബ്രാഹ്മണർക്കുള്ള ഈ ദാനം ഹർഷൻ ഹ്യുയാൻ സാങ് പറയുന്നപോലെ ബുദ്ധമതം മാത്രം പിൻതുടരുന്നവനായിരുന്നില്ല എന്ന് കാണിക്കുന്നു. അദ്ദേഹം ശൈവനായി രുന്നു എന്നതിനാണ് കൂടുതൽ തെളിവുള്ളത്. ദാനം നടത്തുന്ന ദൂതകൻ പ്രമാത്രിപദം വഹി ക്കുന്ന മഹാസാമന്ത മഹാരാജാ സ്കന്ദഗുപ്ത നാണ്. ബാണന്റെ ഹർഷചരിതത്തിൽ ഇദ്ദേഹ മാണ് രാജവർദ്ധനന്റെ ആനപ്പടയുടെ മഹാമാത്ര ൻ, രാജകുമാരന്റെ മരണശേഷം ചരിത്രവും രാഷ്ട്രവിവേകവും നിറഞ്ഞ ഒരു പ്രഭാഷണം ഇദ്ദേഹം നടത്തുന്നുണ്ട്. മഹാക്ഷപടലികന്റെയാണ് (രേഖകൾ സൂക്ഷിക്കു ന്ന ആൾ) ലിഖിതം രേഖപ്പെടുത്താനുള്ള ഓർഡ ർ. ഇത് സാമന്തമഹാരാജാ ഈശ്വരഗുപ്തനാണ്. ലിഖിതപ്പെടുത്തിയത് ഗുർജ്ജരനാണ്. സംവത് 25 മാർഗ്ഗശീർഷ ശ്രീഹർഷകാലത്താണ് ലിഖിതം. സംവത് 34ലെ അംശുവർമ്മന്റെ ലിഖിതപ്രകാരം (ബെൻഡൽ) എഡി 60ലാണ് ഇത് ആരംഭിച്ചത്. അതിനാൽ ലിഖിതകാലം നവംബർ ഡിസംബർ 631 ആവണം. ഈ ലിഖിതം എഴുതാനുള്ള ശാസനം പുറപ്പെടുവിക്കുമ്പോൾ ഹർഷന്റെ

ആനപ്പട. കുതിരപ്പട. യുദ്ധനൌകകൾ, എന്നിവ പിന്ധികയിലാണ് ഉണ്ടായിരുന്നതെന്ന് പറഞ്ഞി രിക്കുന്നു. ഈ സ്ഥലം ഏതെന്ന് മനസ്സിലായിട്ടില്ല.

1. ഓം സ്വസ്തി! മഹാനൌഹസ്ത്യേശ്വജയ സ്കന്ധാവാരാത് പിന്ധികായാഃ മഹാരാജാ ശ്രീനരവർദ്ധനസ്തസ്യ പുത്രസ്തത്പാദാനു ധ്യാതഃ ശ്രീവജ്ജിണോദേവ്യാമുൽപ്പന്നഃ പരമാദിത്യഭക്തോ
2. മഹാരാജശ്രീരാജ്യവർദ്ധനസ്തസ്യ പുത്ര സ്തത്പദാനുധ്യാതഃ ശ്രീഅപ്സരോദേവ്യാ മുത്പ്പന്നഃ പരമാദിത്യഭക്തോ മഹാരാജ ശ്രീമദദിത്യവർദ്ധനസ്തസ്യ പുത്രസ്തത് പാദാനുധ്യാതഃ ശ്രീമഹാ
3. സേനഗുപ്താദേവ്യാമുൽപ്പന്നശ്ചതുസ്സമു ദ്രാതിക്രാന്തികീർത്തിഃ പ്രതാപാനുരാഗോപന താന്യരാജോ വർണ്ണാശ്രമവ്യവസ്ഥാപന വ്യൃത്തചക്ര ഏകചക്രരഥ ഇവ പ്രജാനാമാർത്തിഹര
4. പരമാദിത്യഭക്തഃപരമഭട്ടാരകമഹാരാ ജാധിരാജശ്രീപ്രഭാകരവർദ്ധനസ്തസ്യ പുത്ര സ്തത്പാദാനുധ്യാതഃസിതയശഃപ്രതാന വിഛരിതസകലഭുവനമണ്ഡലഃ പരിഗൃഹീത

5. ധനദവരുണേന്ദ്രപ്രഭൃതിലോകപാലതേ
ജഃ
സത്പഥോപാർജ്ജിതാനേകപ്രവിണഭൂ
മി
പ്രദാനസംപ്രീണിതാർത്ഥിഹൃദയോ
തിശയിതപൂർവ്വരാജചരിതോ
ദേവ്യാമമല യശോമത്യാം
6. ശ്രീയശോമത്യാമുൽപ്പന്നഃപരമസൌഗ
തഃസുഗത ഇവ പരഹിതൈകരതഃ
പരമഭട്ടാരക മഹാരാജാധിരാജാധിരാജ
ശ്രീ രാജ്യവർദ്ധനഃ രാജാനോ യുധി
ദൃഷ്ടവാജിന ഇവ ശ്രീദേവഗുപ്താദയഃ
7. കൃത്വാ യേന കശാപ്രഹാരം വിമുഖാ
സർവ്വേ സമം സംയതാഃഉത്സ്വായ
ദ്വിഷതോ വിജിത്വ വസുധാം കൃത്വാ
പ്രജാനാം പ്രിയം
പ്രാണാനുജ്ഭിതവാനരാദിഭവനേ
സത്യാനുരോധേന യഃ
8. തസ്യാനുജ തത്പാദാനുധ്യാതഃ പരമ
മാഹേ ശ്വരോ മഹേശ്വര ഇവ സർവ്വം
സത്വാനുക മ്പീ പരമഭട്ടാരക
മഹാരാജാധി രാജ ശ്രീഹ ർഷൌഃ
ശ്രാവസ്തിഭുക്തൌ കുണ്ടധാനീ
വൈഷയികസോമകുണ്ഡികാഗ്രാമേ
9. സമുപഗതാം
മഹാസാമന്തമഹാരാജധീം
സാധസാധനികപ്രമാതാരരാജസ്ഥാനീ

യ കുമാരാമാത്യോപരികാവിഷയപതി ഭട്ടചാട്ടസേവകാനീൻപ്രതിവാസി ജനപദാശ്ച സമാ-

10. ജ്ഞാപയസ്തസ്തു വഃ സംവിദിതം മയം സോമകുണ്ഡകാഗ്രാമൌ ബ്രാഹ്മണ വാമരഥ്യേന ഭുക്തക ഇതി വിചാര്യ ....സനം ഭംങ്ക്താം തസ്മാദാക്ഷിപ്യ ച സ്വസീമാ

11. പര്യന്തഃസോദ്രംഗഃ സർവ്വരാജകുലാഭൂ ഷ്യപ്രത്യായസമേതഃ സർവ്വാപരിഹൃതപരി ഹാരോ വിഷയാഹദ്ധൃതപിണ്ഡഃ പുത്രപൌ ത്രാനുഗഃ ചന്ദ്രാർക്കക്ഷിതിസമകാലീനോ

12. ഭൂമിഛിദ്രന്യായേന മയാ പിതൃഃ പരമഭട്ടാരക മഹാരാജാധിരാജശ്രീ പ്രഭാകര വർദ്ധനദേവസ്യ മാതുഃപരമഭട്ടാരികാ മഹാദേവി രാജ്ഞിശ്രീയശോമതീദേവ്യാ

13. ജ്യേഷ്ഠഭ്രാതുർ പരമഭട്ടാരക മഹാരാജാധിരാജാ ശ്രീരാജവർദ്ധനദേവ പാദാനാം ച പുണ്യയശോഭിര്ഹൃദയേ സർവ്വാസ്മിസഗോത്രഛന്ദോഹസബ്രഹ്മ ചാരിഭട്ടവാതസ്വാമി-

14. വിഷ്ണുബ്രഹ്മസഗോത്ര വഹ്രൂചസർവ്വ ബ്രഹ്മാചാരി ശിവദേവസ്വാമിഭ്യാം പ്രതിഗ്ര ഹധർമ്മണാഗ്രഹത്വേന പ്രതിപാദിതഃ വിദിത്വാ ഭവദ്ഭിഃസമനുമന്തവ്യഃ പ്രതി

15. വാസിജനപദൈരപ്യാജ്ഞാശ്രവണ വിധേയൈർ ഭൂത്വാ യഥാ സമുചിതതുല്യമേയഭാഗകരഹിരണ്യാ ദിപ്രത്യപ്യാഃഅനയോരേവോപനേയാഃ സേവോപസ്ഥാനം ച കരണീയമിത്യപി ച

16. അസ്മദ് കുലക്രമമുദാരമുദാഹര ഞ്ചിരന്യൈഷ ദാനമിതഭ്യനുമോദനീയം ലക്ഷ്മ്യാസ്സടിത്സലിലചഞ്ചലായാ ദാനം ഫലം പരയശഃപരിപാലനം ച

17. കർമ്മണാ മനസാ വാചാ കർത്തവ്യം പ്രണിനേ ഹിതം ഹർഷേണൈതസമാഖ്യാതം ഖർമ്മാർജ്ജനമനുത്തമം ദൂതകോത്ര മഹാ പ്രമാതാരമഹാസാമന്തശ്രീസ്കന്ദഗുപ്തഃ മഹാക്ഷപടലാധികരണാധി

18. കൃതസാമന്തമഹാരാജേശ്വര ഗുപ്തസമാദേശാച്ചോത്കീർണ്ണ ഗുർജ്ജരേണ സംവത് 25 മാർഗ്ഗശീർഷവദി.

ആദ്യത്തെ നാലു പേരും സൂര്യാരാധകരും രാജ വർദ്ധനൻ സുഗതതുല്യനും ഹർഷൻ മഹേശ്വരാ രാധകനും ആണ്. അദ്ദേഹം മഹേശ്വരനെപ്പോ ലെ സകല ജീവജാലങ്ങളിലും കരുണ കാട്ടുന്നവ നുമാണ്. ഭൂമിഛിദ്രം എന്നാലെന്താണ്. യാദവന്റെ വൈജയന്തിയിലെ ഭൂമികാണ്ഡം വൈശ്യാദ്ധ്യായം പറയുന്നു:- കേദാരഃകേദരഃക്ഷേത്രമുർവ്വരാ സർവ്വസസ്യഭൂഃ ഭൂമിഛിദ്രം കൃത്യ യോഗ്യാ പ്രഹതം നാസ്ലമുത്ഥിതം ഖിലം ത്വപ്രഹതം സ്ഥാനമൂഷവത്യൂഷരേരിണേ

ബഹ്വൃച എന്ന് ഋഗ്വേദത്തെ പറയുന്നത് വളരെ ശ്രദ്ധിക്കേണ്ടതാണ്. സാമവേദവും ഋഗ്വേദവും പഠിപ്പിക്കുന്ന അഗ്രഹാരമായിട്ടാണ് ഈ ദാനം ബ്രാഹ്മണർക്ക് ഹർഷൻ ദാനം ചെയ്യുന്നതെന്നും. ലക്ഷ്മി ജലബുദ്ബുദം പോലെയോ മിന്നൽ പോലെയോ ക്ഷണികമാണെന്നും ദാനം കൊണ്ട് ധർമ്മം പാലിക്കലാണ് ഞങ്ങളുടെ കുലധർമ്മമെ ന്നും ഇവിടെ ഹർഷൻ പറയുന്നതും ശ്രദ്ധേയമാ ണ്.

ഛന്ദൻ ലല്ലന്റെ ദേവലപ്രശസ്തി

ഗദ് ഗജനഗ്രാമത്തിൽ കാവ(കത്നി)അരുവിയുടെ പടിഞ്ഞാറേ കരയിൽ, ദേവലിനും ദിയോരിയ ക്കും ഇടയിൽ, പിലിബിത്തിന് 20 മൈൽ തെക്കു കിഴക്ക് ആണ് ലിഖിതം കിട്ടിയത്. (വടക്കുപടി ഞ്ഞാറൻ പ്രവിശ്യയിൽ)

പഴയ നാഗരിലിപി. 10ആം നൂറ്റാണ്ടിലെ ലിപി യിൽനിന്ന് കുറച്ച് മാത്രം വ്യത്യാസമേ ഉള്ളു. അക്കാലത്തെ റാത്തോറിലെ പരമാരന്മാരുടെ ലിഖിതങ്ങളിലും ഈ ലിപിയാണ്. ബ , വ ഇവ ക്ക് വ്യത്യാസമില്ലാത്ത വിധമാണ്. ലിപികൻ താൻ കുടിലാക്ഷരങ്ങളിൽ വിദഗ്ദ്ധനാണെന്ന് പറയുന്നു. ഭാഷ സംസ്കൃതമാണ്. ശുദ്ധനദീതീ രങ്ങളിലെ പുണ്യശാസനമെന്നതുകൊണ്ട് നദീ തീരത്ത് നാട്ടിയ ശിലാലിഖിതം, നദീതാരത്ത് ദാനം ചെയ്ത അഗ്രഹാരം ഇവയെ ലിപികൻ ഉദ്ദേശിക്കുന്നു. ശിവനും പാർവ്വതിക്കുമായി 2 ക്ഷേത്രം പണിത് അവക്ക് കൊടുത്ത ദാനങ്ങ ളാണ് പരാമർശം. ഛിന്ദകുടുംബത്തിലെ ലല്ലനും ഭാര്യ ലക്ഷ്മിയുമാണ് ദാതാക്കൾ.

ച്യവനപുത്രൻ വൈരവർമ്മൻ, അദ്ദേഹത്തിന്റെ മക്കൾ ഭൂഷണനും മൽഹണനും. മൽഹണൻ

ചുലുക്കീശ്വരകുടുംബത്തിലെ (ചാലൂക്യരാജ) അനഹിലയെ വിവാഹം ചെയ്ത് ലല്ലനെന്ന പുത്രനുണ്ടായി. അദ്ദേഹം ലക്ഷ്മിയെ വിവാ ഹം കഴിച്ചു. ഇത് വംശാവലി. ശ്ലോകം 4ൽ ,ച്യവനും ഇന്ദ്രനുമായുണ്ടായ യുദ്ധം പറയുന്ന തിനാൽ പുരാണപ്രസിദ്ധനും ഭരദ്വാജഗോത്രജനു മായ ച്യവനനെ പറയുന്നതാണെന്ന് വ്യക്തം. (വൈവസ്വതമനുകുലത്തിലെ ശര്യാതിപുത്രി സുകന്യയാണ് ച്യവനന്റെ ഭാര്യ) അതിനാല് ഭരദ്വാജഗോത്രത്തോടു മാത്രമല്ല, സൂര്യവംശത്തി ലെ ക്ഷത്രിയരുമായും ഛിന്ദകുടുംബത്തിന് ബന്ധമുണ്ട്. ഈ നാമം ചില ജൈനഗ്രന്ഥങ്ങളിൽ മാത്രമാണ് വരുന്നത്. രത്നകോശത്തിലെ ഛിന്ദ കനിൽ നിന്നും ജിനമന്ഥനന്റെ കുമാരപാലചരി തത്തിൽ പറയുന്ന 36 രജപുത്രരാജാക്കന്മാരുടെ ട്രൈബുകളിൽ നിന്നും ഇത് വ്യത്യസ്തമായിരി ക്കാം. കാനൂജിലെ രാജാക്കന്മാരുടെ സാമന്തരാ യിരിക്കാം ലിഖിതത്തിലെ ഛന്ദ, ലല്ലന്മാരെന്ന് കരുതുന്നു. മൽഹണൻ ശൈവനാണ്, ഭാര്യ ചാലൂക്യവംശത്തിലെ അനഹിലയാണ്. ചാലൂ ക്യർ ഋഷിയുടെ ചുലുകത്തിൽനിന്ന് (കമണ്ഡലു) ഉണ്ടായവരായതുകൊണ്ട് അവർക്ക് ചുലുക്കി കളെന്ന് പേരുണ്ട്. മൽഹണന്റെ

വിവാഹം കുല ത്തിനു മുകളിലായതിനാൽ അവന്റെ മകൻ ലല്ല ന് പ്രത്യേകസ്ഥാനം ഉണ്ട്. അദ്ദേഹം കഥാനദിയെ തന്റെ തലസ്ഥാനത്തേക്ക് ഒഴുക്കി.(ഭഗീരഥനെ പോലെ) തലസ്ഥാനത്തിന്റെ പേരില്ല. ഭൂഷണന്റെ മയൂതയിൽ ശിവക്ഷേത്രം പണിത് ലല്ലൻ അതിന് ദേവപ്പള്ളി എന്ന പേരും സ്വത്തിന്റെ കാൽഭാഗ വും ദാനം ചെയ്തു. ദേവപ്പള്ളി ഇപ്പോഴത്തെ ദേവാലും കഥിനദി കത്നീനദിയുമാണ്. ചുറ്റും കനാലുള്ള ആളൊഴിഞ്ഞ് ജീർണ്ണിച്ച ഗദ് ഖേര കോട്ടയാണ് ലല്ലൻ പണി കഴിച്ച് താമസമാക്കിയ കോട്ട. 992-993 എഡിയിലാണ് ലിഖിതം എഴുതി യ കാലം. നെഹിലയാണ് പ്രശസ്തി എഴുതിയ ത്. വൈദികമായ വത്സഗോത്രത്തിലെയാണ് രുദ്രശിവപുത്രനായ നെഹില. വിഷ്ണുഹരിപുത്രനായ തക്ഷാദിത്യ ഗൌഡകാ യസ്ഥനും ലിഖിതം കൊത്തിയ കാമദേവപുത്രൻ സോമനാഥൻ കന്യാകുബ്ജ(കാനൂജ്) വാസിയു മാണ്.

വെളുത്ത കാന്തൾപ്പൂവിന്റെ പ്രശസ്തിപോലെ പ്രശസ്തമായ ച്യവനന്റെ വംശമാണ്   വൈരവ ർമ്മവംശം . അശ്വനികൾക്കുള്ള ഹവിർഭാഗം ഇന്ദ്രൻ ആവശ്യപ്പെട്ടതാണ് ച്യവനനുമായി കലഹത്തിൽ കലാശിച്ചത്.

അനഹിലഃ അനഹിലപാതക് അഥവാ അൻഹി ൽവാദ് എന്നതിന്റെ ആദ്യഭാഗമാണ് ചാലൂക്യരാ ജകുമാരിയുടെ പേരെന്നത് ശ്രദ്ധിക്കുക. ഇതിന്റെ പുല്ലിംഗമായ അനഹിലൻ പല വലഭി ലിഖിത ങ്ങളിലും പ്രത്യക്ഷ,പ്പെടുന്നുണ്ട്.

ധ്രുവസേനന്റെ വലഭി ഗ്രാന്റ് സംവത് 334

രാഷ്ട്രകൂടഗ്രാന്റിനെ പറ്റി മുകളിൽ പറഞ്ഞതു പോലെ ഇതിന്റെ ഒറിജിനലും ഗുജറാത്തിലെ കാപടവനജത്തിലാണ് കിട്ടിയത്. സീലിൽ ഇടത്തോട്ട് അഭിമുഖായി ഇരിക്കുന്ന കാള, അതിനു താഴെ ശ്രീഭട്ടാർക്ക എന്ന് എഴുതിയി ട്ടുണ്ട്. ശിരിശിമ്മനിക (പ്രാകൃത്) എന്ന വിജയ

ശിബിരസ്ഥാനത്തുവെച്ചാണ് ശാസനം. ധ്രുവസേനൻ 3 വരെയുള്ള വംശവൃക്ഷം ഉണ്ട്. ശിവഭാഗപുരവിഷയത്തിന്റെ ദക്ഷിണപട്ടത്തിലു ള്ള പട്ടപാദ്രകഗ്രാമം, ബപ്പപുത്രനായ ഭട്ടിഭട്ടന് കൊടുക്കുന്നു അദ്ദേഹം മഹിചരകവാസിയും ചതുർവ്വേദിയും കൌശികഗോത്രജനും വാജസ നേയശാഖ പഠിച്ചവനുമാണ്. ലിഖിതത്തിൽ മഹിചരക എന്ന പദം 2 പ്രാവശ്യം വരുന്നുണ്ട്. ദൂതകൻ

പ്രമാത്രിനാഗമാണ്. സന്ധിവിഗ്രഹദി ക്കൃതനായ സ്കന്ധഭട്ടന്റെ പുത്രൻ ദിവിരപതി അനഹിലനാണ് ലിഖിതം എഴുതിയത്. മാഘമാസനവമി. സംവത് 334 (എഡി 653-54)

ശിവഭക്തനായ ഭട്ടാരകൻ (ഭട്ടാർക്ക) മൈത്രക സൈന്യത്തോട് പോരാടി വിജയം കൈവരിച്ചു. മഹേശ്വരഭക്തനായ ഗുഹസേനൻ ധർമ്മപാലന ത്താൽ സകലരേയും രഞ്ജിപ്പിച്ച് രാജാവെന്ന പദത്തിനെ അന്വർത്ഥമാക്കി. മകൻ ധാരാസേന നും മഹേശ്വരഭക്തനാണ്. ഒരേ വ്യക്തിയിൽ ശ്രീയും വിവേകവും ഒരുമിച്ച് ഉണ്ടാവാമെന്ന് തെളിയിച്ചു. മഹേശ്വരഭക്തനായ മകൻ ശീലാ ദിത്യൻ എല്ലാ ശാസ്ത്രശാഖകളിലുമുള്ള അവ ഗാഹത്താൽ പരിഷ്കൃതമായ മനസ്സുള്ളവ നായിരുന്നു.കൃതയുഗത്തിലെ ധർമ്മം തിരിച്ചു കൊണ്ടുവന്ന അദ്ദേഹത്തിന്റെ നാമവും ധർമ്മാ ദിത്യനെന്നായിരുന്നു. അദ്ദേഹത്തിന്റെ അനുജ നായ ഖരഗ്രഹൻ ജ്യേഷ്ഠന്റെ പാദം വണങ്ങുന്ന വനായിരുന്നു. ഇന്ദ്രനേയും ഉപേന്ദ്ര(വിഷ്ണു) വിനേയും പോലെ അവർ വിളങ്ങി.

പുത്രൻ ധാരാസേനൻ, അനുജൻ ധ്രുവസേനനെ ന്നിവരും മഹേശ്വരഭക്തരാണ്. ധ്രുവസേനൻ രാഷ്ട്രതന്ത്രത്തിലും പാണിനിയുടെ

ശാലാതുരീയ ത്തിലും പണ്ഡിതനാണ്. ഇദ്ദേഹത്തിന്റെ നാമം ബാലാദിത്യനെന്നാണ്. അദ്ദേഹത്തിന്റെ പുത്രൻ മഹേശ്വരഭക്തനായ ധാരാസേനൻ നെറ്റിയിൽ ചന്ദ്രക്കല ഉള്ളവനാണ്. അദ്ദേഹത്തിന്റെ മുത്ത ശ്ശന്റെ സഹോദരപുത്രനാണ് ശിലാദിത്യ ധേരഭ ട്ടൻ. ശിഖരങ്ങളിൽ കറുത്ത മേഘങ്ങളാകുന്ന മുലക്കണ്ണുകളുള്ള സഹ്യനും വിന്ധ്യനും അദ്ദേ ഹത്തിന്റെയായിരുന്നു.

മഹേശ്വരഭക്തനായ ധ്രുവസേനനാണ് അദ്ദേഹ ത്തിന്റെ പുത്രൻ. അദ്ദേഹം മാതാപിതാക്കളുടെ പുണ്യത്തിനായി മഹിചരകത്തിൽനിന്ന് വന്ന ബപ്പന്റെ മകൻ ഭട്ടിബട്ടന് ഉദകത്തോടും ഉപരി കരത്തോടും ഭൂതവാതപ്രത്യയത്തോടും ദാനം ചെയ്തു. ശ്രീ ധാരാസേനന്റെ കാലത്ത് ജീവിച്ചിരു ന്ന ഭട്ടികാവ്യകർത്താവാണ് ഭട്ടിഭട്ടനെന്ന് കരുതു ന്നു.(വിയന്ന ഓറിയന്റൽ ജേർണൽ വാല്യം 1 പേജ് 138) എന്നാൽ ജയമംഗലന്റെ ടീകയിൽ ശ്രീ സ്വാമിനാണ് ഭട്ടിയുടെ പിതാവ്. ഈ ലിഖിതത്തി ലെ ഭട്ടിഭട്ടന്റെ പിതാവ് ബപ്പയാണ്.

ദെഹ്‌ലി മ്യൂസിയത്തിലെ സാരബല ലിഖിതം

ദെഹ്ലിയിൽ നിന്ന് 5 മൈൽ തെക്കുള്ള സർബനി ൽനിന്ന് കിട്ടിയത്. 18 വരി. മുഹമ്മദ് ബിൻ തുഗ്ല ക്കിന്റെ കാലം. വിക്രമസംവത് 1384 ഫാൽഗുന ശുക്ലപഞ്ചമി. ചൊവ്വ. (എഡി 1328 ഫെബ്രുവരി) ഖേതല, പൈതല എന്ന 2 സഹോദരന്മാർ സാര വലഗ്രാമത്തിൽ കിണർ കുഴിപ്പിച്ചത് വിഷയം. വേദ(4), വസു(8)അഗ്നി(3) ചന്ദ്ര(1) 1384 എന്ന് വർഷം തരുന്നു.

ദേശോസ്തി ഹരിയാനാഖ്യഃപൃഥിവ്യാം സ്വർഗ്ഗസന്നിഭഃ ഡില്ലികാഖ്യാ പുരി തത്ര തോമരൈരെരസ്തി നിർമ്മിതാ

തോമരാനന്തരം യസ്യാം രാജ്യം നിഹതകണ്ടകം ചാഹമാനാ നൃപശ്ചക്രുഃപ്രജാപാലനതൽപ്പരാഃ

ഹരിയാനയിലെ ദില്ലി നഗരം തോമരന്മാരാൽ നിർമ്മിക്കപ്പെട്ടു. പിന്നീട് പ്രജാക്ഷേമതൽപ്പര രായ ചാഹമാനരാൽ സംരക്ഷിതമായ നഗരം സഹാബുദീൻ നശിപ്പിച്ചു.(ഘോറി) അന്നുമുതൽ തുരു ഷ്കരാൽ ഭരിക്കപ്പെടുന്ന നഗരം ഇപ്പോൾ ശ്രീ മഹമ്മദ് ഷാഹി ഭരിക്കുന്നു.(തുഗ്ലക്ക്) നഗര ത്തിലെ അഗ്രോദകത്തിൽ സാധു ശ്രീ സച്ചദേവൻ ജനിച്ചു. അദ്ദേഹത്തിന്റെ മകനായ ലക്ഷ്മീധരൻ വിഷ്ണു പാദത്തിലെ ഭ്രമരമാണ്. (അഗ്രവാല അഥവാ അഗർവാൽ ബനിയകൾ). ലക്ഷമീധരന്ന് 2

മക്കൾ. മഹാ , ഗീക്ക. മഹയുടെ മകൻ മെൽഹ. ഗീക്കയുടെ ഭാര്യ ശ്രീധരന്റെ മകൾ വീര. അവരു ടെ മക്കളാണ് ഖേതലനും പൈതലനും .ഈ രണ്ട് സാധുക്കളും പൂർവ്വീകരുടെ സ്വർഗ്ഗപ്രാപ്തി ക്കും പുണ്യത്തിനുമായി വംശം നിലനിൽക്കാ നുള്ള പ്രാർത്ഥനയോടെ കിണർ കുഴിപ്പിച്ചു. ഇന്ദ്രപ്രസ്ഥത്തിലെ പ്രതിഗണത്തിൽ സരവല ഗ്രാമത്തിലെ ഈ കിണറും ഇത് നിർമ്മിച്ചവരു ടെ വംശവും ദീർഘകാലം നിലനിൽക്കട്ടെ. (പ്രതി ഗണം പർഗ്ഗാനയാണ്)

ആന്ധ്രരാജാവ് യജ്ഞശ്രീ ഗൌതമ പുത്രന്റെ ലിഖിതം.

കൃഷ്ണാനദിക്ക് തെക്കേ കടലോരത്ത് കൃഷ്ണ ജില്ലയിലെ ചിനഗ്രാമത്തിൽനിന്ന് കിട്ടിയത് ഇപ്പോൾ മദ്രാസ് മ്യൂസിയത്തിലാണ്. ഗൌതമി പുത്രശിരിയാന ശതകർണ്ണിയുടെ 27ആം ഭര ണവർഷം. ഇദ്ദേഹം വായു,മത്സ്യപുരാണ പ്രകാരം 29 വർഷം ഭരിച്ചിട്ടുണ്ട്. വനവാസി ലിഖിതത്തിലെ വിസസതായ, ഇവിടെ വസസ തായ ആണ്. ഇത് വർഷശത്യാം (100 വർഷം) നൂറ്റാണ്ട് എന്ന് വിശദീകരിക്കുന്നവരുണ്ട്. വസാശതായ എന്ന് ബ്യൂലർ.

1. **സിദ്ധം നമോ ഭഗവതോ ....വസ രഞ്ജോ ഗൌതമീ**
2. **പുതസ അരകസിരിം യജ്ഞസാതകണിസ വസസതായ സംവത്സരം സത(വി)**
3. **മം 27 ഹേമതാനം പക്കം ചതുർത്ഥം 4 ദി ....മം 5 ഏതിയ**
4. **പുവായ അരകമഹതരകേന മഹാ........**
5. **യാജിനാ മഹാതം.................**
6. **ധായ.......................**

അരകമഹാതരകനാണ് ഇവിടെ ഒരുപക്ഷേ വിഗ്രഹം കൊത്തിയത്. മഹാ എന്നത് അദ്ദേഹ ത്തിന്റെ നാമത്തിന്റെ തുടക്കമാവാം. മുഴുവൻ പേരില്ല. എന്തു വെച്ചാണ് ബുദ്ധവിഗ്രഹം കൊത്തി എന്ന് പറയുന്നതെന്ന് അന്വേഷിക്കണം. ആ പേരേ ഇല്ല. ഭഗവതോ എന്നതിനു ശേഷം 5 അക്ഷരം വിട്ടിട്ടുണ്ട്.അത് വാസുദേവായ എന്നോ നാരായണായ എന്നോ ആവാനാണ് കൂടുതൽ സാദ്ധ്യത. ബുദ്ധനാമമാവാനുള്ള സാദ്ധ്യത കുറവാണ്.

2 വൈദ്യനാഥപ്രശസ്തികൾ (ബൈജനാഥ)

ബൈജനാഥ അഥവാ കിരഗ്രാമം കാംഗ്ര ജില്ല യുടെ കിഴക്ക് കോട്ട് കാംഗ്രക്ക് 30 മൈൽകിഴക്ക്, ബിയാസ് നദിയുടെ

ഇടത്തേ കരയിൽ വന്നു ചേരുന്ന ബിനുവൻ എന്ന പോഷകനദിയുടെ വളവിലാണ്. ഇവിടെ നിരവധി പഴയ ക്ഷേത്ര ങ്ങളുണ്ട്. ജാലന്ധരത്രിഗർത്തരാജാക്കന്മാരുടെ ശാഖയായ കടോച്ച് രാജാനകന്മാരിൽ ഒരാളുടെ വാസസ്ഥാനമായിരുന്നു ഇത്. ഇവിടത്തെ സിദ്ധേശ്വര, വൈദ്യനാഥക്ഷേത്രങ്ങൾ ഒഴികെ മറ്റെല്ലാം ജീർണ്ണാവസ്ഥയിലാണ്. സിദ്ധേശ്വര ക്ഷേത്രം നഗരത്തിന്റെ പടിഞ്ഞാറേ അറ്റത്താണ്. അത് ആളൊഴിഞ്ഞ് കിടക്കുന്നു. ശിഖരത്തോടു കൂടിയ ഒരു ക്ഷേത്രവും നാലുകാലുള്ള മണ്ഡ പവും ഉണ്ട്. കിഴക്ക് അഭിമുഖം. പിന്നിലെ ചുമരിൽ ഇരുവശം രണ്ട് വാതിലുണ്ട്. ഇത് പരിക്രമം അഥവാ പ്രദക്ഷിണത്തിനു വേണ്ടി യാണ്. ഹാളിന്റെ ഓരോ വശവും , തുളകളുള്ള ശിലാജാലകങ്ങൾ അതിന് വെളിച്ചം കൊടുക്കു ന്നു. തെക്കേ ചുമരിലെ ശിലയിൽ ഒരു ലിഖിതം ഉണ്ടായിരുന്നു. പടിഞ്ഞാറ്, പിന്നിലെ നിച്ചി ലായി സൂര്യപ്രതിമ ഉണ്ട്. അതിന്നു ചുവട്ടിൽ 24ആം തീർത്ഥങ്കരൻ മഹാവീരന്റെ പ്രതിമാ പ്രതിഷ്ഠാപനം നടന്നതായി പറയുന്ന ലിഖിത മുണ്ട്. ഇത് പുനരുദ്ധാരണസമയത്ത് പതിച്ച താണ്. അവസാനപുനരുദ്ധാരണം 1786ൽ കാംഗ്രരാജാവ് സംസാരചന്ദ്രൻ 2(1786-1903)

ആണ് നടത്തിയത്.ലിഖിതം വെച്ച് 9ആം നൂറ്റാ ണ്ടിന്റെ ആദ്യം മുതലേ ഈ ക്ഷേത്രമുണ്ട്. മുഹ മ്മദ് ഗസനി കാംഗ്രകോച്ച് അഥവാ നാഗക്കോട്ട് ഉപരോധിച്ചപ്പോളാണ് ക്ഷേത്രം തകർത്തത്. സംസാരചന്ദ്രൻ നടത്തിയത് 7 ആം പുനരുദ്ധാ രണമാണ്. മുറ്റത്തെ ചെറിയ ക്ഷേത്രങ്ങളി ലൊന്നിൽ ആം തീർത്ഥങ്കരൻ സുപാർശ്വനാ ഥനുണ്ട്. മറ്റു പ്രതിഷ്ഠകൾഭൈരവൻ, രാധാ കൃഷ്ണൻ , ജഗന്നാഥൻ, ലക്ഷ്മീനാരായണൻ, ജമദഗ്നി, നർമ്മദേശ്വരൻ ഇവയാണ്. ഒന്നിൽ മാത്രം പേരില്ല. ജമദഗ്നിക്ഷേത്രം , സിദ്ധേശ്വരക്ഷേ ത്രത്തിന്റെ മാതൃകയിലാണ്. നന്ദിമണ്ഡപത്തിൽ നന്ദിയുടെ പിന്നിലായി വേറെ ഒരു മൃഗം കൂടി ഉണ്ട്. പ്രധാനക്ഷേത്രത്തിലെ ശിവലിംഗം ചെറുതാണ്. വേറെയും ചില വിഗ്രഹങ്ങൾ ഗർഭഗൃഹത്തിൽ പ്രതിഷ്ഠിക്കാതെ ചിതറി കിടക്കുന്നുണ്ട്.

കണ്ണിങ്ങാമാണ് ഇവിടത്തെ രണ്ട് ലിഖിതം ആദ്യം കണ്ടെത്തിയത്.(പഞ്ചാബിലെ കാംഗ്രജാലന്ഘരരാജാവ് ജില്ല കീരഗ്രാമം (കിർഗ്രാവോൺ) എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയത്.

സപ്തർഷിസംവത്സരം ലോകകാലം 80 ശക സംവത് 726 (എഡി804). ബ്രാഹ്മിലിപിയുടെ ശാഖയായ ശാരദലിപിയിലാണ്

ലിഖിതം.(ഇത് ഇപ്പോഴത്തെ കാശ്മീരിലെ ശാരദാലിപിയി ൽനിന്ന് വ്യത്യസ്തമാണ്) ലാഹോർ മ്യൂസിയ ത്തിലുള്ള ദിദ്ദയുടെ ലിഖിതത്തിലെ ലിപിയേ ക്കാൾ പഴക്കമുണ്ട്.ചമ്പ ഗ്രാന്റിനേക്കാളും പഴക്കമുണ്ട്. കാശ്മീരിലെ അവന്തിവർമ്മന്റെ നാണ്യങ്ങളിലുള്ള ലിപിയേക്കാളും പഴക്കമു ണ്ട്.ഫ എന്നത് ബ്രാഹ്മിലിപിയിലേക്കാൾ പഴക്ക മുള്ളതാണ്.ഭാഷ സംസ്കൃതമാണ്.

ആദ്യലിഖിതം 2 ഭാഗമുള്ളതാണ്. വരി 1-16 ശിവ പാർവ്വതിമാരെ സ്തുതിക്കുന്നു. 19 ശ്ലോകം. . ഒറ്റ ശ്ലോകം മംഗളം. പിന്നീട് പ്രശസ്തി. ഇതിൽ, 1. കീരഗ്രാമത്തിലെ ലക്ഷ്മണചന്ദ്രനെ കീർത്തിക്കു ന്നു. 2. ക്ഷേത്രം നിർമ്മിച്ച മന്യൂകനേയും ആഹു കനേയും പറയുന്നു. 3. ക്ഷേത്രത്തിലേക്ക് ലഭിച്ച ദാനം,സമ്മാനം 4. ക്ഷേത്രം പണിത ആശാരിമാ രും ശിൽപ്പികളും 5. പ്രശസ്തി രചിച്ച കവി. 6.പണിത കാലം. ലക്ഷ്മണചന്ദ്രന്റെ പ്രഭു.

രണ്ടാം ലിഖിതം 5 ശ്ലോകം മംഗളം ,ജാലന്ധരരാ ജാവ്, ക്ഷേത്രം പണിയിച്ച രണ്ട് പേർ, വംശാ വലി,മന്യൂക,ആഹുകന്മാർ അവരുടെ വംശം, അവരുടെ സ്വഭാവശുദ്ധി, ക്ഷേത്രം പണിയാനു ണ്ടായ കാരണം,ലക്ഷ്മീചന്ദ്രനും അമ്മയും മറ്റു

ദായകരും ക്ഷേത്രനിയമം പാലിച്ചാലുള്ള അനുഗ്രഹവും തെറ്റിച്ചാലുള്ള ശിക്ഷയും, കാലം.

ഒരേ വ്യക്തിക്ക് രണ്ട് പ്രശസ്തി ഒരേ ക്ഷേത്രത്തി ൽ കാണുന്നത് അപൂർവ്വമാണ്.ആദ്യത്തെ പ്രശ സ്തി ക്ഷേത്രം നിർമ്മിച്ച ഉടനെയാണ് അതിൽ മൂന്നു ഗ്രാന്റുകളേ ഉള്ളു.രണ്ടാമത്തേത് കൂടുതൽ ഗ്രാന്റുകൾ ലഭിച്ച ശേഷമാണ്.

ജാലന്ധര,ത്രിഗർത്തരാജ്യങ്ങളിലുൾപ്പെട്ട കീര ഗ്രാമം കണ്ഡുകാബിന്ദുകനദീതീരത്താണ്.(ഇ പ്പോഴത്തെ ബിനുവ അവാ ബിനവ, ഇത് വിപാശയുടെ പോഷകനദിയാണ്) മന്യൂകനും ആഹുകനും അവിടത്തെ വ്യാപാരിസഹോദരന്മാരാണ്. അവർ ഒരു കുലസംഘത്തിലെ കൂട്ടുകുടുംബ ത്തിലെ അംഗങ്ങളാണ്.സിദ്ധനും ചിന്നയുമാണ് മാതാപിതാക്കൾ.മുത്തശ്ശൻ കാഹിലനും മുതു മുത്തശ്ശൻ പാഹിലനും മുതുമുതുമുത്തശ്ശൻ സാഹിലനുമാണ്.മൂത്ത സഹോദരനായ മന്യൂ കൻ ഗുൽഹയെ വിവാഹം കഴിച്ചു.ശിവഭക്ത രായ അവർ കീരഗ്രാമത്തിൽ ചിരകാലമായി ഉള്ള വൈദ്യനാഥശിവലിംഗത്തിന് ഒരു ക്ഷേത്രം പണിയണ മെന്ന് തീരുമാനിച്ചു.അതിന് ഗർഭ ഗൃഹവും

മണ്ഡപവും ഗണങ്ങളുടെ പ്രതിമക ളും വാതിലിൽ ഗംഗായമുനമാരും കൊണ്ട് അലങ്കരിച്ചു. നായകനും തോഡുക 2ആമനും ശിൽപ്പികളായിരുന്നു. നായകൻ,സുശർമ്മനഗര ത്തിലെ(ഇപ്പോളത്തെ കോട്ട് കാംഗ്ര)ആസികന്റെ മകനാണ്.തോഡുക 2 സമ്മനന്റെ മകനും. ആസി കന്റെ മറ്റൊരു മകനായ രൽഹണനെന്ന ബ്രാ ഹ്മണൻ നവഗ്രാമത്തിൽനിന്ന് 2 ദ്രോണം ധാന്യം കൊടുത്തു. ഇത് വർഷം തോറും നവഗ്രാമത്തിന് മടക്കിനൽകാമെന്ന് വ്യവസ്ഥ വെച്ചു, രൽഹണ ൻ ജ്യോതിശ്ശാസ്ത്രജ്ഞനാണ്.കീരഗ്രാമത്തി ലെ ഗോവിന്ദപുത്രനായ ഗണേശ്വരബ്രാഹ്മണൻ നവഗ്രാമത്തിലെ നാലു ദ്രോണം വിത്ത് വിത ക്കാവുന്ന അര കലപ്പ നിലം കൊടുത്തു. ദേപികന്റെയും മൽഹികയുടേയും മകനായ ധനികവ്യാപാരി ജീവകൻ കീരഗ്രാമത്തിലെ തന്റെ ഭൂമി ക്ഷേത്രമുറ്റത്തിനായി കൊടുത്തു. ലക്ഷ്മണചന്ദ്രനും അമ്മ ലക്ഷണികയും ക്ഷേത്രത്തിനായി സ്വത്ത് നീക്കിവെച്ചു.ചുങ്കം പിരിക്കുന്ന മാണ്ഡപികയിലെ വരവിൽനിന്ന് നിത്യം 2 ദ്രമ്മം ലക്ഷ്മണചന്ദ്രന്റെ എൻഡോമെന്റ് ആണ്.പ്രലംബഗ്രാമത്തിലെ ഒരു കലപ്പ നിലം അമ്മയുടേതും. ക്ഷേത്രം പണിത

സഹോദരന്മാർ അവരുടെ കാരഗ്രാമത്തിലെ എണ്ണമില്ല് ക്ഷേത്ര ത്തിലെ വിളക്ക് തെളിയിക്കാനായി ദാനം ചെയ്തു.കൂടാതെ ക്ഷേത്രദേവന്റെ ഭോഗത്തിനാ യി ഒരു പീടിക,നാലു കലപ്പ നല്ല നിലം ഇവയും കൊടുത്തു.

കീരഗ്രാമത്തിലെ രാജാനകവംശാവലിഃ-

1. കന്തൻ(കണ്ടൻ)
2. ബുദ്ധ
3. വിഗ്രഹ
4. ബ്രാഹ്മണ
5. ദോംബക
6. ഭുവന
7. കൽഹണ
8. ബിൽഹണ (ത്രിഗർത്തിലെ ഹൃദയചന്ദ്രന്റെ മകൾ ലാക്ഷണിക അഥവാ ലക്ഷണയെ വിവാഹം ചെയ്തു)
9. ഇവരുടെ മക്കളാണ് രാമനും ലക്ഷ്മണചന്ദ്ര നും ലക്ഷ്മണചന്ദ്രൻ മായതല്ലയെ വിവാ ഹം കഴിച്ചു.

രണ്ടുപ്രാവശ്യം കന്തനാണ് കുലസ്ഥാപകനെന്ന് പറയുന്നുണ്ട്. അദ്ദേഹം ബകുലവൃക്ഷം പോലു ള്ള കുലത്തിന്റെ മൂലമായ കന്ദമാണ് എന്നും, ത്രി ഗർത്തരാജാക്കന്മാരുടെ ഭൃത്യന്മാരുടെ ആദ്യ ത്തെ ആളാണെന്നും പറയുന്നു.അദ്ദേഹത്തി ൽനിന്ന് 8ആമത്തെ ആളാണ് എഡി 800ൽ രാജ്യം

ഭരിക്കുന്നത്. അതിനാൽ ചുരുങ്ങിയത് എഡി 600ലാവണം അദ്ദേഹത്തിന്റെ കാലം.ദോംബകൻ ചുറ്റുമുള്ള രാജാക്കന്മാരുമായി സഖ്യം സ്ഥാപി ച്ചിരുന്നു. ഇവരിൽ ഒരാളായ ഹൃദയചന്ദ്രന്റെ പുത്രിയെ ബിൽഹണൻ വിവാഹം കഴിച്ചു.ജാല ന്ധരവംശസ്ഥാപകനായ സുശർമ്മചന്ദ്രന്റെ പേരിലാണ് സുശർമ്മനഗരം അറിയപ്പെടുന്നത്. രാജാനകവംശം കാശ്മീരിലെ രാജതരംഗിണി യിൽ പ്രസിദ്ധമാണ്.കേദാർനാഥിലേക്ക് തീർത്ഥ യാത്ര പോയ ലക്ഷ്മണചന്ദ്രൻ താൻ മറ്റൊരാളു ടെ ഭാര്യയെ പ്രാപിക്കയില്ലെന്ന വ്രതം എടുത്തു. ലക്ഷ്മണചന്ദ്രന്റെ പ്രഭു ജയച്ചന്ദ്രനാണ്.ഇദ്ദേഹം അമ്മ ലാക്ഷണികയുടെ സഹോദരനാണ്.ഹൃദയ ചന്ദ്രന്റെ മകനും.രാജതരംഗിണി ഈ രാജവംശ ത്തെ പറയുന്നുണ്ട്. രാജതരംഗിണി എഴുതിയ കൽഹണനും ബിൽഹണനും ഈ വംശക്കാ രായി ഇവിടെ പറയപ്പെടുന്നു.

പ്രശസ്തികൾ എഴുതിയ രാമൻ മൂന്നു പ്രാവ ശ്യം സ്വന്തം പേരു പറയുന്നു. അഛൻ ഭൃംഗക. അമ്മ ശൃംഗാര.അഛൻ കാശ്മീരരാജാവിന്റെ പ്രമാതൃസ്ഥാനം

ഉള്ളവനും കുട്ടിക്കാലം മുതലേ കവിയുമായിരുന്നു.ആത്മീയഗുരുക്കന്മാർക്കാണ് പ്രമാതൃസ്ഥാനം കിട്ടുക. ഈ പ്രശസ്തി എഴുതുമ്പോൾ രാമൻയുവാവാണ്. പിന്നീട്
കവീശ്വരനായി.വലഭിലിഖിതങ്ങളിൽ പ്രമാതൃ പദം സ്ത്രീകളുടെ മുന്നിലാണ് കാണുന്നത്.

രാമന്റെ കവിത്വം ശിവപാർവ്വതിമാരെ സ്തുതിക്കുന്നതിലും അഷ്ടമൂർത്തിശിവനെ നാലു വാക്യത്തിലൊതുക്കുന്നതിലും വൃത്തം മാറ്റി ഉപയോഗിക്കുന്നതിലും അലങ്കാരത്തിലും ഭാഷാപ്രയോഗത്തിലും പ്രകടമാണ്.വ്യാകരണ വും കോശവും നന്നായി പഠിച്ചവനാണെന്ന് ഈ പ്രശസ്തി തെളിയിക്കുന്നു.

സംവത്സരേശീതിതമേ പ്രസന്നേ ജൈഷ്ഠസ്യ ശുക്ലപ്രതിപത്തിയൌ ച ശ്രീമജ്ജയച്ചന്ദ്രനരേന്ദ്രരാജ്യേ രവേർദ്ദിനേ രാമകൃതാ പ്രശസ്തിഃ

സപ്തർഷിവർഷം 80 ശകാബ്ദം 726, ക്രിസ്തുവർഷം 804. ഞായറാഴ്ച, ജ്യേഷ്ഠമാസം ശുക്ല പ്രതിപദം. എന്നാൽ 804ലെ ആ ദിവസം മേയ് 13 ചൊവ്വ യായിരുന്നു. രണ്ടാം പ്രശസ്തി ശകസം വത് 700 ന് ശേഷവും ശകസംവത് 800 നു മുമ്പും ആണെന്ന് തീരുമാനിച്ചിട്ടുണ്ട്.

ഈ ലിഖിതത്തിലെ കൽഹണ , ബിൽഹണ മുതലായ നാമങ്ങൾ ഇവർ കാശ്മീരിലെ ചമ്പ അഥവാ കടോച്ചിലെ രാജാനകന്മാരായിരുന്നു എന്നു കാണിക്കുന്നു. രാജതരംഗിണി എഴുതിയ കൽഹണനും ഇതിലാണ് പെടുന്നത്. ഇത്തരം പേരുള്ളവരെ ബ്രഹ്മക്ഷത്രഗോത്രത്തിലാണ് കാണുക അടുത്ത ലിഖിതത്തിലും ദൊൽഹണ, അൽഹണ മുതലായ പേരുകളുണ്ട്.

കീരഗ്രാമത്തിലെ ബൈജനാഥക്ഷേത്ര ത്തിലെ ജൈനലിഖിതം

2 വരി ജൈനനാഗരിലിപി മഹാവീരന്റെ പ്രതി മയുടെ അധിഷ്ഠാനത്തിൽ മൂന്നുഭാഗത്തായി 4 വലുതും 2 ചെറുതും വിഭാഗമാക്കി എഴുതി യത്. വ്യാപാരികളായ ദൊൽഹണനും അൽഹ ണനും സമർപ്പിച്ച പ്രതിമ ദേവഭദ്രസൂരി പ്രതി ഷ്ഠിച്ചു. കീരഗ്രാമത്തിലെ മഹാവീരക്ഷേത്രത്തി ലുണ്ടായിരുന്ന വിഗ്രഹം ഇവിടേക്ക് കൊണ്ടുവ ന്ന് പ്രതിഷ്ഠിച്ചത് പുനരുദ്ധാരണകാലത്താണ്. സൂരി എന്ന നാമം ഗുജറാത്തി പുരോഹിതരുടേ താണ്, പഞ്ചാബികളുടേതല്ല. ദൊൽഹണനും

അൽഹനും ഗുജറാത്തിൽ സാധാരണ കാണുന്ന ബ്രഹ്മക്ഷത്രരാണ്.1881ലെ സെൻസസ് റിപ്പോർട്ട് പ്രകാരം അവരെ പഞ്ചാബിൽ കാണില്ല.സൂരി ദേവഭദ്രന്റെ ഗുരു അഭയദേവൻ വിളിക്കപ്പെ ടുന്നത് രുദ്രപാലീയൻ എന്നാണ്. സൂരി ജിനവല്ല ഭഗുരുകുലത്തിലാണ് അദ്ദേഹം. ഖരതരഗഛയി ലെ പട്ടാവലിയിൽ കാണുന്ന 43ആം യുഗപ്രധാന നാണ് അദ്ദേഹം. വിക്രമസംവത് 1167ലാണ് അദ്ദേഹം മരിച്ചത്. ഗുജറാത്തിലെ അനഹിലപട്ട ണ പട്ടണത്തിലുണ്ടായ ഖരതരഗഛശാഖയിൽ ജിനവല്ലഭനുണ്ടാക്കിയ സന്താനം എന്ന ശാഖയു ടെ നാമം ഈ ലിഖിതത്തിലുണ്ട്. അദ്ദേഹത്തിന്റെ പിൻഗാമി ജിനദത്തന്റെ കാലത്ത്, വിക്രമസംവ ത് 1204ൽ ജിനശേഖരാചാര്യൻ രുദ്രപാലീയശാഖ ആരംഭിച്ചു. ഖരതരഗഛയിലെ ശ്വേതാംബരന്മാ രുടെ ഗുരുവാണ് ലിഖിതത്തിലെ ദേവഭദ്രസൂരി. വിക്രമസംവത് 1296 ഫാൽഗുനത്തിലെ കൃഷ്ണ പഞ്ചമി ഞായറാഴ്ച എഡി 1240 ജനുവരി 15 ആണ്. അന്നാണ് മൂലബിംബം ബ്രഹ്മക്ഷത്രനായ മനുവിന്റെ പുത്രന്മാരായ രണ്ടു സഹോദരന്മാർ പ്രതിഷ്ഠിപ്പിച്ചത്.

കാംഗ്ര ചന്തയിലെ പാർശ്വനാഥപ്രതിമ യുടെ അധിഷ്ഠാനത്തിലെ ലിഖിതം.

ഇന്ദ്രവർമ്മൻ നിർമ്മിച്ച ഹൈന്ദവക്ഷേത്ര ത്തിന്റെ മുമ്പിലാണ് ഇത്. എണ്ണയും ചുവന്ന പൊടിയും കൊണ്ട് ലിഖിതം വായിക്കാനാ വാത്ത അവസ്ഥയിലാണ്. 8 വരി.

ഓം വർഷം 20. രാജകുലഗഛത്തിൽ ശ്രീ അഭയചന്ദ്രനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യൻ അമലചന്ദ്രൻ. അദ്ദേഹത്തിന്റെ പാദ കമലത്തിലെ ഭ്രമരം സിദ്ധരാജൻ. അദ്ദേഹ ത്തിന്റെ പുത്രൻ ദംഗൻ. ദംഗപുത്രൻ ചസ്ഥകൻ, അദ്ദേഹത്തിന്റെ പത്നി രൽഹക്ക് 2 പുത്രന്മാരു ണ്ടായി. അവർ ജിനധർമ്മത്തിൽ ഭക്തിയോടെ പഠിച്ചു. മൂത്ത മകനാണ് കുണ്ഡലകൻ. രണ്ടാമ ത്തേത് കുമാരൻ. ഈ വിഗ്രഹം ....അനുവാദത്തോടെ .....

ശാരദലിപി. 9ആം നൂറ്റാണ്ട് എഡി 854.

ഖജുരാഹോവിലെ ലിഖിതങ്ങൾഃ-

1. **ഹർഷദേവന്റെ ലിഖിതം ഒരു കഷ്ണം മാത്രം**

വടക്കുപടിഞ്ഞാറൻ പ്രവിശ്യയിലെ ബുന്ദേൽഖ ണ്ഡിലെ ഛത്താർപൂരെന്ന പുരാതനനഗരത്തിൽ ഖജുരാഹോവ്ലെ വാമനക്ഷേത്രത്തിനടുത്ത്. വള രെ വലിയ ലിഖിതത്തിന്റെ ചെറിയ കഷ്ണമേ കിട്ടിയിട്ടുള്ളു.13 വരി. യശോവർമ്മന്റെ 1011ലെ ലിഖിതത്തോട് സാമ്യമുള്ള നാഗരി ലിപി. ഭാഷ സംസ്കൃതം. യശോവർമ്മന്റേയും ദാംഗദേവന്റേ യും ലിഖിതങ്ങളെപ്പോലെ പ്രപഞ്ചോൽപ്പത്തി യെ പറഞ്ഞുകൊണ്ടാണ് ലിഖിതാരംഭം. ചന്ദ്രാ ത്രേയരുടെ വംശോൽപ്പത്തി പിന്നെ പറയുന്നു. ഈ വംശത്തിൽ ജൊജ്ജകനും വിജ്ജകനും ജനി ച്ചു.

ഹർഷദേവൻ സ്വഭുജബലത്താൽ ശത്രുക്കളെ ജയിച്ചു. ക്ഷിതിപാലദേവന്റെ സിംഹാസനാ രോഹണം പറയുന്നു.യശോവർമ്മന്റേയും ദംഗദേവന്റേയും ലിഖിതങ്ങളിൽ നിന്ന് ഹർഷ ദേവൻ രാഹിലന്റെ പുത്രനും യശോധർമ്മന്റെ അച്ഛനുമാണ് എന്ന് മനസ്സിലാക്കാം. യശോവ ർമ്മന്റെ ലിഖിതത്തിൽ നിന്ന് ജെജ്ജകനും വിജ്ജ കനും വാക്പതിയുടെ പുത്രന്മാരായ ജയശക്തി യും വിജയശക്തിയുമാണെന്നും വിജയശക്തി രാഹിലന്റെ പിതാവും ഹർഷദേവന്റെ

പിതാ വിന്റെ പിതാവുമാണെന്നും കാണാം.മഹോബ ലിഖിതത്തിൽ ഇവരെ ജെജ, വിജ എന്ന് പറയു ന്നു. ജെജ്ജകഭുക്തി എന്ന സ്ഥലം ഇതിലെ ഒരു സഹോദരന്റെ നാമത്തിലാണ്. യശോധർമ്മന്റെ മൂത്ത സഹോദരനും ഹർഷദേവന്റെ മൂത്ത മകനുമാണ് ക്ഷിതിപാലദേവൻ. എന്നാൽ ഈ ലിഖിതത്തിൽ ക്ഷിതിപാലദേവൻ ചന്ദേലകുടും ബത്തിലെ അംഗമാണെന്ന് പറയുന്നേ ഇല്ല. സിയദൊനി ലിഖിതത്തിൽ ദേവപാലനു മുമ്പ് കാനൂജ് ഭരിച്ച ക്ഷിതിപാലദേവനാണ് ഇത്. (ദേവപാലന്റെ അച്ഛൻ).യശോധർമ്മൻ ദേവപാ ലന്റെയും ഹർഷദേവൻ ദേവപാലന്റെയും സമകാലികരാണ്.

2. യശോധർമ്മന്റെ 1011ലെ ശിലാലിഖിതം ഖജുരാഹോവിലെ ലക്ഷ്മൺജിക്ഷേത്രത്തി ൽ നിന്ന് കിട്ടിയത്. 28 വരി. (പഴയ ചതുർഭു ജ ക്ഷേത്രം) ദേവനാഗരിയിൽനിന്ന് അൽപ്പം വ്യത്യസ്തമായ കുടിലാക്ഷരമാണ് ലിപി. സംസ്കൃതഭാഷ. പദ്യമാണ് അധികം. വൈ യാകരണൻ ദെദ്ദന്റെ മകൻ മാധവനാണ് കവി. ഗൌഡദേശത്തെ

ജയഗുണന്റെ മകൻ ജദ്ദനാണ് കാരണികൻ(കൊത്തിവെച്ചത്) വിക്രമസംവിത് 1011 എഡി 953-54. ചന്ദ്രാ ത്രേയവംശത്തിലെ യശോവർമ്മൻ എന്ന ലക്ഷവർമ്മൻ വൈകുണ്ഠനെന്ന വിഷ്ണു വിന് ക്ഷേത്രം പണിതു. അത്രി, ചന്ദ്രൻ, നന്നുക,വാക്ഷ്പതി, ജയശക്തി,വിജയശക്തി, രാഹില,ഹർഷ, (ഭാര്യ ചാഹമാനവംശ ത്തിലെ കഞ്ചുക)യശോവർമ്മൻ എന്ന് വംശ വൃക്ഷം തരുന്നു. ഗൌഡ,ഖാസ, കോസല, കാശ്മീര, മിഥില,മാളവ, ചേദി,കുരു, ഗുർജ്ജരരെ യശോവർമ്മൻ ജയിച്ചു. പ്രത്യേകം എടുത്തുപറയുന്നത് ചേദിയെ ജയിച്ച് കാലഞ്ജരം കയ്യിലാക്കിയതാണ്. ലിഖിതം എഴുതിയത് യശോധർമ്മന്റെ മരണശേഷം പുത്രൻ ദംഗൻ ഭരിക്കുമ്പോളാ ണ്. കാലഞ്ജരം മാൾവ യമുനാതീരം ചേദിയുടെ അതിർത്തികള്, ഗോപാദ്രി, വരെ ദാംഗനാണ് ഭരിക്കുന്നത്. ഇതിൽ ഭാസ്വത് എന്ന ഒരു സ്ഥലം പറയുന്നുണ്ട്. വേത്രാവതി (ബിത്വാ) നദീതീരത്തെ ഭിൽസയാണ്.(പണ്ട് ഭൈലസ്വാമിൻ എന്നാണ്

അറിഞ്ഞിരുന്നത്.)ചാന്ദേല മദനവർമ്മദേവന്റെ ലിഖിതം (1190ലെ) അവിടെനിന്ന് കിട്ടിയിട്ടുണ്ട്.

ഹേരംബപാലന്റെ മകൻ ദേവപാലനിൽനിന്നാ ണ് യശോധർമ്മന് വൈകുണ്ഌവിഗ്രഹം ലഭി ച്ചത്. ഹേരംബപാലന് കീരദേശത്തെ സാഹി രാജാവിൽനിന്നാണ് ലഭിച്ചത്. സാഹിക്ക് ബോത്തരാജാവിൽനിന്ന്.(തിബത്ത്) അദ്ദേഹ ത്തിന് കൈലാസത്തിൽനിന്ന്. ദേവപാലനെ ഹയപതി(അശ്വപതി പോലെ) എന്ന് വിളിക്കു ന്നു. അവസാനവരിയിൽ വിനായകപാലദേവ നെന്ന രാജകുമാരനെ പറയുന്നു.

ഓം നമോ ഭഗവതേ വാസുദേവായ എന്നാണ് ലിഖിതാരംഭം. അവസാനിക്കുന്നത് നമോ ഭഗവതേ വാസുദേവായ. നമഃ സവിത്രേ എന്നാണ്.

3. ഖജുരാഹോ ജിനനാഥക്ഷേത്രത്തിലെ വാതിലിലെ ലിഖിതം.

നാഗരി ലിപി. സംസ്കൃതം. പകുതി പദ്യം പകുതി ഗദ്യം. ദംഗനാൽ ആദരിക്കപ്പെട്ട പഹില നാണ് ദാതാവ്. 1011 വൈശാഖശുക്ലസപ്തമി. (ഏപ്രിൽ 2. എഡി

955) പാഹില തോട്ടം, ചന്ദ്ര തോട്ടം, ചെറിയ ചന്ദ്രതോട്ടം, ശങ്കരതോട്ടം, പാഞ്ചെതലതോട്ടം, മാന്തോട്ടം, ദംഗതോട്ടം ഇവയാണ് ദാനം ചെയ്തത്. മഹാരാജഗുരു വാസവചന്ദ്രനാണ് സ്വീകർത്താവ്.

4. ദംഗദേവന്റെ ശിലാലിഖിതം (1059) ജയവർമ്മദേവ 1178ൽ പുനരുദ്ധരി ച്ചത്.

ഖജുരാഹോ വിശ്വനാഥക്ഷേത്രത്തിന്റെ പ്രവേശ നദ്വാരത്തിന്റെ വലത്തുവശം. നാഗരി ലിപി. സംസ്കൃതഭാഷ. ജയവർമ്മദേവകാലത്ത് ഗൌഡദേശത്തെ കായസ്ഥൻ ജയപാലനാണ് ലിഖിതം കൊത്തിയിരിക്കുന്നത്.

ആദ്യഭാഗം 33ആം വരിവരെഃ-ശിവനെ (രുദ്ര,ദി ഗംബര,ശൂലധര, മഹേശ്വരി) സ്തുതിച്ച്, ഭാരതി, ഗണേശ, ഇതരകവികളെന്നിവരെ സ്മരിക്കുന്നു. ബ്രഹ്മാവ് ബ്രഹ്മാണ്ഡരചനക്ക് ശേഷം മരീചി മുതലായ ഋഷിമാരെ സൃഷ്ടിച്ചതും അത്രിയിൽനി ന്ന്ചന്ദ്രനും ചന്ദ്രാത്രേയവംശവും ഉണ്ടായതും പറയുന്നു. അതിലുണ്ടായ നുന്നകൻമുതലുള്ള വംശം പറയുമ്പോൾ

വിജയശക്തിയെ വിജയ നെന്നു മാത്രം പറയുന്നതും ജയശക്തിയെ പറയാ തിരിക്കുന്നതും വ്യത്യാസമാണ്. യശോവർമ്മ ന്റെ ഭാര്യ പുപ്പയാണെന്ന് ഇവിടെ പറയുന്നതും വ്യത്യാസമാണ്. പുപ്പയുടെ മകനാണ് ദംഗൻ. ഇന്ത്യയുടെ തെക്കേഅറ്റം വരേയും സിംഹളദേശ വും യശോധർമ്മൻ ഭരിച്ചിരുന്നതായും പറയു ന്നു.

ദംഗന്റെ ശിവക്ഷേത്രത്തിൽ 2 ലിംഗപ്രതിഷ്ഠ ഉണ്ട്. ഒന്ന് മരതകലിംഗം. മറ്റേത് ശിലാലിംഗം. ബ്രാഹ്മണർക്ക് താമസസ്ഥലങ്ങളും ഭൂമിയും ധാന്യവും പശുക്കളും പണവും ധാരാളം സ്വ ർണ്ണവും ക്ഷേത്രം നടത്താനായി രാജാവ് ദാനം ചെയ്തു. ദംഗന്റെ മരണശേഷമാണ് ലിഖിതം. അദ്ദേഹം 100 വർഷം ജീവിച്ചശേഷം ഗംഗായമു നാസംഗമസ്ഥാനത്ത് കണ്ണടച്ച് നദിയിൽമുങ്ങി ശിവനെ സ്മരിച്ച് ദേഹം ത്യജിച്ചതായി ലിഖിതം പറയുന്നുണ്ട്. യശോധരന്റെ ഭരണകാലത്താണ് പ്രശസ്തി രചിച്ചത്. കവി രാമൻ ബലഭദ്രപുത്ര നും നന്ദനന്റെ പേരക്കുട്ടിയും ശവര(ശബര)നു മാണ്. തർക്കാരികാനിവാസിയാണ്. കായസ്ഥൻ യശ്പാലനെഴുതി, സിംഹൻ

കൊത്തിവെച്ചു. പ്രമത്തനാഥനുവേണ്ടി ദംഗനുണ്ടാക്കിയ ക്ഷേത്രം ഛിച്ഛേഹനെന്ന ശിൽപ്പി പണിതു. ഇത് എന്നും നിലനിൽക്കട്ടെ.

യശോധരൻ ഭട്ടയശോധരനെന്ന പേരിൽ ദംഗദേ വന്റെ കോപ്പർപ്ലേറ്റ് ലിഖിതത്തിലുമുണ്ട്.അതി ലും തർക്കാരികമെന്ന സ്ഥലം പറയുന്നുണ്ട്. വിക്രമശകം 1059(എഡി 1001-1002) ദംഗദേവൻ ഭരിക്കുന്ന ഖർജ്ജൂരവാഹകത്തിൽ (ഖജുരാ ഹോ) ദിവ്യമായ മരതകേശ്വരക്ഷേത്രം പൂർത്തി യായി. 1055നും 1059നും ഇടയിലാണ് ദംഗന്റെ മരണം. ദംഗദേവന്റെ പിൻഗാമിയെക്കുറിച്ച് ഈ ലിഖിതം പറയുന്നില്ല.

5. കൊക്കല്ലയുടെ ശിലാലിഖിതം 1058

ഖജുരാഹോവിലെ വൈദ്യനാഥക്ഷേത്രത്തി ൽനിന്ന് ലഭിച്ചത്. ഇപ്പോൾ വിശ്വനാഥക്ഷേത്ര ത്തിന്റെ പ്രവേശനദ്വാരത്തിന്റെ പാർശ്വത്തിലെ ചുമരിലാണ്. 22 വരി. 14 വരി വായിക്കാനാ വും. ബാക്കി സ്ലാബ് പൊട്ടിയതിനാൽ 80 അക്ഷ രം പോയിട്ടുണ്ട്. നാഗരി ലിപി.

സംസ്കൃതം ഭാഷ. കിം ബഹുനാ എന്നതിന് ബഹുനാ എന്നാ ണ്. പദ്യമാണ്.കവിതാശൈലി മറ്റ് ഖജുരാഹോ ലിഖിതങ്ങളിൽനിന്ന് താഴെയാണ്. കവി, എഴുതിയെടുത്ത ആൾ, ലിപികൻ എന്നിവരുടെ പേരില്ല. വിക്രമശകം 1058 കാർത്തികപൌർണ്ണ മിക്കാണ് ലിഖിതം എഴുതിയത്. (എഡി 1000-1001) വൈദ്യനാഥക്ഷേത്രവും ബ്രാഹ്മണർക്കുള്ള ഗൃഹങ്ങളും നിർമ്മിച്ചത് കൊക്കല്ല ആണ്. ഗ്രഹ പതിവംശത്തിലെ യശോബലൻ(അതി യശോബ ലൻ) -പുത്രൻ മാഹതൻ-പുത്രൻ ജയദേവൻ- പുത്രന്മാര് കോ കല്ലനും ശേ കല്ലനും. ഇതാണ് വംശവൃക്ഷം. ഖജുരാഹോവിലെ ലിഖിതങ്ങളി ലെല്ലാം ഇവരുടെ പേരുണ്ട്. ഇവർ ഖജുരാഹോ നിവാസികളാണ്. യശോബലൻ പത്മാവതിനഗര ത്തിലാണ് വസിച്ചിരുന്നത്. (നാഗരാജധാനി) ഭവഭൂതിയുടെ മാലതീമാധവം വെച്ച് കണ്ണിങ്ങാം പത്മാവതി ഇപ്പോഴത്തെ നർവ്വാർ ആണെന്ന് പറയുന്നു. കൊക്കല്ലൻ ഒരു നഗരം നിർമ്മിച്ചിട്ടു ണ്ട്. ത്രിപുരിയിലെ ചേദിരാജജാവ് കോക്കല്ലനല്ല ഇതെന്ന അഭിപ്രായം പുനഃപരിശോധിക്കേണ്ട തുണ്ട്.

ആദ്യം തന്നെ ശിവജടയിലെ ചന്ദ്രനേയും ഫണമു യർത്തിയ നാഗവംശത്തേയും പറയുന്നുണ്ട്. ഈ ലിഖിതത്തിൽ പത്മാവതി എന്ന കളങ്കമറ്റ നഗരം വളരെ വലിയ രാജധാനികളോടുകൂടി പണിതത് സ്വർണ്ണയുഗത്തിനും രജതയുഗത്തിനും ഇടയിൽ ബ്രാഹ്മണവംശജനായ മഹാനാണ്. ശേക്കല്ലർ പണ്ഡിതനും ഗാംഭീര്യത്താൽ സൂര്യനും പ്രശ സ്തനും സജ്ജനങ്ങളിൽ മുമ്പനും സത്യനിലയ വും ധൈര്യം, ഔദാര്യം, ആത്മവിശ്വാസം, ധനം ഇവകളാൽ ശോഭിതനുമായിരുന്നു. അനുജൻ കൊക്കല്ലൻ സുന്ദരനും സദ്സ്വഭാവിയും ജ്യേഷ്ഠ നെപ്പോലെ ഔദാര്യവാനും ആയിരുന്നു. അദ്ദേ ഹം ഇന്ദ്രനഗരം പോലെ ഒരു നഗരം പണിതു. സംസാരസാഗരം തരണം ചെയ്യാനായി വൈദ്യ നാഥക്ഷേത്രവും പണിതു.

6. ജൈനക്ഷേത്രത്തിലെ വിഗ്രഹങ്ങളി ലുള്ള 3 ലിഖിതങ്ങൾ

നാഗരിലിപി സംസ്കൃതഭാഷ. ഗ്രഹപതിവംശ ത്തിലെ ശ്രേഷ്ഠി ശ്രീ പാണിധരഃ എന്നാണ് ഒന്നിലുള്ളത്. ശകം 1205 (എഡി 114-48) മാഘമാസം

കൃഷ്ണപക്ഷപഞ്ചമി. രണ്ടാമത്തേ തിൽ ഓം ഗ്രഹപത്യന്വയേ ശ്രേഷ്ഠിപാണിധര സ്ഥസ്യ സുത ശ്രേഷ്ഠിത്രിവിക്രമ തഥാ ആൽഹണ ലക്ഷ്മീധര സംവത് 1205 മാഘ 5. പാണിധരശ്രേഷ്ഠിയുടെ മൂന്നു മക്കളായ ത്രിവിക്രമ, അൽഹണൻ, ലക്ഷമീധരനെന്നിവരെ പറഞ്ഞിരിക്കുന്നു. മൂന്നാമത്തേത് വിക്രമശകം 1215 (എഡി 115-58) ശുക്ലപക്ഷപഞ്ചമി. മാഘ മാസം.മദനവർമ്മദേവകാലം. ഗ്രഹപതിവംശ ത്തിലെ ശ്രേഷ്ഠി ദേദുവിന്റെ മകൻ പാഹില്ലന്റെ പുത്രൻ സാധു സാൽഹേ സ്ഥാപിച്ച വിഗ്രഹം. സാൽഹേയുടെ മക്കളായ മഹാഗണൻ മഹീചന്ദ്ര ൻ ശിരിചന്ദ്രൻ ജിനചന്ദ്രൻ ഉദയചന്ദ്രനെന്നിവർ സദാ സാംബവനാഥനെ വണങ്ങുന്നവരാണ്. ശിൽപ്പി രാമചന്ദ്രൻ.

7. ഗ്വാളിയോറിലെ വൈല്ലഭട്ടസ്വാമി ക്ഷേത്രത്തിലെ 2 ലിഖിതങ്ങൾ:-

ഗ്വാളിയോർ കോട്ടയിലേക്ക് പോകുന്ന വഴിയി ലെ ചെറിയ ഒറ്റക്കല്ലുക്ഷേത്രത്തിലാണ് ഇവ. കണ്ണിങ്ങാം ഇതിനെ ചതുർഭുജക്ഷേത്രം എന്ന് വിളിക്കുന്നു. ആദ്യത്തേതിൽ 27 സംസ്കൃത ശ്ലോകം. അലങ്കാരശാസ്ത്രത്തിൽ വിദഗ്ദ്ധനായ ഒരു പണ്ഡിതനാവണം കവി. കാവ്യരീതിയിലാ ണ് രചന. വൈല്ലഭട്ടന്റെ മകനും നാഗരഭട്ടന്റെ പേരക്കുട്ടിയുമായ അല്ല , 932ൽ വിഷ്ണുക്ഷേത്രം പണിതു. വർജ്ജരവംശജനായ നാഗരഭട്ടൻ ആന ന്ദപുരത്തിൽനിന്ന് ലാടമണ്ഡലത്തിലേക്ക് (ഗുജ റാത്തിലെ വടനഗരം) വന്ന ആളാണ്. രാമദേവ നെന്ന രാജാവിന്റെ മര്യാദാദുർഗ്ഗത്തിന്റെ മുഖ്യ നായിരുന്നു വൈല്ലഭട്ടൻ. അല്ല അഛനെ തുട ർന്ന് ഈ ജോലിയിൽ നിയമിതനായി. അദ്ദേഹ ത്തെ ഗോപാദ്രി (ഗ്വാളിയോർ കോട്ട) സംരക്ഷി ക്കാൻ ശ്രീമദ് ആദിവരാഹരാജാവാണ് നിയമി ച്ചത്.

രണ്ടാമത്തെ ലിഖിതം ശകം 933ൽ ഗോപാദ്രിയി ൽ വെച്ച് എഴുതിയതാണ്. സംസ്കൃതഗദ്യം. പരമേശ്വര ഭോജരാജകാലം. ഗോപഗിരി കോട്ട പാലൻ അല്ലനാണ്. ലിഖിതം വല്ലഭട്ടപുത്രനായ

അല്ല 2 ക്ഷേത്രങ്ങൾക്ക് കൊടുത്ത 4 ദാനം രേഖ പ്പെടുത്തുന്നു. വൃഛികനദിക്കപ്പുറമുള്ള നവദു ർഗ്ഗാക്ഷേത്രത്തിനാണ് ആദ്യദാനം. ഗ്വാളിയോറി ലെ സുബർണ്ണികാ(സുവർണ്ണരേഖാ) നദിയുടെ മറ്റൊരു പേരാണ് വൃശ്ചിക. നവദുർഗ്ഗാക്ഷേത്രത്തിനും വൈല്ലഭട്ടസ്വാമിവി ഷ്ണുക്ഷേത്രത്തിനുമാണ് രണ്ടും മൂന്നും ദാനം. കോട്ടയുടെ കിഴക്കുള്ള സ്ഥാനം വാസികളാണ് നാലു ദാനവും ചെയ്യുന്നത്. പുഷ്പവാടികക്കുള്ള ഭൂമി, 2 വയലുകൾ, വിളക്ക് തെളിയിക്കാൻ തൈലികർ കൊടുക്കേ ണ്ട ഒരു മാസത്തേക്കുള്ള എണ്ണ, ശ്രീഗോപാദ്രി തലോപരി താമസിക്കുന്ന തോട്ടക്കാർ കൊടുക്കേ ണ്ട ഒരു മാസത്തേക്കുള്ള പുഷ്പമാല ഇവ യാണ് ദാനത്തിലെ വ്യവസ്ഥ. ചൂഡാപള്ളിക, ജയപുരകം, ശ്രീസർവ്വേശ്വരപുരം, ശ്രീവത്സസ്വാ മിപുരം, . ചഛികാഘട്ടിക, നിംബാദിത്യഹട്ടിക മുതലായ സ്ഥലങ്ങളെ പരാമർശിക്കുന്നുണ്ട്. തൈലം കൊടുക്കുന്നവരിൽ ജയശക്തി മുതലായ ക്ഷത്രിയരുമുണ്ട് എന്നത് ശ്രദ്ധേയമാണ്. അക്കാലത്തെ അളവ് പരമേശ്വരഹസ്തിക ഗോപഗിരീയമാപ്യേന (ഗോപഗിരിയിലെ

അളവ്) ദ്രോണം ആണ് മറ്റൊരു അളവ്. ആദ്യലിഖിതം വെല്ലഭദേവസമകാലീനനായ രാമദേവനേയും, അല്ലയുടെ സമകാലികനായ ശ്രാമദ് ആദിവരാഹനേയും രാജാക്കന്മാരായി പറയുന്നു. രണ്ടാമത്തെ ലിഖിതകാലത്ത് പരമേശ്വരഭോജദേവനാണ് രാജാവ്. ദിയോ ഗാർഹിലെ പരമേശ്വരഭോജദേവലിഖിതം സംവത് 919 ശകം 784ലാണ്. പെഹവ ലിഖിതം ഹർഷദേവകാലം സംവത് 276ലാണ്. പരമേശ്വ രഭോജദേവന്റെ പിതാവായ പരമേശ്വരരാമഭദ്ര ദേവനാണ് ആദ്യലിഖിത്തിലെ രാമദേവനെന്ന് കണ്ണിങ്ങാം. ശ്രീമദ് ആദിവരാഹദേവനെന്നത് ഭോജദേവന്റെ ഒരു ബിരുദമാണെന്ന് അദ്ദേഹം കരുതുന്നു.

പരമേശ്വരരാമഭദ്രദേവ (പെഹവ ലിഖിതം) രാമദേവ (ഇവിടത്തെ ലിഖിതം 1) , മകൻ പരമേശ്വരഭോജദേവൻ എന്ന ആദിവരാഹ ദേവൻ . ദിയോഗാർഹ് ലിഖിതം എഡി 862. ഗ്വാളിയോർ ലിഖിതം 1 എഡി 875. പെഹേവ ലിഖിതം എഡി 882 ഇതാണ് ക്രമം. ഈ മൂന്നു ലിഖിതങ്ങളിലും പറയുന്ന ഭോജദേവൻ മഹോദ

യത്തിന്റേയോ കന്യാകുബ്ജത്തിന്റെയോ രാജാ വായിരുന്നു എന്ന് പ്രൊ കീൽഹോൺ.

ഫ്ലീറ്റ് പറയുന്നത് രാമഭദ്രദേവന്റെ പുത്രനായ ഭോജദേവനും മഹോദയത്തിലെ 2 കോപ്പർപ്ലേ റ്റുകളിൽ പറയുന്ന ഭോജദേവനും ഒരാളല്ല എന്നാണ്. കണ്ണിങ്ങാം കൽഹണന്റെ രാജതരം ഗിണിയിലെ ഭോജാധിരാജൻ (ഭോജന്മാരുടെ രാജാവ്) ഭോജരാജാവെന്ന വ്യക്തിയല്ല എന്നാണ്. രാജതരംഗിണിയിലെ ഭോജാധിരാജൻ കാശ്മീരിലെ ശങ്കരവർമ്മന്റെ കാലത്താണ് ജീവിച്ചത്.

വൈല്ലഭദേവൻ കാസരകീയവിഷ്ണുവിന്റെ പുത്രി ജജ്ജയെ വിവാഹം കഴിച്ച് അതിലുണ്ടാ യ മകനാണ് അല്ല. അല്ലയുടെ ഭാര്യമാർഃ-1.കന്നൂഹന്റെ പുത്രി വവ്വ. അവളിലാണ് പ്രിയപ്പെട്ട മകൾ സോമത ജനിച്ചത്. 2. ഭട്ടന്റെ പുത്രി ഗൊഗ്ഗ. 3. മഹാദേവന്റെ പുത്രി ഗൌരി. 4. ഗോവർദ്ധനപുത്രി സില്ല. 5. നന്നകന്റെ പുത്രി ഈശത . വവ്വയുടേയും തന്റേയും ഐശ്വര്യത്തി നായി വിഷ്ണുക്ഷേത്രം പണിതു. 932ൽ വൈശാ ഖത്തിൽ

ഒറ്റക്കല്ലിൽ തീർത്ത ക്ഷേത്രം വിഷ്ണു വിന് അതീവ പ്രീതി ജനിപ്പിച്ചു.

8. സിയദോനി ശിലാലിഖിതം

ആദ്യവരികളില് മഹേന്ദ്രപാലനെന്ന രാജനാമം ഉണ്ട്. 960 കാലം. പിന്നെ ഭോജനാമവും 964 എന്ന കാലവും. ക്ഷിതിപാല, ദേവപാല 1005 എന്ന കാലം പിന്നെ കാണുന്നു.960 മുതൽ 1025 വരെയുള്ള കാലത്ത് പലരും ചെയ്ത ദാനങ്ങ ളാണ് ഉള്ളത്. ലളിത്പൂരിൽനിന്ന് 10 മൈൽ വടക്കുപടിഞ്ഞാറ് സിരോൻകുണ്ഡ് എന്ന സ്ഥ ലത്ത് ഈ ലിഖിതം ഉണ്ടെന്ന് 188ൽ ബർഗസ്സ് ആണ് ആദ്യം റിപ്പോർട്ട് ചെയ്തത്. സീയദോനി ഗ്രാമത്തിന്റെ കിഴക്ക് ബേരാർ അരുവിക്കരയിൽ ശാന്തിനാഥജൈനക്ഷേത്രത്തിലേക്ക് അതിനെ ഒരു ബനിയ എടുത്ത് ഉറപ്പിച്ചിരുന്നു. 46 വരി. 11ആം നൂറ്റാണ്ടിലെ നാഗരി ലിപി. 39 വരിവരെയുള്ള ആദ്യഭാഗം ശ്രദ്ധാപൂർവ്വം ഭംഗിയായി കൊത്തി യിരിക്കുന്നു. ഭാഷ സംസ്കൃതം. ആദ്യഭാഗം ഗദ്യത്തിൽ 960 മുതൽ 1025 വരെ ഉള്ള ദാനങ്ങ ളാണ്. രണ്ടാംഭാഗം

പദ്യം. മുരാരിയായ വിഷ്ണുവിന് ക്ഷേത്രം പണിതത് പറയുന്നു.

സന്ധിനിയമങ്ങളും വ്യാകരണനിയമങ്ങളും ലിഖിതത്തിലൊട്ടാകെ തെറ്റി പ്രയോഗിച്ചിട്ടുണ്ട്. ഇത് വ്യാകരണപണ്ഡിതന്മാർക്ക് നല്ല ഒരു റിസ ർച്ച് മേഖലയാണ്. ആദ്യഭാഗത്ത് സിയദോനിയി ലെ വിവിധക്ഷേത്രങ്ങൾക്ക് അവിടത്തെ വൈശ്യ രും പൌരന്മാരും കൊടുത്ത ദാനവിവരമാണ്. ചിലഭാഗങ്ങൾ ഭോച്ചുകപുത്രൻ സർവ്വഹരി, സർവ്വഹരിപുത്രൻ രാച്ചുകൻ, സർവ്വഹരിയുടെ മറ്റൊരു പുത്രൻ സ്വാമികുമാരൻ, സ്വാമികുമാര പുത്രൻ ധീരവർമ്മൻ എന്നീ കാരണികന്മാരാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിർത്തികളെ ല്ലാം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തിയിട്ടുണ്ട്. സംവത് 960ൽ സംഗാതപുത്രനായ വ്യാപാരി ചന്ദൂകൻ നഗരത്തിന്റെ തെക്ക് ഭാഗത്ത് നിർമ്മി ച്ച ശ്രീനാരായണഭട്ടാരകക്ഷേത്രത്തിന് നാട്ടുകാർ 200-225 അളവ് ഭൂമി കൊടുത്തു. സംവത് 964 മാർഗ്ഗശിര മഹാസാമന്താധിപതി ഉണ്ടഭട്ടൻ,

**ചന്ദ്രൂകനിർമ്മിതമായ
വിഷ്ണുഭട്ടാരകക്ഷേത്ര ത്തിന് നിത്യം ഒരു
പാഞ്ചീയകദ്രമ്മത്തിന്റെ കാൽഭാഗവും
ഒരു യുഗവും (അളവ്) നീക്കിവെ ച്ചു. .
അതേ ദിവസം സംഗാതപുത്രൻ നിർമ്മിച്ച
വിഷ്ണുഭട്ടാരകക്ഷേത്രത്തിന്
കച്ചവടക്കാരായ സംഗാതപുത്രന്മാർ
ചന്ദ്രൂക, സാവസ, മാഹപ, എന്നിവർ ഒരു
അവസാനിക (4 വീടുകളോടു കൂടിയ
വാസസ്ഥലം) കൊടുത്തു. 965 ആശ്വിനശു
ക്ലപക്ഷം ചന്തുവിന്റെ പുത്രനായ
നാഗകനെന്ന വ്യാപാരി
കള്ളുകച്ചവടക്കാർ ഓരോ കുടം കള്ള്
ഉൽപ്പാദിപ്പിക്കുന്നതിനും അര വിഗ്രഹപാ
ലദ്രമ്മം ക്ഷേത്രത്തിലേക്ക്
കൊടുക്കണമെന്ന് നിശ്ചയിച്ചു. പഞ്ചസാര
ഉണ്ടാക്കുന്നവർ വരാ
ഹകരവിംശോകമെന്ന കരം
കൊടുക്കാനും നിശ്ചയിച്ചു. സംവത് 967
ഫാൽഗുനം , ദോഷി ഹട്ടയിലെ ഒരു
അവസാനിക വാസുദേവനെന്ന വ്യാപാരി
ചന്ദ്രൂകൻ നിർമ്മിച്ച വിഷ്ണുഭട്ടാരക
ക്ഷേത്രത്തിനടുത്ത് താൻതന്നെ നിർമ്മിച്ച
വിഷ്ണുഭട്ടാരകന് ദാനം ചെയ്തു. കൂടാതെ ആ
ദേവന്റെ അഗ്നിആരാധനക്കായി സ്വന്തം
വീടും ദാനം ചെയ്തു. പ്രസന്നഹട്ടയിലെ
കടവീഥി ചന്ദ്രൂകൻ കൊടുത്തു. അദ്ദേഹം**

തനിക്ക് സ്വന്ത മായി ഉണ്ടായിരുന്ന നാലു കടവീഥികളും വിഷ്ണുഭട്ടാരകന് സമർപ്പിച്ചു. വടേശ്വരപുത്ര നും വെറ്റില വിൽക്കുന്നവനുമായ കേശവൻ ചതുർഹട്ടയിലെ സ്വന്തം കടവീഥി വിഷ്ണുഭട്ടാ രകന് കൊടുത്തു. ദോഷിഹട്ടയിലെ 2 വീഥി ചന്ദു പുത്രനായ നാഗകനും കൊടുത്തു. മഹാപപുത്ര നായ ശീലുകനും ഒരു കടവീഥി നാരായണഭട്ടാ രകന് സമർപ്പിച്ചു. നാഗകൻ സംവത് 969ൽ കള്ളുചെത്തുന്നവർക്ക് 1350 ശ്രീമദാദിവരാഹ ദ്രമ്മം കൊടുത്ത്, അവർ ഓരോ മാസവും അര വിഗ്രഹകുംഗീയദ്രമ്മം ക്ഷേത്രത്തിലേക്ക് കൊടു ക്കണമെന്ന് വ്യവസ്ഥ ഉണ്ടാക്കി. ദോഷിഹട്ടയി ലെ ചില യുഗങ്ങൾക്ക് 2 കപർദ്ദകം വീതം നാഗ കനും നിശ്ചയിച്ചു. ദോഷിഹട്ടത്തിലെ ഒരു വീഥി നാരായണഭട്ടാരകന് കൊടുത്തു. കൂടാതെ തന്റെ സ്വനതം 3 വീഥികളും നാരായണഭട്ടാരകന് കൊടുത്തു.

ഗോവിന്ദപുത്രൻ ഭൈലൻ വാമനസ്വാമിദേവന് മൂന്നിലൊന്ന് വിഗ്രഹപാലീയദ്രമ്മത്തിന് ഒരു വീഥി.

ത്രിഭുവനസ്വാമിദേവന് നാഗകൻ 2 വീട്

ഉമാമഹേശ്വരന് ധാമകനെന്ന താംബൂലവിൽപ്പ നക്കാരൻ ഒരു ഉവതകം

സംവത് 994 വൈശാഖസംക്രാന്തി, കേശവപുത്ര ൻ സവരൻ, ഇഛുപുത്രൻ മാധവൻ എന്നീ താംബൂലവിൽപ്പനക്കാർ ഓരോ പാലിക വെറ്റിലക്ക് ഒരു വിഗ്രഹദ്രമ്മവിശോവക. (ചന്ദുകന്റെ വിഷ്ണു ക്ഷേത്രത്തിന്)

ത്രിഭുവനസ്വാമിദേവന് സവസൻ ഒരു വീഥി.

ഓരോ എണ്ണമില്ലിനും ഓരോ പാലിക എണ്ണ വീതം എണ്ണക്കച്ചവടക്കാർ കൊടുക്കണമെന്ന് നാഗകൻ വ്യവസ്ഥ ചെയ്തു. സംവത് 1005 മാഘശുക്ലപഞ്ചമി ദോഷിഹട്ടയിലെ മഹാജനം മാസത്തിൽ ദ്രമ്മത്തിന്റെ മൂന്നിലൊന്ന് ശ്രീഭൈല സ്വാമിദേവന്, വിക്രമനെന്ന് വ്യാപാരി നീക്കി വെച്ചത് കൊടുത്തു. സൂത്രധാര ജേജപ, വിശ്യാ ഖ, ഭാലവാക, മറ്റ് കല്ലാശാരിമാർ വിഗ്രഹപാ ലദ്രമ്മത്തിന്റെ മൂന്നിലൊന്ന് ഓരോ ഭരണത്തി നും വിഷ്ണുഭട്ടാരകന് കൊടുക്കാനായി കരാ റുണ്ടാക്കി. സംവത് 1008 മാഘശുക്ലഏകാദശി കേശവൻ ദുർഗ്ഗാദിത്യൻ മറ്റു തൈലപർ കൂടി ഓരോ എണ്ണമില്ലിൽനിന്നും ഓരോ പാലിക എണ്ണ പുരന്ദരൻ , ശ്രീവിഷ്ണുസ്വാമിദേവന്റെ

ക്ഷേത്രത്തിലുണ്ടാക്കിയ ശ്രീചക്രസ്വാമിദവന് കൊടുത്തു. പപ്പപുത്രന്മാരായ മഹാദിത്യ, നോഹലന്മാരെന്ന വ്യാപാരികൾ 3 വീടുകളുള്ള ഒരു അവസാനിക ദെദദപുത്രൻ പപ്പകൻ നിർമ്മിച്ച ശ്രീചക്രസ്വാമിദേവക്ഷേത്രത്തിലേക്ക് കൊടടുത്തു. സംവത് 991 മാഘശുക്ലദശമി ചന്തുപുത്രൻ നാഗകൻ, ദെദൈകൻ, വാലി രുദാകൻ ,ജാജുപുത്രൻ, സാവാപുത്രൻ ചിത്രാ ർക്കൻ, എന്നിവർ വീടുകളോടുകൂടിയ അവസാ നികയും അതിലെ വീഥികളും വിഷ്ണുവിന് സമർപ്പിച്ചു. ദെദൈക,വാലിക, രുദാക, ജാജുപു ത്ര, ഇവർ ചതുഷ്കഹട്ടത്തിലെ വീഥി വിഷ്ണുഭ ട്ടാരകന് കൊടുത്തു. സംവത് 1025 മാഘനവമി മഹാദിത്യപുത്രനായ ശ്രീധരനെന്ന വ്യാപാരി ശ്രീമദാദിവരാഹദ്രമ്മത്തിന്റെ കാൽഭാഗം , വീഥിയുടെ വാടകയായി വിഷ്ണുഭട്ടാരകന് വിഗ്രഹതുംഗീയദ്രമ്മം, കൊടുത്തു. ഈ ക്ഷേത്രം ചന്ദുവിന്റെ ശ്രീവി ഷ്ണുഭട്ടാരകക്ഷേത്രത്തിൽ മഹാദിത്യൻ നിർമ്മിച്ചതാണ്.

വിഷ്ണുഭട്ടാരക, വാമനസ്വാമിദേവ, ചക്ര സ്വാമിദേവ, നാരായണഭട്ടാരക എന്നീ ദേവ ന്മാരെല്ലാം വിഷ്ണുവാണ്. ത്രിഭുവനസ്വാമി ദേവനും വിഷ്ണുവാണ്.

ഉമാമഹേശ്വരൻ മാത്രമാണ് ശിവൻ. ഭിൽസയിലെ ലിഖിതത്തിലു ള്ള ഭൈലസ്വാമിദേവൻ രവി അഥവാ സൂര്യനാ ണ്. ഗ്വാളിയോർലിഖിതത്തിലെ ബൈല്ലഭട്ടാരക സ്വാമിൻ വിഷ്ണുവാണ്.

ഈ ലിഖിതത്തിലെ വിവിധനാണ്യങ്ങൾഃ- ദ്രമ്മം, പാഞ്ചീയകദ്രമ്മം, വിഗ്രഹപാലദ്രമ്മം, വിഗ്രഹ പാലീയദ്രമ്മം, വിഗ്രഹപാലസത്കദ്രമ്മം, വിഗ്ര ഹതുംഗീയദ്രമ്മം, ശ്രീമദാദിവരാഹ, ശ്രീമദാദി വരാഹദ്രമ്മം, വരാഹകയവിംശോപകം, വിഗ്ര ഹദ്രമ്മവിശോവകം, കപർദ്ദകം, കാകിനി , വരാതകം.

ദായകർഃ മഹാപ്രതിഹാര, സമാഹിതാശേഷ മഹാസഭ മഹാസാമന്താധിപതി ഉണ്ടഭട്ടൻ. 960ലെ തേരാഹി ലിഖിതത്തിലും ഈ പേരുണ്ട്. എഡി 903-4 , എഡി 968-69 വരെയാണ് ഈ ലിഖിതങ്ങളിലെ ദാനകാലം . എഡി 912-13ൽ സിയദോനി മഹാരാജാധിരാജാ ദുർഭടനാണ് ഭരിക്കുന്നത്. എഡി 948-49, 951-52, 968-69 കാലങ്ങളിൽ മഹാരാജാധിരാജാ നിഷ്കളങ്ക നാണ്. സമാധിഗതാശേഷമഹാശബ്ദ മഹാസാമ ന്താധിപതിയായ മറ്റൊരു രാജാവ് 903-4ൽ ഭരിക്കുന്നു. അദ്ദേഹം നിർഭയനരേന്ദ്രനാണ്. അവരുടെ

കാലത്തെ അഞ്ച് അംഗമുള്ള സഭ യാണ് പാഞ്ചകുലം. കൂടാതെ 2 പേരുള്ള ഒരു കമ്മിറ്റിയും ഭരണം നടപ്പാക്കാനുണ്ട്. മഹാരാ ജാധിരാജന്മാർ ജനസഭയുടെ അനുമതിയോടെ ഭരണം നടത്തുന്നു. കന്യാകുബ്ജത്തിലെ നാല് രാജാക്കന്മാരെ ഇവിടെ പറയുന്നുണ്ട്.

ഭോജൻ(എഡി 862,86,882)

മഹേന്ദ്രപാല, നിർഭയനരേന്ദ്ര അഥവാ മഹിഷപ ല (എഡി 903-907) മഹോദയത്തിലെ രാജാവ്. (രാജശേഖരന്റെ ശിഷ്യൻ)

ക്ഷിതിപാല മഹീപാല ,ഹേരംബപാല എഡി 917 (രാജശേഖരന്റെ രക്ഷിതാവ്) കീരദേശത്തെ സാഹി, ചന്ദംല്ല ഹർഷദേവനെന്നിവരുടെ സമകാലികൻ

ദേവപാലൻ എഡി 948. ചാന്ദെല്ലയശോവർമ്മൻ (ലക്ഷവർമ്മൻ) സമകാലികൻ. ആൽവാറിൽനി ന്നു കിട്ടിയ ലിഖിതത്തിൽ (എഡി 959-60) ക്ഷിതി പാലന്റെ പിൻഗാമിയായി പറയുന്ന വിജയപാ ലൻ തന്നെയാണോ ദേവപാലനെന്നത് തീർച്ചയി ല്ല.

ലിഖിതത്തിലെ രണ്ടാംഭാഗം

ഇന്ദ്രന്റെ അമരാവതിപോലുള്ള മഹോദയത്തി ലെ ഒരു രാജകുമാരൻ രായക്കനഗരം ബ്രാഹ്മണ ർക്ക് കൊടുത്തു.

അവരെ രായക്കബ്രാഹ്മണ രെന്ന് വിളിക്കുന്നു. അവരുടെ പിൻഗാമികളിൽ ഒരാളായ വസിഷ്ഠൻ സിയദോനിയിലേക്ക് വന്നു. അദ്ദേഹം ഇവിടത്തെ രാജാവായ ഹരി രാജന്റെ സമീപത്ത് താമസിച്ചു. വസിഷ്ഠന്റെ മകൻ ദാമോദരൻ ഇവിടെ മുരാരിക്ക് ക്ഷേത്രം പണിതു തോട്ടവും ക്ഷേത്രച്ചെലവിനുള്ള ധനവും കൊടുത്തു. ദാമോദരന്റെ അഛൻ യുദ്ധത്തിലാ ണ് മരിച്ചത്.ഡോ ഫ്യൂറർ ഈ ക്ഷേത്രം കണ്ടെത്തി. സിറോണിന്റെ വടക്കുകിഴക്ക് സദ്ഗത്തോ ഗ്രാമ ത്തിലെ ജീർണ്ണിച്ച ക്ഷേത്രമാണ്. (സദ്ഗതിഗ്രാമം) അവിടെ വലിയ ഒരു കിണർ (ബാവലി)ഇപ്പോ ഴും നശിക്കാതെ ഉണ്ട്. ഗ്രാമത്തിൽ നിരവധി മനോഹരമായ വിഷ്ണുവിഗ്രഹങ്ങൾ കിട്ടിയത് ലക്നൌ മ്യൂസിയത്തിലുണ്ട്.

മഹോദയത്തിൽനിന്ന് വന്ന രായക്കന്മാർ സിയ ദൊനിയിൽ താമസിച്ച രായക്കനഗരം ഏതെന്ന് കണ്ടെത്തിയിട്ടില്ല. രായക്കഭട്ടന്മാർ രായക്കവാ ലാ എന്നു വിളിക്കുന്ന ഉത്തരേന്ത്യൻ ബ്രാഹ്മണ രാണെങ്കിൽ ഭീമദേവ രണ്ടാമന്റെ ലിഖിതത്തിൽ ആ പേരുണ്ട്. രായന്മാരെന്നത് തമിഴ് സംസാരി ക്കുന്ന പ്രദേശങ്ങളിലാണ് രാജാക്കന്മാരെ വിളിക്കുക. മഹോദയം തമിഴ് സംസാരിക്കുന്ന ചേരരാജ്യമായിരുന്നു.

അവിടെ ബ്രാഹ്മണരെ രായക്കന്മാരാക്കുന്ന പതിവ് അപൂർവ്വമല്ല. അത്തരം കുടുംബം സിയാദൊനിയിലേക്ക് കുടിയേറിപ്പാർത്തവരാവാം ഇവരെന്ന് കരു തുന്നതിൽ അപാകത ഇല്ല മഹോദയം കന്യാ കുബ്ജമാണെന്ന് തെറ്റിദ്ധരിച്ച പണ്ഡിതന്മാരാ രും ഈ സാദ്ധ്യത ചിന്തിച്ചതായി കാണുന്നില്ല.

കുദർക്കോട്ട്(ഗവിധുമത്ത്) ശിലാ ലിഖിതം

വടക്കുപടിഞ്ഞാറൻ പ്രവിശ്യയിലെ ഇട്ടാവ ജില്ലയിലെ ജീർണ്ണിച്ച കുദർകോട്ട് കോട്ടയിൽ(24 മൈൽ വടക്കുകിഴക്ക് ഇട്ടാവനഗരത്തിൽനിന്ന്) കിട്ടിയ ലിഖിതം. 16 വരി. മഹാനാമന്റെ ബോധ ഗയാലിഖിതത്തിലെ (ഗുപ്തകാലം എഡി 588-89) ലിപിയോട് സാമ്യം.ഹരിവർമ്മൻ ത്രിവേദികളാ യ ബ്രാഹ്മണർക്ക് വേണ്ടി വാസസ്ഥാനം പണി തു. ഹരിദത്തപുത്രനായ മമ്മനെന്ന് ബിരുദം ഹരിവർമ്മനുണ്ട്. . ആദ്യം താമസിച്ച 6 ബ്രാഹ്മ ണരുടെ പേരും ലിഖിതം പറയുന്നു.ഹരിവർമ്മ ന്റെ പുത്രൻ തക്ഷദത്തൻ ത്രിവേദവും പഠിച്ചിരു ന്നു.

അദ്ദേഹം യുദ്ധത്തിൽ മരിച്ചു . അതിന്റെ ഓർമ്മക്കാണ് ഈ പുണ്യം ചെയ്തത്. അച്ഛൻ ഹരിദത്തനെ ഹർഷകാലത്ത് പ്രശസ്ത നായി കാണുന്നതിനാൽ കാലഗണന എളുപ്പമാ ണ്. ലിഖിതം കാലം പറയുന്നില്ല. ഇപ്പോൾ കുദർക്കോട്ട് എന്നു വിളിക്കുന്നത് പഴയ ഗവി ധൂമത് ആണെന്ന് ലിഖിതത്തിൽ നിന്ന് മനസ്സിലാ ക്കാം. പതഞ്ജലിയുടെ മഹാഭാഷ്യത്തിലാണ് ഈ നാമം കാണുന്നത്. സങ്കാശ്യം ഗവിധൂമത്തി ൽ നിന്ന് 4 യോജന അകലെയാണെന്ന് പതഞ്ജലി പറയുന്നു. സങ്കാശ്യം (സങ്കീശ) വടക്കുപടിഞ്ഞാ റൻ പ്രവിശ്യയിലെ ഫറൂക്കാബാദിൽ കുദർകോ ട്ടിൽനിന്ന് 36 മൈൽ വടക്കുപടിഞ്ഞാറായി, അലിഗഞ്ചിൽനിന്ന് 11 മൈൽ തെക്കുകിഴക്ക്, ഇട്ടാവ ജില്ലയിലെ അസാംനഗർ പർഗ്ഗാനയിലെ ഗ്രാമമാണ്.

വാമനന്റെ മകനായ ഭദ്രനാണ് കവി. ഈശാനപുത്രൻ ദേവദേവൻ ലിപികൻ.

സൂര്യദത്തപുത്രൻ മഹാസേനദത്തൻ സാംകൃത്യഗോത്രം ബഹ്വൃചശാഖ

ഗോവത്സസോമപുത്രൻ ജാതവേദസോമൻ വത്സഗോത്രം അധ്വര്യുശാഖ

കുലദീപകീർത്തിപുത്രൻ വൈശ്വാനരകീർത്തി കുഹലഗോത്രം ഛാന്ദോഗ്യശാഖ

ഉദൈതധരപുത്രൻ ശ്രീചന്ദ്രധര വാസിഷ്ഠഗോത്രം ബഹ്വൃചശാഖ

വസുസ്വാമിപുത്രൻ ബഹുരൂപശർമ്മൻ ഔപമന്വവഗോത്രം അധ്വര്യു ശാഖ

ധൃതഗുപ്തസ്വാമിപുത്രൻ ഗോലവഗോത്രം ഛാന്ദോഗ്യശാഖ.

ഇവരാണ് ആദ്യം താമസിച്ച ആറു പേർ. മമ്മ ന്റെ ആജ്ഞാനുസാരം ഇവർ ത്രിവേദങ്ങളും പഠിപ്പിക്കാനും ശാസ്ത്രാനുസാരം ജീവിക്കുന്ന തിന്ന് മാതൃക കാട്ടാനുമായി ഇവിടെ താമസി ച്ചു.

ഗരീബനാഥക്ഷേത്രത്തിലെ പെഹേവ ലിഖിതം

പെഹേവ അഥവാ പെഹോവ കർണ്ണാൽ ജില്ല യിലാണ്. 17 വരി ശിലാലിഖിതം. 9ആം നൂറ്റാ ണ്ടിലെ വടക്കൻ നാഗരി ലിപി. സംസ്കൃതം. പെഹോവ അഥവാ പിതൃൂദകത്തിൽ ചില കുതിരവ്യാപാരികൾ വൈശാഖശുക്ലപഞ്ചദശി യിൽ

സമ്മേളിച്ചു. തങ്ങളുടേയും തങ്ങളുടെ സ്ഥിരമായി വാങ്ങുന്ന കസ്റ്റമർമാരുടേയും നികുതിയുടെ ഒരു ഭാഗം ശേഖരിച്ച് ക്ഷേത്രം, മഠം ,പുരോഹിതർ എന്നിവർക്ക് ഭാഗിച്ചു കൊടുക്കാൻ തീരുമാനിച്ചു. 33-34 പേരുള്ള സംഘത്തിലെ ആളുകളുടെ നാമം തന്നിട്ടുണ്ട്. ചൂതവാർഷികം, ഉത്പലിക, ശിക്കലിശെരവാ നപുരം, വലദേവപുരം, ശാരംഗദിക, ശിഹരു ദുക്കകെ, ത്രൈഘാടകം, ഗംഗകം, അശ്വലഉഹോ വകം എന്നീ ഗ്രാമക്കാരാണ്. ഇവ നാനാദേശങ്ങ ളിലാണ്. ശാരംഗദിക ലാഹോറിലെ ഷാരക്പൂ രാണ്. കച്ചവടക്കാരുടെ പേരെല്ലാം ഹിന്ദുനാമ മാണ്, ചിലത് വളരെ ദേശിനാമമാണ്. വാമക,ഭട്ട വീരുക മുതലായ ബ്രാഹ്മണനാമങ്ങളുണ്ട്. ബ്രാഹ്മണന്മാർ കുതിരക്കച്ചവടം ചെയ്യരുതെന്ന മനുനീതി അക്കാലത്ത് പാലിക്കപ്പെട്ടിരുന്നില്ല.

പൃഥൂദകത്തിലോ ത്രൈകൂടകത്തിലോ വെച്ച് രാജാവിനോ മറ്റുള്ളവർക്കോ വിൽക്കുന്ന ഓരോ കുതിരക്കും കച്ചവടക്കാരനു ലഭിക്കുന്ന തുകയിൽ 2 ദ്രമ്മം നികുതി കൊടുക്കണം. ഇതിൽ വാങ്ങുന്ന ആൾ കുതിരയുടെ വിലകൂടാതെ ഒരു ദ്രമ്മം കൊടുക്കണം.

അതിനാൽ വിറ്റവനും വാങ്ങിയവനും ഓരോ ദ്രമ്മം കൊടുക്കുന്ന ഫലമാണ്. ഇവിടെ ദ്രമ്മം എന്നത് ഒരു നാണ്യമല്ല എന്ന് അറിയണം. ക്ഷേത്രാവശ്യത്തിനായി അടക്കുന്ന തുകയാണത്. ഇപ്പോഴും ദൊല്ലേറ യിലെ തുണിക്കച്ചവടക്കാർ ഓരോ കെട്ട് പരു ത്തിക്കും ഏതാനും അണകൾ ശേഖരിച്ച് അവ ധർമ്മതലൌ ഫണ്ട് ആയി ദാനം ചെയ്യുന്നുണ്ട്. ആദ്യം മണലാരണ്യമായ ഭാൽ രാജ്യത്തുനിന്ന് വരുന്ന സഞ്ചാരികൾക്ക് വെള്ളം കൊടുക്കാനാ യി നാട്ടുകാർ രൂപീകരിച്ച ഫണ്ടായിരുന്നു ഇത്. ഇതിന്റെ ഒരുഭാഗം പ്രാദേശികഭാഷാപഠനത്തി നാണ് ചെലവഴിച്ചിരുന്നത്. ബാരോച്ചിലെ വക്കാരിയ എന്ന പരുത്തിക്കച്ചവടക്കാരും ഇപ്രകാരം സ്വയം രൂപീകരിച്ച ഫണ്ട് കൊണ്ട് ആദ്ധ്യാത്മികവും സാമൂഹ്യവുമായ ധർമ്മം നിർവ്വഹിക്കുന്നുണ്ട്. ഇപ്രകാരം ശേഖരിച്ച തുകയെ അക്ഷയനീവി എന്ന് പറയും. ഇത് സ്ഥിരം ഫണ്ടാക്കി, പലിശ മാത്രമാണ് ധർമ്മാ വശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്.ഇത്തരം ധർമ്മം തെക്കേഇന്ത്യയിലും ധാരാളം ലിഖിത ങ്ങളിൽ കാണുന്നുണ്ട്. ഇന്ത്യയൊട്ടാകെ ഈ സിസ്റ്റം നില നിന്നിരുന്നു.

കാനൂജിലെ ഗുഹാദിത്യൻ നിർമ്മിച്ച ക്ഷേത്രം, കാനൂജിൽ, ഗോതീർത്ഥത്തിൽ കദംബാദിത്യൻ നിർമ്മിച്ച ക്ഷേത്രം, കാനൂജിനടുത്ത ഭോജപുര ത്തിൽ ഭൂവകബ്രാഹ്മണൻ നിർമ്മിച്ച വിഷ്ണു ഗരുഡാസനക്ഷേത്രം, പൃഥൂദകത്തിൽ(പെഹോ വ) ഭൂവകൻ നിർമ്മിച്ച വിഷ്ണുയജ്ഞവരാഹ ക്ഷേത്രം, ഈ ക്ഷേത്രത്തിലെ പൂജകൻ, പൃഥൂദ കത്തിലെ ഒരു സ്ഥാനം- ഇവക്കാണ് ദാനം കൊടു ത്തിരിക്കുന്നത്. ഓരോരുത്തർക്കും കൊടുത്ത വിഹിതം വിശദമായി എഴുതിയിട്ടുണ്ട്. ധനം വിനിയോഗിക്കേണ്ട ചുമതല ദാനം സ്വീകരിച്ചവ രിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാലും ഒരു ഗോഷ്ഠികൻ(പഞ്ചായത്ത് അംഗം) കൃത്യ മായി പിരിക്കുന്നില്ലേ എന്ന് മേൽനോട്ടം വഹി ക്കും. (സ്വത പരതശ്ച നിർവ്വാഹ കർത്തവ്യ). സംവത് 276 ശ്രീഹർഷവർഷം, എഡി 882-883ലാണ് ലിഖിതം എഴുതിച്ചത്. ദിയോഗാർഹ് ലിഖിതത്തിൽ (എഡി 862) കാണുന്ന ഭോജനാണ് അന്ന് പൃഥൂദകം ഭരിക്കുന്നത്. അദ്ദേഹത്തിന്റെ ഗ്വാളിയോർ ലിഖിതം 876ലാണ്. രാജതരംഗിണി പറയുന്ന അധിരാജാ ഭോജനാണ് ഇതെന്ന് കണ്ണി ങ്ങാം കരുതുന്നു.

(ശങ്കരവർമ്മകാലം)

ഇദം ഭോജാധിരാജേന സ സാമ്രാജ്യമദാപയം പ്രതീഹാരതയാ ഭൃത്യോഭൂതേ ഥക്കിയകാനവ്യേ

വൈശാഖം പിശാചചതുർദ്ദശിക്ക് കിഴക്കൻ സരസ്വതീതീരത്തെ പൃഥൂദകത്തിലെ കുതിര ച്ചന്തയിൽ വെച്ച് ഭോജൻ വിളിച്ചുകൂട്ടിയവ രാണ് ദാനം ചെയ്തത്. 33 പേരുകളുണ്ട്. ഒന്ന്മാത്രം വായിക്കാനാവുന്നില്ല.

ചൂതവാർഷികത്തിലെ ഭട്ടവീരുകന്റെ മക്കൾ വന്ദനും രാജവലനും (രാജബല), വല്ലുകനും രാണുകപുത്രൻ രാജ്യശീഹൻ.

ഉത്പാലികത്തിൽനിന്ന് ഭല്ലൂകപുത്രൻ മാംഗക ൻ, ചിന്നന്റെ മകൻ ചോണരാക്കൻ, (ചോണരാ ജൻ)

ചിക്കരിചോളപുരവനത്തിൽനിന്ന് ദാദന്റെ മകൻ കല്ലൂകൻ, അദ്ദേഹത്തിന്റെ മകൻ ജയരാ ക്കൻ(ജയരാജൻ) മകൻ ആദിത്യരാക്കൻ(രാജൻ) രജ്ജുകന്റെ മക്കളായ ചിന്നനും രംഗകനും, കല്ലുകന്റെ മകൻ വാമുകൻ,

വലദേവപുരത്തിലെ (ബലദേവ) കംബട്ടന്റെ മകൻ ഹൊദ്ദ, മൃഗാംഗന്റെ മകൻ വിദ്ധകൻ, കേശവന്റെ മകൻ

ധനുകൻ, ഖങ്കകന്റെ മകൻ വാമുകൻ, മാണിക്കന്റെ മകൻ ഊഹരി,

ശരൺകടികയിലെ നാരന്റെ മക്കൾ ലോഹടനും ശങ്കരനും , വാലുകന്റെ മകൻ ഈശ്വരാദിത്യൻ,

സിഹരുദുക്കകയിലെ ഉല്ലകന്റെ മകൻ വച്ചഹ കൻ, ജയധരാക്കന്റെ(ജയന്തരാജൻ) മകൻ റാണികൻ, ശൂരന്റെ മകൻ പ്രഗതൻ

ത്രൈഗതകത്തിലെ ധാരകന്റെ മകൻ ചന്ദൻ, ഏകഘോരകന്റെ മകൻ സവ്വൻ,ദേവശർമ്മന്റെ മകൻ പംഫൻ (പമ്പൻ)വഗ്ഗുകന്റെ മകൻ കമ്മി കൻ,

ഗംഗകത്തിലെ ലല്ലികന്റെ മകൻ സ്വാമിരാക്കൻ, സിംഗുകന്റെ മകൻ സീഹൻ, ദാമോദരന്റെ മകൻ പോംബൻ, ഹല്ലുകന്റെ മകൻ ദവ്വു, ...കാശിലി, മാനന്റെ മകൻ ഖജ്ജി,

അശേവലഉഹോവകത്തിലെ ഉഷഹന്റെ മകൻ വദ്ധൻ.

കാംഗ്ര ജ്വാലാമുഖി പ്രശസ്തി

കോട്ട് കാംഗ്രയിലെ ഭവനിൽ ഭവാനിക്ഷേത്രത്തി ലുള്ളത്.മംഗലവും ആദ്യശ്ലോകവും (രണ്ട് വരി, മൂന്നാം

വരിയുടെ ആദ്യം) ശാരദലിപിയാണ്. ബാക്കി ദേവനാഗരി. സംസ്കൃതഭാഷ.ആദ്യത്തെ 9 ശ്ലോകം ജ്വാലാമുഖി ഭവാനിയുടെ പ്രശസ്തി യാണ്. 10ആം വരി കവി വേദാന്തപണ്ഡിതനായ രാഘവചൈതന്യനാണ് എന്ന് പറയുന്നു. ശാർങ്ഗ ധരന്റെ പദ്ധതിയിൽ ഈ കവിയുടെ പേർ ഉദ്ധരി ച്ചിട്ടുണ്ട്. പദ്ധതി 1368ലാണ്. അതിനാൽ 1368ന് 80-100 വർഷം മുമ്പാണ് ലിഖിതം. ശ്ലോകം 15-24ൽ കൃഷ്ണഭട്ടനെന്ന വ്യക്തി താൻ സ്തോത്രം പകർത്തിയതാണെന്നും താൻ സകലശാസ്ത്രപാ രംഗതനും കവിയും ഹരിഹരഭക്തനും കാശി നിവാസിയും ആണെന്നും പറയുന്നു. എല്ലാ സ്ത്രീകൾക്കും താൻ സഹോദരനാണെന്നും പറയുന്നുണ്ട്. മുത്തശ്ശനും കൃഷ്ണഭട്ടനെന്ന പേരുള്ളവനായിരുന്നു. അദ്ദേഹം ദ്രാവിഡ ബ്രാഹ്മണശാഖയിൽ ആത്രേയഗോത്രമാണ്. ഷഡ്ദർശനവും പഠിച്ചവനും പലവട്ടം സോമ യാഗം ചെയ്തവനുമാണ്. അഛൻ വാഗീശ്വരൻ മീമാസകളും സ്മൃതികളും യജ്ഞവിധികളും പഠിച്ചവനും നിരവധി കൃതികൾ സ്വയം രചിച്ചവനുമാണ്.

ലിഖിതം എഴുതിയ കാലത്ത് മേഘചന്ദ്രന്റെ പേരക്കുട്ടിയും കർമ്മചന്ദ്രന്റെ മകനുമായ സംസാരചന്ദ്രനാണ് രാജ്യം ഭരിക്കുന്നത്. അദ്ദേ ഹം തന്റെ ഭൂമി മുഴുവനും വേദശാസ്ത്രങ്ങളറി യുന്നവർക്ക് ദാനം ചെയ്തു. പഞ്ചമാബ്ദാഭിഷി ക്തനെന്നതുകൊണ്ട് സംസാരചന്ദ്രൻ സിംഹാസന സ്ഥനായത് 1430 എഡിയിലാവണം. സംസാരച ന്ദ്രന്റെ പ്രതിഹാരി വീരസിംഹപുത്രനായ റാണസിംഹനാണ്. . ശിൽപ്പി സൂഗകനാണ്. അവസാനം ജ്വാലാമുഖിക്കുള്ള സ്തോത്രം (മംഗലം) ഗദ്യത്തിൽ കർമ്മധ്വജപുത്രനായ സൂര്യധ്വജൻ എഴുതിയിരിക്കുന്നു. ഭവാനിജ്വാ ലാമുഖിയുടെ ആരാധകനായ ഒരു സന്യാസി യാണ് അദ്ദേഹം. പകർത്തി എഴുതിയ ലിഖിത കാലം 1433-68ന് ഇടയിലാണ്.

രണ്ട് ചന്ദേലലിഖിതങ്ങൾ

1 മദനവർമ്മദേവന്റെ മാവു ശിലാലിഖിതം ഝാ ൻസിജില്ലയിലെ മൌ

നഗരത്തിൽനിന്ന് കിട്ടിയത്. പ്രാദേശികർ കത്തി മൂർച്ച കൂട്ടാനാണ് ആ കല്ല് ഉപയോഗിച്ചിരുന്നത്. 29 വരി. 12ആം നൂറ്റാണ്ടി ലെ നാഗരിലിപി. അജയ്ഗാർഹ് മഹോബാ ലിഖിതങ്ങളിലേതിന് സദൃശം. സംസ്കൃതംഭാഷ. ശ്ലോകങ്ങളാണ്. കവി,ലിപികനെന്നിവരുടെ പേർ വ്യക്തമല്ല. ചന്ദേലരാജാവ് മദനവർമ്മദേവന്റെ മന്ത്രി ഗദാധരൻ, വിഷ്ണുക്ഷേത്രം പണി ത്, ദെദ്ദുഗ്രാമത്തിനടുത്ത് വലിയ കുളം കുഴിപ്പി ച്ചു. ദംഗമുതൽ മദനവർമ്മദേവൻ വരെയുള്ള രാജാക്കന്മാരുടെ വംശാവലി തരുന്നു.

1. കന്യാകുബ്ജരാജാവിനെ തോൽപ്പിച്ച ദംഗൻ
2. ഗന്ധദേവൻ
3. വിദ്യാധരദേവൻ
4. വിജയപാലൻ
5. കീർത്തിവർമ്മദേവൻ
6. സല്ലക്ഷണവർമ്മദേവൻ. അന്തർവേദിദേശ ത്തെ യുദ്ധത്തിൽ പങ്കെടുത്തു.
7. ജയവർമ്മദേവൻ
8. സല്ലക്ഷണവർമ്മന്റെ അനുജൻ പൃഥ്വീവർമ്മ ൻ

9. **മകൻ മദനവർമ്മൻ ചേദി, മാളവരാജാക്ക ന്മാരെ തോൽപ്പിച്ചു. കാശിരാജാവുമായി സഖ്യത്തിലായിരുന്നു.**

മന്ത്രിമാർഃ അംഗിരസഗോത്രത്തിലെ ഗൌതമ അക്ഷപാദവംശത്തിലെ പ്രഭാസൻ ദംഗന്റേയും ഗന്ധന്റേയും മന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ മകൻ ശിവനാഗൻ വിദ്യാധരദേവന്റെ മന്ത്രി. പുത്രൻ മഹീപാലൻ വിജയപാലന്റെ മന്ത്രി. മഹീപാലന് അനന്തനും യോഗേശ്വരനും മക്കൾ. അനന്തൻ കീർത്തിവർമ്മന്റേയും സല്ലക്ഷണ വർമ്മന്റേയും മന്ത്രി .അനന്തന് 2 ഭാര്യമാരിലാ യി അനേകം കുട്ടികളുണ്ടായിരുന്നു. അവരി ലൊരാളായ ഗദാധരൻ ജയവർമ്മന്റെ പ്രതിഹാ രനും പൃഥ്വീവർമ്മന്റെ പ്രധാനമന്ത്രിയുമായി. ആ പദവി മദനവർമ്മകാലത്തും അദ്ദേഹം വഹിച്ചിരുന്നു. ശ്രീധരനും വിദ്യാധരനുമാണ് ഗദാധരന്റെ മക്കൾ.

അന്തർവ്വേദി ഗംഗായമുനാസമതലമാണ്. ദെദ്ദു ഗ്രാമം ലിഖിതം കിട്ടിയ പ്രദേശം ആവണം. കത്തിയവാറിലെ വേരവാൽ പട്ടണത്തിലാണ് പ്രഭാസതീർത്ഥം.

2,പരമാർദ്ദിദേവന്റെ ബടേശ്വർ ശിലാലിഖിതം വിക്രമസംവിതി 1252

ആഗ്രജില്ല യമുനയുടെ വടക്കേ കര. 24 വരി. മഹോബ ലിഖിതത്തിനു സദൃശമായ നാഗരി ലിപി. സംസ്കൃതഭാഷ. ആരംഭം ഓം ഓം നമോ ഭഗവതേ വാസുദേവായ. അവസാനം ശ്രീരസ്തു. പദ്യത്തിലാണ്. ഗദാധരപുത്രനായ സന്ധിവിഗ്ര ഹി ദേവധരനാണ് കവി. ഗൌഡവംശത്തിലെ ലക്ഷ്മീധരപുത്രനും വരികളെഴുതിയിട്ടുണ്ട് ദേവധരന്റെ അനുജൻ ധർമ്മധരൻ എഴുതിയെ ടുത്തു.സോമരാജപുത്രൻ മഹാരാജൻ കൊത്തി വെച്ചു.

പരമാർദ്ദിദേവന്റെ മന്ത്രിയായ സല്ലക്ഷണൻ വിഷ്ണുവിനും ശിവനും ക്ഷേത്രം കെട്ടി, ലിഖി തം കൊത്തിച്ചു. രണ്ടാമത്തെ ക്ഷേത്രം (ശിവ) മുഴുമിച്ചത് സല്ലക്ഷണന്റെ മകനായ പുരുഷോ ത്തമനാണ്. അഛന്റെ മരണശേഷം അദ്ദേഹമാ യിരുന്നു മന്ത്രി. ചന്ദ്രാത്രേയരാജാക്കന്മാരുടെയും മന്ത്രിമാരുടേയും വംശാവലി തരുന്നു. മന്ത്രികു ടുംബം വസിഷ്ഠഗോത്രം. ലക്ഷമീധരൻ, വത്സരാ ജൻ, ലാഹദൻ,ലാഹദന് പ്രഭയിൽ സല്ലക്ഷണ

ൻ,പുരുഷോത്തമൻ, ഇവരിൽ ലാഹദൻ മദനവ ർമ്മന്റേയും സല്ലക്ഷണൻ പുരുഷോത്തമന്റേയും മന്ത്രിമാരാണ്. പരമാർദ്ദിദേവന്റെ കീഴിലാണ് ഈ രാജാക്കന്മാർ. വിക്രമസംവത് 1252 അശ്വിന ശുക്ലപഞ്ചമി. ഞായറാഴ്ച. എഡി 1195 സപ്തം ബർ. 10 ഞായർ

മഹോബയിലെ ചാന്ദെല്ല ലിഖിതം

29 ശ്ലോകം.ശിവനെ സ്തുതിച്ച് ആരംഭിച്ച് ചന്ദ്രവംശോൽപ്പത്തി പറയുന്നു. ഈ വംശ ത്തിലാണ് നാരായണൻ ജനിച്ചത്. പിന്നീട്, പൃഥ്വി എന്ന നാമത്തിന് പൃഥു കാരണഭൂ തനായപോലെ ജേജകഭുക്തിക്ക് കാരണമായ ജെജ്ജ ജനിച്ചു. ജെജ്ജയും വിജ്ജയും സഹോ ദരന്മാരായിരുന്നു.വാക്പതിയുടെ മക്കളായ ജയശക്തിയും വിജയശക്തിയുമാണ് ഇവർ .ബുന്ദേൽഖണ്ടിന്റെ പഴയ പേരാണ് ജജ്ജകഭു ക്തി. ഇത് ചന്ദേലകളുടെ രാജ്യമാണ്.ദംഗ എന്ന രാജാവിന്റെ ഭുജബലം ഹമ്മീരന്റേതിനേ ക്കാൾ അധികമായിരുന്നു. ഹമ്മീരനെന്നത് അമീറെന്നതിന്റെ ഗ്രാമ്യമായ പദമാണ്.ദംഗ യുടെ മൂന്നു ലിഖിതം

എഡി 954,998, 1002 ലാണ് കിട്ടിയിരിക്കുന്നത്.സബുക്തഗിൻ(977, 997) മകൻ ഗസനി മുഹമ്മദ് (1001-1002ൽ ഇന്ത്യയെ ആക്രമിച്ചു) ഇവരുടെ കാലത്താണ് ദംഗ ജീവിച്ചത്.ലാഹോറിലെ രാജാവ് ജയപാ ലൻ സബുക്തഗിനോട് തോറ്റ രണ്ടാം യുദ്ധത്തി ൽ സൈന്യവും ധനവും കൊടുത്ത് ജയപാല നെ സഹായിച്ചത് കാലഞ്ജരരാജാവാണ്. കാലഞ്ജരം യശോവർമ്മനു ശേഷം ചന്ദേല കളുടെ കയ്യിലാണ്. ദംഗനും ദേവവർമ്മനും മദനവർമ്മനും കാലഞ്ജരാധിപതി എന്ന് ബിരുദമുണ്ട്. രാജതരംഗിണിയിൽ ഗസനി മുഹമ്മദിനെ ഹമ്മീരനെന്ന് പറയുന്നുമു ണ്ട്.കാശ്മീരിലെ സംഗ്രാമരാജന്റെ കാലത്താ ണ് ഗസനി ഇന്ത്യ ആക്രമിച്ചത്.ഇതെല്ലാം വെച്ച് ദംഗന്റെ കാലത്തുള്ള ഹമ്മീരൻ സബു ക്തഗിനാണെന്ന് അനുമാനം. മാത്രമല്ല, ഭുജബ ലത്തെ താരതമ്യപ്പെടുത്തുന്നതല്ലാതെ ദംഗൻ ഹമ്മീരനെ തോൽപ്പിച്ചു എന്ന് പറഞ്ഞിട്ടുമി ല്ല.

ഗന്ധന്റെ മകൻ വിദ്യാധരനെ കാലചുരിചന്ദ്ര നും (കോക്കല്ല 2) ഭോജരാജനും യുദ്ധതന്ത്ര ത്തിൽ

തങ്ങളുടെ ഗുരുവായി ആദരിച്ചിരുന്ന തായും, കന്യാകുബ്ജരാജാവ് അദ്ദേഹത്താൽ നശിപ്പിക്കപ്പെട്ടതായും ലിഖിതം പറയുന്നുണ്ട്. വിദ്യാധരന്റെ മകൻ വിജയപാലൻ ചേദി ഗാംഗേയദേവന്റെ സമകാലീനനാണ്.(എഡി 1030) ഗാംഗേയദേവന്റെ ഹൃദയം വിജയപാ ലനോട് യുദ്ധം ചെയ്യവേ ഭയപ്പെട്ടതായും പറയുന്നു. ലിഖിതത്തിൽ ദേവവർമ്മനെ പറയുന്നില്ല (അദ്ദേഹത്തിന്റെ എഡി 1050ലെ ഗ്രാന്റ്)എന്നാൽ സഹോദരനായ കീർത്തിവ ർമ്മനെ (ഗ്രാന്റ് 1098) പറയുന്നുമുണ്ട്. ചേദിയി ലെ ലക്ഷ്മീകർണ്ണനെ (കർണ്ണൻ) കീർത്തിവ ർമ്മൻ പരാജയപ്പെടുത്തി. ഈ കഥ കൃഷ്ണമി ശ്രയുടെ പ്രബോധചന്ദ്രോദയം പറയുന്നുണ്ട്. സൈന്യാധിപനായ ഗോപാലൻ കർണ്ണനെ പരാജയപ്പെടുത്തിയ ശേഷം ഈ നാടകം (പ്രബോധചന്ദ്രോദയം) കീർത്തിവർമ്മന്റെ മുമ്പാകെ അവതരിപ്പിച്ചതായി പറയുന്നു. കർണ്ണനെ 3 പ്രാവശ്യം ഈ നാടകം പരാമർശി ക്കുന്നു. 1. മായയെ കീഴടക്കിയ വിവേകം ജ്ഞാനത്തെ

എന്നപോലെ ഗോപാലൻ കർണ്ണ നെ കീഴടക്കി കീർത്തിവർമ്മനെ സിംഹാസന ത്തിലിരുത്തി. 2. കാലാഗ്നിപോലെ മറ്റു രാജാക്കന്മാരെ വിഴുങ്ങി, ഭയം വിതച്ച കർണ്ണനെ ചന്ദ്രവംശരാജാക്കന്മാരെ വീണ്ടും സിംഹാസനത്തിലിരുത്താനായി ഗോപാലൻ പരാജയപ്പെടുത്തി.(ചേദിയും ചന്ദ്രവംശമാക യാൽ ഇവിടെ ചന്ദല്ലകളെ മാത്രമാണ് ചന്ദ്രവം ശമെന്ന് കവി ഉദ്ദേശിക്കുന്നതെന്ന് വിചാരിക്ക ണം) 3. മധുമഥനൻ പാലാഴി കടഞ്ഞ് ലക്ഷ്മി യെ നേടിയപോലെ കർണ്ണന്റെ സൈന്യസമുദ്രം കടഞ്ഞ് ഐശ്വര്യം (ലക്ഷ്മി) നേടി. ഇത് പ്രാകൃതഭാഷയിലാണ് എഴുതിയിരിക്കുന്നത്.

ഗോപാലനെ മധുമഥനനായ വിഷ്ണുവോടും കീർത്തിവർമ്മനെ പുരുഷോത്തമനായ വിഷ്ണുവോടും താരതമ്യപ്പെടുത്തുന്നു. പ്രബോധചന്ദ്രോദയത്തിലെ ഈ താരതമ്യം ലിഖിതത്തിലും കാണാം. എഡി 1050-1116 വരെയാണ് കൃഷ്ണമിശ്രകവിയുടേയും

കീർത്തിവർമ്മന്റേയും കാലമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്.

ബിൽഹണന്റെ വിക്രമാങ്കചരിതത്തിൽ ദാഹ ലദേശത്തെ (ചേദി) കർണ്ണനെ പടിഞ്ഞാറൻ ചാലൂക്യ ആഹവമല്ല 2 (1042-1068 എഡി) ആണ് പരാജയപ്പെടുത്തിയത്. ബിൽഹണൻ താൻ സന്ദർശിച്ച കർണ്ണന്റെ സഭയെ കാലഞ്ജ രഗിരിപതിയുടെ മൃത്യു എന്നാണ് വിശേഷി പ്പിച്ചത്. ഇത് കീർത്തിവർമ്മനും ഗോപാലനും കർണ്ണനെ തോൽപ്പിച്ചു എന്ന വാദത്തോട് എതിരാണ്. ഈ രണ്ടു രാജാക്കന്മാരും സമകാ ലീനരായിരുന്നു എന്നല്ലാതെ ആരാണ് ആരെ യാണ് തോൽപ്പിച്ചതെന്ന് മുഖസ്തുതിയോടു കൂടിയ പ്രശസ്തികൾ നിർണ്ണയിക്കുന്നില്ല. പടിഞ്ഞാറൻ ചാലൂക്യ പുലികേശി 2, പല്ലവ നരസിംഹവർമ്മൻ 1, ഇവരും പടിഞ്ഞാറൻ ചാലൂക്യ വിക്രമാദിത്യ 1, പല്ലവപരമേശ്വ രവർമ്മൻ 1 ഇവരും , ചാലൂക്യജയസിംഹ 3 ,രാജേന്ദ്രചോള ഇവരും പരസ്പരം തോൽപ്പി ച്ചതായി പ്രഖ്യാപിക്കുന്നത് ഉദാഹരണം.

മാൾവരാജാവിന്റെ ഉദയ്പൂർ പ്രശസ്തി

പത്മഗുപ്തന്റെ നവസാഹസാങ്കചരിതത്തിൽ മാൾവയുടെ ചരിത്രം പറയുന്നുണ്ട്. ഗ്വാളി യോറിലെ ഉദയ്പൂറിലെ ലിഖിതം പരമാരരാ ജാക്കന്മാരുടെ വംശത്തെക്കുറിച്ച് ഏറെ ചരി ത്രപരമായ ധാരണ തരുന്നു. ഉദയപൂരിലെ ശിവക്ഷേത്രമുറ്റത്താണ് ശിലാലിഖിതം കിട ക്കുന്നത്. 24 വരി നാഗരിലിപി. സാദൃശ്യം 11ആം നൂറ്റാണ്ടിലെ പരമാരലിഖിതങ്ങളോ ടാണ്. സംസ്കൃതഭാഷ. മദ്ധ്യകാലമാൾവയിലും ഗുജറാത്തിലും ഉള്ള പോലെ ബ എന്നതിനു വ മാറി ഉപയോഗി ക്കുന്നുണ്ട്. സ ശാ എന്നും ഉപയോഗിക്കുന്നു. ഉത്തമകവിയല്ല മദ്ധ്യമകവിയാണ് പ്രശസ്തി രചിച്ചതെന്ന് ശൈലിയും വ്യാകരണപ്പിസകും തെളിയിക്കുന്നു. പ്രശസ്തികൾ ക്ഷേത്രപുനരു ദ്ധാരണസമയത്ത് സാധാരണ എഴുതാറുണ്ട്. ഇവിടെ ശിവ,പാർവ്വതി,ഗണപതിമാരെ സ്തുതിച്ചാണ് ആരംഭം. ഉദയാദിത്യനോ അദ്ദേഹത്തിന്റെ തൊട്ടുമുമ്പുള്ളവരോ

സ്ഥാ പിച്ച ശിവക്ഷേത്രമായിരിക്കണം. മാൾവയി ലെ പഴയ പരമാരരാജാക്കന്മാരുടെ ലിസ്റ്റ് തരുന്നുണ്ട്. പത്മഗുപ്തന്റെ ലിസ്റ്റ്, നാഗ്പൂർ പ്രശസ്തി , വാക്പതിയുടേയും ഭോജന്റേയും ഭൂമിദാനങ്ങൾ എന്നിവയോട് ഇവിടത്തെ വംശാവലി താരതമ്യപ്പെടുത്തുന്നു.

ഉദയ്പൂർ	പത്മഗുപ്ത	നാഗപൂർ	ഭൂദാനങ്ങൾ	
പരമാര	പരമാര	പരമാര		
ഉപേന്ദ്ര	ഉപേന്ദ്ര		കൃഷ്ണ	
വൈരിസിംഹ 1				
സീയക 1				
വാക്പതി 1	വാക്പതി 1			
വൈരിസിംഹ2 (വജ്രത)	വൈരിസിംഹ	വൈരിസിംഹ	വൈരിസിംഹ	
ഹർഷ	സീയക-ഹർഷ , വടജ	സീയക	സീയക	
വാക്പതി 2	വാക്പതി 2 ഉൽപ്പലരാജാ	മുഞ്ജ	വാക്പതി , അമോഘവർഷ അഥവാ പൃഥീവല്ലഭ, ശ്രീവല്ലഭ	എഡി 974-979
സിന്ധുരാജാ	സിന്ധുരാജാ, നവശശാങ്ക അഥവാ കുമാരനാരായണ	സിന്ധുരാജ	സിന്ധുരാജാ	
ഭോജ		ഭോജ	ഭോജ (എഡി 1021-22)	
ഉദയാദിത്യ		ഉദയാദിത്യ		

പരമാരന്മാരുടെ ഉൽപ്പത്തിചരിത്രം.

വസിഷ്ഠമുനി അർബ്ബുദപർവ്വതത്തിൽ തപം ചെയ്യുമ്പോൾ വിശ്വാമിത്രൻ അദ്ദേഹത്തിന്റെ കാമധേനുവിനെ കട്ടു. ഹോമകുണ്ഡത്തിൽനി ന്ന് വസിഷ്ഠൻ ജനിപ്പിച്ച പുരുഷൻ പശുവി നെ വീണ്ടെടുത്തു. പരന്മാരെ വധിക്കുന്നവ നെന്ന് അർത്ഥമുള്ള പരമാരനന്ന് വസിഷ്ഠൻ അവന്ന് പേരു കൊടുത്തു.

അദ്ദേഹം രാജാവാ കുമെന്ന് അനുഗ്രഹിച്ചു. അർബ്ബുദപർവ്വത ത്തിലെ അചലഗൃഹത്തിൽ ചന്ദ്രാവതി തല സ്ഥാനമാക്കി അവർ വളരെക്കാലം ഭരിച്ചു. (പർവ്വതത്തിന്റെ തെക്കുകിഴക്ക് ചന്ദ്രാവതി) സോമേശ്വരന്റെ ദൈലവാഡ തേജപാലക്ഷേത്ര പ്രശസ്തിയിൽ ധൂമരാജ,ദന്ധൂക, ധ്രുവഭട്ട മുതലായ പഴയ രാജാക്കന്മാരേയും, രാമദേവ ൻ, യശോധവളൻ, ധാരാവർഷൻ, പ്രഹ്ലാദ നൻ, സോമസിംഹൻ, കൃഷ്ണരാജൻ മുതലാ യ പിൽക്കാലരാജാക്കന്മാരേയും (12-13 നൂറ്റാ ണ്ടുകളിൽ അൻഹിലാബാദിലെ ചാലൂക്യസാ മന്തർ) പറയുന്നുണ്ട്. വടക്കുപടിഞ്ഞാറ് അച ലഗൃഹമാണ് അവരുടെ ആദ്യ ഉത്ഭവസ്ഥാനം.

ഉപേന്ദ്രൻ ധാരാളം യജ്ഞങ്ങൾ ചെയ്തു, വീര്യത്താൽ സാമ്രാജ്യം വർദ്ധിപ്പിച്ച് സാമ്രാ ജ്യസ്ഥാപകനെന്ന് പേരെടുത്തു. ഹനുമാന്റെ സമുദ്രതരണം സീതയുടെ ഗാനം (വിഷാദഗാ നം) കാരണമായിരുന്നു. അതുപോലെ ഉപേ ന്ദ്രന്റെ പ്രശസ്തി സീതയുടെ ഗാനത്തിനായി സമുദ്രതരണം ചെയ്തു. ഇത് ഭോജകാലത്തും ജീവിച്ചിരുന്ന സീത എന്ന കവയത്രി ഉപേന്ദ്ര നെ

കുറിച്ച് എഴുതിയ ചരിതം അഥവാ പ്രശ സ്തിയെ സൂചിപ്പിക്കുന്നതാണ്.
സദാഗതിപ്രവൃത്തേന
സീതോഛ്വസിതഹേതുനാ

ഹനൂമതേവ യശസാ

യസ്യാലംകൃതസാഗരാ

ഹർഷസിംഹനെ സിംഹഭട്ടനെന്നാണ് പ്രബന്ധ ചിന്താമണി (മേതുതുംഗന്റെ) വിളിക്കുന്നത്. സീയഗനെന്നത് സിംഹകന്റെ പ്രാകൃതപദമാ ണ്. വാക്പതിക്ക് (രണ്ടാമൻ) വിവിധനാമ ങ്ങളുണ്ട്. ഉൽപ്പലരാജാ, മുഞ്ജ, അമോഘവ ർഷ, പൃഥ്വീവല്ലഭ, ശ്രീവല്ലഭ. വാക്പതിരാജ നെന്നത് അദ്ദേഹത്തിന്റെ ജ്ഞാനം കൊണ്ടു കിട്ടിയതാണ്. വിക്രമാദിത്യനും ശതവാഹന രും പോയശേഷം സരസ്വതി ശാന്തി അടഞ്ഞത് ഈ കവിയിലാണെന്ന് അദ്ദേഹം പ്രകീർത്തി ക്കപ്പെട്ടു. പ്രബന്ധചിന്താമണിയിലും ഭോജപ്ര ബന്ധത്തിലും അലങ്കാരശാസ്ത്രപരമായ പുസ്തകങ്ങളിലും അദ്ദേഹത്തിന്റെ നാമവും ശ്ലോകങ്ങളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ദശരൂപ

കർത്താവായ ധനഞ്ജയൻ താൻ മുഞ്ജസഭ യിലെ കവിയാണെന്ന് അഭിമാനിക്കുന്നു. ദശരൂപാവലോകം എഴുതിയ അദ്ദേഹത്തി ന്റെ സഹോദരൻ ധനികൻ ഉൽപ്പലരാജന്റെ മഹാസാദ്ധ്യപാലനാണെന്നും പറയുന്നു. പിംഗലയുടെ ഭാഷ്യകാരനായ ഹലായുധൻ വാക്പതിരാജനെ എല്ലാവർക്കും വേണ്ടതെ ല്ലാം തരുന്ന കൽപ്പലതയായി പറയുന്നു.

വാക്പതിയുടെ യുദ്ധങ്ങളിൽ കർണ്ണാടക, കേരള,ചോള, ലാടന്മാരും ത്രിപുരി യുവരാ ജാവും ഉണ്ട്. (പത്താം നൂറ്റാണ്ടിലെ ചേദി യുവരാജാ 2) അതിനുശേഷവും ചേദി ഹൈ ഹയർ 2 നൂറ്റാണ്ട് പ്രബലരായി തുടർന്നു. അതിനാൽ വാക്പതിയുടെ വിജയം നീണ്ടുനി ന്നിട്ടുണ്ടാവില്ല. ചാലൂക്യ തൈലപ രണ്ടാമനെ 16 പ്രാവശ്യം ചെറുത്ത അദ്ദേഹം അവസാന യുദ്ധത്തിൽ ശത്രുവിനാല് പിടിക്കപ്പെട്ട് തടവി ലായി വധിക്കപ്പെട്ടു. കർണ്ണാടകവുമായി യുദ്ധത്തിൽ അദ്ദേഹം പലപ്രാവശ്യം ജയിച്ച തിന് ഇത് സാക്ഷ്യം വഹിക്കുന്നു.

മന്ത്രി രുദ്രാദിത്യൻ പോകരുതെന്ന് വിലക്കി യിട്ടും വാക്പതി അവസാനത്തെ യുദ്ധത്തിന് പോയത് സിംഹാസനവും ജീവനും നഷ്ടപ്പെടു ത്തി. ഗോദാവരി കടന്ന്(തൈലപന്റെ വടക്കേ അതിർത്തി) ചെന്നതും തടവിലായി. തടവു ചാടാനുള്ള ശ്രമത്തിൽ അപമാനിതനായി വധിക്കപ്പെട്ടു. 2 ചാലൂക്യലിഖിതങ്ങളിൽ ഇതിനെപ്പറ്റി അഹങ്കരിച്ച് പറയുന്നുണ്ട്. മേരുതുംഗനാകട്ടെ, 16 പ്രാവശ്യം ജയിച്ച സ്ഥലത്തേക്ക് വീണ്ടും പോയതിനാൽ താനദ്ദേ ഹത്തെ വെറുക്കുന്നതായി പറയുന്നു. എഡി 979ലെ ശാസനത്തിൽ മന്ത്രി രുദ്രാദിത്യന്റെ പേരുണ്ട്. എഡി 994നും 997നും ഇടയിലാണ് വാക്പതിയുടെ ദാരുണമായ അന്ത്യം. അമിത ഗിരിയുടെ സുഭാഷിതരത്നസന്ദോ ഹത്തിൽ തന്റെ ഗ്രന്ഥരചന എഡി 993-94(വിക്രമസംവദ് 1050) മുഞ്ജന്റെ ഭരണകാലത്താണെന്ന് പറ ഞ്ഞിട്ടുണ്ട് തൈലപന്റെ മരണം എഡി 997-98 . വാക്പതിയുടെ ഭരണാരംഭം അദ്ദേഹത്തിന്റെ ആദ്യഭൂമിദാനത്തിന്റെ കാലമായ എഡി 974 നോട് അടുത്തായിരിക്കണം.

വാക്പതി രണ്ടാമന്റെ ഇളയ അനുജനാണ് സിന്ധുരാജൻ. നവസാഹസാംഗൻ, കുമാരനാ രായണൻ ഇവ ബിരുദനാമങ്ങൾ. അർദ്ധപ്രാ കൃതത്തിലെഴുതിയ പ്രബന്ധങ്ങളിൽ അദ്ദേഹ ത്തെ സിന്ധളനെന്നും സിന്ധുലനെന്നും വിളി ക്കുന്നുണ്ട്. കോസല,വാഗദ,ലാട, മുരള, ഹൂണന്മാരെ അദ്ദേഹം പരാജയപ്പെടുത്തി. ഹൂണരെ വിദേശികളായല്ല, 36 രജപുത്രക്ഷ ത്രിയവംശങ്ങളിൽ ഒന്നായിട്ടാണ്.

മദ്ധ്യപ്രദേശും ബേറാറും ഉൾപ്പെട്ട ദക്ഷ്ണ കോസലം മാള്1വയില്ലിന്ന് അധികം ദൂരെ യല്ല. മാളവയുടെ തെക്കുപടിഞ്ഞാറെ അതി ർത്തിയിൽ ഇപ്പോഴും വാഗഡ് ജില്ല ഉണ്ട്. അത് രജപുത്താനയിലെ ദുങ്കർപൂരിലാണ് . ദുങ്കാർപൂരിലെ ഭാഷ ബാഗർ (വാഗർ) ആണ്. കിഴക്കൻ കച്ഛ് ദേശവും വാഗഡദേശമെന്ന് അറിയപ്പെട്ടിരുന്നു. അടുത്ത കാലം വരെ ധാറിലെ മറാത്തരാജാ വിന്റെയായിരുന്നു. ലാടദേശം സിന്ധുദേശ ത്തിന്റെ തെക്കുപടിഞ്ഞാറേ അതിർത്തിയി ലാണ്. മുരള തെക്കേ ഇന്ത്യയിലെ കേരളമാ ണെന്ന് പറയുന്നു.

സിന്ധുരാജന്റെ കാലത്ത് കല്യാണിചാലൂക്യന്മാരും മാളവവും തമ്മി ലുണ്ടായ അവകാശത്തർക്കമാണ് ദ്രാവിഡ രാജ്യമായ കേരളത്തിലേക്കുള്ള പടനീക്കത്തി നു കാരണമെന്ന് പറയുന്നുണ്ട്. അടുത്ത തല മുറയിലേക്കും ആ യുദ്ധം നീണ്ടിരുന്നു.

നവസാഹസികാംഗചരിതം പലതും സിന്ധു രാജനെക്കുറിച്ച് മനസ്സിലാക്കിത്തരുന്നു. നർമ്മദാതീരത്തുനിന്ന് 50 ഗവ്യൂതി അകലെ യുള്ള രത്നവതിയിലെ വജ്രാങ്കുശനെന്ന അസുരനെ നശിപ്പിച്ച് ശശിപ്രഭ എന്ന നാഗരാ ജകുമാരിയെ വിവാഹം ചെയ്തതാണ് ഒരു കഥ. നാഗരാജകുമാരി നാഗക്ഷത്രിയവംശക്കാ രിയാണ്. വജ്രാങ്കുശ അസുരനിൽനിന്ന് സ്വർണ്ണത്താമര കരസ്ഥമാക്കിയ ശേഷമാണ് രാജകുമാരിയെ വിവാഹം ചെയ്തത്.രാജാ വ് സന്ധി ചെയ്ത വിദ്യാധരന്മാർ ആരെന്നോ വജ്രാങ്കുശന്റെ രത്നവതി ഏതാണെന്നോ അറിവില്ല. സിന്ധുരാജന്റെ പ്രധാനമന്ത്രി യശോഭട്ടന് രാമാംഗദനെന്ന് പേരുണ്ടായിരു ന്നു. സിന്ധുരാജന്റെ

സ്വഭാവം വളരെ ക്രൂരമാ
യിരുന്നതിനാൽ സഹോദരനായ
വാക്പതി അദ്ദേഹത്തെ പലപ്പോഴും
ശാസിച്ചിരുന്നു. അദ്ദേഹത്തെ
നാടുകടത്തുക കൂടി ചെയ്തു. ആ
അവസരത്തിൽ
ഗുജറാത്തിലേക്കുപോയി
കാസഹ്രദത്തിലാണ് താമസിച്ചത് എന്ന്
മേരു തുംഗൻ പറയുന്നുണ്ട്.
(അഹമ്മദാബാദിന ടുത്ത്
കാശീന്ദ്രപാലഡി) പിന്നീട് തിരിച്ച് മാള
വത്തിലേക്ക് വന്നപ്പോൾ മുഞ്ജവാക്പതി
അദ്ദേഹത്തെ സ്നേഹപൂർവ്വം
സ്വീകരിച്ചു. വീണ്ടും പഴയ സ്വഭാവം
കാണിച്ചപ്പോൾ കണ്ണ് ചൂഴ്ന്ന് ,
മരക്കൂട്ടിലിട്ടടച്ചു. ഈ സമയത്താണ്
അദ്ദേഹത്തിന്റെ മകൻ ഭോജൻ ജനിച്ചത്.
ഭോ ജൻ വളരുമ്പോൾ അവനിൽനിന്ന്
ആപത്തുവ രുമെന്ന് ജ്യോതിഷക്കാർ
പ്രവചിച്ചപ്പോൾ വാക്പതി അവനെ
കൊല്ലാനാജ്ഞാപിച്ചു. എന്നാൽ, ഭോജൻ
വാക്പതിക്ക് ഒരു ശ്ലോകം
എഴുതിയച്ചപ്പോൾ ഭോജനോടുള്ള
വിദ്വേഷം മാറി അവനെ കൊന്നില്ല.
ഭോജനെ അനന്തരാ വകാശിയും
യുവരാജാവാക്കി. മുഞ്ജനു ശേഷം
സിംഹാസനാരൂഢനായ അദ്ദേഹത്തെ

തൈലപനാണ് വധിച്ചത്.
അംബികാഗൃഹ ത്തിലേക്ക് പോകംമുമ്പ് വാക്പതി ഭൂമിയെ സിന്ധുരാജന്റെ കൈകളിലേൽപ്പിച്ചു എന്നാണ് ഇതിനെപ്പറ്റി നവസാഹസാംഗചരിതം പറയു ന്നത്.ഇതിന്ന് അർത്ഥം മരണക്കിടക്കയിൽ വെച്ച് വാക്പതി സിന്ധുരാജനെന്ന സഹോദര നെയാണ് രാജാവാക്കിയത് എന്നാണ്. ഭോജ നെ യുവരാജാവുമാക്കി. എന്നാൽ വാക്പതി യുടെ മരണം തൈലപന്റെ തടവറയിലായിരു ന്നു എന്നും അദ്ദേഹത്തിന്റെ ശരീരം മരത്തിൽ കെട്ടിത്തൂക്കി എന്നും പറയുന്നതിനാൽ ഇത് ശരിയാവണമെന്നില്ല. വാക്പതി മരിച്ചതോ ടെ സ്വാഭാവികമായി സിന്ധുരാജൻ രാജാവാ യിരിക്കണം. ആദ്യം വാക്പതിയുടെ സഭയി ലെ ആസ്ഥാനകവിയായിരുന്ന പത്മഗുപ്തൻ, പിന്നീട് സിന്ധുരാജന്റെ സഭയിലെ കവിയാ യി. സഹോദരന്മാർ ശത്രുതയിലായിരുന്നു വെങ്കിൽ ഇത് സംഭവിക്കുമായിരുന്നില്ല.
സിന്ധുരാജന്റെ മകൻ ഭോജനെകുറിച്ച് ഉദ യ്പൂർ പ്രശസ്തി വളരെ വാചാലമാണ്. അദ്ദേഹം ഹിമാലയത്തിലെ കൈലാസം മുതൽ മലബാറിലെ മലയഗിരി വരെ

ഭരി ച്ചിരുന്നു, സൂര്യനുദിക്കുന്ന ഉദയഗിരി മുതൽ അസ്തമനഗിരി വരെ അദ്ദേഹത്തിന്റേതായി രുന്നു. ചേദിരാജാവ്, ഇന്ദ്രരഥൻ, തൊഗ്ഗലൻ, ഭീമൻ,ഗുർജ്ജരരാജാവ്, ലാടരാജാവ്, കർണ്ണാ ടകർ,തുരുഷ്കർ ഇവരെ പരാജയപ്പെടുത്തി. പണ്ഡിതനും കവിരാജനുമായിരുന്നു. ശിവ ന്റെ വിവിധരൂപങ്ങൾക്കും വിഷ്ണുരാമേശ്വ രനുമായി നിരവധി ക്ഷേത്രം പണിതു. അവസാനം വിദേശികളോട് തോറ്റു. അദ്ദേഹ ത്തിന്റെ മരണത്തോടെ തലസ്ഥാനമായ ധാരാ പുരി വിദേശികളുടേതായി.

ഭോജന്റെ ആദ്യയുദ്ധം കർണ്ണാടകത്തിലെ കല്യാണിചാലൂക്യരോടായിരുന്നു. ജയ സിംഹ മൂന്നാമന്റെ ഒരു ലിഖിതത്തിൽ(എഡി 1019-20) ഭോജനെന്ന താമരക്ക് താനാണ് ചന്ദ്ര നെന്ന് പറയുന്നു. മാളവസൈന്യത്തെ താൻ ഓടിച്ചതായും പറയുന്നു. 1011-1012നിടക്ക് ജയസിംഹന്റെ മുൻഗാമിയുടെ കാലത്താണ് ഈ യുദ്ധം നടന്നത്. വിക്രമാംഗചരിതത്തിൽ ബിൽഹണനാണ് രണ്ടാമത്തെ യുദ്ധം പറയു ന്നത്. ജയസിംഹന്റെ പിൻഗാമി

സോമേശ്വര 2, (1042- 1069) ധാര കീഴടക്കി ഭോജനെ ഓടിച്ചു. തെക്കേ ഇന്ത്യയിലെ ലിഖിതങ്ങളൊന്നും ഇത് പറയുന്നില്ല. തന്റെ സ്വാമിയായ വിക്രമാദിത്യ ന്റെ പിതാവിന്റെ (ഭോജൻ)ഏറ്റവും വലിയ വിജയമായി ബിൽഹണൻ ഇതിനെ പ്രശംസി ക്കുന്നു.

പിന്നീട് വന്ന ഗുജറാത്തിലെ പ്രബന്ധകാരന്മാ രിലൊരാളായ മേരുതുംഗൻ ചാലൂക്യ ഭീമൻ ഒന്നാമനെ(1021-63) ഭോജൻ ജയിച്ചത് പറയു ന്നു. ഭീമൻ സിന്ധിനെ ആക്രമിക്കാൻ വന്നപ്പോ ൾ ഭോജൻ ദിഗംബരകുലചന്ദ്രനെ സൈന്യവു മായി അൻഹിലാവാദിലേക്ക് അയച്ചു. നഗരം പിടിച്ച് കവാടത്തിൽ കവിടി വിതച്ച് ജയപത്രവുമായി മാളവത്തിലേക്ക് അദ്ദേഹം മടങ്ങിവന്നു. ഹേമചന്ദ്രൻ ഭീമന്റെ പരാജ യത്തെക്കുറിച്ച് മൌനം പാലിച്ചത് അദ്ദേഹ ത്തിന്റെ സഭയിലെ ആസ്ഥാനകവിയായതു കൊണ്ടാണ്. ഭോജനും ഭീമനുമായ ബന്ധത്തെ ക്കുറിച്ച് പലതും മേരുതുംഗന് പറയാനുണ്ട്. അതിൽ പ്രധാനം ഭോജന്റെ അന്ത്യത്തെക്കുറി ച്ചാണ്.

മഹാരാജാധിരാജാ ഭോജന്റെ നിരവധി കൃതി കൾ നമുക്ക് കിട്ടിയിട്ടുണ്ട്. ജ്യോതിശ്ശാസ്ത്ര ജ്ഞർ ഭോജനെ വാക്പതിക്ക് ആപത്താണെ ന്ന് പറഞ്ഞത്, കാവ്യരചനയിലാണെന്ന് മരുമകന്റെ ശ്ലോകം കണ്ട ഉടനെ വാക്പതി മനസ്സിലാക്കി. തന്റെ പാരമ്പര്യം കാത്തുസൂ ക്ഷിക്കുന്നവൻ തന്നേക്കാൾ ഉയരുമെന്നാണ് ശരിയായ അർത്ഥം. ജ്യോതിഷികൾ തെറ്റി മന സ്സിലാക്കിയപ്പോൾ വാക്പതി അത് ശരിക്ക് മനസ്സിലാക്കി ഭോജനെ അനന്തരാവകാശിയാ ക്കി. സരസ്വതീകണ്ഠാഭരണം, രാജമാർത്താ ണ്ഡം (യോഗശാസ്ത്രം) രാജമൃഗാംഗകരണം (ജ്യോതിഷശാസ്ത്രം) സമരാങ്കണം (വാസ്തു ശാസ്ത്രം) ഇവ ഭോജന്റെ കൃതികളാണ്. തഞ്ചാ വൂരിൽനിന്ന് വിദ്വജ്ഞാനവല്ലഭമെന്ന ജ്യോതി ശ്ശാസ്ത്രകൃതിയും കിട്ടിയിട്ടുണ്ട്. ശൃംഗാര മഞ്ജരീകഥയുടെ ഒരു ഭാഗം ജൈസാൽമറിലെ ബൃഹദ്ജ്ഞാനകോശത്തിൽനിന്ന് കിട്ടി.

ചേദി കർണ്ണനും ഗുജറാത്തിലെ ഭീമൻ ഒന്നാമ നും കൂടി ഒന്നിച്ച്

ആക്രമിച്ചപ്പോളാണ് ഭോജ ന്റെ മരണം ഉണ്ടായത്. ഒരാൾ കിഴക്കുനിന്നും മറ്റേ ആൾ പടിഞ്ഞാറുനിന്നും ആക്രമിച്ചു. എ ന്നാൽ ചേദി കർണ്ണന്റെ ലിഖിതങ്ങളിൽ ഇങ്ങ നെ ഒരു വിജയത്തെ പറയുന്നതുപോലുമില്ല. മേരുതുംഗന് 150 വർഷം മുമ്പ് ജീവിച്ച ഹേമ ചന്ദ്രനും (ദ്വാശ്രയകാവ്യരചയിതാവ്) ഇത് പറയുന്നില്ല. ചേദി സഭയിലെ കവികളോ ഗുജ റാത്തിലെ പഴയ കവികളോ ഇത് പറയുന്നി ല്ല. പിന്നെ മേരുതുംഗൻ മാത്രം ഇത് പറയുന്ന തെന്തുകൊണ്ട് എന്ന ചോദ്യം അവശേഷിക്കു ന്നു.

പത്മഗുപ്തന്റെ നവസാഹസാങ്കചരിതത്തി നും(എഡി 1005) ഭോജന്റെ ജയസിംഹ മൂന്നാ മനുമായുള്ള കല്യാണചാലൂക്യയുദ്ധത്തിനും (1011-1018) ഇടയിലെപ്പോഴോ ആണ് ഭോജന്റെ അഭിഷേകം. പത്മഗുപ്തൻ ഭോജനെ പരാമ ർശിക്കുന്നില്ല. അന്ന് ഭോജൻ വളർന്നിട്ടില്ല, കുട്ടിയാണ്. 14 വയസ്സിനു താഴെയായിരിക്ക ണം. എഡി 1010ലാവണം അദ്ദേഹം കിരീടം ധരിച്ചത്. 1020-21ലെ അദ്ദേഹത്തിന്റെ

ഭൂമിദാ നം, താൻ ഇൻഡിക്ക എഴുതുമ്പോൾ ഭോജദേ വൻ ധാരയും മാൾവയും ഭരിക്കുന്നു എന്ന ആൽബറൂണിയുടെ വാക്യം, (എഡി 1030), രാജമൃഗാംഗകരണത്തിലെ കാലം (എഡി 1042-43) ഇവ ശ്രദ്ധേയമാണ്. വിക്രമാങ്കദേ വചരിതത്തിൽ ബിൽഹണൻ രേഖപ്പെടുത്തു ന്നത്:- ധാരാനഗരത്തിലെ ഉയർന്ന ഗോപുരങ്ങ ളിലിരുന്ന് പ്രാവുകൾ ഉറക്കെ കരഞ്ഞ് പറ ഞ്ഞു, ഭോജനാണ് ഞങ്ങളുടെ രാജാവ്. അദ്ദേ ഹം സാധാരണ രാജകുമാരനല്ല. നീയെന്താണ് അദ്ദേഹത്തിന്റെ മുന്നിലേക്ക് ചെല്ലാഞ്ഞത്.

ബിൽഹണനോട് പ്രാവുകളുടെ ഈ വാക്ക്, ഏതോ കാരണത്താൽ ബിൽഹണൻ ഭോജന്റെ സവിധം ചെന്നിട്ടില്ല എന്നാണ് സൂചിപ്പിക്കുന്ന ത്. ഭോജന്റെ ജീവിതകാലത്ത് മദ്ധ്യേന്ത്യയി ലുണ്ടായിട്ടും അദ്ദേഹത്തെ കാണാൻ എന്തേ പോകാഞ്ഞത് എന്ന് ഭോജന്റെ മരണശേഷം ദുഃഖത്തോടെ പ്രാവുകൾ ചോദിക്കുന്നു. ബിൽഹണൻ കാശ്മീരിൽനിന്ന് വന്നതാണ്. കാലത്താണ് ബിൽഹണൻ കാശ്മീർ വിട്ട്

പോയത്. കൽഹണൻ രാജതരംഗിണിയിൽഃ-

സ ച ഭോജനരേന്ദ്രശ്ച ദാനോത്കർഷേണ വിശ്രുതൌ സൂരോ തസ്മിൻക്ഷണേ തുല്യം ദ്വാവാസ്താം കവിബാന്ധവൌ

എഡി 1062ലെ കലശന്റെ കിരീടധാരണത്തെ യാണ് ആ ക്ഷണത്തിൽ എന്ന് ഇവിടെ പറ യുന്നത്. ബിൽഹണന്റെ യാത്രക്കും ഭോജനും 100 വർഷം കഴിഞ്ഞാണ് കൽഹണൻ രാജത രംഗിണി എഴുതുന്നത്. ഭോജനുശേഷം വന്ന ഉദയാദിത്യന്റെ ലിഖിതങ്ങളും ഇതിൽനിന്ന് വിഭിന്നമല്ല. ഉദയാദിത്യനെക്കുറിച്ച് അദ്ദേഹം പരമാരനാണെന്നും ഭോജന്റെ പിൻഗാമിയാ ണെന്നും രാജ്യത്തെ ശത്രുക്കളിൽനിന്ന് സംര ക്ഷിച്ചു എന്നുമല്ലാതെ ഈ ലിഖിതം വേറെ ഒന്നും പറഞ്ഞിട്ടില്ല.

ഭോജൻ പണിത ക്ഷേത്രങ്ങൾ കേദാരേശ്വരം, രാമേശ്വരം, സോമനാഥം, സുംഡീരം, കാലേശ്വ രം, അനലേശ്വരം, രുദ്രേശ്വരം. , ഭർഗ്ഗഭക്തനാ യ അദ്ദേഹം (ശിവഭക്തൻ) സൂര്യസമനായി ദേവലോകം പൂകിയപ്പോൾ ധാരാനഗരം

ഇരുട്ടിലായി എന്ന് ലിഖിതം. ആദിവരാഹ ത്തെ വീണ്ടും പുനസ്ഥാപിച്ച പരമാരരെ സ്തുതിച്ച് ലിഖിതം അവസാനിക്കുന്നു.

തോരമാനഷാഹിയുടെ ലിഖിതം

ലവണപർവ്വതത്തിലെ കുരായിൽനിന്ന് കിട്ടി. ലാഹോർ മ്യൂസിയത്തിലിരിക്കുന്നു. 13 വരി. ഗുപ്തകാലത്തെ ബുദ്ധിസ്റ്റ് ലിഖിതങ്ങളിലെ ലിപിയോട് സാമ്യമുള്ളതാണ് ലിപി. സംസ്കൃതവും പ്രാദേശികപ്രാകതവും കല ർന്ന ഗാഥ എന്ന് വിളിച്ചിരുന്ന പഴയ ഭാഷ. രോത്തജയവൃദ്ധിയുടെ മകൻ രോത്തസിദ്ധ വൃത്തി, മഹീശാസകരെന്ന ബുദ്ധമതാചാര്യ ന്മാർക്കുവേണ്ട് പണിത മഠത്തെ സംബന്ധി ച്ചാണ് ലിഖിതം. നിരവധി വിഹാരങ്ങളുടെ നടത്തിപ്പുകാരനായിരുന്ന സ്വന്തം അച്ഛനെ നാശ്ചിരയിലെ പ്രഭു ആദരിച്ചിട്ടുണ്ടെന്ന് ദായ കൻ പറയുന്നു.താൻ ചെയ്യുന്ന പുണ്യകർമ്മ ഫലം രാജരാജാവായ ജൌല തോരമാനഷാ ഹിക്കും ബന്ധുക്കൾക്കും ചേരേണ്ടതാണെ ന്നും അദ്ദേഹം

ആഗ്രഹിക്കുന്നു.ജംബുദ്വീപ വാസികളായ തന്റെ മാതാപിതാക്കളുടെ കീർത്തിക്കും സകലർക്കും കൂടിയാണ് ഫലം. മാര്ഗ്ഗശീർഷ ത്തിലെ ശുക്ലദ്വിതീയക്കാണ് ദാനം. ലിപി നാല്, അഞ്ച് നൂറ്റാണ്ടുകളിലേ താണ്. എറാൻ ലിഖിതത്തിലെ തോറമാനനാ ണോ, കാശ്മീരിലെ തോറമാനനാണോ എന്ന് തീർച്ചയില്ല. കൽഹണൻ പറയുന്ന ഈ തോറമാനന്റെ ഗുപ്തശൈലിയിലുള്ള നാണ്യങ്ങൾ കിട്ടിയിട്ടുണ്ട്. ജൌള എന്ന ട്രൈബൽ ബിരുദവും സാഹി എന്ന പേരും കാശ്മീരിലെ തോറമാനനാവാനുള്ള സാദ്ധ്യത സൂചിപ്പിക്കുന്നു. (തോമരവംശാവലിയിലെ ആദ്യരാജാവാണ് ജൌല . അടുത്ത ലിഖിതം കാണുക. അദ്ദേഹം വിദേശിയല്ല) വിയന്ന യിലെ പ്രൊ. കരബാസെക്ക് തുർക്കിഭാഷ യിലെ തോരമാൻ, തൂരമാൻ, തോരേമൻ മുതലായ പദങ്ങൾക്ക് വിപ്ലവകാരി എന്നാണ് അർത്ഥമെന്നും ജൌവൽ എന്നാൽ കഴുക നാണെന്നും പറയുന്നു. ആൽബറൂണി ലഗതൂർമാൻ വടക്കേ ഇന്ത്യയിലെ സാഹി രാജവംശത്തിലെ

അവസാനരാജാവായിരു ന്നു എന്ന് പറയുന്നു. അദ്ദേഹം തിബത്തി ലെയോ തുർക്കിയിലേയോ രാജാവായിരുന്നു എന്നും കരുതുന്നു. ബുദ്ധവിഹാരം മഠം ഇവ പണിയുന്നതിനാൽ തിബത്തിലെ ഇന്ത്യേൻരാ ജാവെന്ന് സാദ്ധ്യത. ചൂണ്ടിക്കാട്ടുന്നു. ഇവിടെ പറയുന്ന മഹാശാസകന്മാർ ഹീന യാനത്തി ലെ ശാഖയാണ്. ഹ്യൂയാൻ സാങ് ഇവർ പഞ്ചാബിൽ വാസമുറപ്പിച്ചിരുന്നു എന്ന് പറയുന്നുണ്ട്. സർവ്വാസ്തിവാദം അഥവാ വൈഭാഷികസ്കൂളിലെ ഗുരുക്ക ന്മാരാണ് മഹാശാസകർ. അവർക്കുവേണ്ടി യാണ് മഠം പണിതെങ്കിലും ബുദ്ധമതത്തിലെ എല്ലാ ശാഖകളോടും മഠം ഉപയോഗിക്കാനു ള്ള അവസാനവാക്യം ശ്രദ്ധേയമാണ്.

കാനൂജിലെ മഹേന്ദ്രപാലന്റെ പ്രശസ്തി

നേരത്തേ പറഞ്ഞ കർണ്ണാലിലെ കുതിരക്ക ച്ചവടക്കാരും ലിഖിതത്തിന്റെ ഒരു ഭാഗം സിദ്ധ് എന്ന വ്യക്തിയുടെ

വാതിൽപ്പടിയിലെ സ്ലാബിൽനിന്ന് ലഭിച്ചു. 9-10 നൂറ്റാണ്ടുകളിലെ നാഗരി ലിപി. സംസ്കൃതഭാഷയിൽ വൃത്ത മുള്ള പദ്യമായിട്ടാണ് രചന. വിഷ്ണുവിന് 3 കോവിലുള്ള ക്ഷേത്രം പണിതതാണ് വിഷയം. 1, 2 ശ്ലോകം വിഷണുവിനേയും 3 കുരുക്ഷേത്ര ത്തേയും 4 പിത്രൂദകത്തിലൂടെ ഒഴുകുന്ന സര സ്വതിനദിയേയും പുകഴ്ത്തുന്നു. 5 രാജാവ് മഹേന്ദ്രപാലപ്രശസ്തി. 6-9 വരെ തോമരവം ശത്തിന്റെ വംശാവലി.

1. **ജൌല**
2. **വജ്രത (മംഗളാദേവി ഭാര്യ)**
3. **ജജ്ജുക (ചന്ദ്ര, നായിക ഭാര്യമാർ)**
4. **ഗൊഗ്ഗഭൂനാഥ, പൂർണ്ണരാജാ, ദേവരാജാ**

ഗൊഗ്ഗ ചന്ദ്രയുടേയും മറ്റി രണ്ടുപേരും നായി കയുടേയും മക്കളാണ്.ഈ സഹോദരന്മാരാ ണ് പെഹോവയിലെ മൂന്നു വിഷ്ണുക്ഷേത്രം നിർമ്മിച്ചത്. മുമ്പിലെ ക്ഷേത്രം ദേവരാജനും മദ്ധ്യത്തിലേത് ഗൊഗ്ഗയും പിന്നിലേത് പൂർണ്ണ രാജനും ഉണ്ടാക്കി. അവസാനം ഈ ആയതനം നീണാൾ നില നിൽക്കട്ടെ എന്ന് പറയുന്ന തിനാൽ മൂന്നു വിഗ്രഹം ഉള്ള ഏകക്ഷേത്ര മാണ്

നിർമ്മിച്ചത്. (ഗിർണാറിലെ ,വാസ്തു പാല, തേജപാലവിഹാരം പോലെ)കാംബോ ജത്തിലെ ഭട്ടരാമന്റെ മകൻ അച്യുതനാണ് കാരയിതാവ് (ശിൽപ്പി). അച്യുതൻ ധനവന്തരീ സദൃശനാണെന്ന് ലിഖിതം. യക്ഷപാലക, ഗെജ്ജര, പാതാള എന്ന് മൂന്ന് ഗ്രാമം ദേവന്റെ ഭോഗത്തിനായി നീക്കി വെച്ചു. ഇനി വരുന്ന രാജകുമാരന്മാരും ക്ഷേത്രത്തെ ഈ ദാനം നിരന്തരമാക്കി രക്ഷിക്കണം എന്ന് പറയുന്നു ണ്ട്. കവിനാമം മു എന്ന് ആരംഭിക്കുന്നു. മൂന്നക്ഷരമുള്ളതാണ്. (രണ്ട് അക്ഷരം കാണുന്നില്ല). അക്ഷരം കൊത്തിയ ആളുടെ പേർ ഇതുപോലെ പകുതിയേ ഉള്ളു. ....ആലാദിത്യ . അഛന്റെ പേരുണ്ട്, ദുർല്ലഭാദിത്യ എന്നാണ്.

എഡി 882ലെ പെഹോവ ലിഖിതം ഭോജന്റെ പിൻഗാമിയായ മഹേന്ദ്രപാലകാലം തരു ന്നുണ്ട്. 9ആം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ 10ആം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ കാനൂജ് ഭരിച്ചവർ (സ്രിയദൊനി ലിഖി തം) ഇപ്രകാരമാണ്.

1. ഭോജ എഡി (862-882)

2. മഹേന്ദ്രപാല (903-907)
3. ക്ഷിതിപാല അഥവാ മഹിപാല (എഡി 917)
4. ദേവപാല (എഡി 848)

ഇതനുസരിച്ച് ഈ പ്രശസ്തി എഡി 882നും എഡി 917നും ഇടക്കാണ് രചിക്കപ്പെട്ടത്. ഓം നമോ മാധവായ എന്നാരംഭിക്കുന്നു.

ചേദിരാജാക്കൻമാരുടെ ബൽഹരി ശിലാ ലിഖിതം.

മദ്ധ്യേന്ത്യയിലെ ജബൽപൂർ ജില്ലയിലെ പഴയ സ്ഥലമാണ് ബിൽഹരി അഥവാ ബലിഹ്രീ. 33 വരി. 11ആം നൂറ്റാണ്ടിലെ നാഗരിലിപി. ധീര നെന്ന കാരണികന്റെ മകൻ നായനാണ് എഴു തിയത്. സംഗമനെന്ന ശിൽപ്പിയുടെ മകൻ നൊന്ന കൊത്തിവെച്ചു. ഭാഷ സംസ്കൃതം. ഓം നമോ നമശ്ശിവായ! എന്ന് ആരംഭിക്കുന്നു. 1-45 ശ്ലോകം സ്ഥിരാനന്ദന്റെ മകൻ ശ്രീനിവാസ നാണ് രചിച്ചത്. ബാക്കി (78ആം ശ്ലോകം വരെ) തീരന്റെ മകൻ സജ്ജനനാണ് രചിച്ചത്. ഭാഷാവിജ്ഞാനത്തിലും കവിതപത്തിലും ശ്രീനിവാസനാണ് മികച്ച് നിൽക്കുന്നത്. വ എന്നതിനു പകരം ബ ഉപയോഗിക്കുന്നു. ആദ്യഭാഗം

ചേദിരാജാവ് കേയൂരവർഷന്റെ രാജ്ഞി നൊഹലാ ശിവക്ഷേത്രം നിർമ്മിച്ചതാണ് പറയുന്നത്. ദംഗടപാതക,പോണ്ടി, നാഗബ ല, കൈലപാതക, വിദാ, സജ്ജാഹലി, ഗോഷ്ഠപാലി എന്നീ ഗ്രാമങ്ങൾ ക്ഷേത്രത്തി നായി നീക്കിവെച്ചു. കൂടാതെ നിപാനീയം, അംബിപാതകം എന്നിവ ഈശ്വരശിവനെന്ന മുനിക്ക് നൽകി. ഈശ്വരശിവൻ, ശബ്ദശിവന്റെ യും ശബ്ദശിവൻ പവനശിവന്റെയും ശിഷ്യനാണ്. ചാലൂക്യവംശത്തിലെ സിംഹവർമ്മ ന്റെ പേരക്കുട്ടിയും, സധന്വാവിന്റെ മകനുമാ യ അവനിവർമ്മനാണ് നൊഹലായുടെ അഛൻ. ചന്ദ്രവംശത്തിലെ ഹൈഹയകാർത്ത വീര്യപരമ്പരയിലെ കൊക്കല്ലദേവന്റെ മകൻ മുഗ്ദ്ധതുംഗന്റെ മകനാണ് കേയൂരവർഷൻ. തെക്കേ ഇന്ത്യയിലെ കൃഷ്ണരാജനോടും വടക്കേ ഇന്ത്യയിലെ ഭോജദേവനോടും സന്ധിചെയ്ത കോക്കല്ലദേവൻ പ്രസിദ്ധിയുടെ രണ്ട് തൂണുകൾ തനിക്കായി നിർമ്മിച്ചവ നാണ്. മുഗ്ദ്ധതുംഗൻ കിഴക്കേ സമുദ്രം വരെ അതിർത്തി വികസിപ്പിച്ചു.

കോസലരാജാവി ൽനിന്ന് പാലി പിടിച്ചടക്കി.

രണ്ടാം ഭാഗം ആരംഭിക്കുന്നത് നോഹലക്ക് യുവരാജദേവനിൽ (കേയൂരവർഷ)ലക്ഷ്മണ രാജനെ പറഞ്ഞുകൊണ്ടാണ്. ചേദിയുടെ ചന്ദ്രനായ ലക്ഷ്മണരാജൻ അമ്മ നോഹല നിർമ്മിച്ച ക്ഷേത്രങ്ങൾ പ്രസിദ്ധഗുരുപരമ്പ രയിലെ മുനിമാർക്ക് സമ്മാനിച്ചു. അദ്ദേഹം പടിഞ്ഞാറൻ കടൽ വരെ അതിർത്തി നീട്ടി, സോമേശ്വരശിവനെ (സോമനാഥക്ഷേത്രം) ദർശിച്ചു. കോസലരാജാവിനെ തോൽപ്പിച്ച്, ഔഡ്രരാജാവിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച കാളിയവിഗ്രഹം എടുത്തുകൊണ്ടുപോയി സോമേശ്വരന് സമർപ്പിച്ചു. ഇദ്ദേഹത്തിന്റെ മൂത്ത മകൻ ശങ്കരഗണനും ഇളയവൻ യുവ രാജദേവനുമായിരുന്നു.

ചേദിവംശാവലിഃ-

1. **കോക്കല്ലദേവ (കൃഷ്ണരാജനും ഭോജരാ ജനും സന്ധി)9ആം നൂറ്റാണ്ട്**
2. **മുഗ്ദ്ധതുംഗൻ.(കോസലരാജാവി ൽനിന്ന് പാലി പിടിച്ചു)**

3. കേയൂരവർഷയുവരാജദേവ. ചാലൂക്യ അവനിവർമ്മന്റെ മകളായ നോഹല ഭാര്യ
4. ലക്ഷ്മണരാജ. കോസലരാജാവിനെ തോൽപ്പിച്ചു, ഗുജറാത്തിലെ സോമേശ്വര നെ ദർശിച്ചു.
5. ശങ്കരഗണനും യുവരാജദേവനും

രാഷ്ട്രകൂട കൃഷ്ണ 2 കോക്കല്ലദേവന്റെ മകളെ വിവാഹം ചെയ്തിരുന്നു. എഡി 875-911 കൃഷ്ണന്റെ കാലം. ഭോജദേവൻ 862-882. (903ന് മുമ്പ് ഭരണാവസാനം)

ലക്ഷ്മണരാജൻ കദംബഗുഹയിലെ മുനിമാ ർക്കാണ് ക്ഷേത്രം കൊടുക്കുന്നത്. അവന്തിരാ ജകുമാരൻ അവർക്ക് നേരത്തോ മത്തമയൂരം എന്ന സ്ഥലം കൊടുത്തിരുന്നു. റാനോഡ് ലിഖിതത്തിലും ഈ പേരുകളുണ്ട്. നോഹല നിർമ്മിച്ച ക്ഷേത്രത്തിന് ത്രിപുരി, സൌഭാഗ്യ പുരം, ദുർല്ലഭപുരം, വാമനപുരം ഇവയിലെ ജനങ്ങളാണ് നിത്യനിദാനത്തിനുള്ളത് കൊടു ത്തിരുന്നത്. ഇവയെല്ലാം ചേദിയുടെ നഗര ങ്ങളാണ്.ത്രിപുരി ജബൽപൂരിനടുത്തെ തേവാർ, സൌഭാഗ്യപുരം ഹൊഷാങ്ബാദ് ജില്ലയിലെ സൊഹാഗ്പൂർ. ബിൽഹരിക്ക് 4

മൈൽ വടക്കുപടിഞ്ഞാറ് ഇപ്പോഴും പോണ്ടി ഉണ്ട്. ബിൽഹരിയുടെ 6 കിമീ വടക്കുകിഴ ക്കുള്ള വൈൽവാരയാണ് വൈലപാതകം. 10ആം നൂറ്റാണ്ടിന്റെ ആദ്യം ജീവിച്ചിരുന്ന രാജ ശേഖരനെ പരാമർശിക്കുന്നുണ്ട്. അന്ന് രാജ ശേഖരൻ പ്രസിദ്ധനായ കവിയാണെന്ന് സാരം.

മുഗ്ദ്ധതുംഗൻ പവിഴം വിളയുന്ന സമുദ്രതീര ത്തു കൂടി സഞ്ചരിക്കെ ശിബിരത്തിനടുത്ത് അവ പറിക്കാനായി കൈ നീട്ടുന്ന യുവതി കളുടെ കൈകളാൽ പവിഴം ഇരട്ടിക്കുന്ന തായി തോന്നി. മലയപർവ്വതത്തിലേക്ക് ചിന്ത സഞ്ചരിച്ചു. അവിടെയാണ് സമുദ്രത്തിരമാല കൾ കളിക്കുന്നത്. ഊതുന്ന കാറ്റിനൊപ്പം കേരളസ്ത്രീകൾ കളിക്കുന്നത്. അവിടെയാണ് വൃക്ഷങ്ങളിലെ സൌരഭ്യം സർപ്പങ്ങൾ ഹരി ക്കുന്നത്.

ചേദി ഹൈഹയർ കാർത്തവീര്യാർജ്ജുനനി ൽനിന്നും ചാലൂക്യർ പാണ്ഡുപുത്രനായ അർജ്ജുനനിൽനിന്നും വംശാവലി അവകാ ശപ്പെടുന്നു. ഈ രണ്ട്

വംശവുമാണ് ലക്ഷ്മണ ദേവന്റെ മാതാപിതാക്കൾ. മധുമതേയ പവനശിവന്റെ ശിഷ്യനായ ശബ്ദശിവനും അദ്ദേഹത്തിന്റെ ശിഷ്യനായ ഈശ്വരശിവനും ചാലൂക്യദേശത്തെ ലകുലീശശിവമുനിമാരാ ണ്. അവർക്കാണ് ചാലൂക്യവംശത്തിലെ നോഹില ക്ഷേത്രവും അതിനുള്ള ഭൂമിയും ദാനം ചെയ്തത്. രുദ്രശംഭു, മത്തമയൂരനാഥ, ധർമ്മശംഭു, സദാശിവ, മധുമതേയ ,ചൂഡാശി വ, ഹൃദയശിവ, എന്ന് കദംബഗുഹയിലെ ഗുരുകുലശാഖ മുഴുവനും തരുന്നത് ചരിത്ര പരമായി പ്രധാനമാണ്. പിന്നീട് മത്തമയൂ രശാഖ ഉണ്ടായതും പറയുന്നു. വൈദ്യനാഥക്ഷേത്രവും മഠവും ലക്ഷ്മണരാ ജൻ ഈ ഗുരുവിനാണ് കൊടുത്തത്. അദ്ദേഹം നൌഹലേശ്വരക്ഷേത്രം ശിഷ്യനായ അഘോര ശിവന് കൊടുത്തു. അവിടെ ആരാധന നടത്തിയശേഷമാണ് സോമനാഥക്ഷേത്രത്തി ലേക്ക് ദർശനത്തിന് പോയത്.

സാരംഗദേവന്റെ ചിന്ദ്രപ്രശസ്തി

സോറത്തിലെ ദേവപത്തനത്തിലെ സോമനാഥ ക്ഷേത്രത്തിലാണ് കിട്ടിയത്. 13ആം നൂറ്റാണ്ടി ലെ നാഗരി ലിപി. സംസ്കൃതം ഭാഷ. അവ സാനഭാഗത്ത് മാത്രം ഗുജറാത്തി വാക്കുകളു ണ്ട്. ബൃഹസ്പതിക്ക് വൃഹസ്പതിയും വീടകത്തിന് ബീടകവുമാണ്. കത്തിയവാറി ലെ (സോറാത്ത്) ഇപ്പോഴത്തെ വെറാവലാണ്. അവിടത്തെ ദേവപട്ടണം പ്രഭാസമെന്ന പുണ്യ ശൈവതീർത്ഥമാണ്. ദേവപട്ടണം എന്ന സോമ നാഥപട്ടണത്തിൽ ത്രിപുരാന്തകനെന്ന ശൈവസന്യാസി 5 ശിവലിംഗം പ്രതിഷ്ഠിച്ചു. അതിന്റെ പ്രശസ്തിയാണ് ലിഖിതം. ആദ്യ ത്തെ 2 ശ്ലോകം ശിവനേയും മൂന്നാമത്തേത് ഗണപതിയേയും സ്തുതിക്കുന്നു. പിന്നെ ഗുജറാത്തിലെ ചാലൂക്യരുടെ വംശവൃക്ഷമാ ണ്. ധവളൻ സ്ഥാപിച്ച വ്യാഘ്രപല്ലീയശാഖ (വാഗേല) ആണ് ഗുജറാത്തിലെ ചാലൂക്യശാ ഖ. വിശ്വമല്ലനെന്ന രാജാവിനെ നാരായണ നെന്നാണ് ജനം വിളിച്ചിരുന്നത്. ഭാര്യ നാഗല്ല ദേവി. സഹോ ദരൻ പ്രതാപമല്ലൻ. പ്രതാപമ ല്ലന്റെ പുത്രനായ അർജ്ജുനനെ വിശ്വമല്ലൻ

സിംഹാസനത്തിലിരുത്തി. പിന്നീട് കൃഷ്ണൻ രാജാവായി. കൃഷ്ണന്റെ പുത്രനാണ് സാരംഗ ദേവൻ. യാദവ, മാളവരാജാക്കന്മാരുടെ അഹങ്കാരം അദ്ദേഹം തീർത്തുകൊടുത്തു. വാഗേലചരിത്രം ഈ ലിഖിതത്തിൽനിന്ന് കുറച്ചെങ്കിലും മനസ്സിലാക്കാം. പ്രബന്ധങ്ങളി ൽ വിശാലനെന്നും വിശ്വലനെന്നും പറയുന്ന ആദ്യരാജാവിന്റെ ശരിയായ നാമം വിശ്വമല്ല നാണെന്ന് ഇവിടെ പറയുന്നു. ആഹവമല്ലൻ, യുദ്ധമല്ലൻ(ജോദ്ധാൽ)പൃഥ്വീമല്ലൻ ജഗന്മല്ലൻ (ജോദ്ധാൽ) ഇവയും ഇപ്രകാരമാണ്. വിശാ ലന്റെ പ്രാകൃതമാണ് വിശ്വലൻ. രുദ്രടനെന്ന് രുദ്രഭട്ടനേയും മമ്മടനെന്ന് മഹിമഭട്ടനേയും ജൈയടനെന്ന് ജയഭട്ടനേയും പറയുന്ന പോലെ യാണ് ഈ നാമങ്ങൾ. വിശ്വമല്ലന് പ്രതാപമല്ല നെന്ന സഹോദരനുണ്ടെന്നും അദ്ദേഹത്തിന്റെ മകനാണ് അർജ്ജുനനെന്നുമുള്ളത് ഈ ലിഖി തമാണ് നമുക്ക് പറഞ്ഞുതരുന്നത്. പ്രബന്ധ ങ്ങൾ വീരമാ എന്ന ജ്യേഷ്ഠസഹോദരനുണ്ടെ ന്നും വിശ്വമല്ലനെ ദോല്ക്കയിലെ സിംഹാസ

നത്തിലിരുത്താനായി വീരമാവിനെ വാസ്തു പാലൻ ഒഴിവാക്കി എന്നും പറയുന്നുണ്ട്. അർജ്ജുനന്റെ നാമം പറയുന്ന വിചാരശ്രേണി യും പ്രവചനപരീക്ഷയും അദ്ദേഹത്തിന്റെ മുൻഗാമിയെക്കുറിച്ച് ഒന്നും പറയുന്നില്ല. വിശ്വമല്ലന്റെ പത്നീനാമവും മറ്റൊരിടത്തും , ഈ ലിഖിതത്തിലല്ലാതെ പറയുന്നില്ല. ദേവ ഗിരിയിലെ അവസാനത്തെ യാദവരാജാവായ രാമചന്ദ്രനായിരിക്കണം സാരംഗന്റെ എതി രാളി. അദ്ദേഹം 1271 എഡിയിൽ രാജാവായി 1309ൽ മരിച്ചു. മരണസമയത്ത് അദ്ദേഹം ദൽഹിയിലെ സുൽത്താന്റെ സാമന്തനാണ്. വാഗേല്ല വംശവൃക്ഷം-

1 വീരധവള

2. മൂന്നു മക്കൾ. വീരമാ, വീരമല്ല(വിശാല)1, പ്രതാപമല്ല

3 പ്രതാപമല്ലന്റെ മകൻ അർജ്ജുനൻ

5. സാരംഗൻ

ഇപ്രകാരം തന്നിരിക്കുന്നു. സോമനാഥക്ഷേത്ര ത്തിലെ ത്രിപുരാന്തകന്റെ ഗുണഗണങ്ങളെ പ്രകീർത്തിക്കുന്നതോടൊപ്പം മുമ്പു

ഗുജറാ ത്തിലുണ്ടായിരുന്ന മഠാധിപതികളേയും പറയുന്നു.

ചന്ദ്രചൂഡനായ ശിവൻ ജനങ്ങളുടെ നന്മക്കാ യി ഭട്ടാരകലകുലീശനായി ഗുജറാത്തിൽ അവതരിച്ചു.പിതൃശാപത്താൽ സന്തതി ഇല്ലാതിരുന്ന ഉലൂകന്മാരെ അനുഗ്രഹിക്കാ നായി കാരോഹണ(കായാരോഹണ)മെന്ന ലലാടത്തിൽ അവതരിച്ചതിനാൽ ഈ ദേശ ത്തിന് ലാടദേശമെന്ന് പേരുണ്ടായി. ഇവിടെ അദ്ദേഹത്തിന് പാശുപതധർമ്മം പ്രചരിപ്പി ക്കാനായി നാലു ശിഷ്യന്മാരുണ്ടായി. കുശിക, ഗാർഗ്ഗ്യ, മൈത്രേയ, കാരൂഷക(കൌരുഷ) .നാലു സമുദ്രത്താല്ചുറ്റപ്പെട്ടഭൂമിയിൽ ഇവ രുടെ നാലുശാഖകൾ പാശുപതം പഠിപ്പിച്ചു.

പിന്നീട് ഇവരാൽ അനുഗ്രഹിക്കപ്പെട്ടവരെ ല്ലാം ധനമുള്ളവരാൽ ആദരിക്കപ്പെട്ടു.അവരി ൽനിന്ന് ......കഎന്ന് നാമമുള്ള അനന്തം ധന മുള്ളവൻ പിറന്നു. (പേരു മുഴുവനില്ല) ഗർഗ്ഗശാഖയിലെ ലകുലീശപാശുപതശാഖയെ

പറയുന്നു.തപോരാശിയായ കാർത്തികരാശി എന്ന സ്ഥാനാധിപതി , അദ്ദേഹത്തെ ഒന്ന് ദർശിച്ചവരുടെ തന്നെ പാപരാശി നീക്കി ക്കൊണ്ട് ഗർഗ്ഗ്യവംശത്തിലുണ്ടായി. കാർത്തി കരാശിയുടെ താമരക്കൈകളിൽനിന്ന് ജനിച്ച വാത്മീകിരാശി ഭാഷയെ പദങ്ങളുടെ ക്രമം കൊണ്ട് പവിത്രമാക്കി തന്റെ പാദമുദ്രകളാൽ വിത്രതയിലേക്ക് വഴി ഉണ്ടാക്കി. സർവ്വധർമ്മ വും സദാചാരവും ഉണർത്താനായി ചെറുപ്പ ക്കാരനായ സന്യാസി ത്രിപുരാന്തകനെ നിയോ ഗിച്ചു. ശിലപോലും ഇത്തര മഹാന്മാരുടെ കൈ തൊട്ടാൽ ഈശ്വരനാവും. ത്രിപുരാന്തകനെന്ന ഈ ശിഷ്യൻ നാലു ദിശക ളിലും സഞ്ചരിച്ച് തീർത്ഥാടനം ചെയ്തു. മദ്ധ്യ ഗുജറാത്തിലെ ലാടദേശത്തെ കാരോഹണമാ ണ് ഇവരുടെ ആദ്യത്തെ മഠം. മഹാദേവൻ നകുലീശ്വരനായി ആദ്യം കായാവരോഹണം ചെയ്ത് മനുഷ്യരൂപമെടുത്തത് ഇവിടത്തെ ഉൽക്കാപുരി (അവാക്കൽ)അഥവാ ഉലൂകപു രിയിലെ ബ്രാഹ്മണ ഗൃഹത്തിലാണ്. ലാടദേ ശത്താണ് ഈ സ്ഥലം. ലകുലീശനെന്ന നാമം പിന്നീടുവന്ന സംസ്കൃതഗ്രന്ഥങ്ങളിൽ

നകുലീ ശനെന്ന് കാണുന്നു.സായണന്റെ സർവ്വാർത്ഥ ദർശനസംഗ്രഹത്തിലാണ് ലകുലീശപാശുപത രുടെ സിദ്ധാന്തം വിശദമായി പറയുന്നത്.

ത്രിപുരാന്തകൻ ആദ്യം ഹിമാലയത്തിലേക്ക് പോയി കേദാർനാഥിലെ ശിവനെ ബ്രഹ്മസര സ്സിലെ താമരപ്പൂക്കളാൽ ആരാധിച്ചു. പിന്നെ തെക്കോട്ട് പ്രയാഗ(അലഹബാദ്)യിലെത്തി ഗംഗായമുനാസംഗമത്തിലെ ശിവാർച്ചന ചെയ്തു. പിന്നീട് ശ്രീപർവ്വതത്തിലെത്തി പ്രദക്ഷിണം വെച്ച് മല്ലീനാഥന്റെ കടാക്ഷം നേടി. (ശ്രീശൈലം) ശ്രീശൈലം ത്രിവേണീസം ഗമത്തിനു തെക്കും നർമ്മദക്ക് വടക്കുമാണ്. അഗസ്ത്യന്റെ പാദമുദ്ര പതിഞ്ഞ വിന്ധ്യപ ർവ്വതത്തെ തഴുകുന്ന രേവാനദീതീരത്താണ് പിന്നെ എത്തുന്നത്. നർമ്മദാതീരത്തുനിന്ന് ഗോദാവരീതീരത്തേക്ക് ചെന്ന് ത്ര്യംബകനെ (നാസിക്കിന് അടുത്ത്) കണ്ടു. വീണ്ടും തെക്കോട്ട് സഞ്ചരിച്ച് രാമസേതുവും രാമേ ശ്വരവും കണ്ടു. അവിടെനിന്ന് വടക്കുപടി ഞ്ഞാറോട്ട് ദേവപട്ടണത്തിലെത്തി (പ്രഭാസം)

സരസ്വതി സിന്ധുസാഗരത്തിൽ ചേരുന്നിടത്ത് എത്തി. അവിടെ ക്ഷേത്രപുരോഹിതനായ ബൃഹസ്പതി (ഗന്ധ) എന്ന ഉമാപതി (പുരോ ഹിതന്റെ ഭാര്യാനാമം ഉമ)അദ്ദേഹത്തെ ആര്യ നായി പ്രഖ്യാപിച്ച് ആറാമത്തെ മഹത്തരനാ യി നിയമിച്ചു. അദ്ദേഹത്തിന്റെ ഗുണങ്ങൾ കണ്ട് സന്തുഷ്ടനായ ശ്രീമദ് ചതുർജാതകൻ(നാലു വർണ്ണങ്ങളേയും സമമായി കണ്ട് ന്യായം നടത്തുന്ന നഗരമുഖ്യൻ) , ഈ മഹ ത്തരൻ തന്റെ പവിത്രകർമ്മങ്ങളാൽ നഗര ത്തിന്റെ പൊയ്പ്പോയ മഹത്വം വീണ്ടെടുക്കും എന്ന് ചിന്തിച്ചു.

സോമനാഥപ്രശസ്തിയിൽ (9ആം ശ്ലോകം) ആര്യ , മഹത്തര എന്ന നാമങ്ങൾ ജയസിംഹ സിദ്ധരാജനാണ് ഭാവബൃഹസ്പതിക്ക് കൊടു ക്കുന്നത്. ഇവിടെ പറയുന്ന ഗന്ധബൃഹസ്പ തി ജയസിംഹ, കുമാരകാലത്തെ ഭാവബൃഹ സ്പതിയാവാൻ സാദ്ധ്യതയില്ല. ഈ രണ്ട് രാജാക്കന്മാരുടെ കാലത്തുനിന്ന് 100ലധികം വർഷം കഴിഞ്ഞാണ് ലിഖിതകാലം . മാത്രമല്ല ഭാവഗണപതിയുടേ ഭാര്യ മഹാദേവിയും

ഗന്ധഗണപതിയുടേത് ഉമയുമാണ്. സോമനാ ഥക്ഷേത്രത്തിലെ പുരോഹിതന്റെ ബിരുദമാവ ണം ബൃഹസ്പതി.

ത്രിപുരാന്തകൻ തീർത്ഥങ്ങൾക്ക് ധാരാളം ദാനം ചെയ്തു. 5 ക്ഷേത്രം പണിതു, 5 വിഗ്ര ഹം പ്രതിഷ്ഠിച്ചു. തോരണം പണിതു. സോ മേശ്വരക്ഷേത്രമണ്ഡപത്തിനു വടക്ക് പുരാത നമായ ഘടികാലയത്തിന് അടുത്തായി, മുമ്പ് ശ്രീകണ്ഠപഞ്ചമുഖക്ഷേത്രം നിന്നിരുന്ന പവി ത്രസ്ഥാനത്താണ് 5 ക്ഷേത്രം പണിതത്. സോമ നാഥക്ഷേത്രം തെക്കും കിഴക്കും, സമുദ്രം പടിഞ്ഞാറുമാകയാൽ ക്ഷേത്രസമുച്ചയത്തി ന്റെ വടക്കേ ഭാഗത്തായിരുന്നു ഗോപുരം. അവിടെ തോരണം പണിതു. ചുറ്റുമതിൽ 5 ക്ഷേത്രത്തിനും കൂടി ഒന്നായിരുന്നു. ആദ്യക്ഷേ ത്രം മൽഹണേശ്വരനെന്ന് സ്വന്തം അമ്മ മൽഹ ണയുടെ പുണ്യത്തിനായി പണിതു. രണ്ടാമ ത്തേത് ഉമാപതിക്ക് വേണ്ടി ബൃഹസ്പതി യുടെ പേരിലാണ്. മൂന്നാമത്, ഉമേശ്വരമെന്ന പേരിൽ ബൃഹസ്പതിയുടെ പത്നിയുടെ

പേരിലാണ്. ബാക്കി രണ്ട് ക്ഷേത്രം തന്റെ പേരിൽ ത്രിപുരാന്തകക്ഷേത്രവും,സ്വന്തം ഭാര്യയുടെ പേരിൽ രമേശ്വരക്ഷേത്രവും. ഈ ക്ഷേത്രങ്ങളുടെ അന്തരാളങ്ങളിൽ പ്രതിഷ്ഠി ച്ച 5 വിഗ്രഹം ഗോരക്ഷകൻ, ഭൈരവൻ, ആഞ്ജനേയൻ, സരസ്വതി, സിദ്ധിവിനായക ൻ.

ബാക്കി ഭാഗം ത്രിപുരാന്തകൻ ക്ഷേത്രനടത്തി പ്പിന് നീക്കിവെച്ച ദാനങ്ങളും ആരാധനാനിയ മങ്ങളും പറയുന്നു. ഇതിലെ പല വാക്കുകളു ടെ അർത്ഥവും പുരാവസ്തുഗവേഷകർ സോമ നാഥക്ഷേത്രത്തിലെ പുരോഹിതന്മാരോടും കത്തിയവാറിലേയും ഗുജറാത്തിലേയും ശൈവ ക്ഷേത്രാധികാരികളോടും ചോദിച്ചാണ് മനസ്സി ലാക്കിയത്.

നിത്യം ഭഗവാനെ അഭിഷേകം ചെയ്യാൻ 2 കാവ തി ജലം. ചുറ്റും വൃത്തിയാക്കാൻ പനച്ചൂല് (കൊലിനി. അഥവാ കോലമയി) ഇതു രണ്ടും ബടുകന്മാർ കൊടുക്കണം. ബടുകന്മാർ ഇതു കൊണ്ടുവരികയും വൃത്തിയാക്കുകയും വേണം. ഇതിനു പകരമായി നിത്യം നേദ്യച്ചോ റും

മാസംതോറും പ്രതിഫലമായി പണവും ക്ഷേത്രം കൊടുക്കും മുളയുടെ അറ്റത്ത് തൂക്കി യിട്ട 2 ജലപാത്രമാണ് കാവതി അഥവാ കാവടി. (മലയാളത്തിലെ കാവ്). 2 കാവതി എന്നാൽ അത്തരത്തിലുള്ള നാല് ജലപാത്രം നിറയെ വെള്ളം. അത്രയും വേണം ഒരു ശിവലിംഗം അഭിഷേകം ചെയ്യുന്നതിന്. ചന്ദ്രചൂഡനായ ദേവനെ നിത്യം ചന്ദനം ചാർത്താനുള്ള ചന്ദനം വാങ്ങാൻ മാസംതോറും 8 ദ്രമ്മം സ്വർണ്ണം ത്രിപുരാന്തകൻ കൊടുക്കണം. തോട്ടക്കാരുടെ കുലസംഘം നിത്യം 200 ശതപത്ര പുഷ്പവും (വേളുത്ത പനിനീർ) സൌരഭ്യമുള്ള 2000 കണ വീര(കരവീരം) പ്പൂങ്കുലകളും കൊടുക്കണം. പരീക്ഷിപട്ടത്തിൽ 6 ദ്രമ്മം ഒരു മാസച്ചെലവിന് ദാതിവാഹന് നിശ്ചയിച്ചു. ശുദ്ധമായി വേദിക വെക്കാനാണിത്. രണ്ട് മാനകം ഉമി കളഞ്ഞ നെല്ല് (അരി) ഒരു മാനകം (മുദ്ഗം) 4 കർഷം നെയ്യ്, അത്രയും എണ്ണ (വിളക്കിന്), 5 നല്ല അടക്ക ഇവയും നിത്യം സ്ഥിരമായി അദ്ദേഹം കൊടു ക്കണം. 2 കർഷം 2 തോലയാണ്. 4 കർഷം 8 തോല.രാവിലെയും രാത്രിയും ആരാത്രിക (ആരതി) എടുക്കുന്ന ദീപത്തിലേക്കാണ് എണ്ണ. കോശം അഥവാ ബണ്ഡാരത്തിൽനിന്നാണ് സ്ഥിരമായി

എടുത്തുകൊടുക്കേണ്ടത്. മാനകം അഥവാ മൌണ്ട് എന്നത് 40 റാത്തലാണ്. ഓരോ മാസവും 2 മാനകം സുഗന്ധഗുഗ്ഗുലം കലവറ യിൽ നിന്ന് എടുത്തുകൊടുക്കണം. ദീപധൂപ പുഷ്പചന്ദനാദികളാലുള്ള പൂജയുടെ ആവശ്യ ത്തിനാണ് ഇതെല്ലാം.

മെഹർവംശക്കാരാണ് 50 വെറ്റിലയും ക്ഷേത്രാ വശ്യത്തിനുള്ള കുരുമുളകും നിത്യം കൊടു ക്കുന്നത്. ഇത് ബീടകം ഉണ്ടാക്കാനാണ്. അടക്ക ചെരവിയതും നൂറും വെറ്റിലയിൽ പൊതിഞ്ഞ്, ഒരു കരയാമ്പൂവ് തിരുകി, ബേടകം ഉണ്ടാക്കു ന്നു. ഇപ്പോഴത്തെ പാൻസുപാരി പോലെ. ശിവ ക്ഷേത്രങ്ങളിൽ ഇത് ഉപയോഗിച്ചിരുന്നു.   ഇത്ത രം സാധനമെല്ലാം പാശുപതർ സോമനാഥക്ഷേ ത്രത്തിലെ കലവറയിൽനിന്ന് കൊണ്ടുവരണം. ക്ഷേത്രപൂജാരിക്ക് കൊടുക്കണം. ഇതിന് കലവറ സൂക്ഷിപ്പുകാരൻ പാശുപതന്ന് നിത്യം കൊടു ക്കേണ്ടത് 1 മാനകം അരി, 2 പല്ലിക ഉഴുന്ന്, 2 കർഷം നെയ്യ്, കൂടാതെ നിത്യവും ബടുകൻ ഉണ്ടാക്കിയ നൈവേദ്യവും വേണം.സങ്കൽപ്പം പറഞ്ഞശേഷം പാശുപതൻ

നൈവേദ്യവും ബിടകവും പൂജാരിക്ക് കൊടുക്കുന്നു ചതുർജ്ജാ തകന്റെ ശാസനം വഴി, മണ്ഡപികകളിൽനിന്ന് നിത്യം ഒരോ ദ്രമ്മം ക്ഷേത്രത്തിലേക്ക് നികുതി യായി ത്രിപുരാന്തകൻ നിശ്ചയിച്ചു. മാസത്തിൽ 9 ദ്രമ്മം ബടുകന് (ക്ഷേത്രത്തിലെ പണികളെല്ലാം ചെയ്യുന്ന ശിഷ്യൻ) നിശ്ചയിച്ചു. മാസം 15 ദ്രമ്മം പാശുപതനുള്ളതാണ്. ഇതിന്നായി ചതുർജ്ജാത കന്റെ ഭണ്ഡാരത്തിൽ ത്രിപുരാന്തകൻ 15 ദ്രമ്മം മാസംതോറും നിക്ഷേപിച്ചു. ചതുർജ്ജാതകനിൽ നിന്ന് 3 കടകൾ ധനം നൽകി വാങ്ങി അവ ക്ഷേ തത്തിന് ദാനം ചെയ്തു.

എല്ലാ നികുതിയും ദാനവും ചെന്നുചേരുന്ന സമ്മിളിതപൊട്ടകം (പൊട്ടകം തമിഴിൽ പെട്ടി) സോമേശ്വരക്ഷേത്രഭണ്ഡാരമാണ്. അവിടെനിന്നാ ണ് മറ്റു ക്ഷേത്രങ്ങളിലേക്ക് കൊണ്ടുപോകുന്നത്. ശിവനിലുള്ള വിശ്വാസത്തിന്റെ മാലയണിഞ്ഞ ചതുർജ്ജാതകനാണ് ഇത് കൃത്യമായി എല്ലാവ ർക്കും കൊടുക്കുന്നത്. ചൈത്രത്തിലും ഭാദ്രപദ ത്തിലുമുള്ള പൌർണ്ണമിഉത്സവത്തിലെ , പവി ത്രകം വിസ്താരണം ഇവക്കായി ഓരോ കടയി

ലേയും കച്ചവടക്കാർ 1 ദ്രമ്മം വീതം
കൊടുത്തി രുന്നു. ശിവരാത്രിക്കുള്ള
അടക്ക സോമനാഥക്ഷേ ത്രഭണ്ഡാരവും
വെറ്റില മെഹറുകളും കൊടു ക്കണം.
സോമനാഥന്റെ ജാഥയിലേക്ക് (നഗരപ്രദ
ക്ഷിണം) മാലകളും നാളികേരവും
മിനുത്ത പട്ടും 3 കടക്കാരാണ് ദാനം
ചെയ്തിരുന്നത്. പാശുപതർ ഈ 5
ക്ഷേത്രത്തിലും സോമനാഥ
ക്ഷേത്രത്തിലും ആരാധന കഴിച്ചാൽ
ശിവനി ലേക്ക് ലയിക്കും. ചൈ
ഉത്രഭാദ്രപദപൌർണ്ണമി ഉത്സവത്തിൽ
കേടുവന്നതും പൊട്ടിയതുമെല്ലാം വീണ്ടും
നന്നാക്കുന്ന ഒരു ധർമ്മസ്ഥാനം ത്രിപു
രാന്തകൻ ചതുർജ്ജാതകന് കൊടുത്തു.
സ്വന്ത മായി ശേഖരിച്ച ധനം കൊണ്ടാണ്
അദ്ദേഹം ഈ ധർമ്മസ്ഥാനവും
ശാസനവും സമ്പാദിച്ചത്.
ഗന്ധരാണകബൃഹസ്പതിയുടെ
പ്രശസ്തിസ്ഥാ നവും, സാരംഗരാജാവിന്റെ
തടാകത്തിന് ആഭര ണവും ആയ
ക്ഷേത്രത്തിന്റെ മദ്ധ്യഭാഗത്ത് അദ്ദേഹം
തന്റെ ഇഷ്ടദേവതയായ ശ്രീയുടെ
ലീലാഗൃഹം പണിയിച്ചു. ദംദപുത്രനായ
ധരണീധരനാണ് പ്രശസ്തി രചിച്ചത്. പൂർണ്ണ
സിംഹപുത്രൻ വിക്രമനെന്ന് മന്ത്രി
എഴുതി, നാഹദപുത്രൻ

പൂർണ്ണസിംഹനെന്ന ശിൽപ്പി കൊത്തിവെച്ചു. ജനുവരി 20 എഡി 1287 തിങ്ക ളാഴ്ച മാഘശുക്ലപഞ്ചമിക്കാണ് 5 ക്ഷേത്രം നിർമ്മിച്ചത്

വിജയപാലന്റെ കാലത്തെ മഥുരാ പ്രശസ്തി

30 വരി. ദേവൽ പ്രശസ്തിക്ക് സദൃശമായ നാഗ രി ലിപി. ചില വരികളിലൊഴികെ സംസ്കൃത ഭാഷ. വ ബ ഇവ മാറി ഉപയോഗിക്കുന്നു. ഗണപതിക്ക് ഗദ്യത്തിലും പദ്യത്തിലുമായി 2 ശ്ലോകമുണ്ട്. 2 ശ്ലോകം വിഷ്ണുവിനും കൃഷ്ണ നും ഉണ്ട്. പിന്നെ ഒരു ക്ഷത്രിയവംശാവലി യാണ്. വംശനാമം ഇല്ല.സിംഹരാജ, തേജരാജ ഇവർക്കുശേഷം 2 പേരുടെ പേരില്ല. പിന്നെ ജജ്ജ. ജജ്ജക്ക് 4 മക്കളുണ്ട്. ഒരാളുടെ പേരേ പറയുന്നുള്ളു.ആസികൻ.

1. **സിംഹരാജൻ**
2. **തേജരാജൻ**
3. **പേരില്ല. അവന്തിരാജാവിന്റെ മകളെ വിവാഹം കഴിച്ചു**
4. **പേരില്ല.**
5. **ജജ്ജ . റിഷികയുടെ മകളെ വിവാഹം കഴിച്ചു**

6. നാലു മക്കൾ . അവസാനത്തെ ആളാണ് ആസികൻ.

ഗോഷ്ഠിജനമെന്ന കമ്മിറ്റിയുടെ സഹായ ത്തോടെ സ്വവർഗ്ഗത്തിന്റെ ഭാരം മുഴുവനും ഏറ്റെടുത്ത ജജ്ജൻ വിഷ്ണുവിന് മാർബിൾ കൊണ്ട് മഹാക്ഷേത്രം നിർമ്മിച്ചു. പഴയ വിഷ്ണുക്ഷേത്രപാലകരാണ് കമ്മിറ്റി അംഗ ങ്ങൾ.പുതിയ ക്ഷേത്രത്തിലെ ട്രസ്റ്റികൾ 1. തിൽഹന്റെ മകൻ രാമൻ 2.പൈച്ചിത്തികൻ 3. ധനികന്റെ മകൻ 4. മങ്കന്റെ മകൻ നാരദൻ 5. ജാസികൻ 6. തീലന്റെ മകൻ വസന്തൻ 7. കലന്റെ മകൻ ദന്തുകൻ 8. സോഭരന്റെ മകൻ മഹീപാലൻ 9. മാദൻ 10 സദന്റെ പുത്രൻ ഫുല്ലാരി 11. മാധവ ന്റെ പുത്രൻ സദാരൻ 12. രാമപാലന്റെ മകൻ സോദലൻ 13 രാജികന്റെ മകൻ സെൽഹണൻ

സുദർശനചക്രധാരിക്ക് രാജാവും നാട്ടുകാരും കൊടുത്ത ദാനങ്ങൾഃ-2 വീട്, വീഥിയിൽ 6 വരി പീടിക, തോട്ടം, ഗോണിപ്രസൃതി അന്നം, (ഒരു ഗോണി 4 ഖാരി തൂക്കം വരുന്ന അളവ് പ്രസൃതി ഒരു കൈക്കുടന്ന അഥവാ 2 പലം) പൂമാല ഉണ്ടാക്കുന്നവരിൽ നിന്ന് ഓരോ പാലി വീതം ലഭിച്ചതിന്റെ നാലിലൊന്ന്

മാപകനും എടുക്കേ ണ്ടതാണ്. ഓരോരുത്തർക്കും നിശ്ചയിച്ച വിഹി തം കൊടുക്കാത്തവർക്ക് ശിക്ഷ, വിധിച്ചിട്ടുണ്ട്. അവസാനശ്ലോകം പാല, കുലധര എന്ന രണ്ടുപേ രുടെ പ്രശസ്തിയാണ്. സംവത് 1207ൽ സോമല നാണ് കാർത്തികപൌർണ്ണമിനാളിൽ മഹാരാജാ വിജയപാലകാലത്ത് ഇത് കൊത്തിവെച്ച ആശാ രി. അജയപാലദേവനെന്നാണ് എന്നും പണ്ഡിത ന്മാർക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. (എഡി 1149-51 ആണ് വിക്രമസംവിത് 1207. വിജയപാ ലനെന്ന രാജാവ് മഥുര വാഴുന്ന കാലത്തെ സാമ ന്തനാവണം ജജ്ജ. ലിഖിതം കണ്ടെത്തിയ സ്ഥല ത്തിന് കേശവമൌണ്ട് എന്നാണ് പേര്.

കുമാരപാലന്റെ കാലത്തെ വടനഗർ പ്രശസ്തി

വടനഗറിലെ സാമേല തടാകത്തിനടുത്ത് അർജ്ജു ൻബാരിയിലെ സ്ലാബിലാണ് ലിഖിതം കണ്ടത്. (ലിഖിതത്തിന്റെ അവസാനഭാഗത്ത് അർജ്ജുന ബാരിക എന്ന പേരുണ്ട്). 46 വരി നാഗരി. സംസ്കൃതഭാഷ. വിക്രമസംവത് 1208ല്, ചാലൂക്യരാജാവ് കുമാരപാലൻ നിർമ്മിച്ച

നാഗരഅനന്തപുരത്തിന്റെ കോട്ടമതിലിനെ ക്കുറിച്ചാണ് ലിഖിതം. ശ്രീപാലനാണ് കവി. വിക്രമസംവത് 1689ൽ കോട്ട പുതുക്കിപ്പണിത പ്പോള് 2 ശ്ലോകം കൂടി ചേർത്തിട്ടുണ്ട്.ശ്രീ പാലന്റെ കവിത ശിവനേയും ബ്രഹ്മനേയും സ്തുതിച്ചുകൊണ്ടാണ്. പിന്നെ ചാലൂക്യരുടെ ഉത്ഭവവും ആദ്യത്തെ 8 ഗുജറാത്തി ചാലൂക്യരു ടെ വംശാവലിയും തരുന്നു.

1. **മൂലരാജാ**
2. **ചാമുണ്ഡരാജാ**
3. **വല്ലഭരാജാ**
4. **വല്ലഭന്റെ സഹോദരൻ ദുർല്ലഭരാജാ**
5. **സഹോദരൻ ഭീമദേവ**
6. **ഭീമദേവപുത്രൻ കർണ്ണൻ**
7. **ജയസിംഹസിദ്ധരാജാ**
8. **കുമാരപാലൻ**

മൂലരാജാ സരസ്വതീതടത്തിലെ ചാപോത്ക്കട വംശത്തിലെ ലക്ഷ്മിയെ (ഐശ്വര്യം) എടുത്ത് സ്വന്തം നാട്ടിലെ പണ്ഡിതർക്കും ബ്രാഹ്മണർക്കും കവികൾക്കും ആനന്ദമുണ്ടാക്കി. ഹേമചന്ദ്രന്റെ ദവാശ്രയകാവ്യപ്രബന്ധം പറയുന്ന പോലെ അദ്ദേഹം സ്വന്തം ബന്ധുവായ ചാപോത്ക്കട ത്തിലെ

അവസാനരാജാവിനെ ചതിച്ചു കൊന്ന തല്ല സ്വഭുജബലം കൊണ്ട് കീഴടക്കിയതാണെന്ന് ലിഖിതം പറയുന്നു. ചാമുണ്ടൻ സിന്ധുരാജാവി നെ തോൽപ്പിച്ച് കീഴടക്കി. ചാലൂക്യരാജ്യത്തി ന്റെ അതിർത്തിദേശമായ സിന്ധുവുമായി ഭീമദേവനും കർണ്ണനും പിൽക്കാലത്തും യുദ്ധ ങ്ങളുണ്ടായിട്ടുണ്ട്. വല്ലഭരാജന്റെ മാളവരാജ്യ ത്തേക്കുള്ള കടന്നുകയറ്റത്തെ കീർത്തികൌമുദി യും സുകൃതസങ്കീർത്തനവും മറ്റു പ്രബന്ധങ്ങ ളും പറയുന്നുണ്ടെങ്കിലും ഹേമചന്ദ്രൻ അതിനെ പ്പറ്റി പറയുന്നില്ല. ദുർല്ലഭരാജന്റെ ലാടം വിജയം മറ്റു ഗ്രന്ഥങ്ങളിൽ പറയുന്നില്ല. ഭീമദേവനാണ് ധാരാനഗരം പിട്ച്ചടക്കിയത്. ജയസിംഹസിദ്ധ രാജൻ മാളവത്തിലെ യശോവർമ്മനെ തടവുകാ രനാക്കി. ജയസിംഹന്റെ കയ്യിൽ ലോഹത്തെ സ്വർണ്ണമാക്കുന്ന കല്ല് (ഫിലോസഫേഴ്സ് സ്റ്റോൺ) ഉണ്ടായിരുന്നതിനാൽ അദ്ദേഹം കടമെല്ലാം വീട്ടി. കുമാരപാലൻ വടക്ക് അർണ്ണോരാജനേയും (രജപുത്താനയിലെ ശാകംബരീ സാംബാർ ദേശം) കിഴക്ക് മാളവരാജാവിനെയും തോൽപ്പിച്ചു. മാളവരാജാവിന്റെ ശിരസ്സ് കുമാരപാലന്റെ കോട്ടക്ക് പുറത്ത് പ്രദർശിപ്പിച്ചു.

ആനന്ദപുരത്തെ നാഗരം കുമാരൻ കോട്ട കെട്ടി സംരക്ഷിച്ച് പുനരുദ്ധരിച്ചു. ആനന്ദപുരത്തെ വൃദ്ധനഗരം ഇപ്പോളത്തെ വടനഗറാണ്. ബറോ ഡ ഗൈക്ക്വാദുമാരുടെ കാദിജില്ല ഖെരാളുഭാഗ ത്താണ് ഇത്. ഹ്യുയാൻസാങ്ങിന്റെ സഞ്ചാരരേഖ കളിൽ ഇതുണ്ട്.വലഭി ഭൂമി ഗ്രാന്റു രേഖകളിൽ ശിലാദിത്യ 6, ധ്രുവഭട്ട എന്നിവർ ശാസനം പുറപ്പെടുവിച്ചത് ഇവിടെവെച്ചാണ്. (ഗുപ്തസം വത് 447.)ഗുജറാത്തി ബ്രാഹ്മണരുടെ പ്രധാനശാ ഖയായ നാഗരന്മാരുടെ ആദ്യസ്ഥാനം ഇതാണ്. ശ്രീപാലനെ ജയസിംഹസിദ്ധരാജാ സഹോദരനാ യി സ്വീകരിക്കയും കവിചക്രവർത്തി ബിരുദം നൽകയും ചെയ്തിരുന്നു. പ്രബന്ധങ്ങളിൽ അദ്ദേ ഹം ജയസിംഹന്റെ ആസ്ഥാനകവിയാണ്. പ്രഭാ വകചരിതം അദ്ദേഹത്തിന്റെ കൃതിയായി വൈവെ രോചനപരാജയം പറയുന്നു. ദുർല്ലഭരാജമേരു വിനും ശ്രീസ്ഥലസിദ്ധപുരത്തെ രുദ്രമഹാലയ ത്തിനും അദ്ദേഹം പ്രശസ്തി എഴുതിയിട്ടുണ്ട്. പ്രബന്ധചിന്താമണിയിൽ മേരുതുംഗൻ , അൻഹിലാബാദ് പട്ടണത്തിനടുത്ത് ജയസിം ഹൻ കുഴിപ്പിച്ച

സഹസ്രലിംഗതടാകത്തിനും അദ്ദേഹം പ്രശസ്തി എഴുതിയതായി പറയുന്നു. പദ്ധതിയിൽ ശാർങ്ഗധരൻ അദ്ദേഹത്തിന്റെ ഒരു ശ്ലോകം ഉദ്ധരിക്കുന്നുണ്ട്. രാജശേഖരന്റെ പ്രബ ന്ധകോശപ്രകാരം കുമാരപാലന്റെ പിൻഗാമി രത്നപാലനാണ്.പ്രശസ്തി എഴുതിയത് നാഗര ബ്രാഹ്മണനായ പണ്ഡിറ്റ് വാലനനാണ്. വിക്രമ സംവിത് 1208 ആശ്വിനശുക്ലപഞ്ചമി, വ്യാഴം (എഡി 1150-52ന് അകത്ത് സപ്തംബർ 28 , എഡി 1151)) വേണി(വേണിലാലാ അഥവാ വേണീദാസ) പുത്രനായ നാഗരജോഷി വിഷ്ണു ജി ആദ്യത്തെ 2 ശ്ലോകം ചേയ്തശേഷം പകർത്തി എഴുതിയതാണ് ലിഖിതം.

വിജയസേനന്റെ ദിയോപ്പാറ ശിലാലിഖിതം

ബംഗാളിലെ രാജ്ഷാഹി ഗ്രാമത്തിലെ വനത്തി നടുത്തുള്ള ദിയോപ്പാറയിലാണ് ലിഖിതം കണ്ട ത്.(രാംപൂർ പർഗാനയിലെ ഗോദാഗാരി താന യിൽ) ഗോദാഗാരി ഗംഗാതീരത്താണ്. ഗോദാഗാ രിയുടെ വടക്കുകിഴക്ക് ദൻപൂരും കിഴക്ക് ദിയോപൂരും കാണുന്നുണ്ട്.ദിയോപ്പാറ എന്ന സ്ഥലം കാണാനില്ല. 32 വരി. 11-12

നൂറ്റാണ്ടിലെ വടക്കൻലിപി, ബംഗാളി. നാഗരിയോട് സാമ്യം. സംസ്കൃത ഭാഷ. ആദ്യത്തെ ഓം നമശ്ശിവായ! ഒഴികെ മറ്റെല്ലാം പദ്യം. ബ വ ആയി എഴുതു ന്നു. ശൂലപാണിയാണ് ലിഖിതം കൊത്തിയത്. അദ്ദേഹം രാണകനാണ്. വാരേന്ദ്രകലാകാരന്മാ രുടെ നെറ്റിപ്പതക്കമാണ്, ബൃഹസ്പതിപുത്രനും മനദാസന്റെ പേരക്കുട്ടിയും ധർമ്മന്റെ പേരക്കുട്ടി യുടെ മകനുമാണ്. ഉമാപതിദേവനാണ് കവി. ജയദേവൻ ഗീതാഗോവിന്ദത്തിൽ പറയുന്ന വാച പല്ലവയിതി ഉമാപതിധര എന്നതിലെ ഉമാ പതിധരനാണ് ഉമാപതിദേവനെന്ന് കരുതുന്നു. പല്ലവം പോലെ വാക്ക് തളിർക്കുന്ന ശൈലി ഈ ലിഖിതത്തിലെ പദ്യത്തിലും കാണാം. വാരേന്ദ്രി ഇപ്പോൾ രാജഷാഹി എന്നു വിളിക്കുന്ന ഗ്രാമ ത്തിന്റെ ഒരു ഭാഗമാണ്. ലക്ഷ്മണസേനന്റെ സഭ യിലാണ് കവി ജീവിച്ചിരുന്നത്. ലക്ഷ്മണസേന ന്റെ മുത്തശ്ശനാണ് വിജയസേനൻ. ഈ രേഖ വിജയസേനൻ ഒരു മഹാശിവക്ഷേത്രം പ്രദ്യു മ്നേശ്വരക്ഷേത്രമെന്ന പേരിൽ ഉണ്ടാക്കിയതാണ് പറയുന്നത്.

ദക്ഷിണാത്യന്മാരായ ചന്ദ്രവംശത്തിൽ സേനവം ശത്തിൽ വീരസേനനെന്ന രാജാവുണ്ടായിരുന്നു. ഈ വംശത്തിലെ സാമന്തദേവൻ കർണ്ണാടകയു ദ്ധങ്ങൾക്ക് ശേഷം വാർദ്ധക്യത്തിൽ ഗംഗാതീര ത്തേക്ക് തപസ്സിന് പോയി. അദ്ദേഹത്തിന്റെ മകൻ ഹേമന്തസേനനും ഭാര്യ മഹാരാജ്ഞി യശോദേവിക്കും ജനിച്ച മകനാണ് വിജയസേ നൻ.നാന്യ, വീര എന്നീ രാജാക്കന്മാരെ തടവിലിട്ട ശേഷം ഗൌഡം കാമരൂപം കലിംഗം എന്നീ രാജ്യ ങ്ങളെ അദ്ദേഹം കീഴടക്കി. ഗംഗാതീരത്തുകൂടി ആക്രമണം തുടർന്നു. ലിഖിതം 11ആം നൂറ്റാണ്ടി ലെയാവണം. തര്പ്പൻദര്ജ്ജി താമ്രപത്രലിഖിത പ്രകാരം വിജയസേനനുശേഷം പുത്രൻ ബല്ലല ദേവനും പിന്നീട് അദ്ദേഹത്തിന്റെ മകൻ ലക്ഷ്മ ണസേനനുമാണ് ഭരിച്ചത്. ലക്ഷ്മണസേനൻ ഒരു തെക്കൻ കാലഗണന തുടങ്ങി. അത് ഒക്ടോബർ , 7, എഡി 1119നാണ് തുടങ്ങിയത്.

വീരസേനാദികളായ ദക്ഷിണേന്ത്യൻ വംശം സൂര്യചന്ദ്രവംശമാണ്, ബ്രഹ്മക്ഷത്രരാണ്, മാതാ പിതാക്കളുടെ വംശം (രണ്ടു വംശവും) പ്രസിദ്ധ മാണ് എന്ന് ലിഖിതം പറയുന്നുണ്ട്. ബ്രഹ്മക്ഷത്ര

നായ സാമന്തസേനന്റെ വീര്യം ദശരഥപുത്രനായ രാമന്റേതുപോലെയാണ്. അദ്ദേഹം കർണ്ണാടക ത്തിലെ സ്വത്ത് മുഴുവനും കയ്യടക്കി. നാന്യൻ നേപ്പാളിൽ കർണ്ണാടകവംശം സ്ഥാപിച്ച നാന്യദേവനാണ്. (എഡി 109).

ചാലൂക്യരാജാവ് കർണ്ണന്റെ ശുനക് ഗ്രാന്റ്

വടക്കൻഗുജറാത്തിലെ പത്തനില്ലിന്ന് 15 മൈൽ തെക്കുകിഴക്കാണ് ശുനക് ഗ്രാമം. ലിഖിതം സംസ്കൃതഗദ്യമാണ്. വൈശാഖശുക്ലപഞ്ചമി വിക്രമസംവത് 1148 സോമഗ്രഹണദിനമാണ് ലിഖിതം എഴുതിയത്. മഹാരാജാധിരാജാ ത്രൈലോക്യമല്ല (ചാലൂക്യരാജാ കർണ്ണ 1) അനാഹി ലപാടകത്തിൽനിന്ന് പുറപ്പെടുവിച്ച ശാസനത്തി ൽ 126 ഗ്രാമങ്ങളിലെ വാസികളെയാണ് അഭിസംബോധന ചെയ്യുന്നത്. ഇതിലെ പ്രമുഖഗ്രാമം അന്തപുരമാണ്. ലഘുദാബി എന്ന സ്ഥലത്തെ ശുനകഗ്രാമത്തിൽ നിർമ്മിച്ച വാപി സംരക്ഷി ക്കാനാണ് ഇത്. ലഘുദാബിയുടെ വടക്കുപ ടിഞ്ഞാറേ അതിർ സന്ദേരഗ്രാമമാണ്. അനാഹിലപാടകം അന്ഹിലാബാദ് (ചാലൂക്യതലസ്ഥാനം), അനന്ത പുരം

വടനഗരം ആണ്. ദാബി ശുനക്കിന് 1 മൈൽ തെക്കുപടിഞ്ഞാറാണ്. സന്ദേര 3 മൈൽ ദാബിക്ക് തെക്കുപടിഞ്ഞാറ് . ഊഞ്ച റെയിൽവേ സ്റ്റേഷനിൽ നിന്ന് 5 മൈൽ പടിഞ്ഞാറാണ് ശുനക. സിദ്ധപൂരിന്റെ ഏഴര മൈൽ തെക്കുള്ള ഊഞ്ച കാടവ കുളംബി അഥവാ കുൺപികളുടെ ഗുജ റാത്തിലെ ആദ്യആസ്ഥാനമായിരുന്നു.

കായസ്ഥ കാഞ്ചനന്റെ മകൻ കായസ്ഥ വടേശ്വര ന്റെ മകനായ കേക്കകെനാണ് എഴുതിയത്. അദ്ദേ ഹം ഭീമന്റെ (ഭീമ 1) ലിഖിതവും എഴുതിയിട്ടു ണ്ട്. ദൂതകൻ മഹാസന്ധിവിഗ്രഹി ശ്രീ ചന്ദശ ർമ്മനാണ്.

രസോവിക ഥാക്കൂറ മഹാദേവനാണ് കുഡുംബി കളായ ജെസ്പാല(യശപാല) ലാല, ബകുലസ്വാ മി ഇവരുടെയായിരുന്ന 4 ഹലം (കലപ്പ) നിലം , 12 പൈലം (48 സേർ) വിതക്കാവുന്നത്, ലഘുദാ ബിയിലെ തടാകത്തിനു കൊടുത്തത്. ഇതിന്റെ കിഴക്ക് ഭട്ടാരികനിലമാണ്. രുദ്ര,ലാല, നേഹ എന്നീ ബ്രാഹ്മണന്മാരുടെ നിലവും ആ ഭാഗത്താ ണ്. തെക്ക് മഹിഷരാമന്റെ നിലം. പടിഞ്ഞാറും വടക്കും സന്ദേരഗ്രാമാതിർത്തി. ഈ അതിർത്തി ക്കകത്ത് താമസിക്കുന്നവരെല്ലാം

വാപിയെ സംരക്ഷിക്കാനുള്ള ബാദ്ധ്യസ്ഥത ഉള്ളവരാണ്. അതിനുള്ള വിഹിതമായി നികുതിയും സ്വർണ്ണ വും സേവനവും കൊടുക്കണം. ഇത് പൊതുജ നങ്ങൾക്കെല്ലാം ഉള്ളതാകയാൽ ആരും ഇതിന് തടസ്സം സൃഷ്ടിക്കരുത്. വ്യാസൻ പറഞ്ഞതുപോ ലെ ആരാണോ ഭൂമി ദാനം കൊടുക്കുന്നത് അവ ർക്ക് 6000 വർഷം സ്വർഗ്ഗവാസം കിട്ടും. ഭൂമി എടുക്കുന്നവർ അത്രയും കാലം നരകവാസം അനുഭവിക്കണം. ഈ ശാസനം അഷ്ടപടലികൻ കെക്കകൻ, കായസ്ഥവടേശ്വരപുത്രൻ എഴുതിയ ത്. ദൂതകൻ മഹാസന്ധിവിഗ്രഹൻ ശ്രീചാഹില ൻ. ഒപ്പുവെച്ചത് ശ്രീകർണ്ണദേവൻ.

പട്ടണത്തിലെ വടിപുരപാർശ്വനാഥക്ഷേ ത്രത്തിലെ പ്രശസ്തി.

അനഹിലബാദ് പട്ടണത്തിലേ വാടിപുരപാർശ്വ നാഥക്ഷേത്രപ്രശസ്തി ജൈനനാഗരിലിപിയാണ്. ഭാഷ തെറ്റായസംസ്കൃതം. ഗുജറാത്തി, പേഴ്സ്യ

ൻ, അറബി വാക്കുകളുടെ മിശ്രിതമുണ്ട്.ഗദ്യമാ ണ്. മംഗളം മാത്രം പദ്യം ആര്യാവൃത്തത്തിലാ ണ്. സംഘത്തിന്റെ ഈ ക്ഷേത്രം പണിതവന് പട്ടണത്തിൽ വാഴുന്ന വാടിപുര ജിനപാർശ്വൻ ശാശ്വതസന്തോഷം കൊടുക്കട്ടെ എന്നാണ് ശ്ലോകം. ആർഹതനെ വണങ്ങി ബൃഹദ് ഖരത ര(ഗച്ഛ)ത്തിലെ പുരോഹിതന്മാരുടെ ക്രോണോ ളജി പറയുന്നു. അക്ബർ പാദുഷാ ഭരിക്കുമ്പോ ൾ വിക്രമവർഷം 1651 (എഡി 1594 നവംബർ 16) മാർഗ്ഗശീർഷത്തിലെ ശുക്ലനവമിക്ക്, തിങ്കളാഴ്ച പൂർവ്വഭദ്രപാദനക്ഷത്രത്തിലെ ശുഭമുഹൂർത്ത ത്തിലാണ് ആരംഭം. ഖരതരവിദ്യാലയത്തിലെ ഗുരുക്കന്മാരുടെ പട്ടാവലിഃ-

1. ഉദ്യോതനസൂരി. മഹാവീരന്റെ പൊട്ടാത്ത ഗുരുപരമ്പരയിലെ ഗുരു വിഹാരത്തെ പ്രസിദ്ധമാക്കി.
2. വർദ്ധമാനസൂരി . ദണ്ഡനായക വിമലനാൽ നിർമ്മിക്കപ്പെട്ട അർബ്ബുദമലയിലെ, വസതി പ്രതിഷ്ഠിച്ച് ശ്രീമന്ധരനാൽ തെറ്റു തിരുത്ത പ്പെട്ട സൂരിമന്ത്രം ആരാധിച്ചു.

3. ജിനേശ്വരസൂരി വിക്രമസംവത് 1080ൽ അൻഹിലാബാദ് രാജാവ് ദുർല്ലഭവർദ്ധനന്റെ ദർബാറിലെ ചൈത്യവാസികളെ പുറത്താക്കി, ഖരതരനെന്ന ബിരുദം നേടി.
4. ജിനചന്ദ്രസൂരി
5. അഭയദേവസൂരി. തന്റെ ഇഷ്ടദേവതയുടെ വെളിപാടു കൊണ്ട്, സ്തംബനയിലെ പാർശ്വനാഥവിഗ്രഹം ഉണ്ടാക്കി, കുഷ്ഠ രോഗത്തിൽ നിന്ന് രക്ഷപ്പെടുകയും നവാംഗി മുതലായ ഗ്രന്ഥങ്ങൾ രചിച്ച് പ്രശസ്തനാവു കയും ചെയ്തു.
6. ജിനവല്ലഭസൂരി. വാഗദരാജ്യത്തെ 10000 ശ്രാ വകന്മാരെ ഉണർത്തി 10 കുലകങ്ങളുള്ള സന്ദേശം അയച്ച് ജൈനധർമ്മം പുനരുദ്ധരി ച്ചു. ധാരാളം കവിതകളും പിണ്ഡശുദ്ധി മുതലായ ഗ്രന്ഥങ്ങളും രചിച്ചു.
7. ജിനദത്തസൂരി. 64 യോഗിനിമാർ 52 വീരന്മാ ർ സിന്ധിലെ പീരന്മാർ ഇവരെയെല്ലാം അട ക്കി കീഴിലാക്കി, അംബദയുടെ കയ്യിലെഴുതി യ സ്വർണ്ണാക്ഷരങ്ങൾ വായിച്ച് യുഗപ്രധാന നെന്ന ബിരുദം നേടി.മന്ത്രവാദം കൊണ്ട് പഞ്ചാബിലെ 5 നദികൾക്കു മേലെ നടന്നു.

8. ജിനചന്ദ്രസൂരി 2. മഹതിയാനർ , ഉസവാല (ഓസ്വാൽ) പ്രധാനന്മാർ,ശ്രീമാലയിലെ മറ്റു വർഗ്ഗക്കാർ(ബിൻമാൽ) ഇവരെ പുനരുദ്ധരി ച്ച് ഉണർത്തി. ലലാടത്തിൽ നരമണി ചൂടി.
9. ജിനപത്തി. ഷഡ്ത്രിംശദ്വാദം കൊണ്ട് വിധി പക്ഷം നടപ്പാക്കി. ഭണ്ഡാരി നേമിചന്ദ്രനാണ് അദ്ദേഹത്തിന്റെ പ്രബോധോദയം മുതലായ ഗ്രന്ഥങ്ങൾ പരിശോധിച്ചത്.
10. ജിനേശ്വരസൂരി 2. ലാതവാല ബീജപുരത്തിലെ ശാന്തിവീരവിധിചൈത്യം പ്രതിഷ്ഠ നടത്തി.
11. ജിനപ്രബോധസൂരി
12. ജിനചന്ദ്രസൂരി 3. നാലു രാജാക്കന്മാരെ മതം മാറ്റി രാജഗഛരനെന്ന നാമം നേടി.
13. ജിനകുശലസൂരി. ശത്രുഞ്ജ്ജയന്റെ ആഭരണമായ ഖരതരക്ഷേത്രബസതി പ്രതിഷ്ഠിച്ചു
14. ജിനപത്മസൂരി
15. ജിനലബ്ധിസൂരി
16. ജിനചന്ദ്രസൂരി
17. ജിനോദയസൂരി സംഘപതിയായി രുന്ന് ജനങ്ങളെ

സന്തോഷിപ്പിച്ചു. ദേവാംഗ
നാരസരസ്സിൽവെച്ച് സ്വന്തം
വസ്ത്രങ്ങൾ ജനങ്ങൾക്ക്
എറിഞ്ഞുകൊടുത്തു.

18. ജിനരാജസൂരി

19. ജിനഭദ്രസൂരി.
പുണ്യസ്ഥലങ്ങളിൽ നല്ല
പുസ്തകശാലകളുണ്ടാക്കി. ജയ്സാൽമാ
റിലെ ബൃഹദ് ജ്ഞാനകോശം
ജിനഭദ്രൻ പ്രതിഷ്ഠിച്ച
പാർശ്വനാഥക്ഷേത്രത്തിലാണ്
സൂക്ഷിച്ചിരിക്കുന്നത്.

20. ജിനചന്ദ്രസൂരി 5

21. ജിനസമുദ്രസൂരി. മന്ത്രവാദം
കൊണ്ട് 5 യക്ഷന്മാരെ അടക്കി

22. ജിനഹംസസൂരി.
അദ്ദേഹത്തിന്റെ തപസ്സ് കണ്ട്
ആശ്ചര്യപ്പെട്ട സിക്കന്ദർ (സിക്കന്ദർ
ബിൻ ബാഹ്‌ലോൽ 1489-1510) 500
തടവുകാരെ വിട്ടയച്ചു.

23. ജിനമാണിക്യസൂരി.
മന്ത്രസാധന കൊണ്ട് 5 നദികളുടെ
മുകളിലൂടെ നടന്നു.
യവന(മുഹമ്മദ)ന്മാരുടെ ആക്രമണം
തപ സ്സുകൊണ്ട് തടഞ്ഞു.

24. ജയചന്ദ്രസൂരി 5. വാദത്തിൽ
എല്ലാവരേയും തോൽപ്പിച്ചു.

സ്തംഭതീർത്ഥ ത്തിൽ (കാംബേ) മഴക്കാലത്ത് സംവത് 1648ൽ താമസിച്ചതുകേട്ട്, ജലാലുദ്ദീൻ പാദുഷാ അക്ബർ അദ്ദേഹത്തെ വിളിപ്പി ്ച്ചു. ചക്രവർത്തിയിൽനിന്ന് ആഷാഢമാസ ത്തിലെ 8 ദിനം മൃഗഹത്യ ചെയ്യില്ലെന്ന പ്രമാണവും, സ്തംഭതീർത്ഥസമുദ്രത്തിലെ മത്സ്യങ്ങളെ പിടിക്കില്ലെന്ന പ്രമാണവും അദ്ദേഹം വാങ്ങി. സത്തമശ്രീയുഗപ്രഭാവ നെന്ന ബിരുദവും നേടി. മാഘശുക്ലദ്വാദശിക്ക് ചക്രവർത്തിയുടെ കൽപ്പനപ്രകാരം പഞ്ചാബിലെ 5 നദികളുടെ മുകളിലൂടെ നടന്നുകാണിച്ചു. തന്നെ സേവിക്കുന്ന ആചാ ര്യജിനവരന് ചക്രവർത്തിസമക്ഷം ആചാര്യ നാമം കൊടുത്തു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് വാടിപുരപാർശ്വനാഥക്ഷേ ത്രം നിർമ്മിച്ചത്.

ക്ഷേത്രം നിർമ്മിച്ചത് ഓസ്വാൾവംശത്തിലെ മന്ത്രിഭീമന്റെ വംശക്കാരാണ്. അവരുടെ വംശാവലി തരുന്നു.

1. മന്ത്രി ചമ്പ. ഭാര്യ സുഹാവദേ
2. മന്ത്രി മഹീപതി ഭാര്യ അമരി
3. മന്ത്രി വാസ്തുപാല ഭാര്യ ശിരിയാദേ
4. മന്ത്രി തേജപാല ഭാര്യ മാനു
5. സാഹ അമരദത്ത കുകേശവംശത്തിന്റെ ആഭരണം. ഭാര്യ രത്തനാദേ
6. രത്നകുംയരാജേ ഭാര്യ ശോഭഗദേ

ക്ഷേത്രനിർമ്മാതാക്കളായി ഭായി വാച്ചി എന്ന രത്നകുമ്മരാജിയും (സഹോദരി) ഭായി ജീവനി എന്ന മകളും കൂടി പറയുന്നുണ്ട്. വിക്രമസംവ ത് 1652ലാണ് വിഗ്രഹം പ്രതിഷ്ഠിച്ചത്.വൈശാ ഖകൃഷ്ണപക്ഷദ്വാദശി തിങ്കളാഴ്ച, രേവതി നക്ഷത്രം (എഡി 1596 മേയ് 13)

അജയ് ഘടിലെ 2 ചന്ദേല ലിഖിതങ്ങൾ

കലഞ്ജറിന് തെക്കുപടിഞ്ഞാറ് 16 മൈൽ മാറി കിടക്കുന്ന മലക്കോട്ടയാണ് അജയ്ഗർഹ്. 15 വരി പാറമേലാണ് കൊത്തിയിരിക്കുന്നത്. പാറ യിലെ വിള്ളൽ ഇതിനെ 2 ഭാഗമായി തിരിച്ചിരി ക്കുന്നു. 7 വരി വലത്തും 8 വരി ഇടത്തുമാണ്. 13ആം നൂറ്റാണ്ടിലെ നാഗരിലിപി. സംസ്കൃത ഭാഷ. പദ്യമാണ്.

കവി ഹരിപാലന്റെ മകനും വത്സരാജന്റെ പേരക്കുട്ടിയുമായ കവി രത്നപാ ലനാണ് രചയിതാവ്. രാമനാണ് കൊത്തിവെച്ച ത്. ചന്ദേലരാജാവ് വീരവർമ്മന്റെ പത്നി കല്യാ ണദേവി കിണറുണ്ടാക്കിച്ചതാണ് വിഷയം. അജ യ്ഗർഹ് (വിജയപുരം)കോട്ടയിൽ നിർജ്ജരക്കി ണറും ഹാളും ഉണ്ടാക്കി. ലിഖിതത്തിൽ നന്ദിപു രമെന്നാണ് അജയ്ഘർഹിന് പറയുന്നത്. രാജാ വിന്റെയും കല്യാണദേവിയുടേയും വംശവൃ ക്ഷം തരുന്നുണ്ട്. ദധീചിവംശത്തിൽ ജനിച്ച ഛാദലന്റെ മകൻ ശ്രീപാലൻ, അദ്ദേഹത്തിന്റെ മകൻ മഹേശ്വരൻ, ഗോവിന്ദരാജന്റെ മകൾ വേശലദേവിയിൽ മഹേശ്വരന് ജനിച്ച പുത്രി കല്യാണദേവി. അവൾ വീരന്റെ പട്ടമഹിഷിയാ യി.

ചന്ദ്രവംശത്തിലെ ചന്ദ്രേല്ല (ചന്ദേല)അഥവാ ചന്ദ്രാത്രേയഗോത്രമാണ് രാജാവിന്റേത്. വംശാവലിഃ-

1. **കീർത്തിവർമ്മൻ. കർണ്ണനെ തോൽപ്പിച്ചു**
2. **സല്ലക്ഷണൻ, മാളവ,ചേദി ഇവരെ തോൽപ്പി ച്ചു**
3. **ജയവർമ്മദേവ**
4. **പൃഥ്വീവർമ്മൻ**

5. **മദനൻ**
6. **പരമാർദ്ദി**
7. **ത്രൈലോക്യവർമ്മൻ. തുരുഷ്കരിൽനിന്ന് രാജ്യത്തെ മോചിപ്പിച്ചു**
8. **വീര (വീരവർമ്മൻ)**

14.ഏപ്രിൽ 1262 വ്യാഴാഴ്ചയാണ് ലിഖിതം എഴുതിയത്.

ഭോജവർമ്മന്റെ ശിലാലിഖിതം

അജയ്ഗൃഹ് കോട്ടയുടെ തീർഹവൻ ഗോപുര ത്തിന് അടുത്തുള്ള പാറമേൽ ഉള്ള ലിഖിതം.16 വരി. പ്രത്യേകതരം നാഗരി. ഇത് 12-13 നൂറ്റാണ്ടി ലെ മാഹോബ, കാലഞ്ജരലിഖിതങ്ങളിലുള്ള പോലെയാണ്. സംസേകൃതം. ഓം നമ കേദാരായ എന്ന തുടക്കം ഒഴികെ എല്ലാം പദ്യമാണ്. രാജാ വ് ഭോജവർമ്മന്റെ ഭണ്ഡാരം സൂക്ഷിപ്പുകാര നായ സുഭടൻ ക്ഷേത്രം നിർമ്മിച്ചതാണ് ലിഖിത വിഷയം. കായസ്ഥന്മാരുടെ വാസ്തവ്യഗോത്ര ത്തിലാണ് സുഭടന്റെ ജനനം. അവരിൽ പലരും ചാന്ദേലരാജാക്കന്മാരായ ഗണ്ഡ,

കീർത്തിവർമ്മ, പർമാർദ്ദി, ത്രൈലോക്യവർമ്മൻ,ഭോജവർമ്മൻ എന്നിവരുടെ കാലത്ത് പ്രധാനഉദ്യോഗങ്ങൾ കൈകാര്യം ചെയ്തവരാണ്.കവികളാൽ അലങ്കരിക്കപ്പെട്ട(അവരുടെ ജന്മസ്ഥാനമായ) 36 നഗരങ്ങളിൽ ഒന്നാണ് തർക്കാരിക. അവിടെ ജീവിച്ച വാസ്തുവിൽനിന്നാണ് കായസ്ഥന്മാരു ടെ ഉത്ഭവം. ഈ വംശത്തിലാണ് താക്കൂറ ജാജ്ജു കൻ ജനിച്ചത്. അദ്ദേഹം ഗന്ധന്റെ സേവകനായി രുന്നു. രാജാവ് അദ്ദേഹത്തിന് ദുഗൌഢഗ്രാമം കൊടുത്തു. പുത്രൻ മഹേശ്വരനെ കീർത്തിവ ർമ്മൻ കാലഞ്ജരത്തിലെ വിശീഷനായി നിയമി ച്ച് പിപലാഹികഗ്രാമം കൊടുത്തു. പിന്നത്തെ അംഗം ഗദാധരൻ പരമാർദ്ദിയുടെ വിശ്വസ്തനാ യിരുന്നു. സഹോദരൻ ജൌനാധരനോടുകൂടി കലഞ്ഢരയുദ്ധങ്ങളിൽ പങ്കെടുത്തു. മറ്റൊരു സഹോദരനായ മാലാധരനും പ്രശസ്തയോദ്ധാ വായിരുന്നു. അവർക്കുശേഷം ആൽഹു, പുത്രൻ ശോഭനൻ, ശോഭനപുത്രൻ വിദാനൻ, വിദാനപു ത്രൻ വാസേ അഥവാ വാസേകൻ, ജയപുരം കോട്ട(അജയ്

ഗർഹ്)യിലെ വിശീഷനായി വാസേകനെ
നിയമിച്ച ത്രൈലോക്യവർമ്മൻ
അദ്ദേഹത്തിന് വർഭവരിഗ്രാമം
കൊടുത്തു. അദ്ദേഹം ത്രൈലോക്യമല്ലന്ന്
എതിരെ ഉയർന്നു വന്ന ഒരു ഭോജുകനെ
കീഴടക്കി. ജയപുരത്ത് ക്ഷേത്രവും
കുളവും ഉണ്ടാക്കി. അദ്ദേഹത്തിന്റെ
അനുജനായ ആനന്ദൻ കോട്ടയുടെ
ഭരണാധികാ രിസ്ഥാനത്തിരുന്ന്
ഭില്ല,ശബര,പുളിന്ദ ട്രൈബുക ളെ അമർച്ച
ചെയ്തു .ആനന്ദന്റെ മകൻ രുചിരന് 3
മക്കളുണ്ടായിരുന്നു.
ഗോപതി,മഹീപാലൻ, സുഭടൻ. സുഭടൻ
ഭോജദേവന്റെ ഭണ്ഡാരം രക്ഷി
ക്കുന്നവനായിരുന്നു. മഹീപാലന്റെ 3
മക്കളിൽ ഒരാളാണ് കീർത്തിപാലൻ.

ചാന്ദേലലിഖിതങ്ങളിലും
വാസ്തവ്യകുടുംബം
പരാമർശിക്കപ്പെടുന്നുണ്ട്.
അവയിലൊന്നിൽ ഹല്ലനപുത്രൻ
സുഹിലനെ പറയുന്നുണ്ട്. പ്രതോ
ലികാന്വിതജയപുരദുർഗ്ഗാധിപനെന്ന്
വാസ്ത വ്യകുടുംബാംഗങ്ങളെ
പറയുന്നുമുണ്ട്. (പ്രതോ ലിക രാജവീഥി)
.യാദവരാജാവ് സിംഗണന്റെ
പ്രധാനജ്യോതിഷി ചങ്കദേവൻ (ഭാസ്കരാചാ

ര്യന്റെ പേരക്കുട്ടി) മുത്തശ്ശൻ എഴുതിയ സിദ്ധാ ന്തശിരോമണി പഠിപ്പിക്കാനായി വിദ്യാകേന്ദ്രം തുറന്നതിന് നികുംഭവംശത്തിലെ സഹോദരന്മാ രായ സോയിദേവനും ഹേമാദിദേവനും (യാദവ സാമന്തർ) ധാരാളം ദാനം ചെയ്തിരുന്നു. നികും ഭവംശം 16000 ഗ്രാമം (യാദവരുടെ) ഭരിച്ചിരുന്നു. മംഗളശ്ലോകത്തിൽ സപ്തഗ്രഹങ്ങളെ നമിച്ച് ഭാസ്കരാചാര്യനെ സ്മരിച്ച് ചക്രവർത്തികളാ യ ദേവഗിരി യാദവന്മാരെ സ്തുതിച്ച് ചങ്കദേവ ന്റെ പൂർവ്വികരായ നികുംഭവംശത്തേയും സ്മരിക്കുന്നുണ്ട്. യാദവരിൽ ബില്ലമൻ ലാട,ക ർണ്ണാടക,ഗുർജ്ജരരോട് യുദ്ധം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പിൻഗാമി ജൈത്രപാലൻ ആന്ധ്രയെ തോൽപ്പിച്ചു. അദ്ദേഹത്തിന്റെ മകനാ ണ് സിംഗണനെന്ന സിംഹു. മഥുര,കാശിരാജാക്ക ന്മാരെയും ഹമ്മീരനേയും അദ്ദേഹം തോൽപ്പി ച്ചിട്ടുണ്ട്. സിംഗണൻ ശകം 1131 (എഡി 1209-10) ലാണ് സിംഹാസനസ്ഥനായത്. നികുംഭവംശം സൂര്യവംശക്കാരാണ്. പാറ്റ്നയിൽനിന്ന് കിട്ടിയ അവരുടെ വംശവൃക്ഷം ഡോ ബർഗസ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. **കൃഷ്ണരാജ 1**
2. **ഗോവന 1**
3. **ഗോവിന്ദരാജാ**
4. **ഗോവന 2**
5. **കൃഷ്ണരാജാ 2**

ഈ ലിഖിതത്തിലെ കൃഷ്ണരാജാ കൃഷ്ണരാജാ 2 ആണ്.

6. **ഇന്ദ്രരാജാ**
7. **ഗോവന 3 (എഡി 1151ല് ഭരണാരംഭം)**
8. **സോയിദേവ (എഡി 1207 ൽ ജ്യോതിഷവി ദ്യാലയത്തിന് ദാനം)**
9. **സഹോദരൻ ഹേമാദിദേവ .സിംഗണദേവ ന്റെ സാമന്തനായി 1600 ഗ്രാമം ഭരിക്കുന്നു.**

ചങ്കദേവന്റെ വംശം ശാണ്ഡില്യഗോത്രമാണ്. ഈ ലിഖിതത്തിൽ അതിലെ ചില അംഗങ്ങളെ പറയുന്നുണ്ട്.

1. **കവിചക്രവർത്തി ത്രിവിക്രമൻ ദമയന്തികഥ രചിച്ച മഹാകവി ത്രിവിക്രമഭട്ട.**
2. **മകൻ ഭാസ്കരഭട്ടന് ഭോജരാജാവ് വിദ്യാപ തി ബിരുദം കൊടുത്തു (എഡി 1021ലാണ് ഭോജകാലം)**

3. ഗോവിന്ദസർവ്വജ്ഞ
4. പ്രഭാകരൻ
5. മനോരഥൻ
6. കവീശ്വര മഹേശ്വരാചാര്യ.ജ്യോതിർവിത് തിലകനെന്ന പേരുണ്ട്. വിജ്ജലപുരനിവാ സി. വൃത്തശതകം രചിച്ചു.
7. ഭാസ്കരൻ(ജ്യോതിശ്ശാസ്ത്രജ്ഞൻ) എഡി 1104ൽ ജനനം.
8. ലക്ഷ്മീധരൻ. ജൈത്രപാലൻ പ്രധാനപണ്ഡി തനായി നിയമിച്ചു.
9. ചങ്കണൻ . സിംഗണന്റെ ജ്യോതിഷി.

ദമയന്തികഥയിൽ ത്രിവിക്രമഭട്ടൻ തന്നെ ശാണ്ഡി ല്യവംശത്തിലെ ശ്രീധരന്റെ പേരക്കുട്ടിയും നേമാ ദിത്യന്റെ മകനുമെന്ന് പറയുന്നു.

ഗംഗാരാജാവ് എരേയപ്പരശന്റെ ബേഗൂർ ശിലാലിഖിതം

ബാംഗലൂരിൽ നിന്ന് 6 കിമീ തെക്കുകിഴക്കാണ് ബേഗൂർ. മാപ്പിൽ ബൈഗൂർ എന്ന് കാണിക്കുന്ന ഈ ഗ്രാമത്തിന്റെ ശരിയായ നാമം ബെംപൂരു (ബെംപൂർ) എന്നായിരുന്നു. 6 വരി

ലിഖിതം കല്ലിലെ ഒരു വെട്ടുകൊണ്ട് രണ്ടായി ഭാഗിച്ചിരി ക്കുന്നു. ബാക്കിഭാഗം ഒരു യുദ്ധരംഗം കൊത്തി യിരിക്കയാണ്. വലത്തുവശത്തെ സൈന്യത്തെ കുതിരപ്പുറത്ത് വാളു ധരിച്ചിരിക്കുന്ന യോദ്ധാ വാണ് നയിക്കുന്നത്. ശിരസ്സിലെ അലങ്കാരവും ഛത്രവും അദ്ദേഹം രാജപുരുഷനാവാമെന്ന് കാണിക്കുന്നു. പിന്നിൽ 2 കുതിരപ്പടയാളികളു ണ്ട്. മുമ്പിൽ കാഹളം വിളിക്കുന്ന ഒരു കാലാ ൾപ്പടയാളി. അതിനപ്പുറം മറ്റൊരു അശ്വാരൂഢ ൻ. ഇടത്തുവശത്തെ സൈന്യത്തെ കുന്തം ധരിച്ച് ആനപ്പുറത്തിരിക്കുന്ന യോദ്ധാവ് നയിക്കുന്നു. അദ്ദേഹത്തെ പല്ലക്കിലിരിക്കുന്ന ധനുർദ്ധാരി യാണ് അനുഗമിക്കുന്നത്. ഒരു അശ്വാരൂഢനു മുണ്ട്. ആനയുടെ പിന്നിലായി ഭൈരവനും കാളിയുമുണ്ട്. നടുവിലും മുന്നിലുമായി രണ്ടു സൈന്യത്തിന്റെ യുദ്ധം കാണിക്കുന്നു.മുകളിൽ ചെറിയ സിംഹാസനത്തിൽ രാജാവ് ഇരിക്കു ന്നു. കാലുകൾ താഴെ നാലുകാലും മടക്കി ഇരിക്കുന്ന ഒരാളുടെയോ അതുപോലെ ഉണ്ടാ ക്കിയ ഒരു സ്റ്റൂളിന്റേയോ മേലെയാണ്. യുദ്ധവാ ർത്ത അറിയാനുള്ള ആകാംക്ഷയോടെ ഇരിക്കു കയാണ്.

ഇരുവശം 2 ചാമരധാരിണികളുണ്ട്. അവരുടെ പിന്നിൽ മറ്റൊരു സ്ത്രീ , രാജാവിന്റെ ഉയർത്തിയ ഇടംകയ്യിലിരിക്കുന്ന രു പക്ഷിയെ കൂട്ടിലാക്കാൻ ശ്രമിക്കുന്നു. അവളുടെ പിന്നിലാ യി, ഒരു കൊടിമരക്കീഴിൽ നിൽക്കുന്ന വേറെ ഒരു സ്ത്രീ. രാജാവിന്റെ മുന്നിൽ ഒരു സ്ത്രീയും ,മുട്ടിന്മേൽ ആവനാഴിയോടു സദൃശമായ വസ്തു (കോളാമ്പി) ധരിച്ച യോദ്ധാവുമുണ്ട്. ഇവരെല്ലാം 9ആം നൂറ്റാണ്ടിലെ കർണ്ണാടകജന തയാണ്. സംസ്കൃതം കലർന്ന പഴയ കർണ്ണാടക ഭാഷയാണ് ലിഖിതം. പല വാക്കുകളും ദ്രാവി ഡമാണ്. ദ്രാവിഡൻ ഉകാരം സംസ്കൃതപദ ങ്ങളോടും ചേർത്തിട്ടുണ്ട്.

വീരമഹേന്ദ്രൻ പല്ലവരാജാവ് വീരനോലംബനാ യിരിക്കണം എന്ന് കരുതുന്നു. അദ്ദേഹത്തിന്റെ ഒരു ലിഖിതത്തിൽ അയ്യപ്പദേവന്റെ മകളുടെ സംരക്ഷകനാണെന്ന് പറയുന്നുണ്ട്. വീരമഹേന്ദ്ര നുമായ യുദ്ധത്തിൽ ഐരേയന്റെ നാഗത്തരസൈ ന്യവും (നാഗട്രൈബൽ. നായർ) വീരമഹേന്ദ്രന്റെ അയ്യപ്പദേവൻ നയിച്ച സൈന്യവും ഏറ്റുമുട്ടി. അയ്യപ്പദെവനെ വധിച്ച് യുദ്ധം ജയിച്ച ഇരുഗ നെന്ന നാഗത്ത

രസൈന്യാധിപന് നാഗ ത്തരവട്ടം എന്ന ബിരുദം കൊടുത്തു. ബേംപൂർ 12 എന്ന 12 ഗ്രാമവും കൊടുത്തു. ഈ 12 ഗ്രാമമാണ് കലനാട് ജില്ല .കലനാട് എന്നതിൽനിന്നാണ് ഇപ്പോഴത്തെ ആനക്കൽ താലൂക്ക് എന്ന നാമം ഉണ്ടായത്. ആനക്കൽ താലൂക്കിലെ ഇഗ്ലൂരുവിന് ലിഖിതം ഇഗ്ഗളൂരു എന്നാമ് പറയുന്നത്. ദേവനഹല്ലി താലൂക്കിലെ നെല്ലൂർപട്ടണമാാണ് ലിഖിതത്തി ലെ നല്ലൂരു. ഇതിന്ന് 9 മൈൽ തെക്കുകിഴക്ക് ചിക്കനെല്ലൂരുമുണ്ട്. കോലാർജില്ല മാലൂർ താലൂ ക്കിലെ വൂൾമാംഗ്ളേ ലിഖിതത്തിലെ പൂവിന പുല്ലമംഗള ആണ്. ലിഖിതം 9ആം നൂറ്റാണ്ടിലെ യാണെന്ന് പാലിയോളജിക്കൽ തെളിവുവെച്ച് അനുമാനിക്കുന്നു. എരെയപ്പരശൻ മിന്നൽപോ ലെ ഭൂമിയിലവതരിച്ച് വലല, മേഖലവംശ ങ്ങളുടെ സംരക്ഷകനും തൈലദേശത്തിന്റെ അധിപനുമായി എന്ന വാക്യം വളരെയധികം വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്. വലല(വല്ലഭ)ദേ ശം കേരളത്തിലാണ്. മേഖല കാലഞ്ജരത്തിലെ സോമവംശിപാണ്ഡുവംശികളുടെ ദേശമാണ്. ഇവയെല്ലാം മൂഷകവംശക്കാരുടെയായിരുന്നു. തൈലദേശം അയ്യപ്പദേവനുമായി ബന്ധമുള്ളതാ ണ്.ഈ ലിഖിതം ഉണ്ടായ

കാലത്ത് പടിഞ്ഞാറൻ ചാലൂക്യഭരണത്തിൽ ഒരു ഇടവേള വന്ന കാല മാണ്.ഈ ലിഖിതം അങ്ങനെയൊരു ഇടവേള ഇല്ലാത്തപോലെ തൈല 1, അദ്ദേഹത്തിന്റെ പേര ക്കുട്ടിയുടെ മകൻ അയ്യന 1 ഇവരെ അവതരി പ്പിക്കുന്നു. കാകതീയരുദ്രദേവന്റെ പിതാവ് പ്രോ ലിരാജാ തൈല 1ന്റെ രാജ്യം എടുത്ത് എരേയന് കൊടുത്തിട്ടുണ്ട്. എന്നാൽ പ്രോലിരാജന്റെ കാലം 1162 ആണ്. പടിഞ്ഞാറൻ ചാലൂക്യ തൈലപ 3 (1150-62) ആണ് അദ്ദേഹത്തിന്റെ കാലത്തെ തൈലപൻ. മാത്രമല്ല, അദ്ദേഹത്തിന്റെ രാജ്യം എടുത്തത് ഐരനല്ല, ഉദയനെന്ന ഗോവി ന്ദരാജനാണ്. തൈലനെന്ന നാമം തന്നെ ഈ ലിഖി തത്തിലില്ല. അലംകൃതൈ്യലാധിപത്യ എന്ന വാക്കില് നിന്ന് തൈലനെ നിർദ്ധാരണം ചെയ്ത് എടുത്തതാണ്. അയ്യപ്പദേവൻ പടിഞ്ഞാറൻ ചാലൂക്യ അയ്യന 1 ആകാനുള്ള സാദ്ധ്യത തള്ളി ക്കളയാവതല്ല.

ഓം സ്വസ്തി! സമസ്തഭുവനവിനുത ഗംഗാകുലഗഗനനിർമ്മല താരാപതിജലധിജലവിപുലവലയ മേഖലാകലാപാലംകൃതൈ്യലാധിപത്യല ക്ഷ്മീസ്വയംവൃതപതീ തദ്വാട്യഗണിതഗുണഗണവിഭൂഷണവിഭൂ

ഷിത വിഭൂതി ശ്രീമദ്എരേയപ്പരശം
പഗെവരെല്ലമന്നി ക്ഷത്രം മാടി ഗംഗാവാടി
തൊംബത്തരുശാസിര മുമനേകഛത്ര
ഛായേള്ളോലാലത്തമിദു ബീരമാ
ഹേന്ദ്രനോൽക്കടലെന്തു അയ്യപ്പദേവംഗേ
സാമന്തസഹിതം നാഗത്തരനം
ദന്തുവേൾദോദേ തുംബേ
പാടിയോൾക്കാടി കാലേഗം ഇമ്പാളിദോദേ
ആനയോളാന്തിരുടു സത്തോദദം
കേൾദേരയപ്പം മെച്ചി ഇരുഗംഗേ
നാഗത്തരവട്ടം ഗട്ടി ബംപൂർപ്പന്നേരടുമം
ശാസനബദ്ധം
കൽനാടിത്തനാവാവുവെന്റോടേ.
ബെംപൂരു തൊവഗൂരു പൂവിനപുല്ലമംഗല
കൂടനിടുനല്ലൂരു നല്ലൂരുകൊമരൻഗുണ്ട
ഇഗ്ഗലൂരു ദുഗ്മൊനെൽമല്ലി ഗലംജവഗിലു
സാരംവു എലുഗുപ്പേ പരവൂരു കൂടൽ
ഇനിതുമം പോലമേരേസഹിതം ഇത്ഥൻ
എരേയപ്പൻ സാവുചരൻ നാഗരംഗേ
മംഗലമഹാശ്രീ

ശ്രദ്ധിക്കേണ്ടത് എല്ലാ വശവും ജലധിയാൽ
വലയം ചെയ്യപ്പെട്ട തെക്കേ ഇന്ത്യയാണ്
ഗംഗ രശന്റെ രാജ്യം. (പെരുവലശ്ശേരി
അഥവാ ഉതി ർപ്പെരുവലം കടലാൽ
ചുറ്റപ്പെട്ട കേരളകർണ്ണാട കദേശമാണിത്.
കാഹളം വിളിക്കാനുള്ള ആൾക്കു പോലും
ഇടമില്ലാത്ത സൈന്യം ചുഴന്ന പ്പോൾ
അയ്യപ്പദേവൻ ആനപ്പുറത്ത് കയറി

അവിടെവെച്ചാണ് എരേയപ്പന്റെ ചാവിലും അനുഗമിക്കുന്ന സാവുചരൻ അദ്ദേഹത്തെ വധിച്ചത്. (ചാവേർപ്പട) വല്ലഭരാജ്യമായ കേരളവും കാലഞ്ജരമേഖലാപാണ്ഡവരാ ജ്യവും ഗംഗരശന്റെ കാലത്ത് ഏകഛത്രത്തിനു കീഴിലാണ്. ആ രണ്ടു വംശവും നിലനിന്നത് ഗംഗരശനാലാണ്.

റാണോഡിലെ (നാരോദ്) ശിലാലിഖിതം.

ചേദി ബിൽഹരിലിഖിതത്തിലെ ചില ഭാഗങ്ങ ൾക്ക് വ്യക്തത വരുത്തുന്നതാണ് ഈ ലിഖിതം. ഝാൻസിക്കും ഗുണാക്കും ഇടയിലെ റാണോഡ് (നാരോദ് അഥവാ നർവാർ) പുരാതനമായ നഗ രമാണ്. പുരാതനമായ ഹിന്ദുകൊട്ടാരം ഇവിടെ യുണ്ട്. അതിന്നുമുന്നിലായി തുറന്ന മുറ്റവും ഇരുവശവും മുറികളുമുള്ള വിശാലമായ അങ്ക ണമുണ്ട്. അതിന്നുപുറത്ത് ചതുരാകൃതിയിലു ള്ളതും പടികളോടുകൂടിയതുമായ കുളമുണ്ട്. അതിന്നടുത്തായി രണ്ടാമതൊരു കുളമുണ്ട്. സന്യാസികളായ ഗുരുക്കന്മാർക്കുള്ള മഠമാണി ത്. ഇതിലെ

ഒരു കുളം കുഴിച്ചത് ലിഖിതം പറ
യുന്നുണ്ട്. പ്രധാനഗൃഹത്തിന്റെ
ഇടത്ത്ഭാഗത്ത് താഴെയാണ് ലിഖിതം. 10-11
നൂറ്റാണ്ടിലെ നാഗ രി ലിപി. രുദ്രൻ എഴുതി,
ജെജ്ജകൻ കൊത്തി വെച്ചു.
സംസ്കൃതഭാഷ. ഓം നമശ്ശിവായ (ആദ്യം)
രുദ്രേണ ലിഖിത(അവസാനം) ഇവ ഒഴികെ
എല്ലാം പദ്യമാണ്. ദേവദത്തകവി
എഴുതിയത് മകൻ ഹരദത്തനാണ് എഴുതി
എടുത്തത്. ബ വ എന്നിവ മാറ്റി
എഴുതിയിരി ക്കുന്നു.

ആദ്യത്തെ 5 ശ്ലോകം ഗണേശ, സരസ്വതി,
ശിവ ന്റെ ശംഭു,ധൂർജ്ജടി, ത്രിപുരവിജയി
എന്നീ രൂപങ്ങളുടെ സ്തുതിയാണ്. ശിവൻ
ഒരിക്കൽ യജ്ഞം കൊണ്ട് ബ്രഹ്മാവിനെ
സന്തുഷ്ടനാക്കി
ശൈവസിദ്ധാന്തകാരന്മാരായ
മുനിമാരുടെ അവസാനിക്കാത്ത
പരമ്പരയെ വരമായി നേടി.
ഇവരിലാദ്യത്തെ ആളാണ് കദംബഗുഹാ
വാസി ൻ. (കദംബഗുഹ
കേരളകർണ്ണാടകവനവാസി യിലാണ്)
സംഘമഠികാധിപതി, തേരംബിപാല,
ആമർദ്ദകതീർത്ഥനാഥ, പുരന്ദര ഇവരാണ്
പിന്നീ ടു വന്നത്. ശിവാദ്വൈതത്തിലേക്ക്
ദീക്ഷ ലഭിക്കാ നാഗ്രഹിച്ച
അവന്തിവർമ്മൻ പുരന്ദരനെ അവ
ന്തിയിലേക്ക് ക്ഷണിച്ചു.

ഉപേന്ദ്രപരത്തുചെന്ന് മുനിയെക്കൊണ്ട് സമ്മതിപ്പിച്ചു. ദീക്ഷ കിട്ടിയ ശേഷം ദാനം ലഭിച്ച സ്ഥലത്ത് പുരന്ദരൻ മത്ത മയൂരസന്യാസികളുടെ മഠം സ്ഥാപിച്ചു. റാണി പദ്രത്തിലും മഠം സ്ഥാപിച്ചു. അവിടെയാണ് ലിഖിതം. പുരന്ദരനു ശേഷം കവചശിവൻ, സദാശിവൻ, ഹൃദയേശൻ, വ്യോമശിവൻ (വ്യോമശംഭു) ഇവരായിരുന്നു ആചാര്യപര മ്പര. റാണിപദ്രയിലെ മഠം പുനരുദ്ധരിക്കയും ആനകളെപ്പോലുള്ള ബുദ്ധമതക്കാരേയും ചെന്നാ യ്ക്കളെപ്പോലുള്ള ജൈനരേയും വാദത്തിൽ തോൽപ്പിക്കയും മഠത്തിന് നല്ല കുളം കുത്തിക്ക യും ചെയ്തു. ലിഖിതം പാലിയോളജിക്കൽ നിർണ്ണയപ്രകാരം 10-11 നൂറ്റാണ്ടിലെയാണ്. ചാലൂക്യരാജാക്കന്മാരായിരുന്ന അവനിവർമ്മ ൻ,സധനപൻ, സിംഹവർമ്മൻ, ബിൽഹരിലിഖിത ത്തിലെ ചേദി രാജ്ഞി നോഹല ഇവരോട് ബന്ധ പ്പെട്ട അവന്തിവർമ്മനെ 9ആം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് ജീവിച്ചതായി പുരാവസ്തു ഗവേ ഷകർ കണക്കാക്കുന്നു. റാണിപദ്ര റാണോഡ് തന്നെയാണ്. തേരംബി തേരാഹിയാണ്. (റാണോ ഡിന് 5 മൈൽ തെക്കുകിഴക്ക്).തേരാഹി നിന്ന് 6 മൈൽ തെക്ക് കദ്വാഹയാണ് കദംബഗുഹ എന്ന് കരുതപ്പെടുന്നു. അവിടെ 9 ജീർണ്ണിച്ച

ക്ഷേത്രങ്ങ ളും 4 ജീർണ്ണിക്കാത്ത ക്ഷേത്രങ്ങളും കാണാനു ണ്ട്.

നിശ്ശേഷകന്മഷമഷീമപഹൃത്യയേന സംക്രാമിതം പര മഹോന്യപതേർ അവന്തേ

എന്നാണ് അവന്തിവർമ്മന് ദീക്ഷ കൊടുത്തതി നെ പറഞ്ഞിരിക്കുന്നത്. ബിൽഹരി ലിഖിതത്തി ൽ സദാശിവ, ഹൃദയശിവന്മാരെ പറയുന്നു. ഇവരുടെ മദ്ധ്യത്തിലായി മധുമതേയനെന്നും ചൂഡാശിവനെന്നും പേരുള്ള 2 ആചാര്യന്മാരു ണ്ട്. കവചശിവനു പകരം ധർമ്മശംഭുവിനെയാ ണ് പറയുന്നത്. രേവയുടെ പോഷകനദി സോ ൺതീരത്തെ ചന്ദ്രേഹേ ലിഖിതത്തിൽ മത്തമയൂ രത്തിലെ പുരന്ദരനെ പറയുന്നുണ്ട്. (എഡി 972-3). പ്രശാന്തശിവനെന്ന മുനി നിർമ്മിച്ച കുളവും മഠവും അദ്ദേഹത്തിന്റെ ശിഷ്യനായ പ്രബോധശി വൻ പുനരുദ്ധരിച്ചിട്ടുണ്ട്. ഇവരുടെ ഗുരുക്കന്മാ ർ പുരന്ദരനും മധുമതേയനായ ശിഖാശിവനും പ്രഭാവശിവനും ആണ്. ജൈക്കന്റേയും അമരിക യുടേയും പുത്രനും മെഹുകന്റെ പേരക്കുട്ടിയു മായ ദാമശതകവി എഴുതി, ലക്ഷ്മീധരപുത്ര നും വാസുദേവന്റെ ഇളയ സഹോദരനുമായ ദാമോദരൻ കൊത്തിയതുമാണ് ആ

ലിഖിതം. ചന്ദ്രേഹേക്ക് വളരെ അടുത്തുള്ള മുകുന്ദപുര ത്ത് ചേദി സംവത് 772ൽ കൊത്തിയലിഖിതം കൂടി വായിച്ചാൽ കൂടുതലായി വിവരം ലഭി ക്കും.

കൃഷ്ണരായന്റെ ഹംപി ലിഖിതം (ശകം 1430)

തുംഗഭദ്രയുടെ തെക്കേ കരയിൽ വിജയനഗരാവ ശിഷ്ടങ്ങളുടെ വടക്കുപടിഞ്ഞാറെ അതിർത്തിയി ലാണിത് കിട്ടിയത്. ഒരു മണ്ഡപത്തിന്റെ മുന്നിലു ള്ള ശിലമേൽ തെക്കും വടക്കും ഭാഗത്ത് ലിഖിത മുണ്ട്. . സംസ്കൃതവും അതിന്റെ കർണ്ണാടകവും ഉള്ള ദ്വിഭാഷാലിഖിതമാണ്. ഇതേ ലിഖിതത്തി ന്റെ മറ്റൊരു കോപ്പി പമ്പാപതിക്ഷേത്രത്തിന്റെ വാതിലിന്റെ ഇടത്തുവശത്തെ ശിലയിലുമുണ്ട്. 29 സംസ്കൃതപദ്യം. കൃഷ്ണരായർ വരെയുള്ള രണ്ടാം വിജയനഗരരാജാക്കന്മാരുടെ വംശാവ ലി ഉണ്ട്. ചന്ദ്രൻ, ബുധൻ, പുരൂരവസ്സ്, ആയുസ്സ്, നഹുഷൻ, യയാതിയും ദേവയാനിയും, തുർവ്വ ശു എന്നാണ് ആദ്യത്തെ വംശപിതാക്കളുടെ പേർ. കൃഷ്ണൻ യദുവംശത്തിലെന്നപോലെ തുർവ്വശുവംശത്തിലെ തുളുവരാജാക്കന്മാർക്കി ടയിൽ പ്രസിദ്ധനായ തിമ്മ ജനിച്ചു. രണ്ടാം

വിജയനഗരസാമ്രാജ്യസ്ഥാപകൻ വടക്കൻമല യാളത്തിലെ തുളുനാട്ടിലെ വ്യക്തിയാണ്. വംശാവലിഃ-

1. തിമ്മ ഭാര്യ ദേവകി
2. ഈശ്വര ഭാര്യ ബുക്കമ്മ
3. നരസ (നൃസിംഹ) ശകം 1414-18
4. തിപ്പാജിയിൽ വീരനൃസിംഹനും
5. (നാഗലയിൽ)കൃഷ്ണരായനും രാമലക്ഷ്മ ണന്മാരെപ്പോലെ ജനിച്ചു.

നരസ ശ്രീരംഗപട്ടണം കീഴടക്കി. ആദ്യവംശത്തി ലെ സംഗമകാലത്ത് സംഭവിച്ചതിന്റെ കോപ്പിയാ ണ് ഈ പദ്യം (ഹരിഹര 2 വിന്റെ ലിഖിതപ്രകാ രം).

ലിഖിതത്തിന്റെ രണ്ടാംഭാഗം സംസ്കൃതഗദ്യമാ ണ്. കൃഷ്ണരായർ രംഗമണ്ഡപത്തിൽ വിരൂപാ ക്ഷശിവക്ഷേത്രം പണിയാൻ സിംഗേനയക്കനഹ ല്ലി ഗ്രാമം വിട്ടുകൊടുത്തത് പറയുന്നു. ബുക്ക, ഹരിഹര 2 ലിഖിതങ്ങളിൽ വിരൂപാക്ഷക്ഷേത്ര മെന്നത് പമ്പാപതിക്ഷേത്രത്തിന്റെ പഴയ പേരാ ണ്. സിംഗിനായകനഹള്ളി എന്നാണ് കർണ്ണാടക ത്തിലുള്ളത്. ശാലിവാഹനശകം 1430 കഴിഞ്ഞ് ശുക്ലസംവത്സരത്തിൽ മാഘം പതിനാലിന് രാജാ വിന്റെ

കിരീടധാരണദിവസമാണ് ലിഖിതം. (എഡി 1500) സംസ്കൃതഭാഗത്ത്, ഭാഷെഗേ തപ്പുവ രായര ഗന്ധാ എന്ന് കർണ്ണാടകബിരുദം ഉണ്ട്.

നരസ ചേരചോളപാണ്ഡ്യ മധുര, തുരുഷ്ക്ക ഗജപതിരാജാക്കന്മാരെ തോൽപ്പിച്ച് രാമസേതു ,ലങ്ക മുതൽ ഗംഗാതീരം വരെയും കിഴക്കൻമല മുതൽ പടിഞ്ഞാറൻ മല വരേയും സ്വന്തമാക്കി. രാമേശ്വരത്ത് ഷോഡശദാനവും ചെയ്തു.

വീരനൃസിംഹന്റെ തീർത്ഥയാത്രാസ്ഥാനങ്ങൾ:- കനകസഭ(ചിദംബരം), വിരൂപാക്ഷക്ഷേത്രം, കാളഹസ്തി, വെങ്കടാദ്രി, കാഞ്ചി, ശ്രീശൈലം, ശോണശൈലം, ഹരിഹരനഗരം, അഹോബലം. സംഗമം. ശ്രീരംഗം, കുംഭകോണം, നിവൃത്തിയി ലെ മഹാനന്ദിക്ഷേത്രം. ഗോകർണ്ണം,രാമസേതു. ഹിരണ്യഗർഭം. ബ്രഹ്മാണ്ഡചക്രം, പഞ്ചഭൂതവും സ്വർണ്ണാഭരണമണിഞ്ഞ പശുവും സപ്തസമുദ്ര ജലവും കൽപ്പവൃക്ഷവും കൽപ്പലതികയും സ്വർണ്ണം കൊണ്ടുണ്ടാക്കിയ രഥവും തന്നോളം ഭാരമുള്ള സ്വർണ്ണവും സ്വർണ്ണക്കുതിരയും ഹേമഗർഭവും 5 കലപ്പയും ആന

വലിക്കുന്ന സ്വർണ്ണരഥവും 1000 പശുവും ദാനം ചെയ്തു.

കനകസഭയും സോണാചലവും തെക്കേ ആർക്കോട്ട് ജില്ലയിലാണ്. വെങ്കടാദ്രിയും കാള ഹസ്തിയും വടക്കേ ആർക്കോട്ടിലും. സംഗമതീ ർത്ഥമെന്ന് രാമേശ്വരത്തെയാണ് വിളിച്ചിരുന്നത്. മത്സ്യപുരാണത്തിലെ ഷോഡശദാനം ഇവിടെ പറയുന്നത് ശ്രദ്ധേയം. കൃഷ്ണരായരും ഈ ഷോഡശദാനങ്ങൾ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ വെച്ച് ചെയ്തു. അദ്ദേഹം രണ്ടാംഭോജനെപ്പോ ലെ കാവ്യനാടകാലങ്കാരശാസ്ത്രം ഗ്രഹിച്ചു. ഓരോ വർഷവും കാമന് കനകവസന്തോത്സവം (ഹോളി) നടത്തി. നാഗാംബിക, നരസ ഇവരുടെ ആ മകൻ ബ്രാഹ്മണരെ സന്തോഷിപ്പിച്ചു. സിംഗേ നായകന ഹല്ലിഗ്രാമം ശൂലിക്ക് നിത്യനിവേദ്യ ത്തിനായി വിരൂപാക്ഷക്ഷേത്രത്തിനു നൽകി. സൂര്യപുത്ര നായ കർണ്ണനെപ്പോലെയും ഭൂമിയി ലവതരിച്ച കാമനെപ്പോലെയുമുള്ള അദ്ദേഹം രംഗമണ്ഡപവും പണിതു.

കർണ്ണാടകഭാഷയിലുള്ള ഭാഗത്ത്, മഹാരാജാധി രാജ രാജപരമേശ്വര വീരപ്രതാപ വീരകൃഷ്ണ രായ പട്ടാഭിഷേകോത്സവസമയത്ത്

സിംഗിനായ കനഹല്ലിയിലെ വിരൂപാക്ഷദേവന്റെ അമുതപ്പ ടിനിവേദ്യത്തിന് വലിയ രംഗമണ്ഡപവും ഗോപുരവും ക്ഷേത്രത്തിനു മുന്നിൽ പണിയുക യും പഴയ ഗോപുരം പുനരുദ്ധരിക്കയും ചെയ്തു. നവരത്നം പതിച്ച സ്വർണ്ണത്താമരയും നാഗാഭരണവും വിരൂപാക്ഷദേവന് സമ്മാനി ച്ചു.. നിവേദ്യത്തിനുള്ള അരി, ആരതി ക്കുള്ള സ്വർണ്ണപ്പാത്രവും 2 പെരുമ്പറയും 24 വെള്ളി വിളക്കും കൊടുത്തു. വിജയനഗരത്തിനു ചുറ്റും ഹേമകൂടമെന്ന കോട്ടയും (പ്രകൃതിദത്തമായ മല) അതിനു ചുറ്റും തുംഗഭദ്രയുമുണ്ട്. അതിന്റെ കാവൽദൈവമായി വിരൂപാക്ഷനുമുണ്ട്. വീര പ്രതാപനെന്ന ബിരുദം ആദ്യത്തെയും രണ്ടാമ ത്തേയും വിജയനഗരവംശത്തിലെ രാജാക്കന്മാർ ഉപയോഗിച്ചിരുന്നു. ഈ ധർമ്മം നശിപ്പിക്കു ന്നവർക്ക് പശുവിനെയും ബ്രാഹ്മണനേയും വധിച്ചാലുള്ള പാപം ഉണ്ടാവുമെന്നും പറഞ്ഞി രിക്കുന്നു.

മഥുരയിലെ ജൈനലിഖിതം

കംകാജി തിലയിലെ ലിഖിതങ്ങൾ 1 , 2 നൂറ്റാ ണ്ടുകളിലെയാണ്. സുംഗ,ആന്ധ്രകാലത്തെ ലിപി യും

ഭാഷയുമാണ്. അകാരം ആന്ധ്രലിപിയിലേ തു പോലെയാണ്. ചിലപ്പോൾ ഇടത്തുവശത്തെ വളഞ്ഞ വര വലത്തുവശത്തെ ഋജുരേഖയോട് ചെറിയ വരയാൽ കൂട്ടിച്ചേർത്ത വിധം ആണ്. ഇത് കാൽസി അശോകശാസനത്തിലെ പോലെ യാണ്. ചിലപ്പോൾ 7ആം നൂറ്റാണ്ടിലെ അകാരം പോലെയാണ്. ഒരേ രേഖയിൽ ഇപ്രകാരം പല വിധം കാണുന്നത് പാലിയോളജിക്കൽ പ്രത്യേക തയായി കണക്കാക്കണം.ഐകാരം മൂന്നുവിധം കാണുന്നു. വളഞ്ഞതും അർദ്ധവൃത്താകൃതിയും ഗുപ്തലിപിയിലെ പോലെയും. ഭാഷ പ്രാകൃത വും സംസ്കൃതവും ചേർന്ന മിശ്രഭാഷയാണ്.

ആനന്ദസൂരിയുടെ ഗഛത്തിൽ ദേവചന്ദ്രസൂരി ഭരിക്കുന്ന 1860 വൈശാഖശുക്ലപഞ്ചമിക്ക് സൂറത്ത് തുറമുഖത്തിൽ രത്നവ്യാപാരി പ്രേം ചന്ദ് ജാവേര്ഹന്തും ഭാര്യ ജൊയതിയും വസി ച്ചിരുന്നു. അവരുടെ മകൻ വൈച്ചന്ദ് വിജ്ജ ഹാര(വിദ്യാധര)ക്ഷേത്രത്തിൽ പാർശ്വനാഥന്റെ പുതിയ വിഗ്രഹം പ്രതിഷ്ഠിച്ചു. മാതാജി ജക്കു ബയുടെ പുത്രനും രത്നചന്ദ്, മലൂകചന്ദ് ഇവരു ടെ സഹോദരനും ആ പ്രേംചന്ദിന്റെ പേരിലുള്ള വിഗ്രഹം തപാഗഛയിലെ വിജയചന്ദ്രസൂരി യാണ് പ്രതിഷ്ഠിച്ചത്.

ഇപ്പോൾ കങ്കാളി തില നിൽക്കുന്ന സ്ഥലത്ത് രണ്ട് ക്ഷേത്രം ജൈനർക്ക് ഉണ്ടായിരുന്നു എന്ന് ഡോ ഫ്യൂറർ. അതിലൊന്ന് ദേവപുത്ര കനിഷ്ക്കന്റെ കാലത്ത് ഉണ്ടാക്കിയതാണ്. സ്ഥാനീയകുല (താനീ യ) വാരണഗണ എന്നതിന് കൽപ്പസൂത്രം വാണി ജ്ജ എന്നും ചാരണ എന്നുമാണ് പറയുന്നത്. ശ്രീഗുഹസംഭോഗത്തെ ശ്രീഗൃഹ എന്നും ആക്കു ന്നു. 7 കുലം ശാഖ എന്നിവയുടെ പേരും തരുന്നു. പുഷ്യമിത്രീയ. ആര്യചേതീയ(ചേദീയ),ആര്യഹാ തിക്കിയ എന്നീ കുലങ്ങൾ വാരണഗണമാണ്. (പൂശമിത്തിജ്ജ, അജ്ജചേദയ, അഥവാ ചേതക, ഹാലിജ്ജ അഥവാ ഹാലിയ). വജനാഗരി, ഹാരീതമാലകടി ശാഖകളിലും ഈ ഗണങ്ങൾ പെടുന്നു. വ്രജനഗരി അഥവാ വ്രജഭൂമിയിൽ വർദ്ധമാനൻ തപസ്സുചെയ്ത ശേഷമാണ് അവി ടെ ജൈനർ താമസമാക്കിയത്. ഹരിതാമലകടി ശാഖ ഹാരിയമലഗിരിയാണ്. കൽപ്പസൂത്രം ഇതിനെ ചരണഗണങ്ങളുടെ ആദ്യശാഖകളിലൊ ന്നായി പറയുന്നു. കടി ഗഡി എന്നതിന് പകരമാ ണ്. സംഭോഗമെന്നതിന് സംഭോകമെന്നും പറയു ന്നു (ക, ഗ) ഹാരീതമാല കോട്ടയുടെ ശാഖ എന്നാണ് അതിന് അർത്ഥം. ഹാരീതന്മാരുടെ ഭൂമി എന്ന് സാരം.

ഹാരീതമല എന്ന ആഗര ത്തിന്റെ (ഗൃഹം) ഒരു ശാഖ. ഹാരീതാമലക ഗാർഹ്.

പണ്ട് വാരണഗണത്തിന്റെ പേരിൽ വാരണ (ബാരണ) എന്ന് അറിഞ്ഞിരുന്ന ബുലന്ദ് ഷഹറി ലാണ് ഊഞ്ചാനഗർകോട്ട സ്ഥിതിചെയ്യുന്നത്. മേഹികാകുലം കൽപ്പസൂത്രത്തിലെ സ്ഥവിരാവ ലിയിലെ മേഹിയ ആണ്.വാസവാദീയഗണത്തി ന്റെ രണ്ടാമത്തെ കുലം നിലനിന്നിരുന്നതിനും ലിഖിതം തെളിവാണ്. സീരികാതോ സംഭോക തോ എന്നാവണം ആദ്യം പേര്. മഥുരയിൽ കോടീക(കോട്ടിയ)ഗണത്തിലെ സന്യാസിമാരാണ് കൂടുതലുണ്ടായിരുന്നത്. (മറ്റു ഗണങ്ങളെ അപേ ക്ഷിച്ച്). ഈ ലിഖിതത്തിൽ 8 പ്രാവശ്യം ആ പേര് ആവർത്തിച്ചുവരുന്നു. 14ആം നൂറ്റാണ്ടുവരെ നിലനിന്ന ഒരേ ഒരു ഗണനാമം ഇതാണ്. ശ്രീഗൃഹ ജില്ലയിലെ ഉച്ചേനാഗരി ശാഖയും ബ്രഹ്മദാസി കാകുടുംബവും പ്രസിദ്ധമായിരുന്നു. (ബബ്ബലി ജ്ജ എന്ന് കൽപ്പസൂത്രം) ബ്രഹ്മലിപ്തക, ബ്രഹ്മ ലീന എന്നാണ് സംസ്കൃതം. സംവത് 50 എഡി 128-9ലെ അവസാനലിഖിതത്തിൽ അന്നത്തെ ആചാര്യനായ സീഹ തനിക്ക് മുമ്പ് 4 ഗുരുക്കന്മാ രെ പറയുന്നു. ഇവർ ക്രിസ്തബ്ദാരംഭത്തിലാവ ണം ജീവിച്ചത്.

(സീയക അഥവാ സിംഹഭട്ട).
അക്കാലത്തുതന്നെ ഗണം പലതായി
വിഭജിച്ച് ഭിന്നിച്ചിരുന്നു. ബിസി 250ലാണ്
ജൈനമതം ഉണ്ടായതെന്നതിന് ഇതും
തെളിവായി കണക്കാ ക്കുന്നു. നിരവധി
സ്ത്രീകളും സന്യാസിസംഘ
ത്തിലുണ്ടായിരുന്നു എന്നതിന് ലിഖിതം
സാക്ഷി യാണ്. ആര്യസംഘമിക,
ആര്യവസുല, ആര്യ കുമാരാമിത,
ബലവർമ്മാ, നന്ദാ, അകാകാ, ആര്യസാമാ,
ദാമതാ, ഇവരെല്ലാം ആര്യമാരും
ശിഷ്യകളുമായിരുന്നു. അവരുടെ
ദാനമായോ നിവർത്തനമായോ
നിർദ്ദേശപ്രകാരമോ സ്വത്ത് ക്ഷേത്രത്തിന്
ലഭിച്ചിരുന്നു. ആര്യസന്ധികാ, ആര്യജയാ
എന്നിവരുടെ സഹോദരിമാരും
സന്യാസിനികളായിരുന്നു.
ചതുർവർണ്ണസംഘം നാലു
വർണ്ണങ്ങളേയും അംഗങ്ങളായി സ്വീകരി
ച്ചിരുന്നു. ശ്വേതംബരന്മാരുടെ
പിൽക്കാലത്തെ ചതുർവ്വിധസംഘത്തെ
ഇത് അനുസ്മരിപ്പിക്കു ന്നു
.അതിലുണ്ടായിരുന്നത് സന്യാസിനിമാർ,
സന്യാസിമാർ , സന്യാസിമാരല്ലാത്ത
സഹോദ രീസഹോദരന്മാരെന്നിവരാണ്.

ചിലസ്ത്രീകൾ സന്യാസിനിമാരല്ല.
ഉദാഹരണം ആര്യകുമാരാമൃത .
ബാലദിനന്റെ ശിഷ്യയായ ഇവർക്ക്

കുമാരഭട്ടി എന്ന മകനുണ്ട്. അവനെ ക്കൊണ്ട് വർദ്ധമാനവിഗ്രഹം പ്രതിഷ്ഠിപ്പിച്ചു. ഒരുപക്ഷേ ഭർതൃമരണശേഷമാവാം കുമാരാ മൃത സന്യാസിമാരുടെ കൂട്ടത്തിൽ ചേർന്നത്.

ഫ്യുറർ കണ്ട ഒരു സ്ലാബിലെ ലിഖിതം ദധിക ർണ്ണനെന്ന നാഗരാജാവിന്റെ സ്ഥാനത്ത് (താനേ) എന്ന് രേഖപ്പെടുത്തിയതാണ്. നാഗാരാധന ഇന്ത്യയിലെ ഏറ്റവും പുരാതനമായ ക്രമമാണ്. മഴക്കാലത്ത് ബ്രാഹ്മണർ സർപ്പബലി നടത്തുന്നു. ശ്രാവണത്തിലെ നാഗപഞ്ചമി ഇന്നും സർപ്പബലി ആചരിക്കാനുള്ള ദിനമാണ്. റാൻ ഓഫ് കച്ചിനടു ത്തുള്ള ദെഹേമയുടെ ക്ഷേത്രം ഗുജറാത്തിലെ പ്രധാനനാഗക്ഷേത്രമാണ്. 5 അടി ഉയരമുള്ള ചെറിയ ഡോം കിഴക്കോട്ട് തുറക്കുന്ന ഒറ്റവാതി ൽ ഇതാണ് ദെഹേമക്ഷേത്രമാതൃക. നടുവിൽ നിൽക്കുന്ന നാഗവും ഇരുവശവും അതേപോലു ള്ള ചെറിയ നാഗങ്ങളുമുണ്ട്. (എഡി 1156-58ൽ പ്രതിഷ്ഠിച്ചത്) .ബലരാമദേവനും പിന്നീട് ശ്രീകൃഷ്ണനും ദൈനന്ദിനആഹ്നികപൂജക്ക് (ആഹ്നികമന്ത്രം) ആവാഹിച്ചിരുന്നത് ദധികർണ്ണ നെയാണെന്ന് ഹരിവംശം. മഥുരയിലെ ഭാഗവ തധർമ്മകാലം മുതലാണ് ഇത് ആരംഭിച്ചത്. മഥുരയിലെ

ബ്രാഹ്മണരിൽ നിന്ന് ബൌദ്ധരും ജൈനരും നാഗാരാധന സ്വീകരിച്ചിരിക്കണം.


ചന്ദ്രാകസഹോദരന്മാരെന്ന് പ്രസിദ്ധരായ ശൈലാലകരാണ് വിഗ്രഹം പ്രതിഷ്ഠിച്ചതെന്ന ലിഖിതം ശ്രദ്ധേയമാണ്. പാണിനി ശൈലാലസൂ ത്രം പഠിച്ച നടന്മാരാണ് ശൈലാലകന്മാരെന്ന് പറയുന്നു. പിന്നീട് കോശം എല്ലാ നടന്മാരേയും ഇപ്രകാരം വിളിക്കുന്നു. നാടകം ചില പ്രത്യേക കുടുംബങ്ങളുടെ മാത്രമായിരുന്നു. നടി സൂത്രധാ രന്റെ ഭാര്യയാണ്. സൂത്രധാരന്റെ സഹോദരന്മാ രാണ് നടന്മാർ. ഒരു ജൈനകഥയിൽ ഗ്രാമം മുഴു വനും നടന്മാരായ നടഗ്രാമം തന്നെ പറയുന്നുണ്ട്

1. ദേവപുത്രകനിഷ്കന്റെ ഭരണവർഷം 5. വർദ്ധമാനവിഗ്രഹം പ്രതിഷ്ഠിച്ചു. സേത്തി ....സേനന്റെ ക്ഷുദ്രയായ ഭാര്യ, ദേവ----പാലന്റെ മകൾ, കോട്ടീയഗണം ബ്രഹ്മദാസിക കുലം ഉച്ചേനാഗരി ശാഖ.
2. മേഹികകുലത്തിലെ ആര്യജയഭൂതിയുടെ ശിഷ്യ ആര്യസംഗമികയുടെ ശിഷ്യ ആര്യവ സൂല നിർദ്ദേശിക്കയാൽ ശ്രേഷ്ഠി വേണിയു ടെ പ്രഥമഭാര്യയും, ...യുടെ പുത്രഭാര്യ യും.,,,,,,,,,,,,,,,,,യുടെ മകളുമായ

കുമാരമിത്ര പുത്രനായ ഭട്ടിസേനനെക്കൊണ്ട് ഭഗവാന്റെ സർവ്വതോഭദ്രികമായ വിഗ്രഹം സമർപ്പി ച്ചു. നാലു മുഖമുള്ള തൂണിന്റെ നാലുവശ വും മനോഹരമായി പ്രതിമ കൊത്തുന്നതാ ണ് സർവ്വതോഭദ്രികം. (ചതുർമുഖം)

3. ചാതുർമാസ്യത്തിലെ നാലാം മാസം, ഗുരു ഗലദത്തന്റെ ശിഷ്യൻ മാതൃദത്തന്റെ നിർദ്ദേശ പ്രകാരം ശാന്തിനാഥപ്രതിമ സ്ഥാപിച്ചു. കോട്ടീയഗണം താനീയകുലത്തിലെ ശ്രീഗൃഹ സംഭോഗ ആര്യവജ്രിശാഖയിലെ സൂചില ന്റെ പ്രഥമഭാര്യ. സർവ്വലോകത്തിനും മേലേയുള്ള ആർഹതന് നമസ്കാരം.
4. കോട്ടീയഗണം ബ്രഹ്മദാസീയകുലം, ഉച്ചേനാ ഗരശാഖ ശ്രീഗൃഹസംഭോഗ ഗുരുവും ജ്ഞാനിയുമായ ജയ....മിത്രന്റെ ശിഷ്യൻ ആര്യഓഘ, അദ്ദേഹത്തിന്റെ ശിഷ്യൻ ജ്ഞാനി പാല, അദ്ദേഹത്തിന്റെ ശ്രാദ്ധകാരൻ ആര്യദത്തൻ, അദ്ദേഹത്തിന്റെ ശിഷ്യൻ ആര്യസിംഹൻ. സിംഹന്റെ നിർദ്ദേശപ്ര കാരം ഹഗ്ഗുദേവ(ഫൽഗുദേവ)പത്നിയും ഇരുമ്പുകച്ചവടക്കാരൻ വാധരയുടെ പുത്ര ഭാര്യയും ഖോട്ടമിത്തയിലെ മണികാരൻ ജയഭട്ടിയുടെ മകളുമായ

മിത്രാ.



5. നന്ദഗിരിയിലെ ജബകന്റെ പുത്രഭാര്യയും ജയഭട്ടന്റെ ഭാര്യയും, ആയ രായഗിണി രു വുസുയ സമർപ്പിച്ചു. കോട്ടീയഗണം ബ്രഹ്മ ദാസീയകുലം ഉച്ചേനാഗരിശാഖ, ആര്യബ ലത്രാതന്റെ ശിഷ്യയായ സധിയുടെ ശിഷ്യ ഗ്രഹയുടെ

നിർദ്ദേശപ്രകാരം.

MATHURA INSCRIPTIONS: Nos. V—VIII.


From impressions by Dr A Führer

6. രാജാ ......ഷ്കന്റെ 29ആം വർഷം ബോധിന ന്ദിയുടെ ആജ്ഞ അനുസരിച്ച് വർദ്ധമാനപ്ര തിമ പ്രതിഷ്ഠിച്ചു. ഗ്രഹഹസ്തിയുടെ പ്രിയ പുത്രിയാണ് വിവാഹിതയായ ബോധിനന്ദി. ഗ്രഹപ്രാകിവ വാരണഗണം പുഷ്യമിത്രീയ കുലത്തിലെ ജ്ഞാനി ദത്തന്റെ ശിഷ്യനാണ്. ആർഹതപുത്രന്മാർക്ക് ആദരം.
7. 25ആം വർഷം വർഷകാലത്തെ മൂന്നാം മാസം. കോടീയഗണം സ്ഥാനീയകുലം വജ്രീയശാഖ ശീരികസംഭോഗത്തിലെ ആര്യബാലദത്തന്റെ ശിഷ്യ കുമാരമിത്രയുടെ മകൻ സുഗന്ധദ്രവ്യം വിൽക്കുന്ന കുമാരഭട്ടി ആര്യകുമാരമിത്ര നിർമ്മിച്ച് ഉന്മീലനം ചെയ്ത വർദ്ധമാനവിഗ്രഹം സമർപ്പിച്ചു.
8. മഹാരാജാ രാജാധിരാജാ ദേവപുത്ര ഹുവി ഷ്കന്റെ 40ആം വർഷം ,,,,,,വടത്തിൽ വസി ക്കുന്ന ക..പസകന്റെ ഭാര്യ ദത്തയുടെ സന്തോ ഷത്തിനുവേണ്ടി സമർപ്പിച്ചു. കോട്ടീയഗണം സ്ഥാനികീയകുലം ആര്യവജ്രശാഖയിലെ ആര്യവൃദ്ധഹസ്തിയുടെ ശിഷ്യൻ ജ്ഞാനി ആര്യഖർണ്ണന്റെ

നിർദ്ദേശപ്രകാരം. ഭഗവാൻ ഋഷഭശ്രീ പ്രസാദിക്കട്ടെ


9. ഹുവിഷ്കന്റെ 44ആം വർഷം. വാരണഗണം ആര്യചേദീയകുലം ഹരിതമാലഗദി ശാഖ വാചകനായ (പ്രഭാഷക) ഹഗിനംദി(ഭഗ നന്ദി) ശിഷ്യൻ ആര്യനാഗസേനന്റെ നിർദ്ദേ

ശപ്രകാരം.

MATHURA INSCRIPTIONS: Nos. IX–XI.
No 9
A
B
Scale: 1-4th.
No.10
Scale: 1-4th.
No.11
A
B
D
Scale: one-half.
From impressions by Dr. A. Fuhrer.

10. 45ആം വർഷം ബുദ്ധിയുടെ പുത്രഭാര്യ ...ധർമ്മവൃദ്ധി.



11. വർഷം 40. ഗ്രാമമുഖ്യൻ ജയനാഗ ന്റെ പ്രഥമഭാര്യ, ഗ്രാമമുഖ്യൻ ജയദേവന്റെ പുത്രഭാര്യ, ,,,,,,ന്റെ മകൾ സിംഹദത്താ സമർപ്പിച്ചത്.

വാരണഗണം ഹാതികീയകു ലം വ്രജനഗരി ശാഖ ശീരിയസംഭോഗത്തിലെ ദത്തി(ദന്തി)യുടെ ശിഷ്യ സദാചാരി മഹാന ന്ദയുടെയും ബലവർമ്മ, നന്ദ എന്നിവരുടേ യും ശിഷ്യ അക്കാക്കയുടെ നിർദ്ദേശത്താ ലാണ് സമർപ്പണം.

12. വർഷം 86. ദാസന്റെ പുത്രിയും പ്രിയന്റെ പത്നിയുമായ ......മേഹികാകുല ത്തിലെ ആര്യസംഗമികയുടെ ശിഷ്യ ആര്യ വെസുല നിർദ്ദേശിച്ചതിനാൽ ചെയതത്.

13. ഉച്ചൈനഗരത്തിലെ ആര്യകുമാര നന്ദിയുടെ ശിഷ്യ മിത്ര വർഷം 87 ൽ സമർപ്പി ച്ചത്.

14. കോട്ടീയഗണം ബ്രഹ്മദാസികകുലം ഉച്ചൈനാഗരിശാഖ, ആരീനസംഭോഗത്തിലെ ജ്യേഷ്ഠഹസ്തിയുടെ ശിഷ്യന്മാർ ആര്യമ ഹാല. , ആര്യഗാധക, എന്നിവർ അദ്ദേഹ ത്തിന്റെ ശിഷ്യയായ ആര്യസുമായുടെ ആവ ശ്യപ്രകാരം ജയദാസപത്നിയും വര്മ്മാപു ത്രിയുമായ ഗുൽഹാ സമ്മാനിച്ച ഉഷഭ(ഋഷ ഭ) വിഗ്രഹം പ്രതിഷ്ഠിച്ചു.

15. കോടീയഗണത്തിലെ.......(അപൂർണ്ണം)

16. സിനവിഷ്ണു(സിംഹവിഷ്ണു)വിന്റെ സഹോദരിയും കലന്റെ മകളുമായ ....സമ്മാനിച്ച ആര്യവർദ്ധമാനവിഗ്രഹം ......സാതിയുടെ നിർദ്ദേശത്താൽ.....

17. മഹത്തുക്കളായ ശ്രമണശ്രാവിക രേ സന്യാസിമാരുടെ ഗൃഹസ്ഥശിഷ്യയായ ബാലഹസ്തിനി, മാതാപിതാക്കളോടും ശ്വശ്രുശ്വശുരന്മാരോടും കൂടി ഒരു തോരണം പ്രതിഷ്ഠിച്ചു

18.

1. सिद्धं [सं] — — — — [दि] ५[58] एतस्यं पू[र्व्वायं]
2. भगवतो नागेन्द्रस्य दधिकर्ण्णस्य स्त[ा]-
3. ने शिलापट्टो प्रतिष्टापितो माथुरा[णं]
4. शैलालकानं चान्दका भ्रतृका इति वि[श्रु-]
5. यमानानं तेषं पुत्रेहि नन्दिबलप्र-
6. मुखेहि दारकेहि मातापितृणं अग्र-
7. प्रत्यशताये भवतु सर्व्वसत्वा[नं हित-]
8. सुखा[र्थं] भवतु [॥]

ഭഗവാൻ നാഗേന്ദ്രൻ ദധികർണ്ണന്റെ , സ്ഥാന ത്ത് മഥുരയിലെ ചാന്ദകസഹോദരന്മാരെന്ന്

വിളിക്കപ്പെടുന്ന നടന്മാരുടെ മക്കൾ അവരി ൽ വെച്ച് മുഖ്യനായ നന്ദിബലനോടുകൂടി ശാലാഫലകം സ്ഥാപിച്ചു. അവരുടെ മാതാ പിതാക്കളുടേയും സകലജീവികളുടേയും ശാശ്വതസൌഖ്യത്തിനായി.

19. മഹാരാജാ രാജാധിരാജാ ദേവപുത്ര സാഹികനിഷ്കന്റെ ആം വർഷം 15ആം ദിനം. ആര്യോദ്ദേഹികീയത്തിലെയും ആര്യനാഗഭൂതികീയയുടേയും ഗുരുപരമ്പ രയിലെ ജ്ഞാനി ആര്യബുദ്ധശിരിയുടെ ശിഷ്യൻ ആര്യസുന്ധിക ,സഹോദരി ആര്യജയ,


ആര്യഗോഷ്ഠ.....

MATHURA INSCRIPTIONS: Nos. XVIII-XIX.

No.18

Scale: one-half.

No.19




Scale: 1-4th.

20. വർഷം 22. വേനലിലെ രണ്ടാം മാസം. 7ആം ദിനം വർദ്ധമാനപ്രതിമ സമർപ്പണം . വാരണഗണം പേതിമാനകകു ലത്തിൽനിന്ന് .

21. വർഷം 54. ഹേമന്തം രണ്ടാം മാസം. സീഹപുത്രനായ ശിൽപ്പി (ലോഹിക കാരു) ഗോവൻ സരസ്വതിപ്രതിമ ഉണ്ടാക്കി. കോട്ടീ യഗണം സ്ഥാനീയ കുലം വൈര(വജ്ര) ശാഖ, ശ്രീഗൃഹസംഭോഗത്തിലെ വാചികനാ യ ആര്യഹസ്ഥഹസ്ഥിയുടെ ശിഷ്യനും ജ്ഞാനിയുമായ ആര്യമാഘ ഹസ്ഥിയുടെ ശ്രാദ്ധചാരനും വാചകനുമായ ആര്യദേവ ന്റെ നിർദ്ദേശപ്രകാരം. സർവ്വസത്വങ്ങളുടേ യും സുഖത്തിനും ഹിതത്തിനുമായി രംഗനർത്തനവേദിയുടെ അവതലത്തിൽ പ്രതിഷ്ഠിച്ചു. ഈ ലിഖിതം ഉള്ള സരസ്വതി ബിംബം മഥുരയിലെ ഖനനം ചെയ്ത മൌ ണ്ടിന്റെ തെക്കുകിഴക്കെ ഭാഗത്ത് ആദ്യക്ഷേ ത്രത്തിലാണുള്ളത്. ഇരിക്കുന്ന സരസ്വതി. ഒരടി 10 ഇഞ്ച്, ഒരടി മൂന്നര

ഇഞ്ച്.



1. — धम् सव ५० ४[66] हेमंतमासे चतुर्थे ४ दिवसे १० अ-
2. स्य पुर्व्वायां कोट्टियातो [ग]णातो स्थानि[य]ातो कुलातो
3. वैरातो शाखातो श्रीगृह[ा]तो[67] संभोगातो वाचकस्यार्य्य-
4. [ह]स्तहस्तिस्य शिष्यो गणिस्य अर्य्यमाघहस्तिस्य श्रद्धचरो[68] वाचकस्य अ-
5. र्य्यदेवस्य निर्व्वर्त्तने गोवस्य सीहपुत्रस्य लोहिककारकस्य दानं
6. सर्व्वसत्वानां हितसुखा एकसरस्वती प्रतीष्ठाविता अवतले रङ्गान[र्त्तन]ो
7. मे [॥]

22. വർഷം 95 കോട്ടീയഗണം താനീയകുലം വൈരശാഖയിലെ

ആര്യആർഹ(ത)ശിഷ്യ ദാമതയുടെ നിർദ്ദേശപ്രകാരം ധനഹസ്തിയു ടെ ഭാര്യയും ഗ്രഹദത്തന്റെ പുത്രിയുമായ ....സമർപ്പിച്ചത്.

23. വാരണഗണം ആര്യകണിയാസികകുലം ഔദ(ശാഖ)

24. മഹാരാജാ വാസുദേവന്റെ 80ആം വർഷം വർഷഋതുവിന്റെ ആദ്യമാസം 12ആം ദിനം. ....ന്റെ പുത്രി, സംഘനന്ദിയുടെ പുത്രഭാര്യ, ബല........ന്റെ ഭാര്യ.....

25. വർഷകാലം ആദ്യമാസം ഉത്സവസമയ ത്ത്

26. ദാസന്റെ പുത്രൻ ചീരിയുടെ സമ്മാനം

27. വർദ്ധമാനന്റെ പ്രതിമ പ്രതിഷ്ഠാപനം. താനീയകുലം

33ആം ലിഖിതം ഗോതിപുത്രന്റെ ഭാര്യ കൌശികി ശിവമിത്ര പോതായന്മാർക്കും ശാകന്മാർക്കും കൊടുക്കുന്ന കറുത്ത നാഗമാണ്. (കരിനാഗം) ഗോതിപുത്ര ഗാഥിപുത്ര എന്ന കൌ ശിക(വിശ്വാമിത്ര) വംശമാകയാൽ രാജവംശമാ ണ്. കൌശികി, ഗൌതമി, വാത്സി, വാസിഷ്ഠി, ഗാർഗ്ഗി മുതലായ നാമങ്ങളെല്ലാം വേദകാലത്തു ള്ളവയാണ്. ഈ

പുരോഹിതവംശങ്ങളിൽനി ന്നാണ് പല രാജ്ഞിമാരും ഉത്ഭവിച്ചത്. ഗോതി പുത്രനെന്നത് ഗോപ്തിപുത്രനാകാം. ബാർഹൂത് സ്തൂപതോരണത്തിൽ ഗോതിപുത്രസ ആഗരജു സ പുത്തേന എന്നുണ്ട്. (ഗൌപ്തിപുത്രസ്യ അംഗാരദ്യുത പുത്രേന) ഗോതിപുത്രൻ പോതായ ർക്കും ശാകർക്കും കരിനാഗമാണ്. അദ്ദേഹം കറുത്ത നാഗവംശക്കാരനായ യോദ്ധാവാണ്. മഹാഭാരതത്തിലും വിഷ്ണുപുരാണത്തിലും തെക്കേ ഇന്ത്യയിലെ പ്രോഷ്ഠരാണ് പോതായർ. ശാക, കോകാരന്മാരുടെ കൂടെയാണ് ഇവരെ ചേർക്കുന്നത്. കനിഷ്കനുമുമ്പ്, സിഥിയൻസൈ ന്യം മഥുരയെ ആക്രമിക്കുന്നതിനു മുമ്പാവണം ഈ ലിഖിതം എഴുതപ്പെട്ടത്. അക്ഷരങ്ങൾ ബിസി 1ആം നൂറ്റാണ്ടിനു മുമ്പുള്ള ലിപിയാണ്.

35ആം ലിഖിതത്തിലെ ദാനം നന്ദിഘോഷ എന്ന തേവനികയാണ് ചെയ്യുന്നത്. തീവര അഥവാ ത്രൈവർണ്ണരാജ്യത്തെ ആവണം തേവനിക. തേവ എന്നതിന്റെ സ്ത്രീരൂപവുമാണ് അത്. തേവ എന്നത് കേരളത്തിലെ തലപ്പള്ളി, പഴുവെ ട്ടരയൻ, മുതലായ തെക്കൻ രാജാക്കന്മാരുടെ

ബിരുദമാണ്. അവരെല്ലാം നാഗവംശമാണ്. ഗോത്രിപുത്രനെന്നത് ഗോതമിപുത്രനെന്നതിന്റെ അപഭ്രംശമാവാനുള്ള സാദ്ധ്യത ശതകർണ്ണികാല ത്താണ് ലിഖിതം എഴുതപ്പെട്ടത് എന്നതിനാൽ ആലോചിക്കേണ്ടതാണ്. അംഗാരകനെപ്പോലെ (ചൊവ്വ. സുബ്രഹ്മണ്യ)തിളങ്ങുന്നവനെന്ന വിശേ ഷണവും ഇതോട് ചേർത്തു വായിക്കണം.

28. വർഷം 20. വേനലിലെ ആദ്യമാസം 15. കോട്ടീയഗണം താനീയകുലം വജ്രശാഖ, ശീരികസംഭോഗത്തിലെ വാചക ആര്യ സംഘസിംഹന്റെ നിർദ്ദേശത്താല്, ശ്രാവിക ദിന്ന എന്ന സ്ത്രീ വർദ്ധമാനവിഗ്രഹം സമ്മാനിച്ചു. ദാത്തിലന്റെ ....മാത്തിലന്റെ വീട്ടുകാരി, ജയപാല, ദേവദാസ, നാഗദത്തൻ നാഗദത്ത ഇവരുടെ മാതാവ് ആണ് .

29. വർഷം 22. ആര്യമാതൃദിന(മാതൃദത്ത) നിർദ്ദേശപ്രകാരം സ്ർത്ഥവാഹകസംഘത്ത ലവന്റെ പത്നിയായ ധർമ്മസോമയുടെ സമ്മാനം.

30. വർഷം 47. വാരണഗണം പേതിവാമിക(പ്രൈതിവാർമ്മിക)കുലം ഓഹനന്ദിശിഷ്യൻ സേനന്റെ നിർദ്ദേശപ്രകാരം പുഷ്യന്റെ പുത്ര വധു, ഗിഹന്റെ വീട്ടുകാരി (കുടുംബിനി) പുഷ്യദത്തന്റെ അമ്മ ചെയ്ത ദാനം.

31-33. ആര്യവർദ്ധമാനന് സ്വസ്തി!. പോതായശകകാലസർപ്പമായ(കാലവ്യാളം) ഗോതിപുത്തന്റെ പത്നി കൌശികഗോത്രത്തിലെ ശിവമിത്ര

ഫലകം സ്ഥാപിച്ചു.

MATHURA INSCRIPTIONS: Nos. XXXIII-XXXV.

No.33






Scale: one-half.

No.35



Scale: 3-10ths.

FIRST PLATE OF A PALLAVA COPPER-PLATE GRANT.



E Hultzsch, Ph. D. inpr. Scale. 3-4ths of original.

34. ആർഹതന്മാർക്കും സിദ്ധന്മാർക്കം മംഗളം. വാരണഗണം ആര്യഹത്തീയ കുലം വ്രജനാഗരീ ശാഖ, ആര്യശിരിഗീയസംഭോഗത്തിലെ ....നിർദ്ദേശപ്രകാരം

35. തേ...രുഷനന്ദികപുത്രനായ തേവനിക നന്ദ ഘോഷ ......ന്റെ ബന്ദീരത്തിൽ ഫലകം സ്ഥാപിച്ചു.

പല്ലവന്മാരുടെ താമ്രപത്രലിഖിതം

മദ്രാസ് പ്രസിഡൻസിയിലെ നെല്ലൂർജില്ല

ദാർസി യിൽ കിട്ടിയത്. സംസ്കൃതഭാഷ. ശാസനം പുറ പ്പെടുവിച്ച രാജനാമമില്ല. പക്ഷേ മുതുമുത്തശ്ശനാ യ

വീരകോർച്ചവർമ്മന്റെ നാമമുണ്ട്. (കാരക്ക ലിനടുത്ത കാസൈക്കുടി ലിഖിതത്തിൽ ശരിയാ യ നാമം വീരകൂർച്ചവർമ്മനെന്നാണ്). ഈ രാജാവാണ് പല്ലവരുടെ കുറിച്യഗോത്രവുമായ ബന്ധം പറയുന്ന കണ്ണി. (വീരകുറിച്യവർമ്മൻ). സ്കന്ദവർമ്മൻ 1, സ്കന്ദവർമ്മൻ 2 എന്നിവരു ടെ ബിരുദങ്ങളും ഈ രാജാവിന്റെ

ബിരുദങ്ങ ളും സമാനമാണ്. പാലക്കാട് ,ദശനാപുരം , കാഞ്ചീപുരം എന്നിവിടങ്ങളിൽനിന്ന് ശാസനം പുറപ്പെടുവിച്ചിരുന്ന ആദ്യകാലപല്ലവരാജാക്ക ന്മാരിൽ ഒരാളാണ് ഇദ്ദേഹം. ഈ ലിഖിതം ദശനപുരത്തുനിന്നാണ്.

1. स्वस्ति जितम्भगवता [॥*] श्रीमद्विजयदशनपुराधिष्टानात्प-[7]
2. रमब्रह्मण्यस्य स्वबाहुबलार्ज्जितोर्ज्जितक्षात्रतपोनि-
3. धेर्व्विधिविहितसर्व्वमर्य्यादस्य स्थितिस्थितस्यामितात्म-
4. नो महाराजस्य श्रीवीरकोर्च्चवर्म्मणः प्रपौत्रः [प*]ब्यर्च्छि-[8]

സ്വസ്തി!. ഭഗവതൻ ജയിക്കട്ടെ. ശ്രീമദ് ദശനവിജ യപുരത്തുനിന്ന് മഹാരാജാ ശ്രീവീരകൂർച്ചവ ർമ്മന്റെ പേരക്കുട്ടിയുടെ മകൻ (പ്രപൌത്രൻ) ആണ് ശാസനം പുറപ്പെടുവിക്കുന്നത്. കൂർച്ചവ വർമ്മൻ സ്വഭുജബലം കൊണ്ട് ആർജ്ജിച്ച ക്ഷാത്ര പദവിയുള്ളവനും എല്ലാ ശാസ്ത്രങ്ങളി ലും അറിവുനേടിയവനുമാണ് എന്ന് ലിഖിതം പറയുന്നു. ആത്മനിൽ സ്ഥിതിസ്ഥിതമാക്കിയവ നുമാണ്. ഡോ പുർണ്ണെൽ പാലക്കാടിനെ പുലി ക്കാട് എന്നാണ് വായിക്കുന്നത്. കേരളത്തിലെ പാലക്കാടിനെ അദ്ദേഹം കേട്ടിരുന്നില്ല. ദശനം എന്നാൽ പല്ല് . ദശനപുരം

പല്ലാവൂരാവാം. ഈ സ്ഥലമെല്ലാം ആദിമപല്ലുന്മാരുടെ അധീനതയിലായിരുന്നു.

കൃഷ്ണരായന്റെ കൃഷ്ണപുരി ലിഖിതം.ശകം 1451

വിജയനഗരത്തിന്റെ പടിഞ്ഞാറേ അതിർത്തിയി ലെ കൃഷ്ണപുരത്തിൽ ഉഗ്രനരസിംഹസ്വാമി ക്ഷേത്രത്തിലാണ് ലിഖിതം. പഴയ കർണ്ണാടകലി പി. മൂന്നിൽ രണ്ടുഭാഗം കർണ്ണാടകഗദ്യം. ബാക്കി സംസ്കൃതശ്ലോകം. 46 വരി.

1-33 കർണ്ണാടകഗദ്യം. കൃഷ്ണപുരഗ്രാമത്തിൽ രാജപുരോഹിതനായ ആര്യ കൃഷ്ണഭട്ടൻ പ്രതി ഷ്ഠി ച്ച ലക്ഷ്മീനരസിംഹസ്വാമിക്ക് 2 ഗ്രാമം വീര കൃഷ്ണരായമഹാരാജാ കൊടുത്തു. വൈശാഖ ശുക്ലപഞ്ചദശി വെള്ളിയാഴ്ച ശാലിവാഹന ശകം 1451 വിരോധിസംവത്സരം ചന്ദ്രഗ്രഹണത്തിനാണ് ശാസനം.(1523 ഏപ്രിൽ 23) ഹെന്നോ നാടിലെ വാംഗനൂരു, (ഗുട്ടീസീമയി ലെ ഭാഗം),

ഉരുവക്കോണ്ടേയിലെ ബെലാച്ചിന്തേ ഇവയാണ് ഗ്രാമങ്ങൾ. രണ്ടും അനന്തപൂർജില്ല യിലെ ഗുട്ടി താലൂക്കിലാണ്. ഗുട്ടിദുർഗ്ഗത്തിന്റെ ശിഖരത്തിൽ 4 ശിലാലിഖിതം കാണുന്നുണ്ട്. 3 എണ്ണം പടിഞ്ഞാറൻ ചാലൂക്യ വിക്രമാദിത്യ ആറാമന്റെയാണ്. ഒന്ന് വിജയനഗരത്തിലെ ബുക്കന്റെയും. കർണ്ണാടകത്തിലെ ഹകാരം മറ്റു ദ്രാവിഡഭാഷകളിലെ പകാരമാണ്. പെണ്ണേനാട് (വടപെണ്ണെ) ആണ് ഹെന്നേനാട്. തെലുഗിൽ പെണ്ണാർ .

സംസ്കൃതശ്ലോകം കൃഷ്ണദേവരായൻ നരസ ന്റെ മകനാണെന്ന് പറയുന്നുണ്ട്.

മഹാരാജാധിരാജാ രാജപരമേശ്വര ദക്ഷിണദേശ ത്തെ മൂന്നു രാജാക്കളേയും ജയിച്ച വീരപ്രതാപ, വീരകൃഷ്ണരായന്റെ ധർമ്മശാസനം. ലക്ഷ്മീനര സിംഹദേവന്റെ അമുതപ്പടിക്കാണ് രണ്ടു ഗ്രാമ വും. ഇത് എന്റേതല്ല (ന മമ) എന്ന് 3 പ്രവശ്യം പറഞ്ഞിട്ടാണ് ദാനം. സർവ്വമാന്യമായി ഉദക പൂർവ്വം ആചന്ദ്രതാരം ബലി(കരം) ഒഴിവാക്കി ്രാമത്തിലെ സകല ഉൽപ്പത്തികളും (വിളവ്) അഷ്ടൈശ്വര്യവും നിധിയും ജലവും ഇപ്പോളു ള്ളതും ഇനി

വരാനിരിക്കുന്നവയും (ആഗമി) സിദ്ധവും സാദ്ധ്യവും നാലതിർത്തിക്കകത്തെ എല്ലാ അധികാരവും ചുങ്കവും സുവർണ്ണാദായ വും ഗ്രാമരക്ഷകനും (തലൈവരി തലൈവര) അടക്കം വിട്ടു കൊടുക്കുന്നുണ്ട്. ഈ ദാനം സംര ക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പുണ്യവും പിന്നെ പറയുന്നു. ഇത് എല്ലാവരുടേയും സ്വത്താണ്, അതിനാലത് സംരക്ഷിക്കേണ്ടതും ഓരോരുത്തരുടേയും കർത്തവ്യമാണ്. ദാനം കൊടുത്തഭൂമി കയ്യേറുന്നവൻ പുഴുവായി 6000 വർഷം കഴിയേണ്ടി വരും. ശകം 1450ൽ സർവ്വധാരിവർഷം വ്യാഴാഴ്ച, ചൈത്രത്തിലെ ആര്യമർക്ഷത്തിൽ(ഉത്തരഫാൽഗുനി) നരസ രാജാവിന്റെ മകൻ കൃഷ്ണരായൻ, ആര്യകൃ ഷ്ണഭട്ടനാൽ പ്രതിഷ്ഠിക്കപ്പെട്ട ലക്ഷ്മീനരസിം ഹസ്വാമിക്ക് കൊടുത്തത്.

Ref- Epigraphica Indica Vol 1.